# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 12 ലക്കം - 12 വൃശ്ചികം - 1195 ഡിസംബർ 2019



# ERNAKULAM KARAYOGAM GURUVAYOOR GUEST HOUSE

Opening Soon



Radheyam Guest House

Karakkad Road, Thekke Nada, Guruvayur - 680101
Email : radheyamguesthouse@gmail.com




എഡിറ്റോറിയൽ

# എറണാകുളത്തെ ഒരു സുന്ദരനഗരമാക്കാം

എറണാകുളത്തെ ഒരു സുന്ദര നഗരമാക്കണം. ഇതൊരു മോഹമോ സ്വപ്നമോ ആയിരിക്കാം. ആരാധ്യനായ നമ്മുടെ മുൻപ്രസിഡന്റ് അബ്ദുൾ കലാം പറഞ്ഞതുപോലെ സ്വപ്നങ്ങൾ കാണുക, വലിയ വലിയ സ്വപ്നങ്ങൾ കാണുക എന്നിട്ട് അത് യാഥാർത്ഥ്യമാക്കാൻ കഠിനമായി പരിശ്രമിക്കുക. ഫലം നിശ്ചയമായും ഗുണകര മായിരിക്കും. ചിലപ്പോൾ ആത്മാർത്ഥമായ പരിശ്രമങ്ങൾകൊണ്ട് നമ്മൾ ഉദ്ദേശിക്കുന്നതിലും അപ്പുറത്ത് ഏറെ ശ്രേഷ്ഠമായ ഫലമായിരിക്കും ഉണ്ടാവുക. അതുകൊണ്ട് നമുക്ക് നമ്മുടെ എറണാകുളത്തെക്കുറിച്ച് സുന്ദരസ്വപ്നങ്ങൾ കാണാം. എന്നിട്ട് അതിനു വേണ്ടി എല്ലാ രാഷ്ട്രീയ, ജാതി,മതഭേദങ്ങളും മറന്ന് ഒന്നായി മുന്നേറാം.

ആദ്യമെ വേണ്ടത് ഗതാഗത യോഗ്യമായ റോഡുകളും, വെള്ളം സുഗമമായി ഒഴുകുന്ന കാനകളുമാണ്. ഇത് സാധ്യമാകണമെങ്കിൽ കൊച്ചിൻ കോർപറേഷന്റെയും കേരള സർക്കാരിന്റെയും നഗരപരിഷ്കരണത്തിനായുള്ള കടലാസിൽ മാത്രമൊതുങ്ങുന്ന നിയമങ്ങളും, പഴഞ്ചൻ ആശയങ്ങളും അതനുസരിച്ചുള്ള പദ്ധതികളും ആദ്യമേ ഉപേക്ഷിക്കണം. കാലത്തിനനുസരിച്ച് മാറിയ സാങ്കേതിക വിദ്യ ഉപയോഗിക്കണം. പാലാരിവട്ടം പാലം പോലെ വരാതെ, മുടക്കുന്ന പണം മുഴുവനും നിർമ്മാണ പ്രവർത്തനങ്ങൾക്ക് തന്നെ ചിലവിടുന്ന, അഴിമതിയില്ലാത്ത, കുറ്റമറ്റ സംവിധാനം ഉണ്ടാവണം. പാലാരിവട്ടം പാലത്തിന്റെ കാര്യത്തിൽ, അതിന്റെ പുനർനിർമ്മാണം മെട്രോമാൻ ശ്രീധരനെ ഏൽപ്പിച്ചത് ഉചിതവും യുക്തിസഹവുമായ തീരുമാനമാണ്. ഇക്കാര്യത്തിൽ കേരള സർക്കാരിന് ഞങ്ങളുടെ അഭിനന്ദനങ്ങൾ. ഇതുപോലെ എല്ലാ പ്രവർത്തികൾക്കും കൈകൾ ശുദ്ധമായിട്ടുള്ളവരെ തിരഞ്ഞെടുത്താൽ സർക്കാരിന് ചീത്തപ്പേര് കേൾക്കേണ്ടി വരികയുമില്ല.

ഇനിയും കുറഞ്ഞത് 50 വർഷമെങ്കിലും കഴിഞ്ഞുള്ള എറണാകുളത്തിന്റെ വളർച്ച കണ്ട് അന്നത്തെ ആവശ്യങ്ങൾക്കുവരെ മതിയാകും വിധത്തിൽ വേണം പുതിയ എറണാകുളത്തിന് രൂപകല്പന ചെയ്യേണ്ടത്. ആദ്യമേ വേണ്ടത് ഗതാഗതയോഗ്യമായ റോഡുകളും എത്ര മഴ പെയ്താലും വെള്ളം കെട്ടി നിൽക്കാതെ ഒഴുകി പോകത്തക്ക കാനകളുമാണ്. മെട്രോ റെയിൽ നിലവിൽ വന്ന സ്ഥലങ്ങളിലെല്ലാം സാമാന്യം ഭേദമായ റോഡുകൾ

## ഉള്ളടക്കം

വാല്യം 12 | ലക്കം 12 | ഡിസംബർ 2019


എഡിറ്റോറിയൽ 3
ജനറൽ സെക്രട്ടറിയുടെ പംക്തി 5
എറണാകുളം കരയോഗം പ്രതിമാസ പരിപാടി 6
ബാലലോകം 7
രാഗപരിചയം 9
വാസ്തു 10
ഭാരതത്തിലെ ഋഷികവികൾ 11
ക്ഷേത്രങ്ങളിലൂടെ 16
മഹാഭാരതം 20
ഹരിസുധാലഹരി 24
പാതഞ്ജലയോഗദർശനം 25
അസ്ഥിത്വം 26
ആതിര രാവ് 28
യശോദയുടെ കണ്ണുനീർ 29
കേരളവും പ്രളയവും 32
ഇന്ത്യ മുന്നോട്ട് കുതിക്കട്ടെ.... പിന്നോട്ടു വലിക്കരുത്.... 36
കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്
95-മത് സ്ഥാപകദിനവും, കുടുംബസംഗമവും 37
ശാസ്ത്രത്തിന്റെ ചരിത്രം, ദർശനം - ഭാഗം 1 38
വൈദ്യശാസ്ത്രത്തിന്റെ ചരിത്രം 40
ആയിരം ചിറകുള്ള മൗനം 45
തെയ്യം ഒരനുഷ്ഠാന കലാരൂപം 49
ഓർമ്മകൾ മരിക്കുമോ? 50
കരൾ രോഗങ്ങൾ 51
ചരമവാർഷികം 53-54
വള്ളിച്ചൂരൽ 55
മാസഫലം 58
മാട്രിമോണിയൽ 59-66


## പത്രാധിപസമിതി


**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**

നിർമ്മിച്ചു വരുന്നുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിലൂടെ അതേ നിലവാരത്തിലുള്ള റോഡുകൾ നിർമ്മിക്കണം. കഴിയുന്നതും എറണാകുളത്തെ റോഡുകളെല്ലാം റബ റൈസ്ഡ് ആക്കണം. കോൺട്രാക്ട് കൊടുക്കുന്നത് നിർമ്മാണവും അപ്കീപ്പിങ്ങും ഉൾപ്പടെ ആയിരിക്കണം. റോഡ് കേടുപാടുകൾ ഉണ്ടാവാതെ സൂക്ഷിക്കുന്ന കാര്യത്തിൽ കോൺട്രാക്ടർക്ക് പൂർണ്ണ ഉത്തരവാദിത്വം ഉണ്ടായിരിക്കണം.

എറണാകുളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം വെള്ളക്കെട്ടിന്റേതാണ്. വർഷാവർഷം കേരളം നേരിടുന്ന പ്രളയം പോലെ തന്നെ ഇവിടെയുണ്ടാകുന്ന വെള്ളക്കെട്ടും മനുഷ്യനിർമ്മിതമാണ്. അതിന് പ്രധാനമായും രണ്ട് കാരണങ്ങളുമാണുള്ളത്. ഒന്നാമതായി ഇവിടെ ഉണ്ടായിരുന്ന വലിയ തോടുകൾ എല്ലാം കയ്യേറി കയ്യേറി ഇപ്പോൾ അതെല്ലാം വീതികുറഞ്ഞു കാനകൾ പോലെ ആയിരിക്കുകയാണ്. പേരണ്ടൂർ കനാലും ചിലവന്നൂർ പുഴയുമൊക്കെ ഇതിന് ഉത്തമോദാഹരണങ്ങളാണ്. വില്ലേജ് ഓഫീസിലും, താലൂക്ക് ഓഫീസിലുമൊക്കെയുള്ള ഒറിജിനൽ രേഖകൾ എടുത്ത് അത് പരിശോധിച്ച് അതനുസരിച്ച് എറണാകുളത്തെ എല്ലാ തോടുകളും അളന്ന് തിട്ടപ്പെടുത്തി പഴയ വീതി പുനസ്ഥാപിക്കുക. സ്ഥാപനങ്ങളുടെയായലും വ്യക്തികളുടെയായലും മുഖം നോക്കാതെ, സ്വാധീന വലയത്തിൽ പെടാതെ കയ്യേറ്റം മുഴുവനും ഒഴിപ്പിക്കുക. പോരാ, ഇതിനുവേണ്ടി വരുന്ന ചിലവും കയ്യേറ്റക്കാരിൽ നിന്ന് ഈടാക്കുകയും സർക്കാർ ഭൂമി കയ്യേറിയതിനുള്ള ശിക്ഷയും ഉറപ്പ് വരുത്തണം. തുടർന്ന് എല്ലാ തോടുകളുടെയും ആഴം വർദ്ധിപ്പിക്കണം. ഇപ്പോൾ വല്ലപ്പോഴുമൊരിക്കൽ പേരിനുള്ള ഓടിച്ചു കോരൽ പോരാ, കൊച്ചികായലിൽ കപ്പൽ പാതയുടെ ആഴം നിലനിർത്തുന്നതുപോലെ സ്ഥിരം സംവിധാനം ഉണ്ടാവണം.

രണ്ടാമത്തേത് കാനകളിലും തോടുകളിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയുന്നതാണ്. ഇതവസാനിപ്പിക്കുവാൻ ജനങ്ങളുടെ പരിപൂർണ്ണ സഹകരണം അത്യന്താപേക്ഷിതമാണ്. ഒരു ദിവസം 3,4 മണിക്കൂർ മഴപെയ്തപ്പോൾ മുഴുവൻ കാനകളും നിറഞ്ഞ നഗരം വെള്ളത്തിനടിയിലായി. കാരണം നമ്മുടെ കാനകളും തോടുകളും മുഴുവനും പ്ലാസ്റ്റിക് മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞ് നീരൊഴുക്ക് പരിപൂർണ്ണമായും തടസ്സപ്പെട്ടിരിക്കുകയാണ്, ഇതിന് പരിഹാരമുണ്ടാവണമെങ്കിൽ ശുചിത്വത്തെക്കുറിച്ചും, മാലിന്യസംസ്കരണത്തെക്കുറിച്ചുമൊക്കെയുള്ള ജനങ്ങളുടെ മനോഭാവത്തിന് തന്നെ മാറ്റം ഉണ്ടാകണം. സ്വന്തം വീട്ടിലെ മാലിന്യം പൊതു നിരത്തുകളിലും കാനകളിലും പൊതു സ്ഥലങ്ങളിലും വലിച്ചെറിയുന്നതിലൂടെ തനിക്കും പൊതുസമൂഹത്തിനും താൻ വരുത്തി വെയ്ക്കുന്നത് എത്ര വലിയ ദോഷമാണെന്നുള്ള ബോധം ഓരോരുത്തരിലും ഉണ്ടാവണം. അങ്ങനെയല്ലാതെ പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്ന സാമൂഹ്യ ദ്രോഹികളെ നാട്ടുകാർ തന്നെ കണ്ടെത്തി ഉത്തരവാദപ്പെട്ടവരെ അറിയിച്ച് ശിക്ഷാനടപടികൾക്ക് വിധേയരാക്കണം. അതുപോലെ ശരിയായ ബോധവൽക്കരണത്തിലൂടെ പൗരധർമ്മം ജനങ്ങൾക്ക് പകർന്നു നല്കി അവരെ ഉത്തമ പൗരന്മാരാക്കാനും ശ്രമിക്കണം.

ഇനി വേണ്ടത് തോടുകളിലൂടെയും കാനകളിലൂടെയും നീരൊഴുക്ക് സുഗമമായാൽ പിന്നെ ഏറ്റവുമധികം ശ്രദ്ധിക്കേണ്ടത് കൊച്ചിയുടെ ശാപമായ കൊതുകു ശല്യമാണ്. ഇത് ഇല്ലാതാക്കാൻ തീർച്ചയായും കഴിയും. അതിന് ആദ്യം നടപ്പിലാവേണ്ടത് സ്യൂവേജ് സിസ്റ്റമാണ്. കേരളത്തിൽ സ്യൂവേജ് സിസ്റ്റം ആദ്യം നടപ്പാക്കേണ്ടിയിരുന്നത് കൊച്ചിയിൽ തന്നെ ആയിരുന്നു. എന്നാൽ ഇത്രയും കാലം നഗരസഭ മാറി മാറി ഭരിച്ചവരുടെ ദീർഘവീക്ഷണമില്ലായ്മയാണ് ഇന്നും കൊച്ചി നഗരം സെപ്റ്റിക് ടാങ്കുകളുടെ നഗരമായി, കൊതുകുവളർത്തൽ കേന്ദ്രമായി നിലനില്ക്കുന്നത്. ഇത് ഇവിടെ നടപ്പാകണമെങ്കിൽ ജനങ്ങൾ മുന്നിട്ടിറങ്ങണം. ഇന്നത്തെ സാഹചര്യത്തിൽ മറ്റ് പോംവഴി കാണുന്നില്ല. കേന്ദ്രസർക്കാർ നഗരവികസനത്തിനായി നല്കിയ പണം പോലും ചിലവഴിക്കാതെ ലാപ്സാക്കി കളയുന്ന അവസ്ഥയാണിവിടെ നിലനില്ക്കുന്നത്. സ്യൂവേജ് പദ്ധതി ഭാരിച്ച ചിലവുള്ളതാണ്. എങ്കിലും കേന്ദ്രസർക്കാരിന്റെ അമൃത് പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കാവുന്നതേയുള്ളൂ. ആവശ്യമുള്ള പണം കേന്ദ്രം നൽകും. പക്ഷേ അത് ശരിയാവണമെങ്കിൽ രാഷ്ട്രീയതൊട്ടുകൂടായ്മ മനോഭാവത്തിനും മാറ്റം ഉണ്ടാകണം.

അടുത്തത്, പാഴ്സ്ഥലങ്ങളിലെ കൊതുകു വളർച്ചയാണ്. എറണാകുളം നഗരത്തിന്റെ ഹൃദയഭാഗങ്ങളിൽ പോലും ധാരാളം സ്ഥലങ്ങൾ കാടുപിടിച്ച് വെള്ളം കെട്ടിക്കിടപ്പുണ്ട്. നഗരമദ്ധ്യത്തിൽ വ്യാവസായിക വ്യാപാര - പാർപ്പിടാവശ്യങ്ങൾക്ക് സ്ഥലം ലഭ്യമല്ലാതെ വീർപ്പുമുട്ടുമ്പോഴാണ് ഇങ്ങനെ ധാരാളം പ്ലോട്ടുകൾ വെറുതെ കിടക്കുന്നത്. അത് ഒന്നുകിൽ ഉടമസ്ഥർ കെട്ടിടങ്ങൾ വെച്ച് വെള്ളം കെട്ടികിടക്കാതെ വൃത്തിയായി സൂക്ഷിക്കണം. അത് ചെയ്യാത്ത എല്ലാ സ്ഥലങ്ങളും സർക്കാർ ഏറ്റെടുത്ത് ഡവലപ്പ് ചെയ്ത് നഗരാവശ്യങ്ങൾക്കായി ഉപയോഗിക്കണം. അതിനായി പ്രത്യേക നിയമം തന്നെ കൊണ്ടു വരേണ്ടതായി വരും.

ഇനിയുമുണ്ട് എല്ലാ റോഡുകളും പൊതുസ്ഥലങ്ങളും മനോഹരമായ പൂച്ചെടികൾകൊണ്ട് നിറയണം. പാർക്കുകളൊക്കെ അത്യാകർഷകങ്ങളായ ചെടികളും പുഷ്പങ്ങളും കൊണ്ട് മനോഹരമാക്കണം. ഭാരതീയ ശില്പഭംഗി നിറഞ്ഞ് തുളുമ്പുന്ന കെട്ടിടങ്ങൾക്ക് പ്രത്യേക ഇളവുകളും (നികുതിയിനത്തിൽ) നൽകണം. ഇത്രയുമൊക്കെയെങ്കിലും ചെയ്താൽ സ്വതവേ സുന്ദരിയായ നമ്മുടെ എറണാകുളം സിറ്റ്സർലൻഡിനെ വെല്ലുന്ന അതീവ സുന്ദരിയായി മാറും. - അതിനായി നമുക്ക് ഒത്തൊരുമിക്കാം.







# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

പ്രിയ കരയോഗാംഗങ്ങളെ,

2020 സമാഗതമാവുകയാണ്. എറണാകുളം കരയോഗത്തെ സംബന്ധിച്ച് 94 വർഷത്തെ പ്രവർത്തനം ഈ ഡിസംബർ 25 ന് പൂർത്തീകരിക്കുകയാണ്. 95-ാം വർഷവും ശതാബ്ധിയിലേക്കുള്ള നമ്മുടെ പ്രയാണത്തിൽ സാമൂഹിക നീതിക്കും സാംസ്കാരികമായ ഉന്നമനത്തിനും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളും പ്രവർത്തനങ്ങളുമായിരിക്കണം ഉണ്ടാകേണ്ടത്.കഴിഞ്ഞ 94 കൊല്ലത്തെ പ്രവർത്തനങ്ങളിൽ നിന്ന് നാം പഠിച്ച നല്ലതും ചീത്തയുമായ എല്ലാ പ്രവർത്തനരീതികളും വിലയിരുത്തുകയും കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ എന്തൊക്കെ, ഏതൊക്കെ പ്രവർത്തന ശൈലികൾക്കാണ് മാറ്റം വരുത്തേണ്ടതെന്നും അത് സമൂഹത്തിന് എങ്ങനെ കൂടുതൽ ഉപകാരപ്രദമാക്കാമെന്നും ചിന്തിക്കേണ്ടതുണ്ട്. ഏതെങ്കിലും പ്രത്യേക താല്പര്യത്തിന് ഇടം കൊടുക്കാതെ, ഈ നഗരത്തിൽ മറ്റിതര സഹോദര സമുദായങ്ങളോടൊപ്പം സഹവർത്തിത്വത്തിന്റെയും സഹിഷ്ണുതയുടെയും പാതയിലൂടെ നീങ്ങി ഏതു കാര്യത്തിനും സമീപിക്കുവാനുള്ള ഒരു സഹോദരസ്ഥാപനമായി പ്രവർത്തിച്ചു പോന്നിട്ടുള്ള എറണാകുളം കരയോഗം എന്ന ഈ മഹാപ്രസ്ഥാനം കൂടുതൽ കൂടുതൽ സേവനങ്ങൾ ലക്ഷ്യം വെച്ചുകൊണ്ട് പുതിയ മേഖലകളിലും പുതിയ പ്രവർത്തന ശൈലിയിലും മുന്നോട്ടു പോകേണ്ടതുണ്ട്. അതിന് ഏറ്റവും അഭികാമ്യമായത് സത്യസന്ധരും, സുതാര്യപ്രവർത്തനശൈലിയുമുള്ള യുവതലമുറ ഈ പ്രസ്ഥാനത്തിന്റെ നേതൃത്വം ഏറ്റെടുത്ത് കാലത്തിനനുസൃതമായി ശൈലിമാറ്റങ്ങളോടെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുകയെന്നതാണ്. അതിന് സമയവും മനസ്സുമുള്ള യുവാക്കൾ മുന്നോട്ടു വരണമെന്ന് ഇത്തരുണത്തിൽ ആഭ്യർത്ഥിക്കുന്നു.

എറണാകുളം കരയോഗത്തെ സംബന്ധിച്ച് കഴിഞ്ഞ രണ്ടു മൂന്നു വർഷങ്ങൾ ഏറ്റെടുത്ത ഉത്തരവാദിത്വങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ട കാലയളവായിരുന്നു. 2015 ലെ നവതി ആഘോഷത്തോടനുബന്ധിച്ച് എടുത്ത തീരുമാനമാണല്ലോ ഗുരുവായൂർ കേന്ദ്രമായി ഒരു ഗസ്റ്റ് ഹൗസ് ആരംഭിക്കുകയെന്നുള്ളത്. ഏകദേശം പതിനഞ്ച് ഇരുപതു കോടി രൂപ മുതൽമുടക്കുള്ള ഈ പദ്ധതി വരും മാസങ്ങളിൽ പൂർത്തിയാക്കി അംഗങ്ങൾക്ക് ഉപയോഗത്തിനായി തുറന്നു കൊടുക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കഴിഞ്ഞ ഏഴ് വർഷങ്ങളിലായി തുടർച്ചയായി നടത്തി വരുന്ന ഉപനിഷദ് വിചാരയജ്ഞം 'ഛാന്ദോഗ്യോപനിഷത്' ഈ വർഷവും ഡിസംബർ 2-ാം തീയതി ആരംഭിച്ച് 12-ാം തീയതി പര്യവസാനിക്കുന്നതാണ്.

2019 ഡിസംബർ 14-ാം തീയതി (ശനിയാഴ്ച) ശ്രീമതി. രാജം ആർ മേനോന്റെ നേതൃത്വത്തിൽ ടി.ഡി.എം. ഹാളിൽ രാവിലെ 7.30 മുതൽ സമ്പൂർണ്ണ നാരായണീയ പാരായണം നടത്തപ്പെടുന്നു.

95-ാമത് കരയോഗം സ്ഥാപകദിനവും കുടുംബസംഗമവും മുൻ വർഷങ്ങളിലെപ്പോലെ സമുചിതമായി ഈ വർഷവും ആഘോഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഭക്ഷണത്തിനുള്ള കൂപ്പണുകൾ ഡിസംബർ 15 മുതൽ 22 വരെ കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ഡിസംബർ 25 രാവിലെ 5.00 ന് ബ്രഹ്മശ്രീ പുലിയന്നൂർ ശശി നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ അഷ്ടദ്രവ്യ ഗണപതി ഹോമത്തോടെ ചടങ്ങുകൾ ആരംഭിക്കുന്നു. 9.30 മുതൽ വിവിധ ആഘോഷ പരിപാടികളും, വൈകുന്നേരം 6.00 മണിക്ക് അയ്യപ്പൻ പാട്ടും ഉണ്ടായിരിക്കും. വൈകിട്ട് 8.30 ന് അത്താഴത്തോടെ കുടുംബസംഗമം സമാപിക്കുകയും ചെയ്യും.

മകയിരം നോയമ്പ് 2020 ജനുവരി 9 ന് വൈകുന്നേരം 7.30 മണി കരയോഗം വിമൺസ് ഫോ

റത്തിന്റെയും നായർ സ്ത്രീ സമാജത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പരമ്പരാഗത രീതിയിൽ ആചരിക്കുന്നു. എല്ലാ വനിതാ അംഗങ്ങളെയും സാദരം ക്ഷണിച്ചുകൊള്ളുന്നു.

കരയോഗത്തിന്റെ സഹകരണത്തോടെ നടത്തുന്ന ബീമിന്റെ പ്രതിമാസ പരിപാടി കുമാരി പാർവ്വതി മേനോൻ അവതരിപ്പിക്കുന്ന 'കുച്ചിപ്പുടി കച്ചേരി' ഡിസംബർ 20-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6.30 ന് ടി.ഡി.എം ഹാളിൽ നടക്കുന്നതാണ്.

എറണാകുളം കരയോഗം ഫിലിംക്ലബ്ബിന്റെ ഡിസംബർ മാസ പരിപാടിയായി 22-ാം തീയതി വൈകുന്നേരം 5.00 മണിക്ക് 'ബെൻഹർ' എന്ന സിനിമ ടി.ഡി.എം നർമ്മദ ഹാളിൽ പ്രദർശിപ്പിക്കുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രതിമാസ കഥകളി 'തോടയം, ബകവധം' ഡിസംബർ 26-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 6.30 ന് ടി.ഡി.എം ഹാൾ ഗംഗയിൽ അവതരിപ്പിക്കുന്നതാണ്.

സംഗീത പരിപാടിയായ 'അകായിലെ സംഗീതം' ഡിസംബർ 29-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4.30 ന് ടി.ഡി.എം കാവേരി ഹാളിൽ നടത്തുന്നതാണ്.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും പ്രതീക്ഷിച്ചു കൊള്ളുന്നു.

ജനറൽ സെക്രട്ടറി

## എറണാകുളം കരയോഗം
## 11.12.2019 മുതൽ 08.01.2020 വരെയുള്ള പരിപാടികൾ

| | | | |
|---|---|---|---|
| 11.12.2019 | ബുധൻ | 3.00 p.m. | : നാരായണീയം ക്ലാസ്സ് |
| 14.12.2019 | ശനി | 10.00 a.m. | : വേദാന്തപഠന ക്ലാസ്സ് (ആചാര്യൻ കെ. ആർ നമ്പ്യാർ) |
| 15.12.2019 | ഞായർ | 10.00 a.m. | : പാർക്കിൻസൺസ് രോഗചികിത്സ (ആയുഷ്യം പോളിക്ലിനിക്) |
| 18.12.2019 | ബുധൻ | 3.00 p.m. | : നാരായണീയം ക്ലാസ്സ് |
| 20.12.2019 | വെള്ളി | 6.30 p.m. | : ബിം പ്രതിമാസ പരിപാടി-കുച്ചിപ്പുടി കച്ചേരി |
| 21.12.2019 | ശനി | 10.00 a.m. | : വേദാന്തപഠന ക്ലാസ്സ് (ആചാര്യൻ കെ. ആർ നമ്പ്യാർ) |
| 22.12.2019 | ഞായർ | 5.00 p.m. | : കരയോഗം ഫിലിംക്ലബ്ബ് - സിനിമ- ബെൻഹർ |
| 25.12.2019 | ബുധൻ | 3.00 p.m. | : നാരായണീയം ക്ലാസ്സ് |
| 26.12.2019 | വ്യാഴം | 6.30 p.m. | : കരയോഗം കഥകളി ക്ലബ്ബ് - കഥകളി - തോടയം, ബകവധം |
| 29.12.2019 | ഞായർ | 4.30 p.m. | : കരയോഗം സാംസ്കാരിക വേദി - അകായിലെ സംഗീതം ഭക്തിഗാനങ്ങൾ |
| 01.01.2020 | ബുധൻ | 3.00 p.m. | : നാരായണീയം ക്ലാസ്സ് |
| 04.01.2020 | ശനി | 10.00 a.m. | : വേദാന്തപഠന ക്ലാസ്സ് (ആചാര്യൻ കെ. ആർ നമ്പ്യാർ) |
| 08.01.2020 | ബുധൻ | 3.00 p.m. | : നാരായണീയം ക്ലാസ്സ് |

**പരോപകാരായ ഫലന്തി വൃക്ഷാ :**
**പരോപകാരായ വഹന്തി നദ്യ :**
**പരോപകാരായ ദുഗന്തി ഗാവ :**
**പരോപകാരാർത്ഥമിദം ശരീരം.**

പരോപകാരത്തിനായി കായ്ക്കുന്നു വൃക്ഷങ്ങൾ. പരോപകാരത്തിനായി (ജലം) വഹിക്കുന്ന നദികൾ പരോപകാരത്തിനായി ചുരത്തുന്നു പശുക്കൾ. പരോപകാരത്തിനാണ് ഈ ശരീരം.







# ബാല ലോകം

**ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)**

പ്രിയപ്പെട്ട കൂട്ടുകാരെ,

ഒരു വർഷവും കൂടെ നാമറിയാതെ കടന്നുപോവുകയാണ് . സമയത്തിനു എന്തൊരു വേഗതയാണെന്ന് കൂട്ടുകാർക്ക് തോന്നിയിട്ടുണ്ടോ. വേഗം വലിയ കുട്ടികളാവാനായിരിക്കും കൂട്ടുകാർക്കിഷ്ടം അല്ലേ. സമയത്തിന്റെ വിലയെക്കുറിച്ച് കൂട്ടുകാർക്കെപ്പോഴും അവബോധം ഉണ്ടായിരിക്കണം കേട്ടോ.

നല്ലൊരുറക്കത്തിനു ശേഷം രാവിലെ എഴുന്നേൽക്കുമ്പോൾ തന്നെ അന്നന്നു ചെയ്യാനുള്ള കാര്യങ്ങളെക്കുറിച്ചോർമ്മ വേണം. ഓരോ നിമിഷവും വലുതാണ് കൂട്ടുകാരെ. അതിനെ ക്രിയാത്മമാക്കാനുള്ള വിവേകം ഉണ്ടായിരിക്കണം. എങ്കിലേ ജീവിത വിജയം കരസ്ഥമാക്കാനാവൂ.

കഴിഞ്ഞുപോയ സമയം ഒരിക്കലും തിരികെ ലഭിക്കുകയില്ല. ചെയ്യാനുള്ള കാര്യങ്ങൾ കൃത്യനിഷ്ഠയോടെ ചെയ്യുകയാണെങ്കിൽ ധാരാളം സമയം ലാഭിച്ചു കൂടെ ? എന്തു ചെയ്യുമ്പോഴും മനസ്സ് ചെയ്യുന്ന കാര്യത്തിൽ പൂർണ്ണമായും മുഴുകി ഇരിക്കണം കേട്ടോ. പഠന കാര്യത്തിൽ പ്രത്യേകിച്ചും. ജ്ഞാനത്തെപ്പോലെ പൂജ്യവും പരിപാവനവുമായ മറ്റൊന്നില്ല കൂട്ടുകാരെ. താല്പര്യമില്ലാതെ ചെയ്യുന്ന ഒരു കാര്യവും ഫലവത്താകുകയില്ല. ഉപയോഗപ്രദമായ കാര്യങ്ങളിലാണ് മനസ്സ് ചെന്നെത്തേണ്ടത്. അതു ചെയ്യും, ഇതു ചെയ്യും എന്നു പറഞ്ഞതുകൊണ്ടു മാത്രം കാര്യമില്ല.

ചെറിയ ചെറിയ കാര്യങ്ങൾ ആദ്യം ചെയ്തു പഠിക്കൂ. ഒരു കാര്യത്തിനും നീട്ടിവയ്ക്കുന്നത് പരിഹാരമാവില്ല കേട്ടോ. അമ്മ ഇന്നു പഠിച്ചു തീർത്തിട്ട് ഉറങ്ങിയാൽ മതി എന്ന് പറയുന്നതെന്തിനാവും? കുട്ടിയുടെ സുഖനിദ്രയ്ക്ക് ഭംഗം വരരുതെന്നതു കൊണ്ടുതന്നെയാവും കൂട്ടുകാരെ.എല്ലാം നാളെ നാളെയെന്നായാൽ ഇന്ന് ഒന്നും തന്നെ നടക്കില്ല. എല്ലാം കൂട്ടുകാരുടെ നന്മയെ ഉദ്ദേശിച്ചാവും.

പൂവിന്റെ മണം കാറ്റിനെതിരെ നീന്തില്ല. പക്ഷെ നന്മയുടെ നറുമണം കാറ്റിനെതിരെ നീന്തി പ്രപഞ്ചങ്ങളുടെ അവസാനത്തോളം എത്തും എന്ന് ശ്രീബുദ്ധൻ ഒരിക്കൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് കൂട്ടുകാർ എപ്പോഴും മറ്റുള്ളവരുടെ നന്മകൾ കണ്ടു പഠിക്കണം കേട്ടോ. മനസ്സിനെ നല്ല കാര്യങ്ങളിൽ നിന്ന് പിന്തിരിപ്പാൻ എളുപ്പമാണ്. പക്ഷേ നന്മ ഉള്ളിലുണ്ടെങ്കിൽ അതിനെ തോല്പിക്കാൻ ആർക്കും ആവില്ല. അതുകൊണ്ടാണ് നല്ല കൂട്ടുകെട്ടിൽ വളരണം എന്ന് അച്ഛനമ്മമാർ ആശിക്കുന്നതും.

ശ്രീ. എസ്. രമേശൻ നായരുടെ ഗുരുപൗർണ്ണമി എന്ന കാവ്യത്തിലെ ഏതാനും വരികൾ കൂട്ടുകാർ ഹൃദിസ്ഥമാക്കിക്കോളൂ.

പകലും പകലും ചേർന്നാൽ എത്രവെട്ടം നിറഞ്ഞിടും ?

കുളിരും കുളിരും ചേർന്നാൽ ഏതു ഭാഷ പിറന്നിടും ?

കവിയും കവിയും കണ്ടാൽ ഏതു കാവ്യം ജനിച്ചിടും

മുനിയും മുനിയും ചേർന്നാൽ ഏതു വേദം മുഴങ്ങീടും ?

ശംഖ് ശംഖിനോടൊന്നിച്ചാൽ എന്തു മന്ത്രം ധ്വനിച്ചിടും?

ഒന്നുമില്ലൊന്നുമില്ലെല്ലാം മൗനമാകുന്ന ഭാഷയിൽ

അന്തരംഗങ്ങൾ മേളിക്കും ബന്ധമാരറിയുന്നുവോ ?

## മകയിരം നോയമ്പ്

**എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ തിരുവാതിര ആഘോഷത്തോടനുബന്ധിച്ച് മകയിരം നോയമ്പ്, 2020 ജനുവരി മാസം 9-ാം തീയതി വ്യാഴാഴ്ച വൈകിട്ട് 7.30 മണി മുതൽ നടത്തപ്പെടുന്നു. നായർ സ്ത്രീ സമാജത്തിന്റെയും കരയോഗം വിമൻസ് ഫോറത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പരമ്പരാഗത രീതിയിലാണ് തിരുവാതിര (മകയിരം) ആഘോഷിക്കുന്നത് ഏവർക്കും സ്വാഗതം.**

# നന്ദിയില്ലാത്ത നായ

പറവൂർ
രാജഗോപാൽ.
ഫോൺ: 9847291483

ഒരിക്കൽ ഒരു നായ നാട്ടിൽ നിന്ന് കാട്ടിലെത്തി. നടന്നലഞ്ഞ്, വലഞ്ഞ് വല്ലാതായ നായയ്ക്ക് ദാഹവും വിശപ്പുംകൊണ്ട് നന്നേ തളർച്ച തോന്നി.

വല്ലതും തിന്നാനും കുടിക്കാനും കിട്ടിയിരുന്നെങ്കിൽ......? അതിനായി അത് ചുറ്റും കണ്ണോടിച്ചു.

കുറച്ചകലെയായി ഒരു പർണ്ണശാല നായ കണ്ടു. അവൻ അങ്ങോട്ടു നടന്നു ചെന്നു. അവിടെ ഒരു മുനിവര്യൻ പർണ്ണശാലയിലെ പക്ഷിമൃഗാദികൾക്ക് ആഹാരം നൽകുകയായിരുന്നു. നായ മുനിവര്യന്റെ മുന്നിൽ ചെന്നു നിന്ന് ദീനതയോടെ അദ്ദേഹത്തെ നോക്കി. നായയെ കണ്ട് ദയ തോന്നിയ അദ്ദേഹം അതിനും ഭക്ഷണം നൽകി. ആർക്കും ഉപദ്രവങ്ങൾ ഒന്നും ചെയ്യാതെ അവിടെ വസിച്ചിരുന്ന മൃഗങ്ങൾക്കും പക്ഷികൾക്കുമൊപ്പം പിന്നെ നായയും ചേർന്നു. നായയെയും മുനി ഓമനയായി കരുതിപ്പോന്നു.

ഒരു നാൾ നായ വനത്തിലൂടെ നടക്കുമ്പോൾ ഒരു കടുവ അതിനെ പിൻതുടർന്നു. ഭയപ്പെട്ട് പർണ്ണശാലാ പരിസരത്തേക്ക് ഓടിയെത്തിയ നായ വല്ലാതെ കിതയ്ക്കുന്നുണ്ടായിരുന്നു. ആ കിതപ്പിനിടയിലും അവൻ പറഞ്ഞുകൊണ്ടിരുന്നു.

മുനിവര്യാ, എന്നെ രക്ഷിക്കണേ, ഒരു കടുവ എന്നെ ഭയപ്പെടുത്തി, കൊല്ലുവാനായി പിൻതുടർന്നു വരുന്നുണ്ട്. – മുനി തന്റെ തപ:ശക്തികൊണ്ട് ഉടൻ നായയെ ഒരു കടുവയാക്കി മാറ്റി.

നോക്കൂ, ഇപ്പോൾ നീ സുരക്ഷിതനാണ്.

മറ്റൊരു കടുവയെകണ്ട് കാട്ടിലെ കടുവ വനത്തിലേക്ക് മടങ്ങി.

കടുവയായി മാറിയ നായ പിന്നീട് വനത്തിൽ ഭയമകന്ന് സഞ്ചരിക്കാൻ തുടങ്ങി.

ഒരു നാൾ കടുവയെ ഒരു പുള്ളിപ്പുലി പിൻതുടർന്നെത്തി. കടുവ മുനിയോട് പുലിയിൽ നിന്ന് തന്നെ രക്ഷിക്കുവാൻ അപേക്ഷിച്ചു. മുനിവര്യൻ ഉടനെ കടുവയെ ഒരു പുലിയാക്കി മാറ്റി. പുതിയ പുലിയെ കണ്ട് കാട്ടിലെ പുലി മടങ്ങിപ്പോയി.

ഒരു നാൾ പുലിയായി മാറി നായ തന്റെ നേരെ നടന്നടുക്കുന്ന ഒരാനയെ കണ്ട് ഭയപ്പെട്ട് , മുനിയുടെ അടുത്തെത്തി. മുനി മുൻപു ചെയ്തതുപോലെ പുലിയെ ആനയാക്കി മാറ്റി.

വനത്തിൽ ആന ഏറെനാൾ പിന്നെ സുരക്ഷിതനായി വിഹരിച്ചു.

കുറച്ചുനാൾ കഴിയെ, വീണ്ടും ആനയായി മാറിയ നായയെ ഒരു സിംഹം വിരട്ടിയോടിച്ചു. മുനിവര്യന്റെ തപ:ശക്തി ആനയായി മാറ്റിയ നായയെ ഒരു സിംഹമാക്കി.

പിന്നീട് വനത്തിലുള്ള മൃഗങ്ങളെല്ലാം സിംഹമായി മാറിയ നായയെ കണ്ട് ഭയപ്പെടാൻ തുടങ്ങി.

അപ്പോൾ നായ സിംഹം വിചാരിച്ചു. 'ഇപ്പോൾ ഈ കാട്ടിലെ രാജാവ് ഞാനാണ്. മറ്റു മൃഗങ്ങളെല്ലാം എന്നെ ഭയഭക്തി ബഹുമാനത്തോടെ കാണുന്നു. മുനിവര്യന്റെ തപ:ശക്തി ഇനിയും ഏതെങ്കിലും മൃഗത്തെ സിംഹമാക്കിത്തീർത്താൽ എനിക്കൊരു പ്രതിയോഗിയാവും. ഇന്നത്തെ ഈ അവസ്ഥ നിലനിർത്തണമെങ്കിൽ, ഒരേയൊരു മാർഗ്ഗമേയുള്ളു. മുനിവര്യനെ വകവരുത്തുക.'–

ഇങ്ങനെ ചിന്തിച്ച് നായ സിംഹം മുനിവര്യനെ സമീപിച്ചു. തന്റെ ദിവ്യദൃഷ്ടിയിലൂടെ താൻ സിംഹമാക്കിയ നായയുടെ ദുഷ്ടചിന്ത അദ്ദേഹത്തിനു മനസ്സിലായി. ഉടനെ അദ്ദേഹം അതിനെ വീണ്ടും പഴയ നായയാക്കി മാറ്റി. എന്നിട്ടു പറഞ്ഞു.

നീ നന്ദിയില്ലാത്ത നായ . വെറും നായയായിരിക്കാനേ നിനക്ക് അർഹതയുള്ളൂ.

## ശ്രീമന്നാരായണീയ ദിനം 2019

2019 ഡിസംബർ 14-ാം തീയതി (ശനിയാഴ്ച) നാരായണീയ ദിനത്തിൽ ശ്രീമതി രാജം. ആർ. മേനോന്റെ നേതൃത്വത്തിൽ ടി.ഡി.എം ഹാളിൽ രാവിലെ 7.30 മുതൽ സമ്പൂർണ്ണ നാരായണീയ പാരായണം നടത്തുന്നു.

*ജനറൽ സെക്രട്ടറി*





രാഗപരിചയം

# കല്ല്യാണവസന്തം

ഡോ. ജയലക്ഷ്മി നന്ദകുമാർ

21-ാമത്തെ മേളകർത്താ രാഗമായ കീരവാണിയുടെ ജന്യരാഗമാണ് കല്ല്യാണവസന്തം.

ആരോഹണം : സ ഗ മ ധ നി സ

അവരോഹണം : സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതു : ശ്രുതിരിഷഭം, സാധാരണ ഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ചതു: ശ്രുതി ധൈവതം , കാകളി നിഷാദം.

ആരോഹണത്തിൽ അഞ്ചും അവരോഹണത്തിൽ ഏഴും സ്വരങ്ങൾ വരുന്നതിനാൽ ഇതൊരു ഔഡവ-സമ്പൂർണ്ണ രാഗമാണ്.

പ്രത്യാഹത ഗമകം (സ നി നി ധ ധ പ) നന്നായി ശോഭിക്കുന്ന രാഗമാണിത്.

ത്യാഗരാജ കൃതികളിലൂടെ കല്ല്യാണ വസന്തം രാഗം പ്രചാരം നേടി എന്നും പറയപ്പെടുന്നു. കല്യാണവസന്തത്തിന് 'ശുഭമായ വസന്തകാലം' എന്നും അർത്ഥം കണക്കാക്കാം. മംഗളകരമായ രാഗമായതുകൊണ്ട് വിവാഹം പോലുള്ള ചടങ്ങുകളിലും യോജിക്കുന്ന രാഗമാണിത്. പ്രൗഢഗംഭീരവും ആകർഷകവുമായ അതുല്യമായ രാഗമാണ് കല്ല്യാണവസന്തം. ശാന്തമായ സാഹചര്യത്തിൽ ഈ രാഗം കേട്ടാലുണ്ടാവുന്ന ആത്മനിർവൃതി വാക്കുകളാൽ വിശേഷിപ്പിക്കാവുന്ന ഒന്നല്ല.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | | |
|---|---|---|---|---|
| 1. നാദലോലുഡൈ | - | രൂപകം | - | ത്യാഗരാജസ്വാമി |
| 2. കനുലു തക്കനി | - | രൂപകം | - | ത്യാഗരാജസ്വാമി |
| 3. ശ്രീരംഗനാഥ നീ | - | ത്സംപ | - | ജയശ്യാമരാജവോഡയാർ |
| 4. ജപത ജപത | - | ആദി | - | സ്വാതി തിരുനാൾ |
| 5. ഇന്നു ദയ ഭാരതേ | - | ഖണ്ഡചാപ്പ് | - | പുരന്ദരദാസർ |

## ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. ആകാശം ഭൂമിയെ | - | ഭാര്യമാർ സൂക്ഷിക്കുക |
| 2. എന്തെന്നറിയാതെ | - | തീർത്ഥാടനം |
| 3. രാസകേളീയാമം | - | തങ്കത്തോണി |
| 4. കേളീ വിപിനം | - | മാന്ത്രികം |
| 5. ശ്യാമ സന്ധ്യേ | - | സാഗരം സാക്ഷി |
| 6. പനിനീരിൻ മണമുള്ള | - | ഗൃഹപ്രവേശം |
| 7. നളന്ദ തക്ഷശില | - | വിദ്യാർത്ഥികളേ ഇതിലേ ഇതിലേ |
| 8. യാത്ര പോകുന്നു | - | സ്വപ്ന സഞ്ചാരി |
| 9. ദേവി പാദം | - | കുട്ടേട്ടൻ |
| 10. നല്ല മനം വാഴ്ഗ | - | ഒരു ഊദാപ്പൂ കൺസിമിസ്സുഗിരത് (തമിഴ്) |
| 11. കാഞ്ചി പട്ടുടുത്ത് കസ്തൂരി | - | വയസ്സു പൊണ്ണ് (തമിഴ്) |
| 12. അണ്ഡകടാഹങ്ങൾ | - | വനമാല (ആൽബം ഗാനങ്ങൾ) |
| 13. വലംപിരി ശംഖിൽ | - | വസന്തഗീതങ്ങൾ (ആൽബം ഗാനങ്ങൾ) |

## നായർ സ്ത്രീസമാജം 2019 ഡിസംബർ മാസ പരിപാടികൾ

| തീയതി | പരിപാടി | സമയം |
|---|---|---|
| 14.12.2019 ബുധനാഴ്ച | സമ്പൂർണ്ണനാരായണീയ പാരായണം | 7.30 A.M. |

# വാസ്തു



ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

വളരെ പേരും പെരുമയും ഉള്ള 80 കൊല്ലമായി നല്ല നിലയിൽ പ്രവൃത്തിക്കുന്നതുമായ ഒരു ഹോട്ടൽ ഇപ്പോൾ പൂട്ടേണ്ട സ്ഥിതിയിലാണ്. പ്രധാന കെട്ടിടം Fig (1) ൽ, താഴത്തെ നിലയിൽ റസ്റ്റോറന്റും മുകളിൽ 3 നിലകൾ മുറികളുമാണ് ഈ കെട്ടിടത്തിൽ.

ഇപ്പോൾ ഹോട്ടൽ നടത്തുന്നത് നാലാം തലമുറക്കാരാണ്. പുതിയ ജനറേഷൻ ചാർജ് എടുത്തതും, പല മാറ്റങ്ങൾ വരുത്തിയതും . ധാരാളം Function നുകൾ നടത്തേണ്ടതായി വന്നതിനാൽ താഴത്തെ നിലയിൽ 150 പേർക്ക് ഭക്ഷണം കഴിക്കുവാൻ പാകത്തിന് ഹാളും,, സ്റ്റേജും ഉണ്ടാക്കി. മുൻവശത്തും പുറകിലും ധാരാളം സ്ഥലം പാർക്കിംഗിന് മാറ്റി വെച്ചിട്ടുണ്ട്. ധാരാളം ടൂറിസ്റ്റ് ബസ്സുകൾ വരുന്ന സ്ഥലമായതിനാൽ അ വർക്ക് പ്രത്യേകം പാർക്കിംഗ് ഉണ്ട്. റസ്റ്റോറന്റ് പുതിയതായി പണിതീർത്ത കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചു. പുതിയ കെട്ടിടത്തിന്റെ മുൻവശത്ത് വടക്ക് കിഴക്കേ മൂലയിലാണ് ഇത് പണിതിരിക്കുന്നത്. അതിനകത്ത് അടുക്കള, ഹാൾ, ടോയ്‌ലറ്റ് എന്നിവ. ടോയ്‌ലറ്റിന് പുറകിൽ വി.ഐ.പികൾക്കായി വടക്ക് കിഴക്ക് ഭാഗത്ത് മറ്റൊരു മുറിയും.




റസ്റ്റോറന്റിന്റെ അകത്ത് വടക്കു കിഴക്ക് മൂലയിൽ ഈ മുറി നല്ലതല്ല, തെക്ക് കിഴക്ക് വിരോധമില്ല. പുതിയ കെട്ടിടത്തിൽ റസ്റ്റോറന്റിൽ ആദ്യത്തെ കൊല്ലം ബിസിനസ്സ് തരക്കേടില്ലാതെ തുടർന്നു. ഓരോ ദിവസവും, ബിസിനസ്സ് കുറഞ്ഞു കൊണ്ടിരിക്കുന്നു. ഇപ്പോൾ വളരെ മോശമാണ്. ശമ്പളം കൊടുക്കുവാൻ വരെ സാധിക്കുന്നില്ല. പ്രധാന കെട്ടിടത്തിൽ തുടക്കത്തിൽ ധാരാളം പാർട്ടികളും മറ്റു പരിപാടികളും ഉണ്ടായിരുന്നത്. ഇപ്പോൾ നിന്നിരിക്കുന്നു. ഒരു പരിപാടിയും നടക്കുന്നില്ല. പൂട്ടേണ്ട സ്ഥിതിയാണ്. സാധാരണയായി, പൂട്ടി കഴിഞ്ഞിട്ടോ, പൂട്ടേണ്ട സ്ഥിതിയിലോ ആണ് എന്നെ സമീപിക്കാറുള്ളത്.

നല്ല നിലയിൽ പ്രവൃത്തിക്കുന്ന ഹോട്ടലിന്റെ മുൻവശത്തോ, വടക്ക് കിഴക്കേ മൂലയിലോ, മറ്റൊരു കെട്ടിടം ഒരിക്കലും പണിയരുത്. ചെറിയ വീടുകൾ പോലും വടക്കു കിഴക്കേ മൂലയിൽ മതിലിനോട് ചേർന്ന്, സ്റ്റോർ, ടോയ്‌ലറ്റ് എന്നിവ പണിയുന്നത് പ്രശ്നങ്ങൾ ഉണ്ടാക്കുന്നതാണ്.

വീട്ടിലായാലും, പറമ്പിലായാലും വടക്കു കിഴക്ക് ഭാഗത്ത് ഭാരം വരരുത്. മുറികളിലായാലും, വടക്കു കിഴക്ക് ഭാഗത്ത് അലമാരകൾ ഒഴിവാക്കണം. ഹോട്ടലിൽ പുതിയ റസ്റ്റോറന്റിനും പ്രധാന കെട്ടിടത്തിനും ഇടയിൽ ചെറിയ കുട്ടിമതിൽ 18 സെ.മി ഉയരത്തിൽ കെട്ടുവാൻ ഏർപ്പാടു ചെയ്തു. (ചിത്രത്തിൽ E F). റസ്റ്റോറന്റിനും വി.ഐ.പി മുറി മാറ്റുകയോ തെക്കുവശത്ത് ഒരു മുറി പണിയുകയും ചെയ്യാം.

വീടായാലും ഹോട്ടലായാലും മറ്റു ഏതു കെട്ടിടമായാലും, വടക്ക് കിഴക്ക് ഭാഗം അടഞ്ഞു പോകരുത്. തെക്കു പടിഞ്ഞാറുപോലെ, വടക്കുകിഴക്കും വളരെ പ്രധാനപ്പെട്ടതാണ്. നല്ല നിലയിൽ പ്രവൃത്തിക്കുന്ന ഏതു സ്ഥാപനത്തിലും മാറ്റങ്ങൾ വരുത്തുമ്പോൾ ഇത്തരം സുപ്രധാന കാര്യങ്ങൾ ശ്രദ്ധിക്കണം.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**





തുടർച്ച



# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

### സന്ത് ജസ്നാഥ്

ബിക്കാനീറിലെ കതരിയാസർജില്ലയിലെ പ്രഭുവായ ജാണീജാട് ഹമീർജിക്ക് തന്റെ എൺപത്താഞ്ചാമത്തെ വയസ്സിൽ ഒരനുഗ്രഹം പോലെ ഡാബ്ലാ ഗ്രാമത്തിൽ നിന്ന് ഒരാൺകുട്ടിയെ ലഭിച്ചു. ഔരസപുത്രന്മാരില്ലാത്തതിനാൽ ഹമീർജി കുട്ടിയെ വളർത്തുപുത്രനായി സ്വീകരിച്ചു. ജസ്വന്ത് എന്ന നാമവും നൽകി. ബാലനായ ജസ്വന്ത് ഒട്ടകങ്ങളെ മേയ്ക്കുന്ന ജോലി ചെയ്തുപോന്നു. വർഷങ്ങൾ കടന്നുപോയി. ജസ്വന്തിന് പന്ത്രണ്ടുതികഞ്ഞു. ഒരുനാൾ ഒട്ടകങ്ങളെ മേയ്ച്ചു നടക്കുന്നതിനിടെ കുന്നിൻ ചെരുവിൽ വെച്ച് ജസ്വന്ത് ഗുരു ഗോരഖ്നാഥിനെ കണ്ടുമുട്ടി. ഒരു നിയോഗം പോലെ ഗോരക്നാഥ് ജസ്വന്തിന് ദിവ്യോപദേശം നൽകി. ബാലനായ ജസ്വന്ത് അപ്പോൾതന്നെ ഒട്ടകങ്ങളെ മേയ്ക്കുന്ന ദണ്ഡ് ഉപേക്ഷിക്കുകയും ഭൂമിയിൽ പത്മാസനത്തിലിരുന്ന് 'സാധന' തുടങ്ങുകയും ചെയ്തു. ഈ സ്ഥാനം ഇന്നും ഗോരഖ്മലിയാ എന്നറിയപ്പെടുന്നു. ദിവ്യജ്ഞാന ലബ്ധിയും തപസ്സും ജസ്വന്തിൽ ആദ്ധ്യാത്മികമായ പരിവർത്തനം സൃഷ്ടിച്ചു. അദ്ദേഹം ജസ്നാഥ് എന്ന പേരു സ്വീകരിച്ചു. ജാതിചിന്തയെയും അന്ധവിശ്വാസങ്ങളെയും എതിർത്തുകൊണ്ട് അദ്ദേഹം സമൂഹത്തിന് ഒരു പുതിയ കാഴ്ചപ്പാടുനൽകി. അതിനിടെ കലാദേവി എന്ന യുവതിയുമായി ജസ്നാഥ്ജിയുടെ വിവാഹനിശ്ചയം നടന്നു. അജ്ഞാതമായ കാരണങ്ങളാൽ ആ വിവാഹം മുടങ്ങിപ്പോയി. എങ്കിലും കലാദേവി ജസ്നാഥ്ജിയെ ഭർത്താവായി സങ്കൽപിച്ച് സുമംഗലീചിഹ്നങ്ങളണിഞ്ഞു കൊണ്ടു തന്നെ ജീവിച്ചു എ.ഡി. 1563-ൽ ജസ്നാഥ്ജി സമാധിയായപ്പോൾ കലാദേവി സതിയനുഷ്ഠിച്ചു.

കേവലം ഇരുപത്തഞ്ചുവയസ്സുള്ളപ്പോഴാണ് സന്ത് ജസ്നാഥ് സമാധിയായത്. അതിനോടകം ഒരു ഭക്തിധാരക്കു രൂപം നൽകാനും അനേകം അനുയായികൾക്കു ഗുരുസ്ഥാനം വഹിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. ഇന്നും രാജസ്ഥാനിലെ കതരിയാസർ, വ്യലു, ലിഖ്മാദേസർ, ഛാജ്ജൂസർ തുടങ്ങിയ സ്ഥലങ്ങളിൽ ജസ്നാഥീസമ്പ്രദായം സജീവമായി നിലനിൽക്കുന്നു. ഇവിടങ്ങളിൽ ഉത്സവാഘോഷങ്ങളും അവയുടെ ഭാഗമായി നാടൻപാട്ട്, നാടൻനൃത്തങ്ങൾ തുടങ്ങിയവയും അവതരിപ്പിച്ചുപോരുന്നു. കച്ഛ്, ഭുജ്, പഞ്ചാബ്, ഹരിയാന തുടങ്ങിയ പ്രദേശങ്ങളിലും ജസ്നാഥീ സമ്പ്രദായം ഇന്നും സജീവമാണ്.

### ഥേഢ്നാഥ്

ഗ്വാളിയറിലെ തോമർ രാജാക്കന്മാരിൽ ഏറ്റവും പ്രശസ്തനായിരുന്നു രാജാ മാൻസിംഗ് തോമർ. എ.ഡി. 1486 മുതൽ 1518 വരെയാണ് ഇദ്ദേഹത്തിന്റെ ഭരണകാലം. അദ്ദേഹത്തിന്റെ പ്രോത്സാഹനത്തിനു കീഴിൽ കലയും സാഹിത്യവും തഴച്ചു വളർന്നു. അദ്ദേഹത്തിന്റെ പത്നിയായ മൃഗനയനി സംഗീതവിദുഷിയായിരുന്നു. ഈ കാലഘട്ടത്തിലാണ് തന്റെ ഭഗവദ്ഗീത ഭാഷ്യവുമായി ഥേഢ്നാഥ് രംഗപ്രവേശം ചെയ്തത്. രാജാ മാൻസിംഗ്, റാണി മൃഗനയനി, രാജകുമാരൻ ഭാനു എന്നിവരെല്ലാം ഈ

ഗീതാഭാഷ്യത്തെ പ്രകീർത്തിച്ചു. ഗീതാതത്വങ്ങളെ വിശകലനം ചെയ്ത് ലളിതമായ ഭാഷയിൽ സാധാരണ ജനങ്ങളിലേക്കെത്തിക്കുക എന്നത് ഥേധ്നാഥ് തന്റെ ജീവിതനിയോഗമായി കണ്ടു. ഭക്തിയോഗം, ധ്യാനയോഗം, കർമ്മയോഗം എന്നിവയിലൂടെ മോക്ഷം നേടാനാവുമെന്ന് അദ്ദേഹം അനുയായികളെ ഉദ്ബോധിപ്പിച്ചു.

**4) അഖാ**

മദ്ധ്യകാല ഗുജറാത്തി കവികളിൽ പ്രമുഖനാണ് അഖാ. ഹിന്ദിയിലും ഇദ്ദേഹം കൃതികൾ രചിച്ചിട്ടുണ്ട്.അംദാബാദിൽനിന്നു പത്തുമൈൽ മാറിക്കിടക്കുന്ന ജേതൻപൂർ നിവാസിയായ രഹിയാദാസ് എന്ന തട്ടാന്റെ പുത്രനായി എ.ഡി. 1647 ലാണ് അഖാ ജനിച്ചത് എന്നു വിശ്വസിക്കപ്പെടുന്നു. അഖായ്ക്ക് ശൈശവത്തിൽ തന്നെ മാതാവിനെ നഷ്ടമായി. ബാല്യത്തിൽ പിതാവിനെയും കൗമാരത്തിൽ സഹോദരിയെയും നഷ്ടപ്പെട്ട അഖാ ദുഃഖത്തിൽ നിന്നു കരകയറാൻ രണ്ടു യുവതികളെ വിവാഹം കഴിച്ചു. എന്നാൽ വൈകാതെ അവരും മരണത്തിനു കീഴ്പ്പെട്ടു. എങ്കിലും അദ്ദേഹം മന:സംയമനം കൈവിട്ടില്ല. വീടും തൊഴിലുമുപേക്ഷിച്ച് അഖാ ഒരു തീർത്ഥയാത്ര പുറപ്പെട്ടു. കാശിയിലും സമീപപ്രദേശങ്ങളിലുമുള്ള പുണ്യക്ഷേത്രങ്ങളിൽ ദർശനം നടത്തി. അതിനിടെ അദ്ദേഹം വൈഷ്ണവഭക്തിയിലേക്കാകൃഷ്ടനായി. ആത്മീയ ധ്യാനത്തിലൂടെ ദിവ്യജ്ഞാനം നേടിയ അപൂർവ്വം ചില ഋഷികവിമാരിലൊരാളാണ് അഖാ.ദാദൂപംഥ് സമ്പ്രദായത്തിലെ സന്ത് ജഗജീവൻദാസായിരുന്നുവത്രേ അഖായുടെ ഗുരു ! അഖായ്ക്ക് ധാരാളം അനുയായികളുണ്ടായിരുന്നെങ്കിലും അവരെക്കുറിച്ചു വ്യക്തമായ രേഖകളൊന്നും വീണ്ടെടുക്കപ്പെട്ടിട്ടില്ല.മാതൃഭാഷയായ ഗുജറാത്തിയിൽ മാത്രമല്ല ഹിന്ദിയിലും അദ്ദേഹം കൃതികൾ രചിച്ചു. ഹിന്ദികൃതികൾ 'അക്ഷയരസ്' എന്ന പേരിൽ സംഗ്രഹിക്കപ്പെട്ടു. എ.ഡി. 1963 ൽ ഈ സംഗ്രഹം ബറോഡയിലെ മഹാരാജാ സയാജിറാവു വിശ്വവിദ്യാലയത്തിൽ വെച്ച് പ്രകാശനം ചെയ്യപ്പെട്ടു. ശ്രീഏകലക്ഷരമണി, കുണ്ഡലിയാ, ധുആസാ, ജകഡ്, ത്സൂലൺ, ബ്രഹ്മലീല, അഖാജീ കെപദ്, ഭജൻ സന്ത്പ്രിയ, സാഖീയാ തുടങ്ങിയ പത്തു ശീർഷകങ്ങളിലായി ഈ സംഗ്രഹത്തിൽ അഖാജിയുടെ കൃതികൾ തരംതിരിച്ചിരിക്കുന്നു. 'ഗുജറാത്തിലെ കബീർ' എന്നാണ് അഖാ വാഴ്ത്തപ്പെടുന്നത്. കബീർദർശനങ്ങളോടു സമാനമായ ദർശനങ്ങളെയാണ് തന്റെ കൃതികളിലൂടെ അഖാ പ്രചരിപ്പിച്ചത്.

**കവി കേശവദാസ്**

രീതികാലീനരായ ആചാര്യന്മാർക്കിടയിൽ പ്രമുഖനായിരുന്നു കവി കേശവദാസ്. ഓട്ഛരാരാജാവായ മധുകർഷായുടെ കൊട്ടാരത്തിൽ ഉദ്യോഗസ്ഥനായ കാശീനാഥ് എന്ന ബ്രാഹ്മണന്റെ പുത്രനായി എ.ഡി. 1612 ലാണ് ജനനം. നാലു സഹോദരങ്ങളിൽ ഇളയവനായിരുന്നു കേശവദാസ്. വീട്ടിൽ പിതാവും പുത്രന്മാരും സംസ്കൃത ഭാഷയിലാണ് ആശയവിനിമയം ചെയ്തിരുന്നത്. എങ്കിലും പ്രാദേശിക ഭാഷയിൽ കൃതികൾ രചിക്കാനായിരുന്നു കേശവദാസിനു താൽപര്യം. സാധാരണക്കാർക്കിടയിൽ മഹാപുരാണങ്ങൾ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അദ്ദേഹം കൃതികൾ രചിച്ചു. അതിനനുയോജ്യമായ ഒരിടം തേടി അദ്ദേഹം ബുന്ദേൽഖണ്ഡിലെ തുംഗാരണ്യത്തിലെത്തി. അവിടെ ബേത്വാനദിയുടെ തീരത്തു വസിച്ചുകൊണ്ട് അദ്ദേഹം കാവ്യരചനയിലേർപ്പെട്ടു. വിജ്ഞാനഗീത, പ്രബോധചന്ദ്രോദയ്, രാമചന്ദ്രിക തുടങ്ങിയ ഉൽകൃഷ്ടമായ കൃതികൾ രചിച്ചു. ഹരിഭക്തിയിലൂടെ ശക്തിനേടാൻ അനുയായികളെ ഉദ്ബോധിപ്പിച്ചു. ഹഠയോഗത്തിലൂടെ മുക്തി എന്ന ആശയവും അദ്ദേഹം പ്രചരിപ്പിച്ചു. രാജാവീരസിംഹന്റെ നിർദ്ദേശാനുസരണം ശിവപാർവ്വതീ സംഭാഷണ രൂപത്തിൽ ഇദ്ദേഹം മായാമോഹവും വിവേകവും തമ്മിലുള്ള സംഘർഷത്തെക്കുറിച്ചു വ്യക്തമാക്കുന്ന മറ്റൊരു കൃതിയും രചിച്ചു.

**സന്ത് സായീദാസ്**

പഞ്ചാബിന്റെ പ്രാന്തപ്രദേശത്തുള്ള ബഛോകി ഗ്രാമത്തിൽ, എ.ഡി. 1525 ൽ മല്ലിറായി എന്ന സാരസ്വത ബ്രാഹ്മണന്റെ പുത്രനായി ജനിച്ച ഹേമരാജാണ് പിൽക്കാലത്ത് സന്ത്സായീദാസ് എന്ന സന്യാസിയായിത്തീർന്നത്.. ഗുസായി ഗുർബാണി ഗ്രന്ഥത്തിൽ ഇദ്ദേഹത്തിന്റെ ഗുരുനാഥനെക്കുറിച്ചു സൂചനകളുണ്ട്. രാമാനന്ദശിഷ്യനായ അനന്താനന്ദന്റെ പിൻഗാമി പരമാനന്ദന്റെ ശിഷ്യനായിരുന്നു മുകുന്ദദാസ്. ഈ മുകുന്ദദാസിൽ നിന്നു സന്യാസദീക്ഷ സ്വീകരിച്ച ഹേമരാജ് സായീദാസ് എന്ന നാമത്തിൽ അറിയപ്പെട്ടു. ഗുസായി (ഗോസായി) പരമ്പരയെക്കുറിച്ച് 'ഗുർബാണി' ഗ്രന്ഥത്തിൽ പ്രത്യേക പരാമർശമുണ്ട്. ഇന്നും ഈ പരമ്പരയിൽപ്പെട്ട ഗുസായിമാർ പഞ്ചാബിലും പ്രാന്തപ്രദേശങ്ങളിലുമായി തങ്ങളുടെ ആദ്ധ്യാത്മിക പ്രവർത്തനങ്ങൾ നടത്തി വരുന്നു. സായീദാസ് ഗൃഹസ്ഥ ജീവിതം നയിച്ചിട്ടുള്ളതായി 'ഗുർബാനി' യിൽ സൂചനയുണ്ട്. നരഹർ ദാസ്, അർവിദാസ്, വിഷ്ണുദാസ്, സുഷാനന്ദ്, രാമാനന്ദ്, എന്നീ പേരുകളിൽ സായീദാസിന് അഞ്ചു പുത്രന്മാരുണ്ടായിരുന്നതായും ഗുർബാനി വ്യക്തമാക്കുന്നു. ഗുരുനാനക്കും സന്ത്സായീദാസും തമ്മിലുണ്ടായ ഒരു കൂടിക്കാഴ്ചയിലേക്കും ഗ്രന്ഥം വെളിച്ചം വീശുന്നുണ്ട്.

'രതൻജ്ഞാനി'യാണ് സന്ത്സായീദാസിന്റെ മുഖ്യരചന. സന്യാസിസമ്പർക്കം ജ്ഞാനത്തിലേക്കും, ജ്ഞാനം വിശ്വദർശനത്തിലേക്കും നയിക്കുന്നു എന്നാണ് സായീദാസ് അനുയായികളെ ഉദ്ബോധിപ്പിച്ചത്. സഹജീവികളുമായുള്ള സമ്പർക്കത്തിലൂടെ പരമാനന്ദം പ്രാപ്തമാക്കാം എന്നും അദ്ദേഹം ജനങ്ങളെ ഉപദേശിച്ചു. 'പരമാനന്ദത്തിലൂടെ മോക്ഷം' എന്നതായിരുന്നു സന്ത്സായീദാസിന്റെ മതം.

**പിൻതുടർച്ച**

ഭാരതത്തിൽ ഋഷിപാരമ്പര്യം എവിടെത്തുടങ്ങി, എന്നു തുടങ്ങി, എങ്ങനെ തുടങ്ങി എന്നതിനെല്ലാം കൃത്യമായൊരുത്തരം നൽകാൻ ഇന്നോളം ഒരു ഗവേഷകനും ശ്രമിച്ചിട്ടില്ല. ശ്രമിച്ചാൽ പോലും ഉത്തരം കണ്ടെത്താനാവുമോ എന്നു സംശയമാണ്. ഈ ഋഷിപാരമ്പര്യം എവിടത്തോളം ചെന്നെത്തുമെന്നതും ഉത്തരമില്ലാത്ത ഒരു സംശയമായി അവശേഷിക്കുന്നു. ഒന്നുമാത്രം തീർച്ച! ഭാരതം ഋഷിഭൂമിയാണ്. ഇവിടെ ആഴത്തിലോടുന്ന ഋഷിപാരമ്പര്യത്തിന്റെ വേരുകളെ പിഴുതുകളയുക എളുപ്പമല്ല. അതിന്റെ പൊരുൾ അനന്തവും അമേയവുമായ ബ്രഹ്മത്തെപ്പോലെ അജ്ഞാതമായി തുടരുകതന്നെചെയ്യും! പ്രപഞ്ചമുള്ളിടത്തോളം കാലം ഭാരതത്തിന്റെ ഋഷിപാരമ്പര്യം ചൈതന്യവത്തായി നിലനിൽക്കുകതന്നെ ചെയ്യും!ബ്രിട്ടീഷ് ഭാരതത്തിൽ ഇംഗ്ലീഷുകാരെപ്പോലും സ്വാധീനിച്ച ചില മഹാഋഷിമാർ ജീവിച്ചിരുന്നു. അവരിൽ ചിലരെക്കുറിച്ചു കൂടി പ്രസ്താവിക്കാതെ ഇതു പൂർണ്ണമാകുകയില്ല.

**ശ്രീരാമകൃഷ്ണ പരമഹംസർ**

വേദഭൂമിയുടെ ആദ്ധ്യാത്മികനായകൻ, സ്വാമിവിവേകാനന്ദന്റെ ഗുരു എന്നീ നിലകളിൽ ഭാരതീയജനത ഭക്തിയോടെ ആദരിച്ചുപോരുന്ന ആചാര്യനാണ് ശ്രീരാമകൃഷ്ണ പരമഹംസർ. ബംഗാളിലെ ഹൂഗ്ലിയിൽ കമാർപുക്കൂർ എന്ന ഒരു ചെറുഗ്രാമമുണ്ട്.. അവിടെ ഈശ്വരഭക്തിയിലും ആദ്ധ്യാത്മിക ചിന്തയിലും മുഴുകി ജീവിതം നയിച്ചുപോന്ന ഒരു ബ്രാഹ്മണകുടുംബമുണ്ടായിരുന്നു. ഖുദിരാം ചതോപാദ്ധ്യായ എന്നായിരുന്നു ഗൃഹനാഥന്റെ പേര്. ശീലംകൊണ്ടും ഗുണംകൊണ്ടും അദ്ദേഹത്തിന് അനുയോജ്യയായ പത്നിയായിരുന്നു ചന്ദ്രമണീദേവി.

ഒരുനാൾ ഖുദീരാംജിക്ക് ഭഗവാൻ വിഷ്ണു സ്വപ്നദർശനം നൽകി; അങ്ങയുടെ പുത്രനായി നാം ജന്മമെടുക്കും എന്നരുളിച്ചെയ്തു. അതേസമയത്തുതന്നെ വീട്ടിനടുത്തുള്ള ശിവക്ഷേത്രത്തിൽ നിന്ന് ഒരു പ്രകാശരശ്മി പുറപ്പെട്ട് തന്റെ ഉദരത്തിലേക്കു പ്രവേശിക്കുന്നതായി ചന്ദ്രമണീദേവിയും സ്വപ്നം കണ്ടു. ആത്മീയവും അതീന്ദ്രിയവുമായ ഈ സ്വപ്നത്തിന്റെ സാക്ഷാത്കാരമെന്നോണം ഇവർക്ക് ഒരു പുത്രൻ ജനിച്ചു. എ.ഡി. 1836 ലാണ് ഈ പുണ്യജന്മമുണ്ടായത്. മാതാപിതാക്കൾ പുത്രനെ ഗദാധരൻ എന്നു വിളിച്ചു. (വിഷ്ണുവിന് ഗദാധരൻ എന്നും പേരുണ്ടല്ലോ).അസാധാരണമായ ബുദ്ധിയുള്ള കുട്ടിയായിരുന്നു ഗദാധരൻ. ഗ്രാമത്തിലെ ശിവക്ഷേത്രം ബാലന്റെ ഇഷ്ടസങ്കേതമായി. ഇവിടെവെച്ച് സഞ്ചാരികളായ ഒട്ടേറെ സന്യാസിമാരെയും കഥകന്മാരെയും (പുരാണകഥകൾ പാടി പ്രചരിപ്പിക്കുന്നവർ) അവൻ പരിചയപ്പെട്ടു. സഞ്ചാരികളുടെ ഒരിടത്താവളമായിരുന്നു ഈ ക്ഷേത്രം. ഒറീസ്സയിലെ പുരിയിലേക്കുള്ള യാത്രാമദ്ധ്യേ തീർത്ഥാടകർ ഇവിടെ യാണ് വിശ്രമംതേടിയിരുന്നത്. ഇവരുടെ സമ്പർക്കത്താൽ രാമായണത്തെയും മഹാഭാരതത്തെയും മറ്റു പുരാണങ്ങളെയും ഗദാധരൻ അടുത്തറിഞ്ഞു. ബംഗാളിഭാഷയിലും പ്രാവീണ്യം നേടി . ആറാമത്തെ വയസ്സിൽ അദ്ദേഹത്തിന് ആദ്യത്തെ അതീന്ദ്രിയാനുഭൂതിയുണ്ടായി. ഗദാധരന് ഏഴുവയസ്സുള്ളപ്പോൾ പിതാവു മരിച്ചു. ജ്യേഷ്ഠനായ രാംകുമാറും മാതാവുമൊത്ത് അദ്ദേഹം കൊൽക്കത്തയിലെത്തി. രാംകുമാർ അവിടെ ഒരു സംസ്കൃതപാഠശാല ആരംഭിച്ചു. വൈദികവൃത്തിയിൽ പരിചയമുണ്ടായിരുന്നതിനാൽ ഗദാധരൻ ചില കാളീക്ഷേത്രങ്ങളിൽ പൂജാരിയായി സേവനമനുഷ്ഠിക്കാൻ തുടങ്ങി. പത്താമത്തെ വയസ്സിൽ ശിവനെയും വിശാലാക്ഷീദേവിയെയും പൂജിക്കുന്നതിനിടെ വീണ്ടും അതീന്ദ്രിയാനുഭൂതിയുണ്ടായി. 1855–ൽ റാണി രസ്മണിയുടെ താൽപര്യത്തിൽ ദക്ഷിണേശ്വരത്ത് ഒരു കാളീക്ഷേത്രം നിർമ്മിക്കപ്പെട്ടു. രാംകുമാർ അവിടെ മുഖ്യപൂജാരിയായി നിയമിതനായി. ഗദാധരനും അന്തരവനായ ഹൃദയുമായിരുന്നു സഹായികൾ . ക്ഷേത്രം അധികാരിയായിരുന്ന മഥുരബിശ്വാസ് ഗദാധരനെ രാമകൃഷ്ണൻ എന്നു പുനർനാമകരണം ചെയ്തു. അപ്പോഴേക്കും രാമകൃഷ്ണന്റെ രീതിയും പെരുമാറ്റവുമെല്ലാം അസ്വാഭാവികമായിത്തീർന്നിരുന്നു. ബാഹ്യലോകത്തുനിന്ന് ഉൾവലിയാനുള്ള ഈ പ്രവണത പലപ്പോഴും ചന്ദ്രമണീദേവിയെ അസ്വസ്ഥയാക്കി.ദക്ഷിണേശ്വരം ക്ഷേത്രത്തിൽ സഹായിയായിത്തീർന്നതോടെ രാമകൃഷ്ണൻ കാളീദേവിയുടെ ഉപാസകനായിത്തീർന്നു. ദേവീഭജത്തിലും സങ്കീർ

ത്തനങ്ങളിലും ആത്മീയമായ ആനന്ദം നുകർന്നു. ക്ഷേത്രകാര്യങ്ങൾ കഴിഞ്ഞുള്ള സമയം ഏകാന്ത ധ്യാനത്തിൽ കഴിഞ്ഞുകൂടി. അപ്രതീക്ഷിതമായി രാംകുമാർ മൃതിയടഞ്ഞതോടെ രാമകൃഷ്ണൻ ക്ഷേത്രത്തിന്റെ ചുമതല സമ്പൂർണ്ണമായി ഏറ്റെടുത്തു. കാളിയെ മാതാവായി കരുതിക്കൊണ്ട് സ്വയം ജഗദംബയുടെ സേവനത്തിനായി സമർപ്പിച്ചു. പലകുറി അദ്ദേഹത്തിന് അതീന്ദ്രിയ ദർശനങ്ങളുണ്ടായി. മൂത്തസഹോദരനായ രാമേശ്വറും മാതാവായ ചന്ദ്രമണീദേവിയും രാമകൃഷ്ണന്റെ വിചിത്രമായ പെരുമാറ്റത്തെച്ചൊല്ലി ആകുലരായി. വിവാഹമാണ് അവർ കണ്ടെത്തിയ പരിഹാരം. രാമകൃഷ്ണ നുവേണ്ടി അവർ ഒരു പെൺകുട്ടിയെയും കണ്ടെത്തി. ജയ്‌രംബതിയിലെ രാമചന്ദ്രമുഖോപാദ്ധ്യായ എന്ന വൈദികാചാര്യന്റെ പുത്രി ശാരദാമണി! അമ്മയുടെ നിർബന്ധം മൂലം ഇരുപത്തിനാലുവയസ്സുള്ള രാമകൃഷ്ണൻ അഞ്ചുവയസ്സുകാരി ശാരദാമണിയെ വിവാഹം കഴിച്ചു (1859). വിവാഹത്തോടെ ശാരദാമണി ശാരദാദേവി എന്ന പേരിൽ അറിയപ്പെട്ടു. പതിനെട്ടു വയസ്സുവരെ പിതൃഗൃഹത്തിൽതന്നെ കഴിച്ചുകൂട്ടിയതിനുശേഷം ശാരദാദേവി ദക്ഷിണേശ്വരത്തെ ഭർതൃഗൃഹത്തിലെത്തി. രാഗബദ്ധിതമല്ലാത്ത ഒരപൂർവ്വദാമ്പത്യമായിരുന്നു ഈ ദമ്പതികളുടേത്. രാമകൃഷ്ണന്റെ ദർശനങ്ങൾ ശാരദാദേവിയെ സ്വാധീനിച്ചു. അവർ അദ്ദേഹത്തെ ഗുരുവായി വരിച്ചു. എന്നാൽ രാമകൃഷ്ണൻ സ്വപത്നിയിൽ സാക്ഷാൽ പരാശക്തിയെയാണു കണ്ടത്. ശാരദാമണിയെ പീഠത്തിലിരുത്തി അദ്ദേഹം ഷോഡശീപൂജ ചെയ്യാൻ തുടങ്ങി. അവരിൽ ജഗദംബയുടെ പ്രഭാവമുണർന്നു. അതോടെ രാമകൃഷ്ണന്റെ അനുയായികളും ശാരദാദേവിയെ മാതാവായി കണ്ടു തുടങ്ങി. കുറച്ചുകാലം കഴിഞ്ഞപ്പോൾ രാമകൃഷ്ണൻ കൊൽക്കത്തക്കു മടങ്ങുകയും അവിടെ ക്ഷേത്രത്തിന്റെ ചുമതലയേറ്റെടുക്കുകയും ചെയ്തു. തന്ത്രവും വേദാന്തവും വൈഷ്ണവസാധനയുമായി അദ്ദേഹം തികച്ചും സന്യാസ ജീവിതം നയിച്ചു.

1861–ൽ രാമകൃഷ്ണൻ ഭൈരവിബ്രാഹ്മണി എന്ന യോഗിനിയെ ഗുരുവായി വരിച്ചു. അവരുടെ കൈവശം 'രഘുവീരശില' എന്ന വിഗ്രഹമുണ്ടായിരുന്നു(രാമന്റെയും മറ്റു വൈഷ്ണദേവതകളുടെയും പ്രതിരൂപമായിരുന്നു ഈ ശില). ഗൗഡിയവൈഷ്ണവ തത്വങ്ങളിൽ അഗാധജ്ഞാനമുണ്ടായിരുന്ന ഭൈരവിബ്രാഹ്മണിക്ക് താന്ത്രികവിധികളും വശമായിരുന്നു. അവർ രാമകൃഷ്ണനെ താന്ത്രികോപാസനയിലേക്ക് ദീക്ഷാപൂർവ്വം പ്രവേശിപ്പിച്ചു. ഭൈരവിയിൽനിന്ന് രാമകൃഷ്ണൻ അറുപത്തിനാലുതരം താന്ത്രികസാധനാവിധികൾ വശമാക്കി. കൂടാതെ ഭൈരവി അദ്ദേഹത്തെ കുമാരീപൂജയും കുണ്ഡലിനിയോഗവും അഭ്യസിപ്പിച്ചു.

ഭൈരവിയുടെ ശിഷ്യനെന്ന നിലക്ക് ദേവ്യുപാസന നടത്തിപ്പോന്ന രാമകൃഷ്ണന് പലകുറി കാളിയുടെ ദർശനം ലഭിച്ചു. ശ്രീരാമനെ ആരാധിക്കുമ്പോഴൊക്കെ അദ്ദേഹം സ്വയം ഹനുമാന്റെ ദാസ്യഭാവം കൈക്കൊണ്ടു. നിരവധി തവണ അദ്ദേഹത്തിനു സീതാദർശനം ലഭിച്ചു. കാളിയെയും രാമനെയും സേവിച്ച അതേ ഭാവത്തിൽ അദ്ദേഹം കൃഷ്ണനെയും ഉപാസിച്ചു .കൃഷ്ണാരാധനയിലേർപ്പെടുമ്പോഴെല്ലാം വൃന്ദാവനത്തിലെ ഗോപികയെപ്പോലെ സ്ത്രീവേഷമണിഞ്ഞു. സ്ത്രീക്ക് പുരുഷനൊപ്പം സ്ഥാനമില്ലാതിരുന്ന ഒരു സമൂഹത്തിലാണ് രാമകൃഷ്ണൻ സ്ത്രീയെ മാതാവായി കണ്ട് ആരാധിച്ചത്! ചൈതന്യ മഹാപ്രഭുവിന്റെയും നിത്യാനന്ദപ്രഭുവിന്റെയും ജന്മസ്ഥാനങ്ങൾ സന്ദർശിച്ച് ആരാധന നടത്താനും രാമകൃഷ്ണൻ ശ്രദ്ധപുലർത്തി.

1865–ൽ തോടാപുരി എന്ന യോഗിയിൽ നിന്ന് രാമകൃഷ്ണൻ സന്യാസം സ്വീകരിച്ചു. പിന്നീട്, ശ്രീശങ്കരന്റെ അദ്വൈതസിദ്ധാന്തത്തിൽ അഗാധജ്ഞാനം നേടിയതോടെ അദ്ദേഹം സർവ്വസംഗ പരിത്യാഗിയായിത്തീർന്നു.

ഒരിക്കലും മതിവരാത്ത ആത്മാന്വേഷണദാഹമാണ് രാമകൃഷ്ണനെ മറ്റുള്ളവരിൽ നിന്നു വ്യത്യസ്തനാക്കുന്ന്. സൂഫിതത്വങ്ങൾ സ്വാംശീകരിച്ചിരുന്ന ഗോവിന്ദറോയ് എന്ന മഹാപണ്ഡിതനുമായുണ്ടായ സമാഗമം അദ്ദേഹത്തിന്റെ ജീവിതത്തിൽ മറ്റൊരദ്ധ്യായം തുറന്നു. ഇസ്ലാമിലേക്ക് ആകർഷിക്കപ്പെട്ട രാമകൃഷ്ണൻ അറബികളെപ്പോലെ ശിരോവസ്ത്രമണിയാനും അഞ്ചുനേരം നമാസ് ചൊല്ലാനും ശീലിച്ചു. തികഞ്ഞ മുഹമ്മദീയനായി ജീവിക്കുന്ന അവസരത്തിൽ തനിക്കു പ്രവാചകന്റെ ദിവ്യദർശനം ലഭിച്ചതായി രാമകൃഷ്ണൻ പിന്നീടു രേഖപ്പെടുത്തിയിട്ടുണ്ട്. 1873–ൽ വീണ്ടും ആ മഹദ്ജീവിതത്തിൽ ഒരു പരിവർത്തനമുണ്ടായി. ശിഷ്യനായ ശംഭുചരൺ മല്ലിക്ക് ബൈബിൾ വായിച്ചുകേൾപ്പിച്ചപ്പോൾ രാമകൃഷ്ണന്റെ മനസ്സിൽ ക്രിസ്തുവിനെ പ്രതി ഭക്തിയങ്കുരിച്ചു. ഉണ്ണിയേശുവിനെ കയ്യിലേന്തിനിൽക്കുന്ന കന്യാകാമാതാവ് തനിക്കു ദർശനം നൽകിയതായി അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. രാമകൃഷ്ണന്റെ പൂജാമുറിയിൽ ഹിന്ദുദേവതമാരുടെ ചിത്രങ്ങൾക്കൊപ്പം യേശുക്രിസ്തുവിന്റെ ചിത്രവും സ്ഥാനം പിടിച്ചു. 1875 ൽ ബ്രഹ്മസമാജ് നേതാവായ കേശബ്





ചന്ദ്രസെന്നുമായി ഒരു കൂടിക്കാഴ്ചയുണ്ടായി. ക്രിസ്തുമതാനുയായിയായ സെൻ വിഗ്രഹാരാധനയെ എതിർത്തിരുന്നു. രാമകൃഷ്ണന്റെ സഹവാസവും സ്വാധീനവും മൂലം സെൻ ബഹുദൈവസിദ്ധാന്തം അംഗീകരിച്ചു. അദ്ദേഹം രാമകൃഷ്ണനെ ഗുരുവായി വരിച്ചു. ഗുരുവിന്റെ ദർശനങ്ങളെ പ്രചരിപ്പിക്കാനും തുടങ്ങി. ബ്രിട്ടീഷുകാരെയും ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ഇന്ത്യാക്കാരെയും ഈ ദർശനങ്ങൾ സ്വാധീനിച്ചു. സാമാന്യവിദ്യാഭ്യാസം മാത്രമുള്ള ഒരു വ്യക്തിയിൽ നിന്ന് മഹത്തായ ആത്മോപദേശം തേടാൻ സമൂഹത്തിലെ ഉന്നതരായ പലരും ദക്ഷിണേശ്വരത്തെത്തി. ബ്രഹ്മസമാജം, ആര്യസമാജം, തിയോസഫിക്കൽ സൊസൈറ്റി തുടങ്ങിയ ആദ്ധ്യാത്മികസംഘടനകളുടെ പ്രവർത്തകർ രാമകൃഷ്ണനെ സന്ദർശിച്ചു. വിദേശികളായ പണ്ഡിതന്മാർ അദ്ദേഹത്തിന്റെ സുഭാഷിതങ്ങൾക്കു ശ്രോതാക്കളായി. സാമാന്യജീവിതത്തിലെ സംഭവങ്ങളും മനുഷ്യസ്വഭാവത്തിന്റെ സൂക്ഷ്മവശങ്ങൾ പ്രതിപാദിക്കുന്ന കഥകളുമുൾക്കൊണ്ട അദ്ദേഹത്തിന്റെ സംഭാഷണങ്ങൾ രസകരവും സാരവത്തുമായിരുന്നു.കേശബചന്ദ്രസെന്നിനു പുറമെ, വിജയകൃഷ്ണഗോസ്വാമി, പ്രതാപ്ചന്ദ്ര മജുംദാർ, ശിവനാഥ് ശാസ്ത്രി, ത്രൈലോക്യനാഥ് സന്യാൽ തുടങ്ങിയ അനേകം പ്രമുഖർ രാമകൃഷ്ണന്റെ ദർശനങ്ങൾ ഉൾക്കൊണ്ടു. മജുംദാർ ഇംഗ്ലീഷിൽ രാമകൃഷ്ണന്റെ ജീവചരിത്രമെഴുതി. ഇന്ത്യൻ ചരിത്ര സാഹിത്യാദികളിൽ ഗവേഷണം നടത്തി ഗ്രന്ഥങ്ങൾ രചിച്ച ബ്രിട്ടീഷ് പണ്ഡിതനായ മാക്സ്മുള്ളറും രാമകൃഷ്ണദർശങ്ങളെക്കുറിച്ചു പഠിച്ച് ഗ്രന്ഥങ്ങളെഴുതി. മഹാകവി രവീന്ദ്രനാഥ് ടാഗോറിന്റെ പിതാവായ ദേവേന്ദ്രനാഥ് ടാഗോർ, ഈശ്വരചന്ദ്രവിദ്യാസാഗർ തുടങ്ങിയ അതികായന്മാർപോലും രാമകൃഷ്ണനെ സന്ദർശിച്ചു. സ്വാമി ദയാനന്ദ രാമകൃഷ്ണനെ ബംഗാളിന്റെ നവോത്ഥാനനായകൻ എന്നു വിശേഷിപ്പിച്ചു. 1881–ൽ നരേന്ദ്രനാഥദത്ത എന്ന യുക്തിവാദിയായ ഒരു ബിരുദധാരി രാമകൃഷ്ണനെ തേടിയെത്തി. അദ്ദേഹം രാമകൃഷ്ണനെ ഗുരുവായി വരിച്ചു. പിൽക്കാലത്ത് അദ്ദേഹം സന്യാസം സ്വീകരിക്കുകയും വിവേകാനന്ദൻ എന്ന പേര് സ്വീകരിക്കുകയും ചെയ്തു. രാമകൃഷ്ണന്റെ ശിഷ്യരിൽ ഏറ്റവും പ്രമുഖനായി തീർന്നത് സ്വാമി വിവേകാനന്ദൻ തന്നെ !സ്വാമി ബ്രഹ്മാനന്ദ, സ്വാമി അഭേദാനന്ദ, സ്വാമി ശിവാനന്ദ, സ്വാമി രാമകൃഷ്ണാനന്ദ, സ്വാമി ശാരദാനന്ദ, സ്വാമി നിർമ്മലാനന്ദ, സ്വാമി അഖണ്ഡാനന്ദ, സ്വാമി വിജ്ഞാനാനന്ദ തുടങ്ങിയവരടങ്ങിയ ഒരു സന്യാസിപരമ്പരക്കു തുടക്കം കുറിച്ച രാമകൃഷ്ണന്റെ ശിഷ്യഗണത്തിൽ ഒട്ടേറെ വനിതകളുമുണ്ടായിരുന്നു. ഗൗരിമാ, യോഗിനിമാ തുടങ്ങിയവർ ഇക്കൂട്ടത്തിൽ പ്രമുഖരായിരുന്നു. സ്ത്രീകളുടെ വിദ്യാഭ്യാസവും പുരോഗതിയും ലക്ഷ്യമിട്ട് ഗൗരിമാ ബരാഖ്പൂരിൽ ശാരദേശ്വരി ആശ്രമം സ്ഥാപിച്ചു.രാമകൃഷ്ണന്റെ അനുയായികളിൽ പണ്ഡിതർ മാത്രമല്ല വിധവകളും വൃദ്ധജനങ്ങളും അഗതികളും മാനസികരോഗികളുമുണ്ടായിരുന്നു. ക്രമേണ അനുയായികൾ അദ്ദേഹത്തെ രാമകൃഷ്ണ പരമഹംസർ എന്നു സംബോധന ചെയ്യാൻ തുടങ്ങി.

1885–ൽ അദ്ദേഹം ക്യാൻസർ രോഗബാധിതനായി. അന്ത്യമടുത്തെന്നുറപ്പായപ്പോൾ അദ്ദേഹം വിവേകാനന്ദനെ പിൻഗാമിയായി പ്രഖ്യാപിച്ചു. ഗംഗാനദീതീരത്തുള്ള ഒരു ജീർണ്ണിച്ച ഭവനത്തിൽ രാമകൃഷ്ണമഠത്തിന്റെ അടിത്തറ പാകി. 1888 ആഗസ്ററ് 16–ാം തീയതി അദ്ദേഹം ബ്രഹ്മപദം പൂകി. ഗുരുദേവന്റെ സമാധിക്കുശേഷം ബുദ്ധിജീവികളായ അദ്ദേഹത്തിന്റെ ശിഷ്യന്മാർ രാമകൃഷ്ണമിഷൻ എന്ന സംഘടന സ്ഥാപിച്ചു. ലോകമെമ്പാടും അനുയായികളുള്ള ഈ ആദ്ധ്യാത്മിക വിദ്യാലയം രാമകൃഷ്ണദർശനങ്ങളെ ഉദാത്തവൽക്കരിച്ചുകൊണ്ട് ഇന്നും സ്തുത്യർഹമായ സേവനങ്ങൾ കാഴ്ചവെക്കുന്നു.

***ശ്രീമതി. ശ്രീകുമാരി രാമചന്ദ്രന്റെ 'ഭാരതത്തിലെ ഋഷികവികൾ' എന്ന ലേഖന പരമ്പര പുസ്തക രൂപത്തിൽ മാതൃഭൂമി ബുക്ക് സ്റ്റാളിൽ ലഭ്യമാണ്.***

**എറണാകുളം**
**കരയോഗാംഗത്വം എടുക്കൂ**
**ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...**

**94 വർഷത്തെ സേവനപാരമ്പര്യമുള്ള എറണാകുളം കരയോഗത്തിൽ കൊച്ചി കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസമുള്ള എല്ലാ നായർ സമുദായാംഗങ്ങൾക്കും കരയോഗം നിയമാവലിയ്ക്ക് വിധേയമായി അംഗത്വം ലഭിക്കുന്നതാണ്.**
**ഈ അവസരം പ്രയോജനപ്പെടുത്തുക.**
***കൂടുതൽ വിവരങ്ങൾക്ക്: 0484 2361160***
Email: ekmkgm@gmail.com

ക്ഷേത്രങ്ങളിലൂടെ - തുടർച്ച

# ചെട്ടികുളങ്ങര ഭഗവതി ക്ഷേത്രം



ഇന്ദിരാഭായി (ഫോൺ: 80785 52892)

ഭക്തിക്ക് മുന്നിൽ സംപ്രീതയായ മഹാമായ ഭക്തരുടെ ആഗ്രഹപൂർത്തികരണത്തിനായി സ്വയം വന്ന് അവർക്ക് അഭയവും ആശ്രയവും നൽകി കൊണ്ട് ദേശദേവതയായി കുടികൊള്ളുന്ന ഒരു പുണ്യ ക്ഷേത്രമാണ് ചെട്ടികുളങ്ങര ഭഗവതി ക്ഷേത്രം. ലോകമാതാവും വാത്സല്യ നിധിയുമായ അമ്മയെ ഭക്തിപൂർവ്വം ഭജിച്ചാൽ അമ്മ നമ്മെ കൈവിടില്ല എന്നതിന്റെ ഒരു ഉത്തമ ഉദാഹരണമാണ് ഈ ഭഗവതി ക്ഷേത്രം. ആദിപരാശക്തിയായ ഭഗവതി വ്യത്യസ്തങ്ങളായ മൂന്നു ഭാവങ്ങളിൽ കുടികൊള്ളുന്ന ക്ഷേത്രമാണിത്. ഭാരതീയർ പണ്ടു മുതൽ തന്നെ ഈശ്വരചൈതന്യത്തെ മാതൃഭാവത്തിൽ ആരാധിച്ച് പോരുന്നു. എല്ലാ ജീവജാലങ്ങളിലും വിളങ്ങുന്ന ശക്തിസ്വരൂപിണിയാണ് ജഗദംബ. പരാശക്തിയുടെ ഇംഗിതമനുസരിച്ചാണ് ഈ പ്രപഞ്ചത്തിലെ സകല ചരാചരങ്ങളും നിലനിൽക്കുന്നത്. ഒരേ സമയം സ്നേഹമയിയായ അമ്മയായും സംഹാരരൂപിണിയായ ഉഗ്രമൂർത്തിയായും പ്രവർത്തിക്കുന്നത് ആ ശക്തി തന്നെയാണ്. സാക്ഷാൽ ജഗദംബയുടെ ഉഗ്രമൂർത്തി ഭാവമാർന്ന ഭദ്രകാളീദേവി കുടികൊള്ളുന്ന ഒരു പുണ്യപുരാതനക്ഷേത്രമാണ് ചെട്ടികുളങ്ങര ശ്രീ ഭഗവതി ക്ഷേത്രം.ഉത്സവാഘോഷങ്ങളുടെ പ്രത്യേകതകൾ കൊണ്ടു ലോകപ്രസിദ്ധമായ ഒരു ദേവി ക്ഷേത്രമാണിത്.

ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിൽ തിരുവല്ല കായംകുളം പാതയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഒരു പ്രസിദ്ധമായ ദേവിക്ഷേത്രമാണ് ചെട്ടികുളങ്ങര ഭഗവതി ക്ഷേത്രം. ആദിശങ്കരാചാര്യ സ്വാമികളുടെ ശിഷ്യനായ പത്മപാദരാൽ പ്രതിഷ്ഠിതമായ ക്ഷേത്രമാണിത് മദ്ധ്യതിരുവിതാംകൂറിന്റെ സാംസ്കാരിക കേന്ദ്രമെന്നറിയപ്പെടുന്ന മാവേലിക്കരയുടെ ഐശ്വര്യദേവതയാണ് ചെട്ടികുളങ്ങര ഭഗവതി. ആദിപരാശക്തിയുടെ അനുഗ്രഹാശ്ശിസുകളാൽ അനുഗ്രഹീതമായ നാടാണ് ചെട്ടികുളങ്ങര ഉൾപ്പെടുന്ന ഓണാട്ടുകരപ്രദേശം.

ഓരോ ദേശത്തിനും അതാതു ദേശത്തിന്റെ തനതായ എന്തെങ്കിലും പ്രത്യേകതകൾ കാണാറുണ്ട്. എന്നാൽ ഓണാട്ടുകരക്ക് ഒരു പ്രത്യേക സംസ്കാരം തന്നെ സ്വന്തമായുണ്ട്. ഒരു ഭാഷാ ശൈലിയും കാർഷിക രീതികളും ആഹാരരീതികളും കലകളും കളികളും ഉത്സവാഘോഷങ്ങളും അടങ്ങുന്ന പ്രത്യേകസംസ്കാരമാണ് ഓണാട്ടുകരക്കുള്ളത്. പച്ചപ്പുകളും, കാവുകളും കുളങ്ങളും തോടുകളും വയലേലകളും പുഞ്ചപ്പാടങ്ങളും ചേർന്ന് പ്രകൃതി ഭംഗിനിറഞ്ഞു നിൽക്കുന്ന നാടാണ് ഓണാട്ടുകര. ഏറ്റവും കൂടുതൽ കാവുകളുള്ള നാടെന്നും ഓടി വള്ളങ്ങളുടെ നാടെന്നും ഓണാട്ടുകരയെ വിശേഷിപ്പിക്കാറുണ്ട്. കൃഷി ഒഴിഞ്ഞ ഒരു സമയവും ഈ പ്രദേശത്തില്ല എന്നതും ഈ നാടിന്റെ പ്രത്യേകതയാണ്. ഓടൽ ചെടികൾ ഇവിടെ ധാരാളമുള്ളതിനാൽ ഓടനാടു എന്നു പേരു വന്നു എന്നും ഓടനാടുകരയാണ് ഓനാട്ടുകരയായത് എന്നും അഭിപ്രായപ്പെടുന്നു. ഇവക്കെല്ലാം പുറമെ ഓടനാടുകരയെ ഓണമൂട്ടും കരയെന്നും വിശേഷിപ്പിക്കുന്നു. ഇത് ഒരു പരിധിവരെ സത്യവുമാണ്. ഓണാഘോഷങ്ങളുടെ അവിഭാജ്യഘടകമാണ് ഓണസദ്യ.ഓണസദ്യ ഒരുക്കുന്നതിനുവേണ്ട എല്ലാ വിഭവങ്ങളും ഒണക്കാലമാകുമ്പോഴേക്കും ഇവിടെ തയ്യാറായിട്ടുണ്ടാകും. കാർഷിക വിളകളുടെ സമ്പന്നത ഈ പ്രദേശത്തെ അക്ഷരാർത്ഥത്തിൽ ഓണമുട്ടും കരയാക്കിതീർക്കുന്നു. പഴയകാലത്തെ ഓടനാടു നാട്ടുരാജ്യമായിരുന്നു ഓണാട്ടുകര ദേശം. ഐതീഹ്യപഴമകളും ചരിത്ര വിസ്മയങ്ങളും വിവിധ സംസ്കാരങ്ങളും അടങ്ങിയ നാടാണ് ഓണാട്ടുകര.ഓണാട്ടുകരയെപ്പറ്റി സാഹിത്യത്തിൽ ആദ്യമായി പരാമർശിച്ചത് കുഞ്ചൻ നമ്പ്യാരായിരുന്നു എന്ന് വിശ്വസിക്കുന്നു.എല്ലാ വിഭാഗം ആളുകളെയും ഒരുമിപ്പിക്കുന്നതിൽ ഇവിടുത്തെ ഓണാഘോഷങ്ങളും ഉത്സവാഘോഷചടങ്ങളും മുഖ്യ പങ്കു വഹിച്ചിരുന്നു. എന്നാൽ ഇന്ന് അവക്കൊക്കെ വലിയ മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു. ചെട്ടികുളങ്ങര ഭഗവതി ക്ഷേത്രം സ്ഥാപിതമായതിനു പിന്നിൽ ചില





ഐതീഹ്യകഥകളുണ്ട്. പണ്ട് ചെട്ടികുളങ്ങരയിൽ ഉഗ്രപ്രതാപികളായ കരപ്രമാണിമാരുണ്ടായിരുന്നു. അവർ തികഞ്ഞ ദേവീഭക്തരുമായിരുന്നു. ഒരിക്കൽ ദേവീഭക്തന്മാരായിരുന്ന ചില കരപ്രമാണിമാർ പരിവാരസമേതം കൊയ്പ്പള്ളികാരാഴ്മക്ഷേത്രത്തിൽ ഉത്സവം കാണുവാൻ പോയി അവിടുത്തെ ക്ഷേത്രഭാരവാഹികളിൽ നിന്നും ചില അനിഷ്ഠ സംഭവങ്ങൾ അവർക്ക് നേരിടേണ്ടി വരികയും അപമാനിതരായി അവിടെനിന്നും മടങ്ങിപ്പോരേണ്ടതായും വന്നും. ഈ സംഭവത്തിനു ശേഷം തങ്ങളുടെ ദേശത്തും ഈശ്വരാരാധനക്കായി ഒരു ക്ഷേത്രം ഉണ്ടാകണമെന്ന് അവർ ആഗ്രഹിച്ചു. ഈ ആഗ്രഹവുമായി അവർ തീർത്ഥാടനത്തിനു പുറപ്പെട്ടു. തീർത്ഥാടനത്തിനൊടുവിൽ അവർ കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിലെത്തി ഭജനം തുടങ്ങി. ഭക്തി നിർഭരമായ അവരുടെ തപസ്സിൽ സംതൃപ്തയായ ദേവി ഒരു ദിവസം അവർക്ക് സ്വപ്ന ദർശനം നൽകി. വെളിച്ചപ്പാടുതുള്ളിയുറഞ്ഞു വന്ന് അവർക്ക് ഒരു വാൾ നൽകുകയും സ്വദേശത്തേക്ക് മടങ്ങിക്കൊള്ളുക, അവിടെ ദേവി സാന്നിദ്ധ്യം ഉണ്ടാകും എന്നും അരുളിച്ചെയ്തു. ദേവിയുടെ അരുളപ്പാടനുസരിച്ച് അവർ സ്വദേശത്തേക്ക് മടങ്ങിപ്പോരിക. അവരുടെ ദേശത്ത് ദേവിസാന്നിദ്ധ്യമുണ്ടാവുകയും ചെയ്തു ദേവി ദർശനം ലഭിച്ച ആ യോഗിശ്വരന്മാരെ പിന്നീട് കുടുംബങ്ങളിൽ കുടിയിരുത്തുകയും ചെയ്തു.

ഒരു ദിവസം കരിപ്പുഴ കടത്തു കടവിൽ ഒരു സന്ധ്യാസമയം അതിതേജസ്സാർന്ന പ്രായമായ ഒരു സ്ത്രീ എത്തി.കടത്തുകാരൻ അന്നത്തെ കടത്തു ജോലി മതിയാക്കി മടങ്ങിപ്പോകുവാൻ തുടങ്ങുന്ന സമയത്തായിരുന്നു അവർ അവിടെ എത്തിയത്. അവർ കടത്തുകാരനോട് എന്നെ ഒന്ന് തോണിയിൽ കൊണ്ട് പോകുമോ, എനിക്ക് ചെട്ടികുളങ്ങരയിലേക്ക് പോകണം. എന്ന് അറിയിച്ചു. ഇതു കേട്ട തോണിക്കാരൻ ഞാനും ചെട്ടികുളങ്ങരയിലേക്കാണ്, തോണിയിൽ കയറിക്കോളു എന്നറിയിച്ചു അവർ യാത്ര ആരംഭിച്ചു, എന്നാൽ പ്രതികൂലകാലാവസ്ഥയും വെളിച്ചക്കുറവും കാരണം മുന്നോട്ട് യാത്ര സാധിച്ചില്ല. വഞ്ചിക്കാരൻ വഞ്ചി കരയിലടുപ്പിച്ച് ഇനി യാത്ര പുലർച്ചക്കാകാം. ഇവിടെ വിശ്രമിക്കാം എന്ന് അവരെ അറിയിച്ചു. അയാൾ അടുത്ത് കണ്ട ഇല്ലത്ത് നിന്ന് ഭക്ഷണവും മറ്റൊരു വിട്ടിൽ നിന്ന് അവർക്ക് മാറ്റാൻ മുണ്ടും വാങ്ങികൊണ്ടുവന്നു കൊടുത്തു. ഒരു ആഞ്ഞിലി മരത്തിന്റെ ചുവട്ടിൽ ഇരുന്ന് അവർ ഭക്ഷണം കഴിച്ചു. ഭക്ഷണത്തിന്റെ പങ്ക് വഞ്ചിക്കാരനും കഴിച്ചു അവിടെത്തന്നെ വിശ്രമിച്ചു. ക്ഷീണം കാരണം വഞ്ചിക്കാരൻ അല്പസമയം ഉറങ്ങിപ്പോയി പെട്ടെന്നുണർന്ന് നാലുപാടും നോക്കിയ അയാൾ ആ സ്ത്രീയെ അവിടെയെങ്ങും കണ്ടില്ല. ആ സ്ത്രീ അപ്രത്യക്ഷയായതിൽ വഞ്ചിക്കാരൻ അത്ഭുതപ്പെട്ടു. പിന്നീട് അയാൾ ഈ വിവരം നാട്ടുകാരായ ആളുകളെ അറിയിക്കുകയും ചെയ്തു. ഈ സംഭവത്തിന്റെ അടുത്ത ദിവസം ഇന്ന് ചെട്ടികുളങ്ങര ക്ഷേത്രം സ്ഥിതിചെയ്യുന്നതിന്റെ തെക്കു ഭാഗത്തുണ്ടായിരുന്ന ഒരു പുരാതന ഇല്ലത്തിന്റെ പുരമേയൽ നടക്കുന്നുണ്ടായിരുന്നു. ഈ സമയം പ്രായം ചെന്ന ഒരു സ്ത്രി ആ ഇല്ലത്തെത്തി എന്തെങ്കിലും ഭക്ഷണം കഴിക്കാൻ തരണമെന്ന് ആവശ്യപ്പെട്ടു. അവിടെ പുര മേയുന്ന ജോലിക്കാർക്കായി കഞ്ഞിയും മുതിരപ്പുഴുക്കും അസ്ത്രവും (കാച്ചിൽ, ചേന, ചേമ്പ്,തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങൾ കൊണ്ടുണ്ടാക്കുന്ന ഒരു സ്വാദിഷ്ട വിഭവം) കടുമാങ്ങയും കരുതിവെച്ചിട്ടുണ്ടായിരുന്നു. തടയിൽ ഇലവച്ചു അവർക്ക് ആവശ്യമായ ഭക്ഷണം അവിടുന്നു നൽകുകയും ചെയ്തു. കഞ്ഞിയും പുഴുക്കും കഴിച്ചു കഴിഞ്ഞ് അവർ കുളക്കടവിലേക്കു പോവുകയും പെട്ടന്ന് അപ്രത്യക്ഷയാകുകയും ചെയ്തു. യോഗീശ്വരന്മാരുടേയും വള്ളക്കാരന്റെയും ഇല്ലത്തുള്ളവരുടേയും അനുഭവങ്ങളിൽ പ്രത്യേകതകൾ തോന്നിയ അവിടെയുള്ള ആളുകൾ ദേവ പ്രശ്നചിന്ത നടത്തണം എന്നും ഇത് ദേവി സാന്നിദ്ധ്യ സൂചനയാണ് എന്നും അഭിപ്രായപ്പെട്ടു. പിന്നീട് ദേവപ്രശ്നത്തിൽ ദേവി സാന്നിദ്ധ്യമാണെന്ന് ബോദ്ധ്യമാവുകയും ചെയ്തു. പ്രശ്നവിധിപ്രകാരം അവിടെ ക്ഷേത്രം നിർമ്മിച്ച് ദേവിയെ കുടിയിരുത്തുകയും ചെയ്തു അങ്ങനെയാണ് ചെട്ടികുളങ്ങര ഭഗവതിക്ഷേത്രം സ്ഥാപിതമായത് എന്നാണ് ഐതിഹ്യങ്ങളിലൂടെ മനസ്സിലാക്കുന്നത്. കാലാകാലങ്ങളിലുണ്ടായിട്ടുള്ള മാറ്റങ്ങൾക്കു വിധേയമായ ക്ഷേത്രമാണ് ഇന്ന് നാം കാണുന്നത്. ആയിരത്തിലേറെ വർഷങ്ങളുടെ പഴക്കമുള്ള ഈ ക്ഷേത്രവും ക്ഷേത്രോത്സവവും യുനസ്കോയുടെ പൈതൃക പട്ടികയിൽ ഇടം നേടിയിട്ടുമുണ്ട്.

മകരമാസത്തിലെ ഉത്രട്ടാതി നാളിലാണ് ചെട്ടികുളങ്ങരയിലെ ദേവീ പ്രതിഷ്ഠ നടന്നത് എന്നും അഭിപ്രായമുണ്ട്. ഭഗവതിയുടെ ചെട്ടികുളങ്ങരയിലേക്കുള്ള യാത്രമദ്ധ്യേ ആഞ്ഞിലി വൃക്ഷചുവട്ടിൽ വിശ്രമിച്ച സ്ഥലം ആഞ്ഞിലിപ്രാ എന്ന പേരിലറിയപ്പെട്ടു. പിന്നീട് ദേവപ്രശ്നവിധിപ്രകാരം അവിടെ ഒരു ക്ഷേത്രം പണികഴിപ്പിക്കുകയും ചെയ്തു ഇത് പുതുശ്ശേരി അമ്പലം എന്നറിയപ്പെടുന്നു.കൊടുങ്ങല്ലൂർ നിന്ന് ചെട്ടികുളങ്ങരയിലേക്കുള്ള യാത്രാമദ്ധ്യേ ആഞ്ഞിലിചുവട്ടിൽ ദേവി വിശ്രമിച്ചതിന്റെ ഓർമ്മക്കായി എല്ലാ വർഷവും മീനമാസത്തിലെ രേവതിനാളിൽ

ചെട്ടികുളങ്ങര അമ്മ പറയെടുപ്പിനായി ആഞ്ഞിലിപ്രാ കരയിലെത്തുന്നു. ആ ദിവസം ദേവി ആഞ്ഞിലി പ്രാ കരയിലെ പുതുശ്ശേരി അമ്പലത്തിൽ തന്നെ ദീപാരാധനയും അത്താഴപൂജയും കഴിഞ്ഞ് വിശ്രമിക്കുന്നു. ചെട്ടികുളങ്ങര ക്ഷേത്രത്തിലെ മേൽശാന്തി തന്നെയാണ്. അന്നേ ദിവസം ഇവിടെ പൂജകൾ നടത്തുന്നത് ഇവിടെയും ചെട്ടികുളങ്ങര അമ്മ തന്നെയായതിനാൽ പുതുശ്ശേരി അമ്പലത്തിൽ പ്രതിഷ്ഠയില്ല, പീഠപ്രതീഷ്ഠയാണുള്ളത്.ചെട്ടികുളങ്ങര അമ്മ കുടികൊള്ളുന്ന ശ്രീകോവിലിലല്ലാതെ ഭഗവതിക്ക് ദീപാരാധനയും അത്താഴപൂജയും നടക്കുന്ന ഏക ക്ഷേത്രം എന്ന ഖ്യാതിയും പുതുശ്ശേരി അമ്പലത്തിനുണ്ട്. പ്രകൃതിയിലെ കാഴ്ചകളുടെ സമൃദ്ധിയാണ് നാടിന്റെ സൗന്ദര്യം ചെട്ടികുളങ്ങര ഭഗവതി ക്ഷേത്രവും ക്ഷേത്രാങ്കണവും പരിസരങ്ങളും ആരെയും ആകർഷിക്കുന്ന ഒരു ദൃശ്യവിരുന്നു തന്നെയാണ്. എല്ലാ മലയാളമാസ ഒന്നാം തിയതിയും ഇവിടെ വിശേഷമാണ്. അന്ന് ഇവിടെ ഭക്തജനതിരക്കിനാൽ ഒരു ഉത്സവാഘോഷപ്രതീതിയുളവാകുന്നു.ഭഗവതിയെ ഇവിടെ പ്രഭാതത്തിൽ സരസ്വതിദേവിയായും മദ്ധ്യാഹനത്തിൽ മഹാലക്ഷ്മിയായും സായാഹ്നത്തിൽ ദുർഗ്ഗാദേവിയായും സങ്കല്പിക്കുന്നു അതിനാൽ മൂന്നു നേരങ്ങളിലും മൂന്നു രീതിയിലുള്ള പൂജകളാണ് നടത്തപ്പെടുന്നത്.

കാലാകാലങ്ങളിലുണ്ടായിട്ടുള്ള മാറ്റങ്ങൾക്കു വിധേയമായ ക്ഷേത്രമാണ് ഇന്നു കാണുന്നതെങ്കിലും നാലമ്പലത്തിന്റെയും ശ്രീകോവിലിന്റെയും കാഴ്ചകൾ പഴമയുടെ പ്രൗഢിയെ എടുത്ത് കാട്ടുന്നവയാണ്. ശ്രീകോവിലിനുള്ളിൽ ദീപപ്രഭയിൽ ജ്വലിച്ചുനില്ക്കുന്ന തേജോമയിയായ അമ്മയെ ദർശിക്കുമ്പോൾ എല്ലാ ദു:ഖങ്ങളും മറക്കുന്ന ഭക്തരുടെ മനസ്സിൽ ആത്മീയവും മാനസികവുമായ ശാന്തതയും സമാധാനവും നിറയുന്നു. ശ്രീകോവിലിനു മുന്നിൽ അമ്മയുടെ തിരുനടയിലെ ആൽവിളക്കിൽ നിറയെ നല്ലെണ്ണ ഒഴിച്ച് ദീപം തെളിയിക്കുന്നത് അമ്മയ്ക്ക് ഏറെ പ്രിയപ്പെട്ട വഴിപാടാണ്. നാലമ്പലത്തിനു പുറത്ത് ആനക്കൊട്ടിലിലുള്ള ആയിരത്തൊന്നു തിരിയിട്ട ആൽ വിളക്കിൽ നെയ്യ്ദീപം തെളിയിക്കുന്നതും ഇവിടുത്തെ പ്രധാന വഴിപാടാണ്. തോറ്റംപാട്ട്, ഗുരുതി, ചാന്താട്ടം, കളഭാഭിഷേകം തുടങ്ങി സാധാരണ ദേവിക്ഷേത്രങ്ങളിലെ എല്ലാ വഴിപാടുകളും ഇവിടെയും പ്രധാനമാണ്. ഇതിനെല്ലാമുപരി ആദിപരാശക്തിയായ ലോകമാതാവിനു സമർപ്പിക്കുന്ന ഒരു പ്രധാന വഴിപാടാണ് കുത്തിയോട്ടം. ഉത്സവകാലത്ത് ഉത്സവത്തോടനുബന്ധിച്ചു മാത്രമേ ഈ വഴിപാടു നടത്താറുള്ളു. ദക്ഷിണകേരളത്തിലെ ഭഗവതിക്ഷേത്രങ്ങളിൽ നടത്താറുള്ള ഒരു അനുഷ്ഠാന കലാരൂപമാണ് കുത്തിയോട്ടം. ശാക്തേയപൂജ നടത്താറുള്ള പല ക്ഷേത്രങ്ങളിലും കുത്തിയോട്ടം നടത്താറുണ്ട്. കഠിനമായ വ്രതാനുഷ്ഠാനങ്ങളോടെ ആൺകുട്ടികൾ ആചരിക്കുന്ന കുത്തിയോട്ട പ്രദക്ഷിണം ദേവിക്കു സമർപ്പിക്കുന്ന പ്രധാന നേർച്ചയാണ്. വ്രതാനുഷ്ഠാനങ്ങളോടെ ആചാരമര്യാദകളെല്ലാം പാലിച്ചു കൊണ്ടാണ് കുത്തിയോട്ടം നടത്തുന്നത്. ചെട്ടികുളങ്ങര ക്ഷേത്രത്തിൽ ഭഗവതിയുടെ കുംഭഭരണിയുത്സവത്തോടനുബന്ധിച്ചു മാത്രമേ ഈ വഴിപാടു നടത്താറുള്ളു. മഹിഷാസുരമർദ്ദിനിയായ ഭഗവതിയുടെ മുറിവേറ്റ ഭടന്മാരായാണ് കുത്തിയോട്ടത്തിലെ ബാലന്മാരെ സങ്കൽപ്പിക്കുന്നത്.ദേവിയുടെ ഭടന്മാരെന്നു സങ്കൽപ്പിക്കുന്ന കുത്തിയോട്ട വഴിപാടുകാർ വ്രതാനുഷ്ഠാനങ്ങളോടെ എല്ലാ ദേവിദേവന്മാരുടേയും കുടുംബപരദേവതയുടേയും അനുഗ്രഹം വാങ്ങിയശേഷമാണ് കുത്തിയോട്ട ചിട്ടകളും ചുവടുകളും പഠിക്കുവാൻ തുടങ്ങുന്നത്. ശിവരാത്രി ദിവസമാണ് പഠിച്ചു തുടങ്ങുന്നത്. ദേവിയുടെ ഭടന്മാരെന്നു സങ്കല്പിക്കുന്ന കുത്തിയോട്ടക്കാരെ ദേവി അനുഗ്രഹിക്കുന്ന പുണ്യാവസരമാണ് ചെട്ടികുളങ്ങര കുംഭഭരണി ഉത്സവകാലം. ചെട്ടികുളങ്ങര ഭഗവതിയുടെ പ്രധാന ഉത്സവമാണ് കുംഭഭരണി ഉത്സവം. താളനിബദ്ധമായചുവടുകൾക്കൊപ്പം ദേവിമാഹാത്മ്യ കഥകളാണ് പാടുന്നത്. ദേവിയുടെ തിരുനാളായ കുംഭഭരണിനാളിൽ നരബലി സങ്കല്പത്തിൽ അനുഷ്ഠാന കലയായിട്ടാണ് കുത്തിയോട്ടം നടത്തുന്നത്.

ചെട്ടികുളങ്ങരയിലും പ്രാന്തപ്രദേശങ്ങളിലുമായി നിരവധി കുത്തിയോട്ട പരിശീലകരായ ഗുരുക്കന്മാരും കുത്തിയോട്ട സംഘങ്ങളും ഉണ്ട്. ഒരു പ്രത്യേക രീതിയിൽ ചിട്ടപ്പെടുത്തി പാടുന്ന കുത്തിയോട്ട പാട്ടുകൾക്കൊപ്പം തനുവും മനവും ചേർന്ന് ചുറുചുറുക്കോടെ ചുവടുകൾ വെയ്ക്കുന്ന ഒരു ദൈവീക കലാരൂപമാണ് കുത്തിയോട്ടം. ദേവിയുടെ അനുഗ്രഹത്താൽ തലമുറകളിൽ നിന്നും തലമുറകളിലേക്ക് ഈ കലാരൂപം കൈമാറിക്കൊണ്ടേയിരിക്കുന്നു. ചെട്ടികുളങ്ങരക്ഷേത്രവും ഭരണി ഉത്സവവും കെട്ടുകാഴ്ചകളും കുത്തിയോട്ടവും ഏറെ പ്രസിദ്ധമാണ്. ജാതിമത ചിന്തകളില്ലാതെയുള്ള വിശ്വാസികളുടെ പങ്കാളിത്തം ചെട്ടികുളങ്ങര ഭരണിയുത്സവത്തിലെ ഒരു പ്രത്യേക സവിശേഷതയാണ്. അംബരചുംബികളായ കെട്ടുകാഴ്ചകളും വ്രതാനുഷ്ഠാനത്തോടുകൂടിയുള്ള കുത്തിയോട്ടസംഘങ്ങളും ഉത്സവാഘോഷങ്ങളുടെ മുൻനിരയിലിടം നേടിയ ഒരു ക്ഷേത്രോത്സവമാണീ ചെട്ടികുളങ്ങര ഭരണി. പതിമൂന്ന് കരകളിലുള്ള ആളുകൾ ചേർന്ന് ഭക്തിനിർഭരമായി കൊണ്ടാടുന്ന ഈ ഉത്സവത്തിന്റെ പ്രധാന ആകർഷണമാണ് കെട്ടുകാഴ്ചകൾ. ഓരോ കരക്കാരും ആഘോഷമായി ക്ഷേത്രത്തിലേക്ക് എഴുന്നള്ളിച്ച് ദേവിയെ വണങ്ങിയശേഷം കാഴ്ച കണ്ടത്തിൽ അണിനിരക്കും. ഈ കാഴ്ച ലോകത്ത് മറ്റൊരിടത്തും കാണാൻ കഴിയില്ല. ഓണാട്ടുദേശവാസികൾ അവരുടെ കഴിവും മികവും കലയും ഭക്തിയും പ്രകടിപ്പിക്കുവാനുള്ള സുവർണ്ണാവസരമായും ദേശദേവതയുടെ ഉത്സവത്തെ കരുതുന്നു. കലയും കണക്കും ശാസ്ത്രവും ഭക്തിയും അദ്ധ്വാനവും കരക്കാരുടെ സഹകരണവും ഒത്തുചേരുമ്പോൾ കെട്ടുകാഴ്ചകൾ ഓണാട്ടുകരയുടെ ഒരുമയുടേയും ഐശ്വര്യത്തിന്റേയും ഭക്തിയുടേയും പ്രതീകങ്ങളായി മാറുന്നു. കാഴ്ചക്കണ്ടത്തിൽ അണിനിരക്കുന്ന കെട്ടുകാഴ്ചകൾക്കു മുന്നിലേക്ക് ചെട്ടികുളങ്ങരയമ്മയെ എഴുന്നള്ളിക്കുന്നു. അമ്മ എല്ലാവരേയും അനുഗ്രഹിക്കുന്നു. അനുഗ്രഹം ഏറ്റുവാങ്ങുന്നതോടെ കുംഭഭരണിഉത്സവത്തിന് സമാപനം കുറിക്കുന്നു. പിന്നീട് ഒരോ കരക്കാരും അവരുടെ കെട്ടുകാഴ്ചകളെ അതാതു കരകളിലെ കാവുകളിലേക്ക് മാറ്റുന്നു. അടുത്ത വർഷത്തെ ഉത്സവത്തിനു വേണ്ടി കാത്തിരിക്കുന്നു.

ചെട്ടികുളങ്ങര ഭഗവതി ക്ഷേത്രത്തിൽ ഗണപതി, യക്ഷിയമ്മ,ബാലകൻ,മൂർത്തി, രക്ഷസ്സ്, തേവാരമൂർത്തി,കണ്ണമ്പള്ളിൽ ഭഗവതി, നാഗരാജാവു, നാഗയക്ഷി എന്നീ ഉപദേവതകളുമുണ്ട്. ദേവിയുടെ മൂലസ്ഥാനം പ്രത്യേകം സംരക്ഷിച്ചിട്ടുണ്ട്. ഭഗവതി ആദ്യമായി ചെട്ടികുളങ്ങരയിൽ വന്ന് കഴിച്ച ഭക്ഷണമായ കഞ്ഞിയും മുതിരപുഴുക്കും ഇന്നും ചെട്ടികുളങ്ങര ഭഗവതിയുടെ ഉത്സവകാലങ്ങളിലെ പ്രധാന വിഭവമാണ്. 13 കരകളിലെയും വഴിപാടു നടത്തുന്ന വീടുകളിൽ കഞ്ഞിയും മുതിരപുഴുക്കും അസ്ത്രവും കടുമാങ്ങയും ഭഗവതിക്കുള്ള വഴിപാടായും നടത്താറുണ്ട്.

ആത്മീയ ചൈതന്യത്തിന്റെയും കാർഷിക സംസ്കൃതിയുടേയും നേർകാഴ്ചകളായ കെട്ടുകാഴ്ചകളുമായി ഓണാട്ടുകര ഒന്നടങ്കം ചെട്ടികുളങ്ങരയിലെത്തുന്ന ദിവ്യസുദിനമാണ് കുംഭഭരണിനാൾ. നാടിന്റെ സാമൂഹിക കെട്ടുറപ്പു ശക്തിപ്പെടുത്തുന്നതിൽ ദേശദേവതാക്ഷേത്രങ്ങൾ പ്രധാന പങ്കുവഹിക്കുന്നു എന്നതിന്റെ ഒരു ഉത്തമ ഉദാഹരണമാണ് ചെട്ടികുളങ്ങരഭഗവതിക്ഷേത്രം. രഥോത്സവങ്ങളെ ജീവോത്സവങ്ങളാക്കുന്ന ഈ നാടിന്റെ ഐശ്വര്യവും സമ്പത്തും സാഹോദര്യവും അമ്മയുടെ അനുഗ്രഹത്താൽ എന്നെന്നും നിലനിൽക്കട്ടെ.

ആദിപരാശക്തിയായ ചെട്ടികുളങ്ങര അമ്മയുടെ കരുണാകടാക്ഷങ്ങൾക്കായി പ്രാർത്ഥിച്ച് കൊണ്ട് ഈ അക്ഷരമാലയെ അമ്മയുടെ തൃപ്പാദങ്ങളിൽ ഭക്തിപൂർവ്വം സമർപ്പിക്കുന്നു.

ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;

0484 2361161. ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

മിനിക്കഥ

# ധിക്കാരം

**ഉണ്ണി വാരിയത്ത്. ഫോൺ : 09867179480**

ജോലി ചെയ്യുന്ന കടയിലെ മുതലാളിയെ ധിക്കരിച്ചാണ് അവൻ സ്വന്തമായി കച്ചവടം തുടങ്ങിയത്.

അമ്മയച്ഛന്മാരെ ധിക്കരിച്ചാണ് അവനെ അവൾ വിവാഹം ചെയ്തത്.

അവളുടെ വരവോടെ അവന്റെ കച്ചവടം അഭിവൃദ്ധി പ്രാപിച്ചുവെങ്കിലും അവളെ ധിക്കരിച്ചാണ് അവൻ മറ്റൊരുവളുമായി അവിഹിതബന്ധം പുലർത്തിയ്.

അവസാനം അവന്റെ സമ്പാദ്യത്തിൽ നിന്ന് കിട്ടാവുന്നത്ര കൈക്കലാക്കിയ ശേഷം അവനെ ധിക്കരിച്ചാണ് മറ്റവൾ അകന്നു പോയത്.

ഇത്ര ധിക്കാരം നന്നല്ല കഥയിൽപ്പോലും!



# മഹാഭാരതം അർജ്ജുനന്റെ വനയാത്ര

ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

നാരദരുടെ ഉപദേശപ്രകാരം പാഞ്ചാലി ഓരോ സംവത്സരവും ഓരോരുത്തരുടെ പത്നിയായി കഴിയാനും പരസ്പര സൗഹാർദ്ദത്തോടെ കഴിയാനും തീരുമാനിച്ചു. അങ്ങനെ അവരുടെ ജീവിതം ഐശ്വര്യപൂർണ്ണമാക്കി തീർക്കാൻ പാണ്ഡവർക്കു കഴിഞ്ഞു.

അങ്ങനെയിരിക്കെ ഒരു ദിവസം ഒരു ബ്രാഹ്മണൻ തന്റെ പശുക്കളെ കള്ളന്മാർ അപഹരിച്ചുവെന്ന പരാതിയുമായി കൊട്ടാരത്തിലെത്തി. ഖാണ്ഡവപ്രസ്ഥത്തിൽ ഇങ്ങനെയൊരു സംഭവം ഉണ്ടായതിൽ എല്ലാവർക്കും അതിശയമായി. ധർമ്മത്തിനു ച്യുതി വന്നതായി കരുതി. വൈശമ്പായൻ പറയുകയാണ്, 'ബ്രാഹ്മണന്റെ കരച്ചിൽ അവർ കേട്ടു. ഈ കരച്ചിൽ കുന്തീപുത്രൻ അർജ്ജുനൻ കേട്ടു.' ഉടനെ തന്നെ ഭയപ്പെടേണ്ട എന്നു പറഞ്ഞു. പക്ഷെ ഒരു കാര്യം, ആയുധങ്ങൾ യുധിഷ്ഠിരന്റെ മുറിയിലാണ്. അവിടെ പാഞ്ചാലിയുണ്ട്. എങ്ങനെ മുട്ടി വിളിക്കും. ബ്രാഹ്മണന്റെ വേദനയിൽ ഒന്നും ചെയ്യാതിരിക്കാനും വയ്യ. നാരദരുടെ ഉപദേശത്തിനു വിപരീതമായി പ്രവർത്തിച്ചാൽ പാപ പരിഹാരം ചെയ്യാമെന്നു കരുതി യുധിഷ്ഠിരനെ വിളിച്ചു. ആയുധമെടുത്ത് ബ്രാഹ്മണന്റെ കൂടെ പോയി. ബ്രാഹ്മണന്റെ പശുക്കളെ വീണ്ടെടുത്തുകൊടുത്തു. തിരിച്ച് കൊട്ടാരത്തിലെത്തി. തന്റെ പ്രതിജ്ഞ നിറവേറ്റാൻ വനത്തിലേക്കു പോകാൻ തിരുമാനിച്ചു. അദ്ദേഹം യുധിഷ്ഠിരനോട് തന്റെ വാക്കു പാലിക്കുന്നതിനും നിയമം പാലിക്കുന്നതിനുമായി വനത്തിലേക്കു പോകാനുള്ള അനുവാദം ചോദിച്ചു. ഇതു കേട്ടു യുധിഷ്ഠിരൻ പറഞ്ഞു, വീരാ നീ എന്തിനാണ് മുറിയിൽ കടന്നുവന്നതെന്ന് എനിക്കറിയാം.

ഗുരോരനുപ്രവേശോ ഹി നോപധാതോ യവീയസഃ

യവിയസോള നുപ്രവേശോ ജ്യേഷ്ഠഭ്യ വിധി ലോപകഃ

ജ്യേഷ്ഠന്റെ ഭാര്യയുമായി ഇരിക്കുന്ന മുറിയിൽ ഇളയ സഹോദരൻ വന്നതിൽ തെറ്റില്ല. ഇതിൽ തെറ്റൊന്നും കണുന്നില്ല. അതേസമയം അനിയൻ ഭാര്യയുമായി ഇരിക്കുമ്പോൾ ജ്യേഷ്ഠസഹാദരൻ വരുകയാണെങ്കിൽ അതു തെറ്റാണ്.

അതുകൊണ്ടു താൻ പറയുന്നതു കേൾക്കണമെന്നു യുധിഷ്ഠിരൻ പറഞ്ഞു. എന്നാൽ സത്യത്തിൽ നിന്നും താൻ വ്യതിചലിക്കുകയില്ലായെന്നും പറഞ്ഞ് അർജ്ജുനൻ യാത്രക്കൊരുങ്ങി. അർജ്ജുനൻ പുറപ്പെട്ടു. ഒരുദിവസം അദ്ദേഹം ഗംഗാസ്നാനത്തിനായി നദിയിലിറങ്ങി. അപ്പോൾ നാഗരാജാവിന്റെ മകൾ ഉലൂപിക അദ്ദേഹത്തെ വലിച്ചുകൊണ്ടു പോയി. അർജ്ജുനനിൽ ആകൃഷ്ടയായ ഉലൂപിക അർജ്ജുനനെ കൊട്ടാരത്തിലേക്കു കൊണ്ടുപോയി. അർജ്ജുനന്റെ ചോദ്യത്തിനുത്തരമായി ആ തരുണീരത്നം കൗരവ എന്ന നാഗത്തിന്റെ മകളായ ഉലൂപികയാണെന്നും അർജ്ജുനനിൽ ആകൃഷ്ടയായെന്നും പറഞ്ഞു. എന്നാൽ താൻ ബ്രഹ്മചര്യം പാലിക്കുകയാണെന്നും മറ്റും അർജ്ജുനൻ പറഞ്ഞു. പക്ഷെ ഉലൂപിക യാത്രയുടെ കാരണങ്ങളെല്ലാം വിശദീകരിച്ചു. മാത്രമല്ല പ്രശ്നം, ദ്രൗപതിയുടെ കാര്യത്തിലാണെന്നും മാനസികവിഷമമുള്ളവരെ സന്തോഷിപ്പിക്കുകയെന്നത് ധർമ്മമാണെന്നുമൊക്കെ പറഞ്ഞു. തന്നെ സ്വീകരിച്ചില്ലെങ്കിൽ ആത്മഹത്യചെയ്യുമെന്നുവരെ ഉലൂപിക പറഞ്ഞു. അങ്ങനെ ഒരു ദിവസമവിടെ കഴിഞ്ഞു അർജ്ജുനൻ തിരികെ വന്നു. ഉലൂപിക വെള്ളത്തിൽ മറഞ്ഞു നിൽക്കുവാനുള്ള മന്ത്രവും ഉപദേശിച്ചുകൊടുത്തു. തിരികെ വന്ന അർജ്ജുനൻ ഹിമാലയ സമീപത്തുള്ള അഗസ്ത്യവാടവും വിന്ദുസരസ്സ് തുടങ്ങിയ തീർത്ഥങ്ങളിലൂടെ കടന്ന് ഹരിദ്വാറിലെത്തി. വീണ്ടും പുണ്യസ്ഥലങ്ങളിലൂടെ കടന്ന് മണിപ്പൂരിലെത്തി. രാജാവായ ചിത്രവാഹനനുമായി പരിചയപ്പെട്ടു. രാജകുമാരി ചിത്രാംഗദയെ വിവാഹം കഴിച്ചു. പിന്നീട് യാത്ര തുടർന്നു. അഗസ്ത്യതീർത്ഥം, സൗഭദ്ര തീർത്ഥം, പൗലോമ തീർത്ഥം, കാരന്ധ്യമ തീർത്ഥം ,ഭരദ്വാജതീർത്ഥം എന്നീ പഞ്ചതീർത്ഥങ്ങളിൽ ശാപഗ്രസ്തരായി കിടന്നിരുന്ന അഞ്ച് അപ്സര സ്ത്രീകളെ മോചിപ്പിച്ചു. ചിത്രാംഗദയിൽ ഒരു പുത്രൻ ജനിച്ചു. അർജ്ജുനൻ പിന്നീടവിടെനിന്നും യാത്ര തിരിച്ചു. പുണ്യസ്ഥലങ്ങളിലൂടെ സഞ്ചരിച്ച് ദ്വാരകക്കടുത്തുള്ള പ്രഭാസതീർത്ഥത്തിൽ എത്തിച്ചേർന്നു. അർജ്ജുനന്റെ വരവിനെക്കുറിച്ച് അറിഞ്ഞ കൃഷ്ണൻ സുഹൃത്തിനെ കാണാനായി എത്തി. പരസ്പരം ആലിംഗനം ചെയ്തു കുശലഭാഷണം നടത്തി. അതിനുശേഷം അർജ്ജുനൻ എന്തിനിങ്ങനെ ചുറ്റിസഞ്ചരിക്കുന്നു വെന്നു കൃഷ്ണൻ ചോദിച്ചു. അർജ്ജുനൻ സവിസ്തരം എല്ലാം പറഞ്ഞു. അതെല്ലാം ശ്രദ്ധിച്ചുകേട്ട കൃഷ്ണൻ അർജ്ജുനനേയും കൂട്ടി രൈവതപർവ്വതത്തിലേക്കു പോയി. അവിടെ സുഖനിദ്ര കഴിഞ്ഞ അർജ്ജുനൻ തന്റെ പ്രഭാതകൃത്യങ്ങൾക്കു ശേഷം കൃഷ്ണസമേതം ദ്വാരകയിലേക്കു പോയി. ദ്വാരക അർജ്ജുനനെ സ്വാഗതം ചെയ്യാൻ അണിഞ്ഞൊരുങ്ങി. സ്നേഹാദരങ്ങളോടെ അർജ്ജുനനെ സ്വാഗതം ചെയ്തു.

കൃഷ്ണസ്യ ഭവനേ രമ്യേ രത്നഭോജ്യസമാവൃതേ

ഉവാസ സഹ കൃഷ്ണേന ബഹുലാസ്തത്ര ശാർവരിഃ

ഐശ്വര്യപൂർണ്ണമായ കൃഷ്ണഗൃഹത്തിൽ രത്നാങ്കിതമായും ആസ്വാദ്യകരവുമായ അന്തരീക്ഷത്തിൽ പല രാത്രികളും കൃഷ്ണന്റെ കൂടെ കഴിച്ചുകൂട്ടി.

ആ അവസരത്തിൽ രൈവത വനത്തിൽ ഒരു ഉത്സവം നടക്കുന്ന സമയമായിരുന്നു. ആയിരക്കണെക്കിന് മഹാത്മാക്കൾ ഭാര്യാസമേതം അവിടെയെത്തിയിരുന്നു. വസുദേവരും പത്നിയും ബലരാമനും കുടുംബവും യാദവപ്രമാണിമാരും ഭാര്യാസമേതം സന്നിഹിതരായിരുന്നു. ദ്വാരകയിലുള്ള മറ്റു ജനങ്ങൾ പ്രായഭേദമന്യേ അവിടെയെത്തിയിരുന്നു. കൃഷ്ണനും അർജ്ജുനനും അവിടെ ചുറ്റിക്കറങ്ങുന്ന സമയം വസുദേവരുടെ പുത്രിയായ സുഭദ്രയെ അർജ്ജുനൻ കണ്ടു. സുഭദ്രയിൽ ആദ്യകാഴ്ചയിൽ അർജ്ജുനൻ അനുരാഗബദ്ധനായി. ഇതറിഞ്ഞ കൃഷ്ണൻ

മമൈഷാ ഭഗിനീ പാർത്ഥ സാരണാസ്യ സഹോദരാ

സുഭദ്രാ നാമ ഭദ്രം തേ പിതുർമേ ദയിതാ സുതാ

യദി തേ വർതതേ ബുദ്ധിർവക്ഷ്യാമി പിതരം സ്വയം

അല്ലയോ പാർത്ഥാ അവൾ എന്റെ സഹോദരിയാണ്. ബലഭദ്രന്റേയും സഹോദരിയാണ്. അവളുടെ പേര് സുഭദ്രയെന്നാണ്. അവൾ എന്റെ പിതാവിന്റെ സ്നേഹമയിയായ മകളാണ്. നിന്റെ മനസ് അവളിൽ പതിഞ്ഞു. ഇക്കാര്യം ഞാൻ പിതാവിനോടു പറയാം.

ഇവൾ തന്റെ ജീവിതത്തിലേക്കു വന്നാൽ ജീവിതം കൂടുതൽ ഐശ്വര്യപൂർണ്ണമായി മാറുമെന്ന് അർജ്ജുനൻ പറഞ്ഞു. കൂടാതെ അവളെ ലഭിക്കാൻ താൻ എന്തുചെയ്യാനും തയാറാണെന്നും പറഞ്ഞു..സ്വയംവരം സുഭദ്ര എങ്ങനെ അംഗീകരിക്കുമെന്ന് അറിയില്ലായെന്നും ബലാൽക്കാരമായി കടത്തിക്കൊണ്ടുപോകുന്നത് ക്ഷത്രിയധർമ്മത്തിനെതിരല്ലായെന്നും പറഞ്ഞു. വൈശമ്പായൻ പറയുന്നത് കൃഷ്ണനും അർജ്ജുനനും കൂടി ദൂതന്മാരെ യുധിഷ്ഠിരന്റെ അടുത്തേക്കു വിട്ടു. കാര്യങ്ങൾ ഗ്യഹിപ്പിച്ചു. യുധിഷ്ഠിരൻ സമ്മതം കൊടുത്തു. അർജ്ജുനൻ കൃഷ്ണനുമായി ആലോചിച്ചു. ബലരാമൻ സുഭദ്രയെ ദുര്യോധനനു വിവാഹം കഴിച്ചു കൊടുക്കാനാഗ്രഹിച്ചിരുന്നു. ഇങ്ങനെയുള്ള കാര്യങ്ങൾ പലതുമുള്ളതുകൊണ്ട് അർജ്ജുനനും സുഭദ്രയും തമ്മിലുള്ള വിവാഹം നടക്കില്ല എന്നു മനസിലാക്കിയ കൃഷ്ണൻ സുഭദ്രയെ അർജ്ജുനൻ ഹരണം നടത്തി കൊണ്ടുപോകാനുള്ള ഉപായം പറഞ്ഞു കൊടുത്തു. സുഭദ്രയെ രഥത്തിൽ കടത്തിയപ്പോൾ പലരും എതിർക്കാൻ തുടങ്ങി. പക്ഷെ കൃഷ്ണന്റെ മൗനം അവരെ പിന്തിരിപ്പിച്ചു.

ഏഷ താവദഭിപ്രായമാഖ്യാതു സ്വം മഹാമതിഃ

യദസ്യ രുചിരം കർതും തത് കുരുധ്വമതന്ദ്രിതാഃ

കൃഷ്ണൻ എന്താണു ചെയ്യാൻപോകുന്നതെന്നു പറയട്ടെ. ഇതുകേട്ട എല്ലാവരും സ്വസ്ഥാനങ്ങളിൽ ഇരുന്നു. കൃഷ്ണന്റെ മൗനത്തേക്കുറിച്ച് ചോദിച്ചവരോടു കൃഷ്ണൻ പറഞ്ഞു

കോ ഹി തത്രൈവ ഭുക്ത്വാന്നം ഭാജനം ഭേത്തുമർഹസി

മന്യമാനഃ കുലേ ജാതമാത്മാനം പുരുഷഃ

ക്വചിത്

നല്ല കുടുംബത്തിൽ ജനിച്ച ആരെങ്കിലും ഭക്ഷണം കഴിച്ച പാത്രം പൊട്ടിക്കുമോ.അവസാനം എല്ലാവരും ആ പ്രവർത്തിയെ പുകഴ്ത്തി. അർജ്ജുനൻ സുഭദ്രാസമേതനായി ഇന്ദ്രപ്രസ്ഥത്തിലെത്തി യുധിഷ്ഠിരനെ കണ്ടു വന്ദിച്ചു. പിന്നെ ദ്രൗപദിയെ കണ്ടു. കുന്തീദേവി സന്തുഷ്ടയായി. സുഭദ്ര പാഞ്ചാലിയുടെ അടുത്തു ചെന്നു ഞാൻ അവിടുത്തെ ദാസിയാണെന്നു പറഞ്ഞു. പാഞ്ചാലി, സുഭദ്ര കൃഷ്ണസഹോദരിയാണെന്നറിഞ്ഞു സന്തോഷിച്ചു. അങ്ങനെ എല്ലാവരും സന്തോഷിച്ചു. പിന്നീടു കൃഷ്ണനെത്തി. കൃഷ്ണനെ നകുലനും സഹദേവനും ചേർന്നു സ്വീകരിച്ചു. കൃഷ്ണൻ എല്ലാവരേയും തിരിച്ചു നമിച്ചു. അവരവിടെ സസന്തോഷം താമസിച്ചു.

ബലരാമന് ആദ്യം എതിർപ്പായിരുന്നുവെങ്കിലും കൃഷ്ണന്റെ  വാക്കുകൾ ബലരാമന്റെ കോപത്തെ തണുപ്പിച്ചു. ദുര്യോധനനേക്കാൾ ശ്രേഷ്ടനാണ് അർജ്ജുനൻ എന്ന് കൃഷ്ണൻ സമർത്ഥിച്ചു. അങ്ങനെയാണ് ബലരാമൻ സുഭദ്രക്കുള്ള ആഭരണങ്ങളുമായി കൊട്ടാരത്തിലേക്കു തിരിച്ചതും ഏഴു ദിവസം അവിടെ താമസിച്ചതും. കൃഷ്ണൻ കുറെ ദിവസം കൂടി അർജ്ജുനന്റെ കൂടെ സസന്തോഷം താമസിച്ചു പൂർണ്ണ സന്തുഷ്ടനായിി മടങ്ങി.

സുഭദ്രയിൽ അർജ്ജുനനു പുത്രൻ ജനിച്ചു. അതാണ് അഭിമന്യു. ഇതറിഞ്ഞ യുധിഷ്ഠിരൻ, കൃഷ്ണൻ തുടങ്ങിയവർ യാഥാവിധി ദാനാദി കർമ്മങ്ങൾ നടത്തി. കുട്ടി പിതാവിനേപ്പോലെ ആയുധകലകളിൽ അഗ്രഗണ്യനായി വളർന്നു.

സിംഹദർപ്പം മഹേഷ്വാസം മത്തമാതഢ്ഗവിക്രമം

മേഘദുന്ദുഭിനിർഘോഷം  പൂർണ്ണചന്ദ്രനിഭാനനം

സിംഹത്തേപ്പോലെ ഗാംഭീര്യവും മദമിളകിയ ആനയേപ്പോലെ ശക്തിയും മേഘഗർജ്ജനവും പൂർണ്ണചന്ദ്രനേപ്പോലെ മുഖകാന്തിയുമുള്ളവനായിരുന്നു. പാഞ്ചാലിക്കും 5 പുത്രന്മാരുണ്ടായി.  നാരദരുടെ അഭിപ്രായപ്രകാരം നാലു വർഷം ഇടവിട്ടാണ് പാഞ്ചാലി ഓരോരുത്തരുടേയും ഭാര്യയായത്. പാണ്ഡവർക്ക് മറ്റു ഭാര്യമാരുണ്ടായിരുന്നെങ്കിലും പാഞ്ചാലിയായിരുന്നു മഹാരാജ്ഞി. യുധിഷ്ഠിരന് പാഞ്ചാലിയിൽ വിദ്യപർവ്വതം പോലും ആയുധമാക്കാൻ ശക്തിയുള്ള പ്രതിവിധ്യ എന്ന പേരുള്ള പുത്രനും, ഭീമന് 1000 സോമവൃതം നടത്തിയുണ്ടായതെന്ന അർത്ഥത്തിൽ സുധസോമനെന്നും അർജ്ജുനൻ വനയാത്ര നടത്തിയ ശേഷം സത്കർമ്മ ളനുഷ്ഠിച്ച ശേഷമുണ്ടായ പുത്രനായതുകൊണ്ട് ശ്രുതകർമ്മനെന്നും നകുലന്റെ പുത്രന് കുരുവംശത്തിലെ മഹാനായ ഗതാനികന്റെ പേരും സഹദേവന്റെ പുത്രന് സൈന്യാധിപൻ എന്ന നിലക്ക് ശ്രുതിസേനനെന്നും പേരിട്ടു.

പാണ്ഡവർ ഐശ്വര്യപൂർണ്ണമായ ജീവിതം കൊണ്ടാടി. യുധിഷ്ഠിരന്റെ അനുവാദത്തോടെ അർജ്ജുനനും ശ്രീകൃഷ്ണനും കൂടി ഉല്ലാസയാത്ര ആരംഭിച്ചു. സുന്ദരമായ ഒരു സ്ഥലം കണ്ടു പിടിച്ച് അവർ ഇരുന്നിടത്തേക്ക് ഒരു ബ്രാഹ്മണൻ കടന്നു വന്നു. അയാൾ പറഞ്ഞു,

ബ്രാഹ്മണോ ബഹുഭോക്താസ്മി ഭുജ്ഞോ ള പരിമിതം സദാ

ഭിക്ഷേ വാർഷ്ണേയപാർത്ഥൌ വാമേകാം തൃപ്തിം പ്രയച്ഛതം

ഞാൻ ഒരുപാട് ആഹാരം കഴിക്കുന്ന ബ്രാഹ്മണനാണ്. എന്റെ വയറു നിറച്ച് ആഹാരം തരുമോ മഹാത്മാക്കളെ എന്നു ചോദിച്ചു. എന്തു തരം ആഹാരമാണ് അങ്ങേക്ക് വേണ്ടതെന്നവർ ചോദിച്ചു. ഇതിനു മറുപടിയായി ബ്രാഹ്മണൻ പറഞ്ഞു,  എനിക്കു സാധാരണ ആഹാരമല്ല വേണ്ടത്, ഞാൻ അഗ്നിയാണ്, എനിക്കു യോജിച്ച ആഹാരം വേണം. ഈ ഖാണ്ഡവ വനം എനിക്കു ഭക്ഷിക്കാൻ വേണം.അത് സാധിക്കുന്നില്ല. കാരണം ഈ വനം ഇന്ദ്രന്റെ സംരക്ഷണയിലാണ്. അവിടെ ഇന്ദ്രന്റെ സുഹൃത്തായ തക്ഷകൻ വസിക്കുന്നുണ്ട്. തക്ഷകന്റെ രക്ഷക്കായി പല രുപമുണ്ട്. കൂടാതെ മറ്റുജീവികളുമിവിടെ ഉണ്ട്. അതുകൊണ്ട് എനിക്കിതു ഭക്ഷിക്കാൻ പറ്റില്ല. നിങ്ങൾ രണ്ടു മഹാത്മാക്കളും എന്നെ സഹായിച്ചാൽ എനിക്ക് ആഹരിക്കാം. പക്ഷെ ഞാൻ ഇവിടെ വന്നാലുടൻ തന്നെ ഇന്ദ്രൻ മഴ പെയ്യിക്കും. ആയുധവിദ്യയിൽ അജയ്യരായ നിങ്ങൾ എന്നെ രക്ഷിക്കണം. എന്റെ ആഹാരം എനിക്കു ഭക്ഷിക്കുവാൻ നിങ്ങൾ തരേണ്ടത് ഇങ്ങനെയാണെന്നൊക്കെ അഗ്നി പറഞ്ഞു. ഈ സമയം ചരിത്രം കേട്ടുകൊണ്ടിരുന്ന ജനമേജയൻ ചോദിച്ചു, പുണ്യവാനായ അഗ്നി ഖാണ്ഡവവനം ദഹിപ്പിക്കുന്നതെന്തിനാണ്? അവിടെ ജീവജാലങ്ങൾ ഇല്ലേ, പ്രത്യേകിച്ചും ഇന്ദ്രൻ സംരക്ഷിച്ചുകൊണ്ടിരിക്കുന്ന ഖാണ്ഡവ വനം. ഇതിന്റെ കാരണമെന്താണ് ? അപ്പോൾ വൈശമ്പായൻ പുരാണങ്ങളിൽ ഋഷിമാർ പറഞ്ഞിട്ടുള്ള കഥ പറയാൻ തുടങ്ങി. പണ്ടു ശ്വേതകി എന്നു പേരുള്ള ശക്തിമാനും ഇന്ദ്രന്റെ വൈരിയുമായ ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം ദയാലുവും ത്യാഗശീലനും യജ്ഞങ്ങൾ നടത്തിയിരുന്ന പുണ്യാത്മാവുമായിരുന്നു. അദ്ദേഹം ധാരാളം യജ്ഞങ്ങൾ തുടർച്ചയായി നടത്തിയിരുന്നു. അതിൽ പങ്കു വഹിച്ച ഋത്വിക്കൾക്കും മറ്റും പുക മൂലം കണ്ണിന് അസുഖം പിടിപെട്ടു. പക്ഷെ രാജാവ് അവരെ യാഗത്തിനു വരാൻ നിർബ്ബന്ധിച്ചുകൊണ്ടിരുന്നു. സമ്മാനങ്ങളും മറ്റും കൂടുതൽ നൽകിയിട്ടും അവർ വന്നില്ല. രാജാവ് അവരെ സമീപിച്ച് വീണ്ടും യജ്ഞം നടത്താൻ പറഞ്ഞു. പറ്റില്ലെങ്കിൽ ഇവിടം വിടണമെന്നും പറഞ്ഞു. വേറെ ബ്രാഹ്മണരെ വരുത്തി യജ്ഞം നടത്തുമെന്നും മറ്റും പറഞ്ഞപ്പോൾ കോപാകുലരായ ബ്രാഹ്മണർ സ്ഥലം വിടാൻ ഒരുങ്ങി. രാജാവിനെ സഹായിക്കാൻ സാക്ഷാൽ പരമശിവൻ വരുമെന്നും കളിയാക്കി പറഞ്ഞു. ഇതുകേട്ടു ദേഷ്യം വന്ന രാജാവ് നേരേ കൈലാസപർവ്വതത്തിൽ പോയി കഠിന തപസ്സ് ആരംഭിച്ചു. പഴവർഗ്ഗങ്ങൾ മാത്രം ഭക്ഷിച്ചു കൈകളുയർത്തി കണ്ണിമ വെട്ടാതെ ഉഗ്രൻ തപസ്സ്. മഹാദേവൻ സംതൃപ്തനായി പ്രത്യക്ഷപ്പെട്ടു. വരം ചോദിക്കാനാവശ്യപ്പെട്ടു. അദ്ദേഹം തന്റെ ആവശ്യമായ യജ്ഞം നടത്താനുള്ളസഹായമാവശ്യപ്പെട്ടു. മഹാദേവൻ പറഞ്ഞു, രാജാവേ അങ്ങ് 12 വർഷം യാഗം നടത്തി ഈ യാഗാഗ്നിയിലേക്ക് നെയ്യ് ഒഴിച്ചുകൊണ്ടേയിരിക്കണം. അങ്ങനെയാണെങ്കിൽ താങ്കളുടെ ആവശ്യത്തിന് ഞാൻ വരാം. 12 വർഷം ശ്വേതകി ഇവയെല്ലാം പാലിച്ചു ശിവന്റെ സമീപമെത്തി. യജ്ഞത്തിൽ സഹായിക്കുകയെന്നത് ബ്രാഹ്മണരുടെ ജോലിയാണ്. ഞാൻ നേരിട്ടു സഹായിക്കില്ല, പക്ഷെ എന്റെ അംശത്തിൽ നിന്നും ഉണ്ടായ ബ്രാഹ്മണർ ഉണ്ട്. അവർ സഹായിക്കും. ഇതു കേട്ട രാജാവ് സന്തോഷവാനായി. യജ്ഞത്തിനു വേണ്ട സാമഗ്രികൾ ശേഖരിക്കുവാൻ തുടങ്ങി. എല്ലാം ശേഖരിച്ചശേഷം വീണ്ടും ശങ്കരനെ കണ്ടു. അദ്ദേഹം ദുർവ്വാസാവിനെ വിളിച്ചു ബ്രാഹ്മണരെ പറഞ്ഞുവിടാൻ പറഞ്ഞു. അങ്ങനെ  യാഗം ഭംഗിയായി നടന്നു. വളരെ കാലം കഴിഞ്ഞ്  യാഗങ്ങളുടെ പുണ്യഫലമായി ശ്വേതകി സ്വർഗ്ഗം പൂകി. ഈ നീണ്ട യാഗത്തിൽ കൂടി അഗ്നിക്ക് ധാരാളം നെയ്യ് കുടിക്കുവാൻ കിട്ടി. പിന്നീട് യാഗങ്ങൾ കുറവായി. അഗ്നിക്ക് നെയ്യിന്റെ അളവ് കുറഞ്ഞു. അഗ്നി മെലിഞ്ഞു. പ്രഭ കുറഞ്ഞു. അഗ്നി ബ്രഹ്മദേവനെ സമീപിച്ചു വിവരം ധരിപ്പിച്ചു. ബ്രഹ്മാവു പറഞ്ഞു, നീണ്ട 12 വർഷം ധാരാളം നെയ്യ് കഴിച്ചതുകൊണ്ട് താങ്കൾ രോഗബാധിതനായി. ഖാണ്ഡവ വനത്തിൽ ധാരാളം ജീവികൾ ഇപ്പോഴുണ്ട്. അവയുടെ നെയ്യ് ഭക്ഷിച്ചാൽ മതി. അങ്ങനെ അഗ്നി ഖാണ്ഡവ വനത്തിലേക്കു നീങ്ങി. ഇവിടെ വായുവിന്റെ സഹായവും കിട്ടി. വനത്തിൽ ആനകൾ ചിതറിഓടി. സർപ്പങ്ങൾ ഗുഹയിൽ നിന്നിറങ്ങി. ജീവികൾ വെന്തുമരിച്ചു. പക്ഷെ പലപ്പോഴും അഗ്നി അണഞ്ഞു. അഗ്നിയുടെ അസുഖം പൂർണ്ണമായി മാറിയില്ല. വീണ്ടും അഗ്നി ബ്രഹ്മാവിനെ സമീപിച്ചു. അപ്പോൾ ബ്രഹ്മാവ് ഉപദേശിച്ചു, നരനും നാരായണനും നിന്നെ സഹായിക്കും. അവരുടെ സഹായത്താൽ നിനക്കു ഖാണ്ഡവ വനം ദഹിപ്പിക്കാൻ സാധിക്കും. ഇവർ രണ്ടുപേരും ഭൂമിയിൽ കൃഷ്ണനും അർജ്ജുനനുമായി ജന്മമെടുത്തിട്ടുണ്ട്. ഇവർ ഇപ്പോൾ ഖാണ്ഡവ വനത്തിനടുത്തുണ്ട്. അവരോടപേക്ഷിച്ചാൽ നിനക്കു ഖാണ്ഡവ വനം ദഹിപ്പിക്കാം.

തുടരും.

## എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം
## 2019 ഡിസംബർ/2020 ജനുവരി മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി/ അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 12.12.19 | ശോഭ നന്ദകുമാർ | ഡോ. ജി. നന്ദകുമാർ | Stress Management | 1045 |
| 19.12.19 | | എ.ആർ. പണിക്കർ | പ്രകൃതിയും മനുഷ്യസമുദായവും | 1046 |
| 26.12.19 | | എസ്. പി. പിള്ള | ഭാഷ | 1047 |
| 02.01.20 | | സി. രാമചന്ദ്രൻ | ജ്യോതിശാസ്ത്രവും നവോത്ഥാനവും | 1048 |
| 09.01.20 | | ജി.ആർ. സി. നായർ | വിവേക വിരക്തി | 1049 |

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ ഫോൺ : 9895981809

**ശ്ലോകം -44**

ആകാശാധിപനാകുമങ്ങമലമാം ചക്രേവി ശുദ്ധൗ വിഭോ

രാകാചന്ദ്രമരീചിയാൽത്തിമിരഭാരം നീക്കിനിശ്ശേഷമായ്

ലോകാശേഷസവിത്രിയാം രമയുമൊത്താനന്ദചിന്മൂർത്തിയാ-

യേകാന്തേ വിലസുന്നു മൂവുലകിനും മായാഭ്രമം പോക്കുവാൻ

**ശ്ലോകാർത്ഥം :**

അല്ലയോ സർവ്വവ്യാപീ, ആകാശത്തിന്റെ അധിപനായ അങ്ങ് കളങ്കമില്ലാത്ത വിശുദ്ധിചക്രത്തിൽ പൂർണ്ണചന്ദ്രന്റെ കിരണങ്ങളാൽ അന്ധതയുടെ ഭാരം അല്പംപോലും അവശേഷിക്കാതെ ഇല്ലാതാക്കി, ഇനിയൊന്നും ബാക്കിയില്ലാത്തവിധം എല്ലാലോകത്തെയും പ്രസവിക്കുന്നവളായ അവിടുത്തെ രമിപ്പിക്കുന്നവളുമൊത്ത് ചിദാനന്ദരൂപനായി ഒറ്റയ്ക്ക് മൂന്നു ലോകത്തിന്റെയും മായകൊണ്ടുള്ള അജ്ഞാനം ഇല്ലാതാക്കുവാൻ ശോഭിക്കുന്നു.

**വ്യാഖ്യാ :**

വളരെ രസകരമായ ഒരു ശ്ലോകമാണിത്. ശ്ലോകാർത്ഥം മുകളിൽ പറഞ്ഞതു വായിച്ച ഉടനെ സൗന്ദര്യലഹരിയിലെ മുപ്പത്തേഴാമത്തെ ശ്ലോകം അല്പസ്വല്പം വ്യത്യാസങ്ങളോടെ ഞാൻ താഴെ കൊടുക്കുന്നു.

'വിശുദ്ധൗ തേ ശുദ്ധസ്ഫടികവിശദം വ്യോമജനകം

ഹരിംസേവേ ദേവീമപി ബരിസമാനവ്യവസിതാം

യയോ : കാന്ത്യാ യാന്ത്യാ ശശികിരണസാരൂപ്യ സരണേർ-

വിധൂതാന്തർദ്ധ്വാന്താ വിലസതി ചകോരീവ ജഗതി'

ശിവം എന്നതിനെ ഹരിം എന്നും ശിവസമാന എന്നതിനെ ഹരിസമാന എന്നും ഞാൻ മാറ്റി. ഗുരുനാഥന്റെ മുകളിലെ ശ്ലോകം ഇതു തന്നെ. 'അമലമാം ചക്രേ വിശുദ്ധൗ' എന്നത് 'വിശുദ്ധൗ തേ ശുദ്ധസ്ഫടിക വിശദം' തന്നെ. ആകാശാധിപനാം എന്നത് വ്യോമജനകം തന്നെ. രാകാചന്ദ്രമരീചിയാൽ എന്നത് 'ശശികിരണസാരൂപ്യ സരണേർ' തന്നെ. തിമിരഭാരം നീക്കി എന്നത് വിധൂതാന്തർദ്ധ്വാന്താ വിലസതി തന്നെ. 'രമയുമൊത്താനന്ദാ' എന്നത് ശിവസമാനവ്യവസ്ഥിതാം തന്നെ. എന്നാൽ ഗുരുനാഥന്റെ ശ്ലോകത്തിന്റെ ഒരു അധിക ഗൗരവം ആ 'ലോകാശേഷസവിത്രി' ആണ്. അത് ശങ്കരൻ ശിവസമാനകൊണ്ടു സൂചിപ്പിച്ചു എന്നു പറഞ്ഞാലും പറ്റില്ല. കാരണം,ശങ്കരന്റെ ശിവസമാനേ ഗുരുരമ എന്ന ഒറ്റ വാക്കുകൊണ്ട് ഒതുക്കി 'ദേവീമപി'ക്ക് രമയുടെ ഗൗരവമില്ല. അതും പോരാ, ഗുരുനാഥൻ 'വിഭു' (ഹരി) ആനന്ദചിന്മൂർത്തിയാണെന്നും കൂടി പറഞ്ഞു വച്ചു. ഇതൊന്നും പോരാ, ആ 'ഏകാന്തേ' എന്ന പദം ഒരു ബ്രഹ്മാസ്ത്രമാണ്. 'രമ' രമിപ്പിക്കുന്നവളാണ്. അങ്ങനെയാണവൾ 'ലോകാശേഷസവിത്രി'യാവുന്നത്. എന്നാൽ രമണത്തിൽ ഒരു ഒന്നാവലുണ്ട്. പുരുഷനും പ്രകൃതിയും രത്യാനന്ദത്തിൽ ഒന്നായിത്തീരുന്ന അവസ്ഥ. അവിടെയാണ്, ഏകാന്തത അവസാനം, ലക്ഷ്യം, ഒന്നാവുന്ന അവസ്ഥ. അത്രയുമല്ല, രമിക്കുന്നത്. 'ഏകാന്തത്തിൽ' രഹസ്യത്തിൽ വേണമെന്ന മകാരോപഞ്ചമോപാസ്തിയും കൂടി പറഞ്ഞു.

'തൈരർച്ചനം ഗുപ്ത്യാ'..... എന്നിത്യാദി കല്പസൂത്രം. ഗരുഡനു മുകളിൽ ആകാശചാരിയായ വിഷ്ണു തന്നെയാണല്ലോ ആകാശത്തിന്റെ അധിപൻ. 'ആത്മനാകാശ സംഭൂത' ആകാശാത് വായു..... എന്നിത്യാദി അന്യത്രപരാമർശങ്ങളാൽ, ആത്മാവിൽ നിന്ന് ആദ്യമായുണ്ടായ ഭൂത്, എല്ലാത്തിനെക്കാളും സൂക്ഷ്മമായ ഭൂതം. ആകാശം തന്നെ. വിഭു എന്നതുകൊണ്ട് എല്ലാടവും വിരാജിക്കുന്നവൻ, സർവ്വവ്യാപി, എന്നതുകൊണ്ടും, മറ്റെല്ലാഭൂതങ്ങളും യാതൊന്നിൽ നിന്നുത്ഭവിക്കുന്നുവോ ആ ആകാശഭൂതത്തിന്റെ അധിപൻ വിഭു തന്നെയാവണം. അത്രയുമല്ല, ഇവിടെ വിവരിക്കപ്പെടുന്നത് വിശുദ്ധി ചക്രത്തെപ്പറ്റിയാണ്. വിശുദ്ധിചക്രത്തിൽ ആകാശഭൂതമാണ്. തുടർന്നുള്ള ശ്ലോകങ്ങളിൽ ഗുരുനാഥൻ, താഴേക്കുള്ള മറ്റു ചക്രങ്ങളെയും വിവരിക്കുന്നുണ്ട്. അതുകൊണ്ട് 'ആകാശാധിപൻ' എന്നതിന് വിശുദ്ധി ചക്രത്തിലെ ആകാശഭൂതത്തിന്റെ അധിപൻ എന്നും അർത്ഥം വന്നു. എന്നാൽ മായാഭ്രമം പോക്കുവാൻ എന്ന പ്രയോഗമാണ് ഇതിൽ അത്ഭുതാവഹം. മായ വിഷ്ണുവിന്റെ തന്നെ. സ്വയം ഉണ്ടാക്കിയ മായ (മുൻശ്ലോകങ്ങൾ നോക്കുക) യെ ഇല്ലാതാക്കുവാൻ താൻ തന്നെയാവും ശക്തൻ. മൂവുലകിനും മായാഭ്രമം......എന്നതുകൊണ്ട് ഭൂമിക്കു മാത്രമല്ല, ഭുവർലോകത്തിനും, സ്വർലോകത്തിനും, അഥവാ ഭൂമിക്കും, പാതാളത്തിനും, സ്വർഗ്ഗത്തിനും എല്ലാം മായാഭ്രമം ബാധകമാണെന്നും പറഞ്ഞു.





# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

**സമാദിപാദത്തിലെ 38-മത്തെ സൂത്രം : -**

സ്വപ്ന നിദ്രാ ജ്ഞാനാലംബനം വാ

സ്വപ്നജ്ഞാനവും നിദ്രാ ജ്ഞാനവും ആശ്രയിച്ചും (മനസ്സിന് സ്ഥിരത ലഭിക്കും)

ജാഗ്രത, സ്വപ്നം, നിദ്ര (സുഷുപ്തി) എന്നിങ്ങനെ മൂന്നവസ്ഥകളാണ്. ജാഗ്രത്തിൽ രജോഗുണം ഉണർന്നിരിക്കും. എല്ലാ വൃത്തികളും ബഹിർമുഖമായിരിക്കും. ഈ അവസ്ഥയിലാണ് നാമെല്ലാം ഇരിക്കുന്നത്. സ്വപ്നാവസ്ഥയിൽ രജസ്സിന്റെ കൂടെ തമോഗുണവും കൂടി ചേരും. അതുകൊണ്ട് വൃത്തികൾ അന്തർമുഖമാവും. നിദ്രയിൽ തമോഗുണ പ്രധാനമാണ് വൃത്തി. വൃത്തി ഇല്ലാത്തതുപോലെയാവും. എന്നാൽ ധ്യാനത്തിൽ ഇവയെ ആലംബനം ചെയ്യുമ്പോൾ വൃത്തിയെ അന്തർമുഖമാക്കാൻ രജസ്തമോഗുണത്തിനു പകരം സത്വഗുണം ഉപയോഗപ്പെടുത്തും. നിദ്രയിൽ തമസ്സിലൂടെ അഭാവപ്രതീതിയുണ്ടാവുന്നതുപോലെ ധ്യാനത്തിൽ സത്വത്തിലൂടെ ഏകാഗ്രത വരുത്തി യഥാർഥ വസ്തുജ്ഞാനം ഉണ്ടാവുന്നു. അങ്ങിനെ മനസ്സുറക്കുന്നു.

ഈ പ്രപഞ്ചം തന്നെ ഒരു നീണ്ട സ്വപ്നമെന്നുറപ്പിച്ച് മിഥ്യയെന്നുറപ്പിക്കാനും ഇത് സഹായിക്കും. വസിഷ്ഠൻ ശ്രീരാമനോടു പറയുന്നു. രഘുനന്ദന ദീർഘസ്വപ്നമിമം വിദ്ധി (ഹേ രാമ ! ഇത് ദീർഘമായ ഒരു സ്വപ്നമാണെന്നറിയുക) ദീർഘം വാ ചിത്ത വിഭ്രമം (അല്ലെങ്കിൽ ഇതൊരു ദീർഘമായ ചിത്തഭ്രമം) ദീർഘം വാപി മനോരാജ്യം (അല്ലെങ്കിൽ ഒരു നീണ്ട മനോരാജ്യം) സംസാരം (ആണ് ഈ സംസാരം)

സ്വപ്നത്തിൽ ഉള്ള മനസ്സിനെ ഉണർന്നിരിക്കുമ്പോൾ ഭാവന ചെയ്യുക. വിക്ഷേപങ്ങൾ വരുമ്പോൾ അത് സ്വപ്നത്തിലാണെന്നു ഭാവന ചെയ്യുക. അപ്പോൾ മനസ്സ് ശാന്തമാകും. രാവിലെ ഒരു നല്ല സ്വപ്നം കണ്ടുണരുന്നവൻ അതു മിഥ്യയാണെന്നറിഞ്ഞിട്ടും കുറച്ചുനേരം അതിൽ തന്നെ മുഴുകി മയങ്ങി ലയിച്ചിരിക്കും. അതുപോലെ ജാഗ്രത്തിലെ വസ്തുക്കൾ മിഥ്യയെന്നു ചിന്തിച്ചാലും മനസ്സ് ലയിക്കും.

നമുക്ക് ചില അനുഭവങ്ങൾ ഉണ്ടാവാറുണ്ട്. നാളെ അതിരാവിലെ 4 മണിക്ക് വളരെ പ്രധാനപ്പെട്ട ഒരു കാര്യത്തിനു പോകണം. 3 മണിക്ക് അലാറം വെക്കും. അലാറം അടിക്കുന്നതിനുമുമ്പ് 2.59 ന് ഞെട്ടിയുണരും. ആരാണ് ഈ ഉണർത്തുന്നത്. ബയോക്ലോക്ക് എന്നൊക്കെ പറഞ്ഞ് ഇതിനെ നമ്മൾ മറച്ചു കളയും. ഒരു സാധാരണ കാര്യംപോലെ. ഇതൊക്കെ എത്ര കണ്ടിരിക്കുന്നു എന്ന വിധത്തിൽ ഉറക്കത്തിലും ഉറങ്ങാതെ നിതാന്തമായി ഉണർന്നിരിക്കുന്ന , അബോധത്തിലെ ഈ ബോധത്തെ നമുക്ക് ഒരു ധ്യാനത്തിനു വിധേയമാക്കരുതോ? ആ ബോധശക്തിക്ക് അടിമപ്പെടരുതോ? വിട്ടുകൊടുക്കരുതോ? നമ്മുടെ പിഴച്ച യുക്തിബോധം അതിനു സമ്മതിക്കില്ല. ജാഗ്രത്, സ്വപ്ന, സുഷുപ്തികളെയെല്ലാം കോർക്കുന്ന ഈ ബോധ സൂത്രത്തിൽ മനസ്സ് വെച്ചാൽ പ്രപഞ്ചശക്തിക്കടിപ്പെടാനുള്ള നമ്മുടെ പരിശ്രമത്തിനു വേഗത വരും. മനസ്സിന്റെ ചാഞ്ചല്യം മാറും.

## വിശേഷ ദിവസങ്ങൾ

### 2019 ഡിസംബർ 18 മുതൽ 2020 ജനുവരി 15 വരെ

| | | |
|---|---|---|
| ഡിസംബർ | 18 | കുചേലദിനം |
| | 24 | പരശുരാമ ജയന്തി, മേൽപ്പത്തൂർ ദിനം |
| | 25 | കരയോഗം കുടുംബസംഗമം, കരയോഗ സ്ഥാപകദിനം |
| | 27 | ശബരിമല മണ്ഡലപൂജ |
| ജനുവരി | 1 | നവവത്സരദിനം, കലൂർ പാവക്കുളം മഹാദേവക്ഷേത്രം കൊടിയേറ്റ് |
| | 2 | മന്നംജയന്തി |
| | 9 | തിരുവൈരാണിക്കുളം നടതുറപ്പ് |
| | 10 | തിരുവാതിര, കലൂർ പാവക്കുളം ക്ഷേത്രത്തിൽ ആറാട്ട് |
| | 12 | എരുമേലി പേട്ടതുള്ളൽ |
| | 15 | മകരവിളക്ക് |

# അസ്ഥിത്വം

**യു.എസ്. രവീന്ദ്രൻ. ഫോൺ : 9496120978**

ലേഖവർമ്മ നല്ലൊരു നർത്തകിയാണ്. 57 വയസ്സു കഴിഞ്ഞെങ്കിലും നൃത്തത്തിനോടുള്ള താല്പര്യം കൊണ്ട് നൃത്തം അവതരിപ്പിക്കാനുള്ള പരിപാടികളൊന്നും ഉപേക്ഷിക്കാറില്ല. ഒരു സ്പെഷ്യൽ പരിപാടിക്കു വേണ്ടി പ്രാക്ടീസു ചെയ്തുകൊണ്ടിരുന്നപ്പോൾ വലത്തെ കാലിൽ ചെറിയ വേദന അനുഭവപ്പെട്ടു. സാവധാനം വേദന കൂടി കൂടി വന്നു. അവസാനം പ്രാക്ടിസ് അവസാനിപ്പിച്ച് താഴെ ഇരിക്കേണ്ടി വന്നു. തിരിച്ചു വീട്ടിലെത്തിയപ്പോൾ വേദന കൊണ്ട് പുളഞ്ഞ് കരച്ചിലിന്റെ വക്കത്തെത്തി. ഉടനെ ഹോസ്പിറ്റലിൽ പോയി. ഡോക്ടറുടെ നിർദ്ദേശപ്രകാരം എക്സറേ എടുത്തു. വലത്തെ കാലിലെ അസ്ഥിയിലുണ്ടായ നേരിയ പൊട്ടലാണ് വേദനയുടെ കാരണമെന്ന് മനസ്സിലായി. ഇത് 'ഓസ്റ്റിയോ പൊറോസിസ്' ന്റെ ലക്ഷണമാണ് ഡോക്ടർ പറഞ്ഞു. വീട്ടിലാർക്കെങ്കിലും ഇതുപോലുള്ള അസുഖങ്ങളുണ്ടോ? ഡോക്ടർ ചോദിച്ചു. ഉണ്ട്. അമ്മയ്ക്ക് പാർക്കിൻസൺസ് രോഗം, സന്ധിവീക്കം, ഓസ്റ്റിയോ പൊറോസിസ് എന്നിവയൊക്കെയുണ്ട്. ഓസ്റ്റിയോ പൊറോസിസ് ഒരു പാരമ്പര്യ രോഗം കൂടിയാണ്. ചികിത്സ നിർദ്ദേശിച്ചുകൊണ്ട് ഡോക്ടർ പറഞ്ഞു. മുപ്പതാമത്തെ വയസ്സിൽ ഗർഭപാത്രഓപ്പറേഷനുശേഷം കാലുവേദന കൂടെ കൂടെ ഉണ്ടാകാറുണ്ടെന്നും അമ്പതാമത്തെ വയസ്സിൽ കുളിമുറിയിൽ തെന്നിവീണ് അസ്ഥിക്ക് പൊട്ടലുണ്ടായി എന്നും ലേഖവർമ്മയിൽ നിന്നും ഡോക്ടർ മനസ്സിലാക്കി.

ലേഖവർമ്മയെപ്പോലെ പലരുടെയും കുടുംബാരോഗ്യ ചരിത്രങ്ങൾ പരിശോധിച്ചാൽ അസ്ഥിക്കുണ്ടാകുന്ന ഇങ്ങനെയുള്ള ഒടിവുകളും പൊട്ടലുകളും ഒറ്റപ്പെട്ട സംഭവങ്ങളല്ലെന്നും ദുർബലമായ അസ്ഥികൾ പല പല കാരണങ്ങൾകൊണ്ട് - പോഷകാഹാര കുറവ്, വ്യായാമമില്ലായ്മ, പ്രായകൂടുതൽ, ചില മരുന്നുകളുടെ പാർശ്വഫലങ്ങൾ, ആർത്തവ വിരാമം- ആണെന്നു മനസ്സിലാക്കാം. അസ്ഥിയുടെ ബലത്തിന് സഹായകമായ ഈസ്ട്രജൻ എന്ന സ്ത്രീഹോർമോൺ ആർത്തവ വിരാമത്തിനു ശേഷം കുറയും.

എല്ലുകളുടെ ഘടന തേനീച്ചക്കൂടിന് സദൃശ്യമായ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന ഭിത്തികൾ പോലെയാണ്. അസ്ഥി സെല്ലുകളെ തേനീച്ചക്കൂടിന്റെ ഭിത്തികൾ പോലെ ക്രമീകരിച്ചിരിക്കുന്നു. ഈ കൂടിന്റെ ഒരു വശം കേടുവരികയാണെങ്കിൽ ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലെന്നപോലെ പുതിയ സെല്ലുകൾ ഉണ്ടായി റിപ്പയർ ചെയ്യപ്പെടുന്നു. എന്നാൽ ചിലപ്പോൾ ഭിത്തികൾ തമ്മിലുള്ള അകലം കൂടി വശങ്ങൾക്കിടയിലുള്ള വിസ്തീർണ്ണം വലുതാവുമ്പോൾ പുതിയ വശങ്ങൾ നിർമ്മിച്ച് റിപ്പയർ ചെയ്യുന്ന പ്രക്രിയ സാവധാനമാകുകയോ നടക്കാതെ വരികയോ ചെയ്യുന്നു. അപ്പോൾ എല്ലുകൾ ഉറപ്പില്ലാത്തതും പൊട്ടുന്നതും ആയി തീരുന്നു. വേറൊരു ഭാഷയിൽ പറഞ്ഞാൽ അസ്ഥി സാന്ദ്രത (Bone Density) കുറയുന്നു. ഈ അവസ്ഥയെയാണ് ഓസ്റ്റിയോ പൊറോസിസ് എന്നു പറയുന്നത്.

ഇന്റർ നാഷണൽ ഓസ്റ്റിയോ പൊറോസിസ് ഫൗണ്ടേഷന്റെ കണ്ടെത്തൽ പ്രകാരം ഇന്ത്യയിൽ പുരുഷന്മാരിൽ എട്ടിലൊരാൾക്കും സ്ത്രീകളിൽ മൂന്നിലൊരാൾക്കും ഓസ്റ്റിയോ പൊറോസിസ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു മറ്റു രാജ്യങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ കൂടുതലാണ്. മറ്റു രാജ്യങ്ങളിൽ 70-80 വയസ്സു കഴിഞ്ഞവർക്കേ സാധാരണ ഓസ്റ്റിയോ പൊറോസിസ് കണ്ടു വരുന്നുള്ളു. എന്നാൽ ഇന്ത്യയിൽ 50-60 വയസ്സു കഴിഞ്ഞവരിൽ മുതൽ അസ്ഥികളുടെ ഈ സ്ഥിതിവിശേഷം കണ്ടു വരുന്നു. ഇന്ത്യയിലെ ആസ്പത്രികളിലെ സ്ഥിതിവിവരകണക്കുകൾ കാണിക്കുന്നത് 45 വയസ്സ് കഴിഞ്ഞവരാണ് ഓസ്റ്റിയോ പൊറോസിസിന് ചികിത്സക്കെത്തുന്നവരിൽ കൂടുതലും എന്നാണ്.

ഇന്ത്യൻ ഓർത്തോപീഡിക് അസ്സോസിയേഷൻ പ്രസിഡന്റും ഡൽഹിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ഓർത്തോപീഡിക് തലവനുമായ രാജേഷ് മൽഹോത്രയുടെ വാക്കുകൾ ശ്രദ്ധിക്കുക. 'ഇന്ത്യാക്കാർക്ക് , പ്രത്യേകിച്ചും സ്ത്രീകൾക്ക് വാർദ്ധക്യകാലത്ത് അസ്ഥിസംബന്ധമായ അസുഖങ്ങൾ കൂടുതലാണ്. വിറ്റമിൻ ഡി യുടെ കുറവ്, പോഷകാഹാരങ്ങളുടെ കുറവ്, മറ്റസുഖങ്ങൾ, അദൃശ്യത, വ്യായാമം ചെയ്യാതെ ശരീരം അനങ്ങാത്തതുകൊണ്ടുള്ള മരവിപ്പ് ,എന്നിവയൊക്കെകൊണ്ട് അസ്ഥിരോഗങ്ങൾ ഉണ്ടാകാം. അടുത്ത പത്തു വർഷത്തിനുള്ളിൽ അസ്ഥിസംബന്ധമായ





രോഗങ്ങൾക്ക് മറ്റു ഏഷ്യൻ രാജ്യങ്ങളിൽ മുൻപന്തിയിൽ ആയിരിക്കും ഇന്ത്യ.'

അസ്ഥിരോഗം വന്ന് ഒടിവുണ്ടായി വീഴുന്നതുവരെ പലരും ഒളിഞ്ഞു കിടക്കുന്ന ഈ രോഗാവസ്ഥയെപ്പറ്റി ഗൗനിക്കാറില്ല. നർത്തകിയായ ലേഖവർമ്മ ദിവസവും യോഗ ചെയ്യാറുണ്ട്. കാത്സ്യം വിറ്റമിൻ ഡി ഗുളികകൾ കഴിക്കാറുണ്ട്. എന്നാൽ അവരുടെ ആരോഗ്യചരിത്രം മാനിച്ച് കൃത്യതയോടെ ഒരു ഡോക്ടറെ കണ്ട് ഉപദേശം തേടിയിരുന്നു, മരുന്നുകൾ കഴിച്ചിരുന്നു എങ്കിൽ കടുത്ത നൃത്ത പരിശീലനത്തിനിടയിൽ നേരിട്ട ഒടിവ് ഒഴിവാക്കാമായിരുന്നു.

ഓസ്റ്റ്യോ പോറസിസിന്റെ ആരംഭലക്ഷണങ്ങൾ ആരും ഗൗനിക്കാറില്ല. വേദന, കഴപ്പ്, പ്രത്യേകിച്ച് പിൻഭാഗത്ത് താഴെയുള്ള വേദന, ഇടുപ്പിനു ചുറ്റുമുള്ള വേദന, കാലിലും ചെറിയ അസ്ഥികളിമുള്ള വേദന, ചെരിപ്പിടാതെ നടക്കുമ്പോഴും അധികം ദൂരം നടക്കുമ്പോഴുമുള്ള വേദന എന്നിവയൊക്കെയാണ് ഓസ്റ്റ്യോ പോറസിസിന്റെ ആരംഭലക്ഷണങ്ങൾ. ചികിത്സിക്കാതിരിക്കുക യാണെങ്കിൽ വേദനയും തുടർന്നുകൊണ്ടിരിക്കും. പിന്നീട് വേദന കൂടി കൂടി അസ്ഥിയിൽ സമ്മർദ്ദരേഖകൾ (Presure Line) രൂപപ്പെടുന്നു. ക്രമേണ അതു പൊട്ടലായോ ഒടിവായോ മാറുന്നു. ഗുർഗാം മെഡിസിറ്റി മെഡാന്തയിലെ അസ്ഥിരോഗ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചെയർമാൻ ഡോക്ടർ അശോക് രാജഗോപാലിന്റെ അഭിപ്രായമാണിത്.

ചികിത്സയ്ക്ക് കൂട്ടാക്കാത്തതിന്റെ വേറൊരു അനന്തരഫലം നട്ടെല്ലിന്റെ കശേരുക്കളുടെ തകർച്ചയാണ്. അസ്ഥിക്കു വേണ്ട ലവണപോഷകങ്ങളും കാത്സ്യവും ലഭിക്കാതെ വരുമ്പോൾ അവ പൊട്ടാനുള്ള സാധ്യത വരുന്നു. ചിലപ്പോൾ 50-60 വയസ്സുകൾക്കു ശേഷം ഉയരം കുറഞ്ഞു വരുന്നതുപോലും കൂനുള്ള പോലെയും തോന്നുന്നു. ഇതു നട്ടെല്ലിന്റെ വളവുമൂലം സംഭവിക്കുന്നതാണ്. ഇതെല്ലാം കശേരുക്കളുടെ തകർച്ച മൂലം ഉണ്ടാകുന്നതാണ്.

'ഓസ്റ്റ്യോ പോറസിസ് ഒഴിവാക്കുവാൻ എന്തെല്ലാം ചെയ്യാമെന്നു നോക്കാം. പാരമ്പര്യം, പ്രായം, പോഷകാഹാരക്കുറവ്, പുകവലി, ചലനഹീനമായ ജീവിതശൈലി ഇതെല്ലാം ഓസ്റ്റ്യോ പോറസിസിനു കാരണമാണ്. വാതംമൂലമുള്ള സന്ധിവീക്കം, പ്രമേഹം, ബ്രസ്റ്റ് ക്യാൻസർ, തുടങ്ങിയ രോഗങ്ങളെ പ്രതിരോധിക്കാൻ കഴിക്കുന്ന മരുന്നുകളുടെ പാർശ്വഫലങ്ങളും ഓസ്റ്റ്യോ പോറസിസിനു കാരണമാകും. കീമോതെറാപ്പിയുടെ കൂടെ ഉപയോഗിക്കുന്ന മരുന്നുകൾ, കോർട്ടിക്കോ സ്റ്റിറോയ്ഡുകൾ- പ്രതിരോധശക്തി കൂട്ടാനും അലർജി, ആസ്തമ എന്നിവയ്ക്ക് ഉപയോഗിക്കുന്നവ- പുരുഷന്മാരിലും സ്ത്രീകളിലും ഓസ്റ്റ്യോ പോറസിസിനു കാരണമാകുന്നു.' ബാംഗ്ലൂരിലെ ഫോർച്ചീസ് ഹോസ്പിറ്റലിന്റെ ഡയറക്ടർ ഡോ. നാരായണന്റെ അഭിപ്രായമാണിത്.

ഡൽഹിയിലെ മാർക്കറ്റ് റിസേർച്ച് വിഭാഗത്തിലെ മുപ്പതു വയസ്സുള്ള സൈക്കിൾ സഞ്ചാരിപ്രേമിയായ ശ്രീമതിക്ക് രോഗപ്രതിരോധ ശക്തി കുറഞ്ഞു വന്നപ്പോൾ ഡോക്ടർമാർ കീമോതെറാപ്പി നിർദ്ദേശിച്ചു. വാതചികിത്സ ചെയ്യുന്ന ഡോക്ടർ അസ്ഥിയുടെ സാന്ദ്രത അറിയാനുള്ള ടെസ്റ്റും നിർദ്ദേശിച്ചു (Born Density Text) കീമോതെറാപ്പിക്കു ശേഷം അസ്ഥിയുടെ സാന്ദ്രത ഗണ്യമായി കുറഞ്ഞു എന്നു മനസ്സിലാക്കി. ഓസ്റ്റ്യോ പോറസിസ് മൂലം അസ്ഥികളിൽ പൊട്ടലുണ്ടാകാനുള്ള സാധ്യതയും കൂടി. വേറെ രോഗങ്ങൾക്ക് ചികിത്സയായിട്ടുള്ള മരുന്നുകൾ കഴിക്കുന്നതിന്റെ പാർശ്വഫലങ്ങൾ കൊണ്ടാണ് ഓസ്റ്റ്യോ പോറസിസിനുള്ള സാധ്യതകൾ കൂടുന്നതെങ്കിൽ ആ മരുന്നുകൾ നിർത്തുമ്പോൾ തന്നെ സ്ഥിതിഗതികൾ ഭേദമാകും.എന്നാൽ വ്യായാമം, സൂര്യപ്രകാശം ഏൽക്കുന്ന വിധത്തിലുള്ള നടത്തം (വിറ്റമിൻ ഡി ലഭിക്കുന്നതിന്) എന്നിവ ജീവിതചര്യയിൽ ഉൾപ്പെടുത്തുകയാ ണെങ്കിൽ അവ അസ്ഥികൾക്ക് ആരോഗ്യം നൽകുന്നു. വ്യായാമം ചെയ്യുന്നതുമൂലം അസ്ഥി നഷ്ടം (Boneless) മന്ദഗതിയിലാകുന്നു.വീഴാനുള്ള സാധ്യതകൾ കുറയുന്നു. ഇലാസ്റ്റിക് ബാന്റുകൾ, ചെറിയ വെയിറ്റുകൾ എന്നിവ ഉപയോഗിച്ച് മിതമായ തോതിൽ വ്യായാമം ചെയ്യുകയാണെങ്കിൽ അത് അസ്ഥികളേയും, മസിലുകളേയും ശക്തിപ്പെടുത്തുന്നു.

പോഷകാഹാരവും അസ്ഥിബലത്തിന് സഹായിക്കുന്നു. പഴം, പച്ചക്കറികൾ, ധാന്യങ്ങൾ, മത്സ്യം എന്നിവയിൽ അടങ്ങിയിരിക്കുന്ന തീക്ഷ്ണ നിരോധന ഘടകങ്ങൾ (Anti Inflamatory) അസ്ഥിയുടെ സാന്ദ്രത നിലനിർത്താനും തദ്വാര ഒടിവുകളും പൊട്ടലുകളും ഒഴിവാക്കാനും സഹായിക്കുന്നു. ചെറുപ്പകാലം തൊട്ടേ നല്ല ബലമുള്ള അസ്ഥികൾ ശരീരത്തിലുണ്ടാകാൻ വേണ്ട ഭക്ഷണങ്ങൾ, വിറ്റാമിൻ ഡി, കാത്സ്യം തുടങ്ങിയവ സമ്പന്നമായത് കഴിക്കുക. അസ്ഥികൾക്ക് ബലക്ഷയമുണ്ടാക്കുന്ന കോളകൾ, മദ്യം, പുകയില എന്നിവ ഒഴിവാക്കുക. ഒരു പ്രാവശ്യം ഓസ്റ്റ്യോ പോറസിസ് മൂലം ഒടിവുകൾ വന്ന ആൾക്ക് ഭാവിയിൽ കൂടുതൽ ഒടിവുകളുണ്ടാകുവാനുള്ള സാധ്യതകൾ കൂടുതലാണ്. വീഴാതിരിക്കാൻ ശ്രദ്ധിക്കുക. പ്രത്യേകിച്ചും പ്രായകൂടുതലുള്ളവർ. യോഗ ശരീരത്തിന്റെ തുലനാവസ്ഥയെ മെച്ചപ്പെടു

ത്തുന്നു.ബാത്റൂമിലും, സ്റ്റെയർകെയ്സിലും പിടിച്ചു നടക്കാനുള്ള പ്രത്യേക കൈവരികൾ പിടിപ്പിക്കുക. തെന്നി വീഴാതിരിക്കുവാനുള്ള പ്രത്യേക ടൈലുകൾ മാത്രം തറയിൽ പിടിപ്പിക്കുക. കാഴ്ചയും, കേൾവിയും പരിശോധിപ്പിക്കുക. വ്യക്തമായി നിശ്ചയിച്ച് അനുവർത്തിച്ച ഭക്ഷണക്രമം, വ്യായാമം എന്നിവ ശ്രീമതിക്ക് അസ്ഥികൾ കൂടുതൽ മോശാവസ്ഥയിലേക്ക് പോകാതിരിക്കുവാൻ സഹായവുമായി.മാത്രവുമല്ല അവയുടെ പ്രവർത്തന ക്ഷമതയും ആരോഗ്യവും നിലനിർത്താൻ സാധിച്ചു. ഇന്ന് എത്ര ദൂരം വേണമെങ്കിലും സൈക്കിൾ ചവിട്ടാനും ഇഷ്ടമുള്ള എന്തു ജോലി ചെയ്യാനും എത്ര ദൂരം അനായാസം നടക്കാനും ശ്രീമതിക്ക് കഴിയും. ഓസ്റ്റ്യോ പോറസിസുമായി ബന്ധപ്പെട്ട എന്തെങ്കിലും അസുഖങ്ങളുണ്ടെങ്കിൽ വലിയ വ്യായാമങ്ങളിൽ ഏർപ്പെടുന്നതിനു മുമ്പ് ഡോക്ടറുടെ അഭിപ്രായം തേടുന്നത് ഒടിവുകളെ ഒഴിവാക്കാൻ സാധിച്ചേക്കും.

അസ്ഥിസാന്ദ്രത ടെസ്റ്റ് (Born Density Test) നടത്തി ഓസ്റ്റിയോ പൊറോസിസ് എന്ന രോഗം ഉണ്ടെന്നറിഞ്ഞതുകൊണ്ട് മുട്ടത്തോടുപോലെ പൊട്ടിപോകുന്ന എല്ലാണ് എന്റേത്. എപ്പോൾ വേണമെങ്കിലും പൊട്ടാം എന്ന മനോഭാവം വെച്ചു പുലർത്തേണ്ട ആവശ്യമില്ല. തികച്ചും ചികിത്സിച്ചു മാറ്റാവുന്ന അസുഖമാണിത്. വിറ്റാമിൻ ഡി, കാത്സ്യം എന്നിവയോടൊപ്പം അലൻ ഡ്രോണേറ്റ്സ് പോലുള്ള മരുന്നുശ്രേണികൾ അസ്ഥിയുടെ സാന്ദ്രത വർദ്ധിപ്പിക്കുന്നു. ഇവ ആഴ്ചയിൽ രണ്ടോ മൂന്നോ തവണകൾ വീതം എട്ടാഴ്ചയോളം കഴിക്കുവാൻ ഡോക്ടറ്മാർ നിർദ്ദേശിക്കാറുണ്ട്. എന്നാൽ ഡോക്ടർമാരുടെ നിർദ്ദേശവും മേൽനോട്ടവുമില്ലാതെ കഴിച്ച് ഓവർഡോസായ പാർശ്വഫലങ്ങൾ ഉള്ളതായി പറയുന്നു. Teriparatude എന്ന മരുന്നും മൂന്നു മാസത്തോളം കഴിക്കാൻ ഓസ്റ്റോ പൊറോസിസ് രോഗികളോട് നിർദ്ദേശിക്കാറുണ്ട്. ഇതും അധികമായാൽ അസ്ഥി ക്യാൻസർ ഉണ്ടായേക്കാം എന്നു പറയപ്പെടുന്നു. ഇതിന് തെളിവുകളൊന്നും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല.

ഇന്നുതൊട്ട് അസ്ഥിശോഷണം ഒഴിവാക്കാൻ ശ്രമിച്ചു തുടങ്ങാം. പോഷകമൂല്യമുള്ള ഭക്ഷണം, മിതവ്യായാമം, സൂര്യപ്രകാശം കൊള്ളുന്ന വിധത്തിൽ കുറച്ചു നടത്തമെല്ലാം. കൂടുതൽ വയസ്സാകുമ്പോൾ ശക്തിയുള്ള അസ്ഥിത്വം ഉണ്ടകേണ്ടേ?

**കവിത**

# ആതിര രാവ്

**നന്ദനി മനോഹരൻ**

ആതിരക്കുളിരുമായി ധനുമാസം വന്നെത്തി
ആർദ്രാവൃതം നോൽക്കാം മങ്കമാരേ!
ശ്രീപരമേശ്വരൻ പതിയായി ഭവിക്കാൻ
ശ്രീപാർവ്വതീ ദേവി നോറ്റോരാവൃതം
ഗോപാലബാലകൻ കാന്തനായ് തീർന്നീടാൻ
ഗോപികമാർ ദേവീപൂജ ചെയ്ത രാവ്
ശ്രീശങ്കരന്നു വിഷമേൽക്കാതിരിക്കാൻ
ശങ്കരി നിദ്രയൊഴിഞ്ഞ രാത്രി
മംഗല്ല്യ സൗഭാഗ്യം വന്നുചേരാൻ
മങ്കമാർ ദേവിയെ പൂജിക്കുംനാൾ
ഏഴരവെളുപ്പിന് കുളിച്ചൊരുങ്ങി
ഏണാക്ഷിമാർ വൃതം ആചരിപ്പൂ
ശങ്കരഭഗവാനെ കണ്ടു തൊഴുതു
മംഗല്ല്യാതിര നോറ്റിടുന്നു.

സ്വാത്വികഭക്ഷണം,പഴവും, കരിക്കും ,
സത്തുള്ള ഗോതമ്പും ,നൽപുഴുക്കും
നൂറ്റൊന്നു വെറ്റില ചേർത്തുള്ള താംബൂലം
നേടിടും സർവ്വ സൗഭാഗ്യങ്ങളും
എട്ടുകിഴങ്ങു ചേർത്ത എട്ടങ്ങാടി
ഏറെ വിശേഷമാണാസ്വദിക്കാൻ.
സന്ധ്യമയങ്ങിയാൽ പാട്ടുംകളികളും
സന്തോഷമോടെ തുടങ്ങീടുന്നു.
പാതിരാനേരത്ത് പാതിരാപൂചൂടൽ
മംഗല്ല്യാതിര ഗാനങ്ങളും
നിദ്രയൊഴിഞ്ഞുള്ള കൈകൊട്ടികളികളും
ആർദ്രാവൃതത്തെ ധന്യമാക്കും.
അംഗനമാരുടെ ലീലകൾ കാണുവാൻ
അമ്പിളിമാനത്ത് വന്നുനിൽക്കും.





# യശോദയുടെ കണ്ണുനീർ

**ഡോ. ചന്ദ്രികാ ശങ്കരനാരായണൻ**

ഈറ്റുനോവിന്റെ കാഠിന്യം മൂലം പ്രസവം കഴിഞ്ഞയുടനെ യശോദ ഗാഢനിദ്രയിലാണ്ടുപോയി. ഏതാണ്ട് ബോധക്ഷയത്തോളമെത്തിയ ഗാഢനിദ്ര ! ഏറെ നേരം കഴിഞ്ഞ് നിദ്രവിട്ടുണർന്നപ്പോഴാണ് തന്റെ സമീപം ശയിക്കുന്ന കുഞ്ഞിനെപ്പോലും കണ്ടത്. അതിനോടിടയ്ക്കു നടന്ന സംഭവങ്ങളെല്ലാം നമുക്കറിയാമെങ്കിലും യശോദയ്ക്കറിഞ്ഞുകൂടാ. ദേവകി പ്രസവിച്ച ആൺകുഞ്ഞാണ് ഇപ്പോൾ യശോദയുടെ മാറോടു പറ്റിക്കിടക്കുന്നത്. യശോദ പ്രസവിച്ച പെൺകുഞ്ഞിനെ വസുദേവർ കൊണ്ടു പോയി. ഈ നാടകമെല്ലാം സംവിധാനം ചെയ്തതാകട്ടെ, മറ്റാരുമല്ല താനും. യശോദ പ്രസവിച്ച പെൺകുഞ്ഞ് ഇപ്പോൾ ദേവകിയുടെ അരികിൽ സുഖസുഷുപ്തിയിലാണ്. ഇത്രയും കാര്യങ്ങൾ നടന്നതിനുശേഷമേ കംസൻ വിവരമറിയുന്നുള്ളു. കരാർ പ്രകാരം കുഞ്ഞിനെ കല്ലിലടിച്ചു കൊല്ലാൻ മേലോട്ടുയർത്തിയതും, കുഞ്ഞ് ഒരശരീരി കേൾപ്പിച്ചുകൊണ്ട് അപ്രത്യക്ഷമായതും ഒന്നിച്ചായിരുന്നു.

'അരേ! ദുരാചാര ! നൃശംസ കംസാ
പരാക്രമം സ്ത്രീകളിലല്ല വേണ്ടു.
തവാന്തകൻ, ഭൂമിതലേ ജനിച്ചു
ജവേന സർവ്വത്ര തിരഞ്ഞു കൊൾക'

എന്നതായിരുന്നു അശരീരി. അന്നു മുതൽ കംസൻ തീ തിന്നു തുടങ്ങി. സ്വബോധം തന്നെ നഷ്ടപ്പെട്ടു.തന്റെ കാലനായി പിറന്നിരിക്കുന്ന ആൺ പ്രജയെ വകവരുത്താൻ അയാൾ മെനഞ്ഞെടുക്കാത്ത കുതന്ത്രങ്ങളില്ല. അതിൽ ആദ്യത്തേതാണ് പൂതനയുടെ വാത്സല്യപ്രകടനം. പിന്നീട് ശകടാസുരൻ, വ്യോമാസുരൻ, വത്സാസുരൻ, അഘാസുരൻ, കേശി അങ്ങനെ അനേകം അസുരന്മാർ വേഷപ്രച്ഛന്നരായി ഉണ്ണിയെ കൊല്ലാൻ ശ്രമിച്ചു. പക്ഷേ എല്ലാം വിഫലമായതേയുള്ളൂ. ഓരോ സംഭവവും കഴിഞ്ഞാലുടനെ അതു മറക്കുക എന്നതായിരുന്നു യശോദയുടെയും നന്ദഗോപരുടെയും ഭവനത്തിൽ നടന്ന മറ്റൊരു വിസ്മയം. എന്നാൽ മറ്റു ഗോപന്മാർ ഇതിനെ ഒരു ദുർനിമിത്തമായി തന്നെ കണ്ടു. അങ്ങനെയാണ് അവർ യോഗം ചേർന്നു ചർച്ച നടത്തി. അമ്പാടിയിൽ നിന്നു താമസം വൃന്ദാവനത്തിലേക്ക് മാറ്റാൻ തീരുമാനിച്ചത്. ധാരാളം ജലാശയങ്ങളും പുൽമേടുകളും പൂമരങ്ങളും എല്ലാമുള്ള അതിമനോഹരമായ ഭൂപ്രദേശമാണ് വൃന്ദാവനം. കൃഷ്ണനും , രാമനും മറ്റു ഗോപബാലന്മാരും അവരുടെ മാതാപിതാക്കളും വൃന്ദാവനത്തെ വളരെയേറെ ഇഷ്ടപ്പെട്ടു. സന്തോഷവും സൗഭാഗ്യവും നിറഞ്ഞ ജീവിതം !

കൃഷ്ണൻ തന്റെ ബാല്യകാലം കഴിച്ചു കൂട്ടിയ വൃന്ദാവനം ഇന്നും ഒരു പുണ്യഭൂമിയായി കരുതപ്പെടുന്നു. ദിനരാത്രങ്ങൾ കഴിഞ്ഞു പോയതറിയാതെ 10 വർഷം ! ഓരോ ദിവസവും കൃഷ്ണൻ കാട്ടിക്കൂട്ടിയ വേലത്തരങ്ങൾക്കറുതിയില്ല. പൈക്കിടാങ്ങളെ മേയ്ക്കുവാൻ നിയോഗിക്കപ്പെട്ടത് രാമകൃഷ്ണന്മാരും, മറ്റ് ഇടയക്കുട്ടികളുമാണ്. കറവയുള്ള പശുക്കളുമായി മുതിർന്ന ഗോപന്മാരും പോകും. ഇതാണ് സമ്പ്രദായം. ഇടയക്കുട്ടികളുടെ നേതാവ് കൃഷ്ണനാണ്. കൃഷ്ണൻ കൂടെയുള്ളപ്പോൾ അവർക്ക് ഭയമില്ല. കുട്ടികൾ പൈക്കിടാങ്ങളുമായി വനത്തിലേക്കു പോയാൽ തിരിച്ചെത്തുന്നതുവരെ അമ്മമാർക്ക് ആധിയാണ്. പോരെങ്കിൽ അമ്പാടിയിൽ വച്ചുണ്ടായ ദുരനുഭവങ്ങൾ പലരും മറന്നിട്ടുമില്ല.

'മക്കളെപെറ്റുള്ളോരമ്മമാർക്കെല്ലാമേ-
യുൾക്കാമ്പിൽ വേദനയെന്നിയില്ല' എന്ന് കൃഷ്ണഗാഥാകാരൻ പാടിയിട്ടുള്ളത് ഇവിടെ ഓർമ്മിക്കാം. മക്കൾ എത്ര വലുതായാലും, അവരെപ്പറ്റിയുള്ള ആകുലചിന്തകൾ അമ്മമാരെ സദാ പിൻതുടർന്നു കൊണ്ടിരിക്കും. രാവിലെ പോയ കുഞ്ഞുങ്ങൾ തിരിച്ചെത്തും വരെ ഗോപസ്ത്രീകൾ അസ്വസ്ഥരാണ്. ഓരോ ദിവസവും വീട്ടിലെത്തിയാൽ ആയിരം നാവു കൊണ്ട് കൃഷ്ണന്റെ കഥകൾ പറയാനേ സമയമുള്ളു കുട്ടികൾക്ക്. അവരെ അഗ്നിയിൽ നിന്നു രക്ഷിച്ചത് പാമ്പിന്റെ വായിൽ നിന്നിറക്കിയത്, കളികൾ പഠിപ്പിച്ചത്, ഒരേ മരത്തിൽ നിന്ന് പലതരം പഴങ്ങൾ പറിച്ചു കൊടുത്തത് തുടങ്ങി എണ്ണിയാലൊടുങ്ങാത്ത സംഭവങ്ങൾ അവർ വിസ്തരിച്ചു പറയും.

വർഷങ്ങൾ ചിലതു കടന്നു പോയപ്പോൾ പരാതികളുമായി ഗോപസ്ത്രീകൾ യശോദയുടെ അടുക്കൽ എത്തിത്തുടങ്ങി. അവരുടെ പാലും വെണ്ണയുമെല്ലാം കൃഷ്ണൻ മോഷ്ടിക്കുന്നു, ഉറിയിൽ തൂക്കിയിരുന്ന തൈർ കലമുടച്ചു, ഇങ്ങനെ പരാതികൾ കൂടിക്കൂടി വന്നു. പലർക്കും പുതിയ പാത്രങ്ങൾ പകരം വാങ്ങിക്കൊടുക്കേണ്ട സ്ഥിതിയും യശോദക്കുണ്ടായി. ഒരു

ദിവസം കളിക്കുന്നതിനിടയിൽ കണ്ണൻ മണ്ണുതിന്നു എന്നു പറഞ്ഞു കൊണ്ടാണ് കുട്ടികൾ യശോദയെ സമീപിച്ചത്. പക്ഷേ, കൃഷ്ണൻ അക്കാര്യം എത്ര ചോദിച്ചിട്ടും സമ്മതിച്ചില്ല. ഒടുവിൽ വാതുറന്നു പരിശോധിക്കാൻ തീരുമാനിച്ചു. മണ്ണു തിന്നെങ്കിൽ അല്പമെങ്കിലും വായിൽ പറ്റിയിരിക്കാതിരിക്കില്ലല്ലോ. പക്ഷേ, വാതുറന്നപ്പോൾ കണ്ടതോ പതിന്നാലു ലോകങ്ങൾ ! യശോദ ബോധരഹിതയായി നിലം പതിച്ചു. ബോധം വീണപ്പോൾ അക്കഥ മറക്കുകയും ചെയ്തു.

മറ്റൊരു ദിവസം, പാൽ തിളപ്പിക്കാൻ അടുപ്പിൽ വച്ചിട്ട് മാറിയിരുന്ന് യശോദ തൈരു കടയുകയായിരുന്നു. കളിക്കുന്നതിനിടയിൽ ഓടി വന്നു മടിയിൽ കയറിയിരുന്ന് കണ്ണൻ അമ്മിഞ്ഞപ്പാൽ കുടിക്കാൻ തുടങ്ങി. അപ്പോഴാണ് പാൽ തിളച്ചു തൂവുന്നത് യശോദയുടെ ശ്രദ്ധയിൽ പെട്ടത്. പെട്ടെന്നു കണ്ണനെ പിടിച്ചു താഴെയിരുത്തി. പാൽ വാങ്ങി വയ്ക്കുവാൻ അമ്മ ഓടി. ഉണ്ണിക്ക് ഇതൊട്ടും ഇഷ്ടപ്പെട്ടില്ല. അമ്മ തിരിച്ചു വന്നപ്പോൾ കണ്ണനെ കാണാനില്ല. തൈർ കലമുടഞ്ഞ് തൈർ തറയിലാകെ പരന്നു കിടക്കുന്നു. മുകളിൽ ഉരുണ്ടു കൂടിയ വെണ്ണയുമായി കണ്ണൻ സ്ഥലം വിട്ടു കഴിഞ്ഞു. അന്വേഷിച്ചു ചെന്നപ്പോൾ ദൂരെ മാറിക്കിടന്ന ഉരലിന്റെ പുറത്തിരുന്ന് വെണ്ണ പൂച്ചയ്ക്ക് കൊടുക്കുകയാണ്. യശോദയ്ക്ക് വന്ന ദേഷ്യത്തിനതിരില്ല. ഇങ്ങനെ വിട്ടാൽ കൊള്ളില്ലല്ലോ എന്നു പറഞ്ഞുകൊണ്ട് ഉരലിൽ കെട്ടിയിടാൻ തീരുമാനിച്ചു. വീട്ടിലുള്ള ചരടും കയറുമെല്ലാം കൊണ്ടുവന്നിട്ടും കെട്ടാനുള്ള നീളം തികയുന്നില്ല. ഒടുവിൽ അമ്മയുടെ വിഷമം കണ്ട് മനസ്സലിഞ്ഞ കണ്ണൻ കെട്ടാൻ സമ്മതിച്ചു. യശോദ മറ്റു ജോലികൾക്കായി പോകുകയും ചെയ്തു. കുറേക്കഴിഞ്ഞപ്പോൾ ഒരു വലിയ ശബ്ദം കേട്ടു നോക്കിയപ്പോൾ, ഉരലും വലിച്ചുകൊണ്ടു ചെന്ന്, വർഷങ്ങളായി വളർന്നു നിന്ന രണ്ടു കരിമ്പനകൾ മറിച്ചിട്ട കാഴ്ചയാണ് കാണുന്നത്. (മുനിശാപം മൂലം കരിമ്പനകളായിത്തീർന്ന കുബേരപുത്രന്മാരായ മണിഗ്രീവനും നളകൂബരനുമായിരുന്നു ആ പനകൾ. ഭഗവത് സ്പർശനം കൊണ്ടു ശാപമോക്ഷം കിട്ടിയ അവർ ഭഗവാനെ സ്തുതിക്കുന്ന കാഴ്ചയാണ് യശോദ കണ്ടത്.) മരം മറിഞ്ഞു വീണ് തന്റെ ഉണ്ണിക്കൊന്നും പറ്റിയില്ലല്ലോ എന്ന ആശ്വാസത്തിൽ യശോദ കണ്ണനെ വാരിയെടുത്ത് ആശ്ലേഷിച്ചു. പെട്ടെന്നു തന്നെ ആ സംഭവവും യശോദ മറക്കുകയും ചെയ്തു. (ഭഗവാന് ഏറ്റവും ഇഷ്ടപ്പെട്ട പേരുകളിൽ ഒന്നാണ് ദാമോദരൻ. കയർ കൊണ്ട് ഉദരത്തിൽ കെട്ടപ്പെട്ടവൻ എന്നർത്ഥം)

വൃന്ദാവന വാസികളുടെ പേടിസ്വപ്നമായിരുന്നു കാളിയൻ. കാളിയനെപ്പറ്റി ഓർക്കുമ്പോൾ തന്നെ ഭയമാണ്. ഒരു ദിവസം ഗോപക്കുട്ടികൾ കാലികളുമായി പോയത് കാളിന്ദീ തീരത്തേക്കാണ്. അവിടെ പോകുന്നതു സൂക്ഷിച്ചു വേണമെന്നു പ്രത്യേകം പറഞ്ഞിട്ടുണ്ട്. കാരണം, കാളിയന്റെ ഉച്ഛ്വാസ വായു ഏറ്റാൽ തന്നെ ബോധം കെട്ടു വീഴും. രാവിലെ പോയ കുട്ടികളിൽ ചിലർ ഏറെ താമസിയാതെ ഓടി വന്ന് നന്ദഗോപരോടു പറഞ്ഞു, കൃഷ്ണൻ കാളിയന്റെ ഫണത്തിൽ ചാടിക്കയറി നൃത്തം വയ്ക്കുന്നു എന്ന്. കേട്ട പാതി കേൾക്കാത്ത പാതി നന്ദഗോപരും യശോദയും കൂടി എടുത്തോടി ചെന്നപ്പോൾ ഉണ്ണിയുടെ കയ്യിൽ കാളിയന്റെ വാലിരിക്കുന്നു. ഓരോ ഫണത്തിലും ചാടിച്ചാടി നൃത്തം വയ്ക്കുന്നു ! യശോദ ആറ്റിലേക്ക് ചാടാൻ തുടങ്ങി. വല്ലപാടും വിലക്കി നിറുത്തിയത് ബലരാമനാണ്. ഭീതികൊണ്ടു ബോധരഹിതയായി നിലം പതിച്ച യശോദ ബോധം തിരിച്ചു കിട്ടിയപ്പോൾ കേൾക്കുന്നത്, കാളിയനും കുടുംബവും മറ്റൊരു നദിയിലേക്ക് രക്ഷപ്പെട്ടു എന്നാണ്. മിനിറ്റുകൾക്കകം ആ സംഭവവും അവർ മറന്നു പോയി. ഇങ്ങനെ എത്രയെത്ര അത്ഭുത പ്രവൃത്തികളാണ് കൃഷ്ണൻ ചെയ്തിട്ടുള്ള തെന്നു വിവരിക്കുക സാദ്ധ്യമല്ല. ഇരുളുന്നതും വെളുക്കുന്നതുമറിയാതെ പതിന്നാലു വർഷങ്ങൾ.

താൻ ആസൂത്രണം ചെയ്ത പദ്ധതികൾ എല്ലാം പരാജയപ്പെട്ടതിലുള്ള നൈരാശ്യവും ഒപ്പം ഭീതിയും മൂലം കംസൻ പുതിയ ഒരു തന്ത്രം കണ്ടെത്തി. കൊട്ടാരത്തിൽ ഒരു ധനുരാഗ്യം നടത്തുക. ആഘോഷത്തിൽ പങ്കെടുക്കുവാൻ വൃന്ദാവനത്തിലുള്ള യാദവന്മാരെയും ആൺകുട്ടികളെയും മുഴുവൻ ക്ഷണിച്ചു വരുത്തുക. ഗോപുരദ്വാരത്തിലെത്തുന്ന കൃഷ്ണനെ കുവലയാപീഡം എന്ന ആനയെക്കൊണ്ട് കൊല്ലിക്കുക ഇതായിരുന്നു പദ്ധതി. ക്ഷണിക്കാൻ അയച്ചത്, ആരും ഒരു വിധത്തിലും സംശയിക്കാത്ത അക്രൂരനെയാണ്. പരമസാത്വികനും സത് സ്വഭാവിയും ധർമ്മിഷ്ഠനും സൗമ്യനുമായ അക്രൂരൻ കംസനോടുള്ള ഭയംമൂലം വൃന്ദാവനത്തിലെത്തി, ഗോപന്മാരെ വിവരം ധരിപ്പിച്ചു. സംശയ ദൃഷ്ടിയോടെയാണെങ്കിലും ചക്രവർത്തിയുടെ ക്ഷണം നിരസിക്കാൻ നിവൃത്തിയില്ലാത്തതു കൊണ്ട് , ഗോപന്മാർ നന്ദഗോപരുടെ നേതൃത്വത്തിൽ പുറപ്പെടാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. പുതിയ വെണ്ണയും, തൈരും , പാലും അടക്കമുള്ള കാഴ്ച വസ്തുക്കളെല്ലാം തയ്യാറാക്കുന്നതിൽ സ്ത്രീകളാണ് കൂടുതൽ ഉത്സാഹം പ്രകടിപ്പിച്ചത്. അതിരാവിലെ തന്നെ യാത്ര തിരിക്കാനുള്ള കാളവണ്ടികൾ ഏർപ്പാടു ചെയ്തു. എല്ലാവരും കുളിച്ചൊരുങ്ങി. കാഴ്ച വസ്തുക്കൾ വണ്ടികളിൽ നിറച്ച് പുറപ്പെടാനുള്ള തിടുക്കത്തിലാണ്. കൂട്ടത്തിൽ രാമനും കൃഷ്ണനും





പോകുന്നുണ്ടെന്ന വിവരം, യശോദ അറിയുന്നത് കൃഷ്ണൻ യാത്ര പറയാൻ അമ്മയെ സമീപിച്ചപ്പോഴാണ്. താൻ തന്നെ സംവിധാനം ചെയ്ത നാടകത്തിന്റെ അവസാന രംഗം ആയിരിക്കുകയാണെന്ന കൃഷ്ണന് അറിയാമായിരുന്നെങ്കിലും ഒന്നും പുറമെ കാണിച്ചില്ല. എന്തൊക്കെയോ വേണ്ടാത്ത തോന്നലുകൾ മനസ്സിലുദിച്ചതിന്റെ ഫലമായി ധാരധാരയായി കണ്ണീർ പൊഴിച്ചുകൊണ്ടിരുന്ന യശോദയുടെ അരയ്ക്ക് കെട്ടിപ്പിടിച്ചുകൊണ്ട്, കൃഷ്ണൻ പറഞ്ഞു, 'അമ്മേ, ഞാൻ മധുരയിലേക്ക് ധനുര്യാഗം കാണാനല്ലേ പോകുന്നത്. കുറച്ചു ദിവസത്തേക്കുള്ള കാര്യമല്ലേ ? യാഗം കഴിഞ്ഞാലുടനെ ഞാൻ അമ്മയെ കാണാൻ ഓടിയെത്തുമല്ലോ. അമ്മ ദു:ഖിക്കരുത്.' എന്തുകൊണ്ടോ ഇത് താത്ക്കാലിക വിയോഗമല്ലെന്നും, ഇനി ഒരിക്കലും തന്റെ പൊന്നോമന മകൻ ഗോകുലത്തിലേക്ക് വരികയില്ലെന്നും അവരുടെ അന്ത:കരണം മന്ത്രിച്ചു കൊണ്ടിരുന്നു.

കൃഷ്ണൻ ഗോപികമാരോടും യാത്ര പറഞ്ഞു. അമ്മമാരെ, സഹോദരിമാരെ, പ്രിയതോഴിമാരെ ഈ ജന്മത്തിൽ നിങ്ങളെ മറക്കാൻ എനിക്കു കഴിയുമോ? നിങ്ങളുടെ മടിയിൽ കിടന്നാണ് ഞാൻ വളർന്നത്. നിങ്ങൾ തന്നതും, നിങ്ങളറിയാതെ ഞാൻ കട്ടു തിന്നതുമായ വെണ്ണയും പാലും തൈരുമാണ് എന്റെ ഈ ശരീരം. നിങ്ങളോടൊപ്പം ഓടിക്കളിച്ചതാണ് എന്റെ ഈ കാലുകൾ. തത്ക്കാലം ഞാൻ പോകട്ടെ. രാജകല്പന അനുസരിക്കാതെ വയ്യല്ലോ.

അക്രൂരൻ കൊണ്ടു വന്ന മണിമയമായ തേരിലാണ് രാമനും കൃഷ്ണനും കയറിയത്. എന്നെന്നേക്കുമായി കൃഷ്ണൻ വൃന്ദാവനത്തോടു വിടവാങ്ങുന്നു എന്ന മട്ടിൽ തന്നെയായിരുന്നു ഗോപസ്ത്രീകളുടെ പതംപറച്ചിൽ. ഹൃദയഭേദകമായിരുന്നു അവരുടെ വാക്കുകൾ.

'അയ്യോ! ഞങ്ങളുടെ പൊന്നുണ്ണി കൃഷ്ണനെ കൊണ്ടുപോകുകയാണോ ? കൃഷ്ണനെ കാണാതെ എങ്ങനെ ഞങ്ങൾ ജീവിക്കും. കൃഷ്ണന്റെ കാലടികൾ പതിയാതിരുന്നാൽ വൃന്ദാവനത്തിലെ മണ്ണ് ദുർഗന്ധപൂരിതമാകും. വൃന്ദാവനത്തിലെ മരങ്ങൾ തളിർക്കാതെയും പൂക്കാതെയുമാകും. കൃഷ്ണൻ ഇവിടം വിട്ടുപോയാൽ പക്ഷികൾ പാടാതെയാകും. വൃന്ദാവനത്തിലെ സകലചരാചരങ്ങളും സ്തബ്ധമാവും. അയ്യോ ! അക്രൂരയാദവാ! അങ്ങേയ്ക്ക് ആരാണ് ഈ പേരിട്ടത്. അങ്ങ് ഞങ്ങളുടെ പൊന്നോമന കണ്ണനെ ഞങ്ങളിൽ നിന്നകറ്റിക്കൊണ്ടു പോകുന്ന ക്രൂരനാണ്. അല്ലെങ്കിൽ അക്രൂരനെ എന്തിനു പറയണം. മഥുരാപുരിയിലേക്ക് പോകുവാൻ ചാടിപ്പുറപ്പെട്ടു തേരിൽ കയറിയിരിക്കുന്ന കൃഷ്ണനാണ് അപരാധി. കൃഷ്ണാ ! കൃഷ്ണാ ! പോകരുതേ'.

ഇത്രയേറെ സ്നേഹജനങ്ങളുടെയിടയിൽ നിന്ന് കൃഷ്ണനെ കംസസവിധത്തിലേക്ക് കൊണ്ടു പോകുന്ന താൻ എത്രമാത്രം ദുഷ്ടനാണെന്ന് അക്രൂരൻ മനസാ ശപിച്ചു. ഗോപന്മാരും അവരുടെ ഉപഹാരങ്ങളും അടങ്ങിയ കാളവണ്ടികൾ മുമ്പേ പുറപ്പെട്ടു. കൃഷ്ണൻ കയറിയ രഥം പിന്നാലെയും. യശോദയുടെ അപ്പോഴത്തെ അവസ്ഥ, സാധാരണ ജീവിതത്തിലോ, പുരാണത്തിലോ, ഇതിഹാസത്തിലോ ഒരു സ്ത്രീയും അനുഭവിച്ചിട്ടുള്ള ഒന്നായിരുന്നില്ല. കുട്ടികളെ ജനിച്ചാലുടനെ ദത്തെടുക്കുന്ന സമ്പ്രദായം നിലവിലുണ്ട്. തങ്ങൾ അവരുടെ അച്ഛനമ്മമാരല്ല, എന്നറിയാതിരിക്കാൻ വേണ്ടി നാടുവിട്ടു പോയി വിദൂരങ്ങളിൽ വാസമുറപ്പിക്കുന്നവരുണ്ട്. സ്വന്തം മാതാപിതാക്കളായി തന്നെ കരുതി ദത്തെടുക്കുന്നവരെ സ്നേഹിച്ചു പരിപാലിക്കുന്നവരും വിരളമല്ല. എന്നാൽ, ഗർഭം ധരിച്ചു താൻ പ്രസവിച്ച കുഞ്ഞ് തന്റേതല്ലാതായി തീരുകയും, മറ്റൊരു സ്ത്രീ പ്രസവിച്ച ശിശുവിനെ തന്റേതെന്നു പൂർണ്ണമായി വിശ്വസിച്ചു വളർത്തുകയും ചെയ്ത സംഭവം വേറെയില്ല.

തന്റെ അവതാര ലക്ഷ്യം നിർവ്വഹിച്ചശേഷം മാസങ്ങൾ കഴിഞ്ഞ്, വൃന്ദാവനത്തിലെ വിശേഷങ്ങൾ അറിയാൻ ഉദ്ധവരെ ശ്രീകൃഷ്ണൻ പറഞ്ഞയക്കുന്നുണ്ട്. അപ്പോൾ സന്ദർഭവശാൽ ഉദ്ധവൻ പറഞ്ഞാണ് യശോദ പരമാർത്ഥങ്ങൾ മനസ്സിലാക്കുന്നത്. ഉദ്ധവർ പറഞ്ഞു, 'കൃഷ്ണനെ ജനനം മുതൽ കൗമാരം വരെ വളർത്തിയ ഭവതിയോളം ഭാഗ്യം കൃഷ്ണനെ പ്രസവിച്ച ദേവകി ദേവിക്കില്ല. എത്രയോ ജന്മങ്ങളിലെ തപസ്സും പുണ്യകർമ്മങ്ങളും നിമിത്തമാണ് ഈ ഭാഗ്യം നിങ്ങൾക്കു ലഭിച്ചത്. കൃഷ്ണനെ മുലപ്പാലൂട്ടി വളർത്താനുള്ള ഭാഗ്യം ഭവതിക്കല്ലേ ലഭിച്ചത്. കൃഷ്ണന്റെ ബാലലീലകൾ കാണാനും ആനന്ദിക്കാനും ഭവതിക്കല്ലേ സാധിച്ചത്? കൃഷ്ണന്റെ പൂമേനിയിൽ എണ്ണതേച്ചു കുളിപ്പിക്കാനും തലോടാനും മറ്റാർക്കെങ്കിലും കഴിഞ്ഞോ ? കൃഷ്ണന്റെ മനോഹരമായ മുടി ചീകി കെട്ടി മയിൽ പീലി ചൂടിക്കാനും ആ പൂമേനിയിൽ ആഭരണങ്ങൾ അണിയിക്കാനും വേറെ ആർക്കെങ്കിലും ഭാഗ്യം സിദ്ധിച്ചോ ? ഇപ്പോഴും നിങ്ങളെത്തന്നെ ചിന്തിച്ചുകൊണ്ടാണ് കൃഷ്ണൻ കഴിയുന്നത്.'

ഉദ്ധവരുടെ ആശ്വാസ വചനങ്ങൾ യശോദയെ കുറെയെല്ലാം സമാധാനിപ്പിച്ചു. എങ്കിലും തന്റെ പൊന്നോമനപുത്രൻ എന്നെന്നേക്കുമായി തന്നിൽ നിന്നകന്നു പോയതിന്റെ വേദന വൃന്ദാവനത്തിൽ ഇപ്പോഴും തുടിച്ചു നില്ക്കുന്നുണ്ടാവണം.

(തുടർച്ച)

# കേരളവും പ്രളയവും

ഡോ. അമിതാ ബച്ചൻ. കെ. എച്ച്. ഫോൺ. 9497627870

## ചില പ്രളയാനന്തര ചിന്തകൾ

ഗവർമെന്റും ഉദ്യോഗസ്ഥവൃന്ദവും സമ്മതിച്ചില്ലെങ്കിൽപോലും നടന്നിട്ടുള്ള പഠനങ്ങൾ 2018 ലെ പ്രളയത്തിൽ അണക്കെട്ടുകൾക്കുള്ള പങ്ക് സ്ഥിരീകരിക്കുന്നുണ്ട്. വളരെ കാലത്തിനുശേഷം ഉണ്ടായ അതിശക്തമായ മഴയ്ക്ക് ഒട്ടും തന്നെ താഴേക്ക് വെള്ളം ഒഴുക്കാതെ നിറഞ്ഞിരുന്ന അണക്കെട്ടുകൾ ഏറ്റവും അധികം മഴ പെയ്യുന്ന സമയത്തു തന്നെ തുറക്കേണ്ടി വന്നതാണ് ചാലക്കുടി- ആലുവ മുതൽ പറവൂർ മൂത്തകുന്നം വരെയുള്ള വീടുകളെയെല്ലാം ഒരു നില പൊക്കത്തിൽ മുക്കിയതെങ്കിൽ ഏറ്റവും അധികം വേലിയേറ്റം ഉണ്ടാകുന്ന സമയത്ത് വെള്ളം കടലിലേക്ക് ഉൾവലിയാതെ കനോലി കനാലിലൂടെ ഉയർന്നതാണ് കൊടുങ്ങല്ലൂരു നിന്നും വാടാനപ്പള്ളി വരെയുള്ള കനോലി കനാലിലൂടെ ചേർന്നുള്ള മേഖലയെ മുക്കിയത്. ഇതിനെ തുടർന്നു നടന്ന പഠനങ്ങളിൽ വ്യക്തമായത് അഞ്ചു കാര്യങ്ങളാണ്.

1.) കേവലം വൈദ്യുതി ഉല്പാദനം മാത്രം ലക്ഷ്യമാക്കിയുള്ള, എന്നാൽ പുഴയിലെ മഴക്കാലത്തെ സ്വാഭാവിക മലവെള്ളപ്പാച്ചിലിനെയും വേനലിലെ നീരൊഴുക്കിനേയും കാലങ്ങളായി തടഞ്ഞിട്ടു വെച്ചിരിക്കുന്ന അണക്കെട്ടുകളും, ഓരുവെള്ളം കയറാതിരിക്കാൻ കെട്ടിയ ബണ്ടുകളും, പുഴയിലെ അശാസ്ത്രീയ നിർമ്മാണങ്ങളും, പുഴ പരന്നൊഴുകുന്നതിനായി പ്രകൃത്യാ രൂപപ്പെട്ട താഴ്‌വാരങ്ങളിലെ വയലുകളും തണ്ണീർത്തടങ്ങളും നിർമ്മാണപ്രവർത്തനങ്ങൾക്കായി നികത്തിയതും, തീരപ്രദേശത്തടക്കമുള്ള ജലത്തിന്റെ ഗമന നിർഗമന മാർഗ്ഗങ്ങൾ തടസ്സപ്പെടുത്തിയതുമാണ് നല്ല ചെരിവുള്ള ഈ മലനാട്ടിൽ പ്രളയാഘാതമുണ്ടായതിന്റെ പ്രധാന കാരണം. (പെരിയാർ, ചാലക്കുടി)

2.) അണക്കെട്ടുകൾ ഇല്ലായെങ്കിലും വൃഷ്ടിപ്രദേശത്തിന്റെ ഉയരമുള്ള പ്രദേശങ്ങളിൽ ജലം ശേഖരിക്കപ്പെടാൻ സ്ഥലമുള്ളതും പിന്നീട് കുത്തനെ താഴേക്കു പതിക്കുന്നതുമായ സ്വഭാവമുള്ള പുഴകളിൽ (കുന്തിപ്പുഴ, ചാലിയാർ മുതലായവ) ഉയർന്ന വർഷപാതത്തിന്റെ ഫലമായി ഉണ്ടായ വെള്ളപ്പൊക്കം. ഇതിൽ വൃഷ്ടിപ്രദേശങ്ങളിൽ കാടുകൾ തോട്ടങ്ങളായി മാറിയ പ്രദേശങ്ങളിൽ വർഷക്കാല നീരൊഴുക്കിന്റെ അളവു കൂടും.

3.) മേൽപ്പറഞ്ഞ രണ്ടു കാര്യങ്ങളുടെയും സംയോജിത സ്വഭാവമുള്ള പുഴകളിലുണ്ടായ(പമ്പ, ഭാരതപ്പുഴ, ഭവാനി) പ്രളയം

4.) നേർരേഖയിൽ അതായത് ലംബമായി കുത്തനെയൊഴുകുന്ന പുഴകളിലും, കൈവഴികളിലും, നീർച്ചാലുകളിലും അതോടൊപ്പം തൊട്ടുമുകളിൽ ഉയർന്ന സ്ഥലത്ത് വെള്ളം ഉയർന്ന സ്ഥലത്ത് വെള്ളം വലിയ തോതിൽ ശേഖരിക്കപ്പെടാൻ സാധ്യതയുള്ളതും, വൃഷ്ടിപ്രദേശത്തെ സ്വാഭാവിക വനങ്ങൾ നഷ്ടമായതുമായ മേഖലകളിലാണ് ഉരുൾപ്പൊട്ടലുകൾക്കുള്ള സാധ്യത.

5.) അനിയന്ത്രിതമായ രീതിയിലുള്ള ക്വാറികളും, അനധികൃത തടയണകളും പുഴയുടെ നീർച്ചാലുകളുടെ മഴക്കാലത്തെ ഒഴുക്കിനെ കണക്കാക്കാതെയുള്ള നിർമ്മിതികളുമാണ് (നമ്മുടെ കഴിഞ്ഞ 50 വർഷത്തിനിടെയുള്ള ബഹുഭൂരിപക്ഷനിർമ്മാണങ്ങളും) മറ്റൊരു കാരണം. ഉദാഹരണമായി താരതമ്യേന നല്ല വനങ്ങൾ അവശേഷിക്കുന്ന ആതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ നടത്തിയ പഠനങ്ങളിൽ കുത്തനെയുള്ള മലകളിലേക്ക് ആവശ്യത്തിന് പാർശ്വഭിത്തികളോ സംരക്ഷണങ്ങളോ ഇല്ലാതെ പണിത റോഡുകളിലാണ് 92% മണ്ണിടിച്ചിലുകളും ഉണ്ടായിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇതും അവിടുത്തെ നീർചാലുകളുടെ സ്വഭാവവും ശാസ്ത്രീയ നിർമ്മിതികളും ഉരുൾപ്പൊട്ടലുകൾക്കും കാരണമായി.

ഇത്തരത്തിൽ അനിയന്ത്രിതമായി ക്വാറികൾ ഉള്ള മലപ്പുറം ജില്ലയിൽ ഈ വർഷം സംഭവിച്ചതിനു പിന്നിലും ഇതേ കാരണങ്ങളുണ്ട്. അതോടൊപ്പം പശ്ചിമഘട്ടത്തിനോട് ചേർന്ന് കിടക്കുന്ന ഇടനാടൻ കുന്നുകളിലും, ഇടുക്കിയിലടക്കം റബ്ബർ അടക്കമുള്ള ഏകവിളത്തോട്ടങ്ങളും, മണ്ണിനെ കേക്ക് മുറിച്ചുനീക്കുന്നപോലെ നീക്കി നടത്തിയ നിർമ്മാണങ്ങളും, റോഡുകളും എല്ലാമാണ് വ്യാപകമായ മണ്ണിടിച്ചിലിനു കാരണമായത്. നേരത്തെ പരാമർശിച്ചപോലെ ആയിരക്കണക്കിന് വർഷങ്ങളുടെ ജൈവ പ്രവർത്തനങ്ങളുടെ ഫലമായ പാറകൾക്കുമേൽ ഉണ്ടാകുന്ന മണ്ണിനെ പിടിച്ചുനിർത്തുന്നതിനു ഒരു പ്രത്യേക അളവിൽ മലത്തലപ്പുകളിൽ സ്വാഭാവിക വനങ്ങൾ ആവശ്യമാണ്. മലപ്പുറം ജില്ലയടക്കം ഇത്തരം കാടുപിടിച്ചു കിടന്നിരുന്ന കുന്നിൻ മുകളുകളാണ് ആരൊക്കെയോ





അനധികൃതമായി കൈവശപ്പെടുത്തി ക്വാറികളാക്കി മാറ്റിയത്. മണ്ണിനെ പിടിച്ചു നിർത്താൻ കഴിയുന്ന മരങ്ങളെല്ലാം കൃഷിയിടങ്ങളിൽ നിന്ന് അപ്രത്യക്ഷമായതും, സമ്മിശ്രകൃഷികൾ റബ്ബറിനുമാത്രമായി വഴിമാറിക്കൊടുത്തതും, കാടുകൾ പ്ലാന്റേഷനുകളായി മാറിയതുമെല്ലാം മറ്റ് കാരണങ്ങളാണ്.

## പ്രകൃതിയുടെ തിരിച്ചുവരവ് - മനുഷ്യന്റെയും

മുന്നോട്ടുള്ള പ്രയാണത്തിൽ നമ്മൾ ഒരു മലനാട്ടിൽ (Mountanous Landscape) അതിൽ വിശാലമായ ഒരു നദീതടത്തിൽ (River Basin) മലതൽപ്പുമുതൽ കടൽത്തീരം വരെയുള്ള ഒരു സ്ഥലത്താണ് ജീവിക്കുന്നതെന്നും, അത്തരം പ്രദേശത്തൊരിടത്താണ് നമ്മൾ ജോലി ചെയ്യുന്നത്, പദ്ധതികൾ വിഭാവനം ചെയ്യുന്നത് എന്ന് ചിന്തിക്കേണ്ടതും ഓരോന്നിനും നദീതട- നീർത്തട (Watershed- Riverbasin) അടിസ്ഥാനത്തിൽ ഒരു ആസൂത്രണം അനിവാര്യമാണ്.

അങ്ങനെയുണ്ടെങ്കിൽ മലകളിൽ എത്ര സ്വാഭാവിക മരങ്ങൾ വേണമെന്നും, ഏകവിളത്തോട്ടങ്ങൾ, മണ്ണിളക്കിയുള്ള കൃഷി എന്നിവയെല്ലാം എത്ര തോതിൽ ആവാമെന്നുമുള്ള ചിന്ത നമ്മളിലുണ്ടാകും. ജലത്തിന്റെ ഗമന നിർഗ്ഗമന മാർഗ്ഗങ്ങൾക്കു ആസ്പദമാക്കി മാത്രമേ നമുക്ക് ഭേദഗതികൾ വിഭാവനം ചെയ്യാൻ കഴിയൂ. അല്ലാതെ കുട്ടനാട്ടിലെ പാടശേഖരങ്ങൾ മുഴുവൻ ഫ്ളാറ്റുകളാക്കണമെന്നും, മലപ്പുറത്തെ കുന്നുകളെല്ലാം ഖനനം ചെയ്യണമെന്നും ചിന്തിച്ചാൽ പ്രളയം പോയിട്ട് അത് നാറാണത്ത് ഭ്രാന്തൻ പഠിപ്പിച്ച പാഠം പോലും നാം പഠിച്ചില്ല എന്നതാണ് വെളിവാക്കുന്നത്. പ്രളയം സൃഷ്ടിച്ച അനിശ്ചിതാവസ്ഥ, ഭീതി അതുണ്ടാക്കിയ സാമ്പത്തിക പ്രവർത്തനങ്ങളിലെ തിരിച്ചടി എന്നിവ തുടർന്നുകൊണ്ടേയിരിക്കുന്നു. ഗാഡ്ഗിലിനെപ്പോലുള്ളവരുടെ നിർദ്ദേശങ്ങൾ ശരിയാണെന്നു അല്ലെങ്കിൽ അതിൽ ശരികളുണ്ടെന്നു മനസ്സിലാക്കാൻ നമുക്കു ഒരു പ്രളയം വേണ്ടിവന്നു. നമ്മുടെ തകർച്ചയ്ക്ക് ആക്കം കൂട്ടിയ പ്രവർത്തനങ്ങൾക്ക് കൂട്ടുനിന്ന, ശബ്ദമുയർത്താതിരുന്ന ഒട്ടനവധി ഉദ്യോഗസ്ഥർക്കു മുന്നിൽ ധീരമായ ചുവടുകൾ മുന്നോട്ടുവച്ച അദ്ദേഹം ബഹുമാനിക്കപ്പെടേണ്ട വ്യക്തി തന്നെയാണ്. എന്നാൽ ഒട്ടനവധി അതോറിറ്റികളുണ്ടായിട്ടും സാധാരണക്കാരുടെ ജീവിതത്തെ ദുഷ്കരമാക്കുകയും വൻസാമ്പത്തിക താല്പര്യക്കാരുടെ നശീകരണ പ്രവർത്തനങ്ങൾക്ക് കൂട്ടുനിൽക്കുകയും ചെയ്യുന്ന സംവിധാനങ്ങളിലുള്ള ജനങ്ങളുടെ വിശ്വാസക്കേടിനെയും നമ്മൾ കണക്കിലെടുക്കേണ്ടതാണ്. എന്നാൽ ഗാഡ്ഗിൽ ഓരോ ഗ്രാമസഭകളും പ്രാദേശികസമൂഹങ്ങളുമാണ് ഓരോ കാര്യങ്ങളും തീരുമാനിക്കേണ്ടത് എന്ന് പറഞ്ഞത് ശ്രദ്ധിക്കാതെ, മത- പ്രാദേശിക ഭ്രാന്തിന്റെ പേരിൽ ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ തെരുവിലിറക്കി എന്നത് ചരിത്രപരമായ വിഡ്ഢിത്തമായാണ് അവശേഷിക്കുന്നത്. ഇതേ സാമ്പത്തിക സാമ്രാജ്യത്തശക്തികൾ തന്നെയാണ് ആദിവാസികൾക്ക് നിർണ്ണയാധികാരം കൊടുക്കുന്ന വനാവകാശ നിയമം 2006 കേരളത്തിൽപ്പോലും നടപ്പിലാക്കാൻ സമ്മതിക്കാത്തത്, തീരുമാനങ്ങളെടുക്കാൻ ഗ്രാമസഭകൾക്ക് അധികാരം കൈമാറുന്നതിനെ എതിരുനില്ക്കുന്നത്. ഓരോ പ്രദേശത്തിനും ഇണങ്ങുന്ന തരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ അവിടെ ചുറ്റുപാടും തന്നെ നിലനില്ക്കുന്നുണ്ട്. പെരിയാറിനും ചാലക്കുടിയാറിനും ഇടയിലുള്ള ഭൂപ്രദേശത്ത് നോക്കുമ്പോൾ പഴയ വീടുകളൊക്കെ മലവെള്ളത്തിന്റെ അളവിനുമുകളിലാണ് നിർമ്മിച്ചിരിക്കുന്നത്. അത്തരം വീടുകളിൽ ഇനി വെള്ളം വന്നാൽ തന്നെയും ജനങ്ങൾക്ക് മാറാനുള്ള വഞ്ചികളടക്കം ഉള്ള സാഹചര്യം ഉണ്ടാവണം. പാടശേഖരങ്ങളിലുള്ള കൃഷികളെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾനടപ്പിലാക്കുക. പാടശേഖരങ്ങളിലെ ഭൂമി തരിശിടാതെ പാട്ടത്തിനു കൊടുത്ത് സജീവമാക്കുക. ഒപ്പം തന്നെ മത്സ്യകൃഷി, മറ്റു കൃഷിരീതികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന ഇന്റഗ്രേറ്റഡ് വികസന ആസൂത്രണമാണ് മെട്രോപോളിറ്റൻ സിറ്റിയായ കൊച്ചിക്കു പോലും വേണ്ടത്. കായലിനെ കായലായും പാടശേഖരങ്ങളെ പാടശേഖരങ്ങളായും നിലനിർത്താൻ തക്ക ആവാസവ്യവസ്ഥ മനുഷ്യർക്കല്ലാതെ ആർക്കാണ് സൃഷ്ടിക്കാൻ കഴിയുക. ചുരുക്കിപ്പറഞ്ഞാൽ ആവാസവ്യവസ്ഥ, പരിരക്ഷണം മനുഷ്യസമൂഹത്തിൽ ഉന്നതസ്ഥാനം അതായത് ആസൂത്രണത്തിലും നടപ്പിലാക്കലിലും നല്കണമെന്നാണ് നമ്മളെ പ്രളയം ഒരിക്കൽകൂടി ഓർമ്മിപ്പിച്ചതല്ലേ. മലത്തലപ്പുകളും പുഴത്തീരങ്ങളും കായലോരങ്ങളും സ്വാഭാവികമായ തദ്ദേശീയമായ മരങ്ങൾ സസ്യങ്ങൾ വെച്ച് പരിപാലിക്കുന്നവർക്കും പാടശേഖരങ്ങളിലെ കൃഷിയോഗ്യമാക്കുന്നവർക്കും, മിശ്രിതമായ കൃഷി ചെയ്യുന്നവർക്കും, കുളങ്ങളും തോടുകളും കിണറുകളും സംരക്ഷിക്കുന്നവർക്കും, കുന്നിൻ മുകളിൽ കൃഷിയിടങ്ങൾക്കൊപ്പം പ്രാദേശിക മരങ്ങളും കാവുകളും നിലനിർത്തുന്നവർക്കുമെല്ലാം എന്തുകൊണ്ട് വാർഷിക പ്രതിമാസ പാരിതോഷികങ്ങൾ നല്കിക്കൂടാ. ചുരുങ്ങിയത് അത്തരം ഒരു നീർത്തട പദ്ധതിയുടെ ആവാസവ്യവസ്ഥ പുനസ്ഥാപനത്തിന്റെ ആസൂത്രണത്തിന്റെ ഭാഗമായി മരങ്ങൾ വെയ്ക്കുകയും സുസ്ഥിരമായ തോതിൽ അതിനെ

വിളവെടുക്കുകയും ചെയ്യുന്നവർക്ക്, മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ചെയ്യുന്നവർക്ക് തൊഴിലുറപ്പിൽ പെടുത്തി ഒരു വർഷത്തെ തൊഴിൽ കൂലി കൊടുക്കുന്നത് പ്രാദേശികമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെയ്യാവുന്നതാണ്. കാർബൺഫണ്ടും, ക്യാമ്പയും (Campa), River management Fund, Red++ എന്നിങ്ങനെ പ്രാദേശികവും ദേശീയവും അന്തർദ്ദേശിയവുമായ ധനസോർസുകൾ ഇതിനായി കാര്യക്ഷമമായി ഉപയോഗിക്കാവുന്നതാണ്.

കാനഡയിലും അമേരിക്കയിലും ഓരോ വർഷവും വെള്ളപ്പൊക്കവും കൊടുങ്കാറ്റിനേയും അതിജീവിക്കാൻ സാങ്കേതിക വിദ്യയേയും മനുഷ്യ വിഭവത്തേയും പരുവപ്പെടുത്തിയാണ് മുന്നോട്ടു പോകുന്നത്. മലവെള്ളത്തിലാറാടി അതിനെ ആഘോഷമാക്കി, ഉല്പാദനക്ഷമമാക്കി ജീവിച്ച സംസ്കാരമുള്ളവരാണ് നമ്മുടെ നാട്ടിലെ ദൈവങ്ങൾപ്പോലും. പ്രളയത്തിനു ശേഷം മത്സ്യത്തിലും കൃഷിയിലും ഉണ്ടായ ഉല്പാദനക്ഷമത ആവേശകരമാണ്. ആകെ പഠിക്കേണ്ടത് മലവെള്ളത്തെ ആഘോഷമാക്കാനും പ്രളയത്തെയും വരൾച്ചയേയും അതിജീവിക്കാനുമാണ്. അല്ലാതെ പ്രളയമുണ്ടായ ആളുകളെയും വനത്തിലുള്ളവരെയും യാതൊരു ചിന്തയുമില്ലാതെ മാറ്റിപ്പാർപ്പിക്കാൻ തുടങ്ങിയാൽ കേരളത്തിൽ ഭാവിയിൽ അതിനു മാത്രമേ സമയമുണ്ടാവൂ.  കാലാവസ്ഥ വ്യതിയാനം പ്രകൃതിയെ തിരിച്ചു പിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടേയുള്ളു.

ഏതൊരു സംയോജിത ഊർജ്ജ പരിപാലന സംവിധാനം പോലെ തന്നെ പ്രകൃതി അതിനു നഷ്ടമാകുന്ന ഊർജ്ജത്തിന്റെ സന്തുലനാവസ്ഥ തിരിച്ചു പിടിക്കാനുള്ള ശ്രമം തുടരും. ഊർജ്ജത്തിന്റെ സന്തുലനാവസ്ഥ നിലനിർത്താനുള്ള ഊർജ്ജബന്ധങ്ങളാണ് ആറ്റോമിക കണങ്ങൾക്കുള്ളിലും  അവ തമ്മിൽ തന്മാത്രകളായും വ്യത്യസ്ഥമായ അജൈവലോകം സൃഷ്ടിക്കപ്പെടുന്നത്. ഈ അജൈവകണങ്ങളുടെ ഊർജ്ജസന്തുലനത്തിനായുള്ള പ്രത്യേക കൂടിച്ചേരലുകളാണ് ജീവൻ. അത്തരം ജീവനില്ലാത്തവയും ജീവനുള്ളവയുമായതും ജീവനുള്ളവർ തമ്മിലുള്ള ബന്ധങ്ങളും ബന്ധനങ്ങളുമെല്ലാം ഊർജ്ജത്തിന്റെ വിനിമയബന്ധങ്ങളാണ്. ഊർജ്ജത്തിന്റെ സന്തുലനാവസ്ഥയ്ക്ക് കോട്ടങ്ങളുണ്ടാ വുമ്പോൾ ഊർജ്ജപ്രവാഹങ്ങളുടെ ഗതിവേഗം കൂടുന്നു. അതുതന്നെയാണ് പ്രകൃതിയിലുണ്ടാവുന്ന മൺസൂണിനെ നിയന്ത്രിക്കുന്ന കാറ്റുകളും. ഇതിന്റെ സന്തുലനം ജീവന് സ്വസ്ഥമായി ഇരിക്കാനുള്ള രീതിയിൽ പരുവപ്പെടുത്തി എടുത്തതിന് ഭൂമിയിലുള്ള എല്ലാ ജീവജാലങ്ങൾക്കും പങ്കുണ്ട്. കഴിഞ്ഞ കുറെ കാലങ്ങളായി ഇവയിലുണ്ടായ കുറവ് ,അനിയന്ത്രിതമായി ഭൂമിയിൽ അടച്ചുവെച്ചുണ്ടായ പെട്രോളിയം, കല്ക്കരി പുറത്തെടുത്തുണ്ടാകുന്ന അമിതഊർജ്ജവിനിമയം എല്ലാം കാലാവസ്ഥയുടെ ഗതികളെ കൂടുതൽ തീക്ഷ്ണമാക്കുകയാണ്. കാലാവസ്ഥാവ്യതിയാനം എൽനിനോപ്രതിഭാസം അതായത് തീക്ഷ്ണത കൂടിയ പ്രവചനാതീതമായ വായുവിലെയും ഉള്ളറകളിലെയും ഊർജ്ജപ്രവാഹം ഉത്തരാർദ്ധഗോളത്തിൽ നിന്ന് ദക്ഷിണാർദ്ധഗോളത്തിലേക്കും തിരിച്ചും ആണ്ടോടാണ്ട് പ്രവഹിക്കുന്നതിനെ തടയാൻ എന്തായാലും സാങ്കേതിക വിദ്യക്കാവില്ല, സാമ്പത്തികാവസ്ഥാധിഷ്ടിത ജീവനത്തിലൂടെ മുന്നോട്ടു പോകുന്ന മനുഷ്യസമൂഹത്തിനോ ഭരണകൂടങ്ങൾക്കോ മതസംഘടനകൾക്കോ കഴിയില്ല. ഭൂമിയെ അറിഞ്ഞും ജീവനെ ബഹുമാനിക്കുന്ന പാരസ്പര്യബന്ധങ്ങളുടെ വൈവിദ്ധ്യത്തെ മാനിച്ച് മുന്നോട്ടു പോകുന്ന ആവാസവ്യവസ്ഥ മനുഷ്യർക്കോ അല്ലെങ്കിൽ അതിൽ നിന്നു പാഠങ്ങൾ ഉൾക്കൊള്ളുന്ന വികസനസങ്കൽപ്പങ്ങൾക്കു മാത്രമേ ഈ ആഘാതം കുറയ്ക്കാനാകൂ.

എന്തായാലും മുതലാളിത്തം മുന്നോട്ടുപോയ രാജ്യങ്ങളിൽ ഒന്നും തന്നെ ഇത്തരത്തിൽ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളെ കണക്കിലെടുക്കാത്ത, ആവാസവ്യവസ്ഥ -നദീതട സുസ്ഥിര ചിന്തകളില്ലാത്ത പ്രവർത്തനങ്ങൾ നടപ്പിലാക്കാനെന്നല്ല നിർദ്ദേശിക്കാൻപോലും ഇന്നു കഴിയില്ല. അവരുടെ ആവാസവ്യവസ്ഥാധിഷ്ടിതമല്ലാത്ത ജനതയെ നിലനിർത്താൻ ആയുധകച്ചവടമായും, മതാത്മക-വർഗ്ഗാധിപത്യ ഫാസിസമായും മറ്റു രാജ്യങ്ങളിൽ അസ്ഥിരതയുണ്ടാക്കി ഭൂമിയും വിഭവങ്ങളും സ്വന്തമാക്കി വിഭവ-സാമ്പത്തിക ഭദ്രതയുണ്ടാക്കുന്നു എന്നുമാത്രം. എന്നാൽ കാലാവസ്ഥാ വ്യതിയാനം ഭൂമി ഒന്നാണെന്ന് ഒരിക്കൽകൂടി അവരെ പഠിപ്പിക്കുന്നു. ആഫ്രിക്കയിൽ ചെയ്യുന്ന പ്രകൃതിധ്വംസനം ലോകമാസകലം എത്തുന്നു. പട്ടണങ്ങളിലുള്ളത്  ഹിമാലയത്തെയും ധ്രുവപ്രദേശങ്ങളെയും ബാധിക്കുന്നു. ഇതിൽ ചെയ്യാനുള്ളത് ആവാസവ്യവസ്ഥകളുടെയും, ജീവന്റെയും, സംസ്കാര ങ്ങളുടെയും, ഭാഷയുടെയുമെല്ലാം വൈവിദ്ധ്യത്തെ നിലനിർത്തുകയും പ്രകൃതിയുടെ താളത്തിന് കാതോർത്ത് വികസനസങ്കല്പങ്ങൾ ഉയർത്തുകയും ചെയ്യുക എന്നതാണ്.

ലോകത്ത് മുതലാളിത്തം അതിന്റെ നിലനില്പ്പിനായി വൈവിദ്ധ്യവല്ക്കരിക്കുന്ന പ്രക്രിയ തുടങ്ങിയിട്ട് കാലങ്ങളായി. കൊളോണിയൽ കാലഘട്ടത്തിന് വിഭിന്നമായി നവമുതലാളിത്ത കാലഘട്ടത്തിൽ വൈവിദ്ധ്യാത്മകമായ വികേന്ദ്രീകൃതമായ സാമ്പത്തികകേന്ദ്രങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. എന്തിനധികം പറയുന്നു നിങ്ങൾ നിക്ഷേപിക്കുന്ന ഓഹരി വിപണി തന്നെ വ്യത്യസ്ഥമായ മേഖലകളിൽ ഒരേ സമയം നിക്ഷേപിക്കപ്പെടുന്ന മ്യൂച്ചൽഫണ്ട് നിക്ഷേപങ്ങളായി പരിണമിച്ചതു തന്നെ വൈവിദ്ധ്യത്താൽ മാത്രമേ സുസ്ഥിരത കൈവരിക്കുവാൻ കഴിയുകയുള്ളു എന്നറിഞ്ഞതു കൊണ്ടാണ്.

ഒരു തിരിച്ചുപോക്ക് പ്രകൃതിയിൽ സാധ്യമല്ല, നവോത്ഥാനം എന്നത് പഴയകാലത്തേക്കുള്ള തിരിച്ചുപോക്കല്ല ഊർജ്ജവിനിമയമാർഗ്ഗങ്ങളെ മനസ്സിലാക്കി പുതിയ മാർഗ്ഗങ്ങൾ ഉപയോഗിച്ചും നല്ല ഊർജ്ജസന്തുലനമായ ഒരു സമൂഹത്തെ കെട്ടിപ്പടുക്കലാണ്. മാർക്സ് പറഞ്ഞതുപോലെ മാറ്റമില്ലാത്ത ഒന്ന് മാറ്റത്തിനു മാത്രമാണ്. മാറ്റം എന്നത് ഊർജ്ജസന്തുലിതമല്ലെങ്കിൽ നിലനില്ക്കില്ല. സാമ്പത്തിക മുതലാളിത്തം കെട്ടിപ്പടുത്ത മായക്കാഴ്ചകളിൽ നിന്ന് ലോകകമ്യൂണിസത്തിനുപോലും കരകയറാനായില്ല. ഊർജ്ജത്തിന്റെയും അധികാരത്തെയും കേന്ദ്രീകരിക്കുന്ന യൂറോപ്യൻ മുതലാളിത്തത്തിന്റെ സംവിധാനങ്ങൾ കടമെടുത്തതു മുതൽ ജൈവപരമായ മാറ്റത്തിന് വിധേയമാകാതിരിക്കുകയാണ്. വികേന്ദ്രികൃതമായ ജൈവസമൂഹങ്ങളുടെ ജനായത്തതീരുമാനങ്ങളി ലൂടെയാണ് പ്രകൃതി മുന്നോട്ടു പോകുന്നത്. കർഷകൻ കൃഷി ചെയ്യുന്നതും ആദിവാസി വിഭവങ്ങളെടുക്കുന്നതും, മുക്കുവൻ മത്സ്യം പിടിക്കുന്നതും നമ്മൾ പ്രളയത്തെ അതിജീവിക്കുന്നതുമെല്ലാം സാമ്പത്തികാവസ്ഥയിലധിഷ്ടിതമായ സംസ്കാരത്തിലൂടെയല്ലായെന്നത് നമുക്കിന്ന് അനുഭവപാഠമാണ്.

ജനപങ്കാളിത്തമില്ലാത്ത ജനപ്രതിനിധിസഭകളല്ല മറിച്ച് ജനപങ്കാളിത്തമുള്ള ജനായത്ത സഭകളാണ്. (ഗ്രാമസഭകളാണ്) . ഒന്നിച്ചൊരു പ്രദേശത്ത് ഒരു വർഗ്ഗമായി, ഒരു ദേശമായി പാരസ്പര്യത്തിലേർപ്പെടുന്ന ജനസമൂഹങ്ങൾ അതിനടുത്ത ജൈവസമൂഹങ്ങളോടു കൂടി സംവദിച്ച് തീരുമാനമെടുക്കുന്ന യഥാർത്ഥ ജനാധിപത്യത്തെ ആശ്രയിക്കുമ്പോഴേ ആവാസവ്യവസ്ഥാധിഷ്ടിതമായ, സുസ്ഥിരമായ വികസന പ്രക്രിയ സാധ്യമാകൂ. പുഴയിലൂടെ എപ്പോഴൊക്കെ ഏതൊക്കെ അളവിൽ വെള്ളം വിടണം എന്ന് തീരുമാനിക്കുന്നതിന്, വയലുകളിൽ കൃഷിയിറക്കുന്നതിനും, ക്വാറികൾ വേണമോയെന്നു തീരുമാനിക്കുന്നതിന് എല്ലാം തന്നെ ആദിവാസി മേഖലകളെ പോലെ (ഭരണഘടനയുടെ 5-6 ഷെഡ്യൂളുകൾപ്രകാരം), വനാവകാശ നിയമത്തിലെ ഗ്രാമസഭകളുടെ അധികാരം പ്രതിപാദിക്കുന്നപോലെ, വികസിത രാജ്യങ്ങളിൽ പുഴയോര ജനസഭകൾ (Riparian Associations), പട്ടണങ്ങളിൽ റസിഡന്റ്സ് അസോസിയേഷനുകൾപോലെ,  കടൽത്തീരത്ത് കടലോര വാസികൾ എന്നപോലെ ജനപങ്കാളിത്ത സഭകൾക്കു കൂടുതൽ തീരുമാനമെടുക്കുന്നതിനുള്ള അധികാരവും ആവാസവ്യവസ്ഥ പുന:സ്ഥാപന പരിപാലനനിരീക്ഷണ പങ്കാളിത്തവും കൊടുത്തെങ്കിലും മാത്രമേ എത്ര ചങ്കുള്ള ഭരണാധികാരിക്കും മുന്നോട്ടു പോകാനാകൂ. ശ്രീനാരായണഗുരു, അയ്യങ്കാളി എന്നിങ്ങനെയുള്ളവർ മതഭ്രാന്തുകളുടെ അതിർവരമ്പുകൾ ഭേദിക്കാനുള്ള സാംസ്കാരിക വിപ്ലവം നടത്തിയ കേരളത്തിൽ വീണ്ടും പ്രതീക്ഷക്ക് ഏറെയുണ്ട്.

# അഭിനന്ദനങ്ങൾ



**ശ്രീകുമാരി രാമചന്ദ്രന്റെ വിവർത്തനഗ്രന്ഥമായ 'ഹിമാലയൻ ഒഡീസി' ഡൽഹിയിൽ വെച്ച് ഉപ രാഷ്ട്രപതി ശ്രീ. വെങ്കയ്യാ നായിഡു പ്രകാശനം നിർവ്വഹിച്ചു. പെൻഗ്വിൻ റാൻഡം ഹൗസ് ആണ് പ്രസാദകൻ. ശ്രീ. എം.പി. വീരേന്ദ്രകുമാർ രചിച്ച 'ഹൈമവതഭൂവിൽ' എന്ന മലയാള ഗ്രന്ഥ ത്തിന്റെ ഇംഗ്ലീഷ് പരിഭാഷയാണ് 'ഹിമാലയൻ ഒഡീസി'.**

## 2019 നവംബർ മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**പി. കെ. നന്ദകുമാർ**
L/2661, 7 സി,
ലിങ്ക് ഹെറിറ്റേജ് ചിറ്റൂർ റോഡ്
കൊച്ചി - 682018



**വി. കെ. കൃഷ്ണൻകുട്ടി**
L/4716, 10 ഡി, സിൽവർ ഓക്ക്
സ്കൈലൈൻ, ജവഹർ നഗർ
കൊച്ചി - 682020

(തുടർച്ച)

# ഇന്ത്യ മുന്നോട്ട് കുതിക്കട്ടെ.... പിന്നോട്ടു വലിക്കരുത്....

ഡോ. പത്മനാഭൻ

ഇൻഡ്യയുടെ കുതിപ്പിന് കടിഞ്ഞാ ണിടാൻ പല ശക്തികളും ഇൻഡ്യയ്ക്ക കത്തും പുറത്തും ശ്രമം നടത്തുന്നതിന്റെ തെളിവുകൾ പല വിധത്തിൽ വന്നുകൊണ്ടേ യിരിക്കുന്നു. ഇത്തരം പ്രതികൂല ഘടകങ്ങൾ പരിശോധിച്ച് വേണ്ട നിയമങ്ങളോ നടപടികളോ സർക്കാരു തലത്തിൽ ഉണ്ടാക്കിയെടുക്കേണ്ടത് അത്യധികം അനിവാര്യമാണെന്ന് താഴെ വിവരിക്കുന്ന ഉദാഹരണങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയെന്ന രാഷ്ട്രം അഥവാ ഉപഭൂഖണ്ഡം വാർത്തെടുക്കാൻ ശിഥിലീകരിച്ചു കിടന്ന നാട്ടുരാജാക്കന്മാർക്ക് പ്രിവിപേഴ്സും മറ്റാനുകൂല്യങ്ങളും നൽകി നാട്ടുരാജ്യങ്ങളെ ഇൻഡ്യയുടെ ഭാഗമാക്കിത്തീർത്തു. അക്കൂട്ടത്തിൽ ജമ്മുവിനും കാശ്മീരിനും പ്രിവിപേഴ്സുമാതിരി പ്രത്യേക ആനൂകൂല്യങ്ങൾ നൽകി. സ്വാതന്ത്ര്യം ലഭിച്ച സമയത്ത് മുഹമ്മദാലി ജിന്ന ഗാന്ധിജിയെ സഹോദരതുല്യനായി കാണുമെന്ന് ധരിപ്പിച്ച് അവസാനം മുസ്ലീം രാഷ്ട്രമായി പാകിസ്ഥാനെ സൃഷ്ടിക്കാൻ വേണ്ടി കാലുവാരി. അങ്ങനെ മുസ്ലീം ഭൂരിപക്ഷ പ്രദേശമായ പാകിസ്ഥാനുണ്ടായി. അല്ലായി രുന്നുവെങ്കിൽ പാകിസ്ഥാൻ ഇൻഡ്യയുടെ ഭാഗമായി ഒരൊറ്റ വലിയ രാഷ്ട്രമായി ത്തീരുമായിരുന്നു. മുസ്ലീങ്ങളും ഹിന്ദുക്കളു മുള്ള ജമ്മുവും കാശ്മീരും പ്രത്യേക ആനുകൂല്യങ്ങളോടെ നിലവിൽ വന്നു. പക്ഷേ ഇൻഡ്യൻ ഭരണഘടനയിൽ ഈ പ്രത്യേക ആനുകൂല്യങ്ങളും പദവിയും താൽക്കാലികമാണെന്നും അവ എന്നു വേണമെങ്കിലും എടുത്തു കളയാൻ ഇൻഡ്യയ്ക്ക് പാരലമെന്റിന്റെ അംഗീകാരം മാത്രം മതിയെന്നും, ഈ പ്രക്രിയ ഇൻഡ്യയുടെ ആഭ്യന്തരകാര്യപ്രക്രിയ മാത്രമാണെന്നും ഭരണഘടനയുടെ 370-ാം അനുഛേദത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. സത്യാവസ്ഥ ഇങ്ങനെയായിരിക്കെ ഇൻഡ്യയിലെ ചില രാഷ്ട്രീയ നേതാക്കൾ ഈ പ്രക്രിയക്കെതിരെ അപസ്വരങ്ങൾ സൃഷ്ടിക്കുകയും തങ്ങൾക്ക് ജമ്മുവിലും കാശ്മീരിലും പോയി സ്ഥിതിഗതികൾ വിലയിരുത്തണമെന്ന് ശാഠ്യം പിടിക്കുകയും ചെയ്തത് ഭരണഘടനാ വിരുദ്ധമായ നീക്കങ്ങളായിരുന്നുവെന്നത് അപലപനീയം തന്നെ.

ഇൻഡ്യയുടെ സുപ്രിംകോടതിയിൽ ജമ്മുവിന്റെയും കാശ്മീരിന്റെയും പ്രത്യേക പദവി എടുത്തു കളഞ്ഞതിനെതിരായി കോടതി ഇടപെടണമെന്നാവശ്യപ്പെട്ടു ചില ഗ്രൂപ്പുകൾ സമർപ്പിച്ച ഹർജിയിന്മേൽ പാർലമെന്റിന്റെ തീരുമാനത്തിൽ ഇടപെടാൻ കോടതിക്കാവില്ലെന്ന് കാണിച്ച് ഹർജികൾ കോടതി തള്ളിയതും നമ്മൾ കണ്ടതാണ്. ഇൻഡ്യയിലെ ഓരോ പൗരനും ഇൻഡ്യൻ ഭരണഘടനയേയും രാഷ്ട്രത്തിന്റെ അഖണ്ഡത യെയും കാത്തു സൂക്ഷിക്കേണ്ടതാണ്. ഇതിന് വിപരീതമായി പ്രവർത്തിക്കുന്നവർ ഇൻഡ്യയുടെ കുതിപ്പിനെ പിറകോട്ടു വലിക്കുന്ന ഗണത്തിൽ പെടുന്നവരാണെന്ന് പറയേണ്ടി വരും. കാശ്മീർ കാര്യം ഊതി വീർപ്പിക്കാനും തെറ്റിദ്ധാരണ പരത്താനും പ്രതിപക്ഷ പാർട്ടികളും വിദേശ ഏജൻസികളും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ചില സ്പോസേർഡ് ലേഖനങ്ങൾ ഇന്ത്യയുടെ കാശ്മീർ നടപടിയെ വിമർശിക്കുന്നതായും വായിക്കാനിടയായി. ഇന്ത്യയുടെ ആഭ്യന്തര കാര്യങ്ങളെ വിമർശിക്കാൻ സ്പോസേർഡ് ലേഖകർക്കെന്തു കാര്യം? കാശ്മീർ വിഷയത്തിലെന്നല്ല ഏതു പ്രശ്നങ്ങളിലും ഹിന്ദുസമുദായങ്ങൾ ഒരുമിച്ചു നിന്നാൽ 54.7% ആളുകളുടെ പിന്തുണ കേരളത്തിലുണ്ടാകും. താത്വിക രാഷ്ട്രീയത്തിൽ നിന്നു പ്രായോഗിക രാഷ്ട്രീയത്തിലേക്ക് മാറേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ശാസ്ത്രലോകത്ത് ഇൻഡ്യയുടെ കുതിപ്പിന്റെ മകുടോദാഹരണങ്ങളാണ് മംഗൾയാൻ, ചന്ദ്രയാൻ, ക്രയോജനിക് റോക്കറ്റ് പ്രൊപ്പൽ വഴി അനേകലോക രാജ്യങ്ങളുടെ ഉപഗ്രഹങ്ങൾ ഭ്രമണപഥത്തിലെത്തിച്ച് വ്യാവസായിക ലാഭം നേടുക മുതലായ നേട്ടങ്ങൾ. ചന്ദ്രന്റെ ഉപരിതലത്തിൽ സാവധാനം ലാൻഡറെ ഇറക്കുക എന്ന ദൗത്യത്തെ നിയന്ത്രിച്ചിരുന്ന കമ്പ്യൂട്ടർ പ്രോഗ്രാമിൽ അപ്രതീക്ഷിതമായി നേരിട്ട പിഴവ് (അഥവാ കൃത്യമായി പ്രവർത്തിക്കാത്ത അവസ്ഥ) ഒഴിച്ചാൽ ചന്ദ്രയാൻ ദൗത്യം നേട്ടം തന്നെയായിരുന്നു. അടുത്ത വർഷത്തെ ചന്ദ്രയാൻ 2 ൽ ഇതുനേടുമെന്നുള്ളതിൽ സംശയമില്ല. അങ്ങനെ ലോകത്തിലെ നാലാമത്തെ ബഹിരാകാശ ശക്തിയായി ഇൻഡ്യ കുതിക്കു മ്പോൾ അതിനെ നിശിതമായി വിമർശിക്കുന്ന





രാഷ്ട്രീയ പാർട്ടികളും സംഘടനകളും ഇന്ത്യയ്ക്കകത്തും പുറത്തും നിന്ന് ഇന്ത്യയുടെ കുതിപ്പിനെ തളർത്തുകയാണ്. ശാസ്ത്രത്തിന്റെ പുരോഗതിയിൽ കൂടി മാത്രമേ ഒരു രാജ്യത്തിന് സാമ്പത്തികശക്തിയാകാൻ സാധിക്കുക യുള്ളൂവെന്ന പരമാർത്ഥം സൗകര്യപൂർവ്വം മറന്നു പോകുന്നുവെന്നുവേണം അനുമാനിക്കാൻ. ശാസ്ത്ര പുരോഗതിക്കു കടിഞ്ഞാണിടുന്ന സ്ഥിതിവിശേഷമാണ് നമ്മുടെ സർവ്വകലാശാല കളിൽ നിന്ന് ഈയിടെയായി വരുന്ന ഞെട്ടിപ്പിക്കുന്ന രാഷ്ട്രീയ ഇടപെടലു കളെക്കുറിച്ചുള്ള കഥകൾ. ഈ ദുരവസ്ഥയെ എങ്ങിനെ നേരിടാമെന്ന് അടുത്ത ലേഖനത്തിൽ പ്രതിപാദിച്ചുകൊള്ളാം. ഒരു രാഷ്ട്രത്തിന്റെ പുരോഗതിയുടെ നെടുംതൂണുകളായ സർവ്വകലാശാലകൾ പുരോഗതിയുടെ ആക്കത്തിനു വേഗം കുറയ്ക്കാനിടവരുത്തുന്ന സ്ഥിതിവിശേഷങ്ങൾ മാറ്റിയെടുക്കാൻ പ്രാപ്തമാകുന്ന വിധത്തിൽ പുരോഗമിക്കേ ണ്ടതുണ്ട്.

ഭരണനിർവ്വഹണത്തിനു വേണ്ടി ലോകത്തിനു തന്നെ മാതൃകയായ ഒരു മോഡൽ ആണ് ഇന്ത്യയുടെ ഐ.എ. എസ്, ഐ.എഫ്. എസ്, ഐ.പി. എസ് കേഡറുകൾ. ലാൽബഹദൂർശാസ്ത്രി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്മിനിസ്ട്രേഷനിൽ നിന്നു പരിശീലനം നേടി വരുന്ന ഈ മികവിന്റെ ഉദ്യോഗസ്ഥവൃന്ദം പലപ്പോഴും രാഷ്ട്രീയ പാർട്ടികളുടെ ചട്ടുകങ്ങളായി മാറേണ്ടി വരുന്നുവെന്നുള്ളത് ഇൻഡ്യയുടെ പുരോഗതിക്കു ആക്കം കുറയ്ക്കുന്ന സ്ഥിതിവിശേഷം സൃഷ്ടിക്കപ്പെടുക തന്നെ ചെയ്യും. കാശ്മീർ പ്രശ്നത്തിൽ അഭിപ്രായ സ്വാതന്ത്ര്യ മില്ലാത്തതിനാൽ ഐ.എ. എസ് ജോലി ഉപേക്ഷിച്ച് പോയ ഒരു ഉദ്യോഗ സ്ഥന്റെ കഥ ഈ അടുത്ത കാലത്ത് കേൾക്കാനിടയായി. ഇത്രയധികം ഇൻവെസ്റ്റുമെന്റ് നടത്തി വാർത്തെടുത്ത ഒരാൾ ഇങ്ങനെ ചെയ്യുന്നത് അത്യുന്നത ഉദ്യോഗസ്ഥരിലും സേവന മികവിനു പകരം രാഷ്ട്രീയ ചായ്വോടുകൂടി ഇന്ത്യയുടെ പുരോഗതിക്കു സഹായകമാകാതെ വരുന്നു വെന്നതിന്റെ ദയനീയ ഉദാഹരണം തന്നെയാണ്. മികവിന്റെ മകുടോദാഹരണങ്ങളായി രാജ്യത്തിന്റെ കുതിപ്പിനെ സഹായിക്കാൻ വേണ്ടി സ്ഥാപിതമായ ഇത്തരം കേഡറുകൾ രാജ്യത്തെ പിറകോട്ടു വലിക്കാതെ ശ്രദ്ധിക്കണമെന്ന് നമുക്ക് ആശിക്കാം.

## കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്
## 95-മത് സ്ഥാപകദിനവും, കുടുംബസംഗമവും

എറണാകുളം കരയോഗത്തിന്റെ 95-മത് സ്ഥാപകദിനവും, കുടുംബസംഗമവും 2019 ഡിസംബർ 25ന് രാവിലെ 10.00 മണിയ്ക്ക് ടി.ഡി.എം. ഹാളിൽ ആരംഭിക്കും. കുടുംബസംഗമത്തിൽ പങ്കെടുക്കുന്ന കരയോഗാംഗങ്ങൾക്ക് ഭക്ഷണകൂപ്പണുകൾ ഡിസംബർ 15 മുതൽ 22 വരെ കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. കരയോഗം ഐഡന്റിറ്റി കാർഡ് ഹാജരാക്കി കൂപ്പണുകൾ കൈപ്പറ്റണമെന്ന് അഭ്യർത്ഥിക്കുന്നു. അംഗങ്ങൾക്ക് 50 രൂപയും അവരുടെ അതിഥികളായി വരുന്നവർക്ക് 100 രൂപയുടെയും കൂപ്പണുകൾ എടുക്കേണ്ടതാണ്. 10 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് കൂപ്പണുകൾ എടുക്കേണ്ടതില്ല. കുടുംബസംഗമത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും ഭക്ഷണം ഉറപ്പു വരുത്തുന്നതിനും ക്രമാതീതമായ തിരക്ക് നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് ഈ ക്രമീകരണം ഏർപ്പെടുത്തിയിട്ടുള്ളത്. ഡിസംബർ 25 ചൊവ്വാഴ്ച രാവിലെ അഞ്ചു മണിക്ക് അഷ്ടദ്രവ്യ ഗണപതി ഹോമത്തോടെ പരിപാടി ആരംഭിക്കുന്നു. തുടർന്ന് രാവിലെ 9.30 മണിക്ക് വിവിധ കലാ സാംസ്കാരിക പരിപാടി അവതരിപ്പിക്കുന്നു. രാത്രി എട്ടരയ്ക്ക് അയ്യപ്പപാട്ടോടു കൂടി പരിപാടികൾ പൂർണ്ണമാകുന്നു. രാവിലെ : 5.00 ന് പുലിയന്നൂർ ശശി നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ കരയോഗം വിഘ്നേശ്വര ക്ഷേത്രത്തിൽ അഷ്ടദ്രവ്യ ഗണപതി ഹോമം, സുദർശന ഹോമം നവകം പഞ്ചഗവ്യം, എറണാകുളം ശിവക്ഷേത്രത്തിൽ കരയോഗം വക ആയിരത്തൊന്നു കുടം ധാര എന്നിവ ഉണ്ടായിരിക്കും

| | | |
|---|---|---|
| 10.00 മുതൽ | : | വിവിധ കലാപരിപാടികൾ സംഘഗാനം, നൃത്തനൃത്യങ്ങൾ, സ്കിറ്റ്, കവിതാപാരായണം, ഇൻസ്ട്രുമെന്റൽ മ്യൂസിക് |
| ഉച്ചയ്ക്ക് 1 മണിക്ക് | : | ഉച്ചഭക്ഷണം |
| 2.00 മണിക്ക് | : | ഗാനാലാപനം |
| 3.15 ന് | : | തംബോല |
| വൈകിട്ട് 4.15 ന് | : | ലഘു ഭക്ഷണം |
| 6 മുതൽ 8.30 വരെ | : | അയ്യപ്പൻപാട്ട് |
| 8.30 ന് | : | അത്താഴഭക്ഷണം |

എല്ലാ കരയോഗാംഗങ്ങളേയും കുടുംബസമേതം പങ്കെടുക്കുവാൻ സാദരം ക്ഷണിച്ചു കൊള്ളുന്നു.

*ജനറൽ സെക്രട്ടറി*

# ശാസ്ത്രത്തിന്റെ ചരിത്രം, ദർശനം - ഭാഗം 1

സി. രാമചന്ദ്രൻ. ഫോൺ : 9995820684

## മുഖവുര

പുതിയൊരു പരമ്പര ആരംഭിക്കുകയാണ്. മനുഷ്യമസ്തിഷ്കത്തെക്കുറിച്ച് മുമ്പ് പ്രസിദ്ധീകരിച്ച ലേഖനങ്ങൾക്കു ലഭിച്ച ചിലനല്ല അഭിപ്രായങ്ങളാണ് പുതിയതിനു പ്രേരണയാകുന്നത്. ശാസ്ത്രത്തെക്കുറിച്ചാണ് ഇത്. ആധുനികശാസ്ത്രത്തിന് അഞ്ഞൂറു വയസ്സു പ്രായമേയുള്ളൂ വെങ്കിലും മനുഷ്യന്റെ പ്രാചീനമായ അന്വേഷണങ്ങൾക്ക് അൻപതിനായിരത്തിലധികം വർഷങ്ങളുടെ ചരിത്രമുണ്ട്. പ്രപഞ്ചത്തിലെ എന്തിനും ഒരു ചരിത്രമുണ്ടല്ലോ. അത് ഒരു ചെറിയ അണുവിന്റേത് എന്നതു മുതൽ വലിയ പ്രപഞ്ചത്തിനുവരെ ബാധകമാണ്. ബൃഹത്തായ പ്രപഞ്ചവുമായി താരതമ്യപ്പെടുത്തു മ്പോൾ തികച്ചും അഗണ്യമായ സൗരയൂഥവും അതിലെ ഭൂമി എന്ന വലുതല്ലാത്ത ഗ്രഹവും അതിലെ തന്നെ ചെറിയ മനുഷ്യനുമുള്ള പ്രാധാന്യം അവന്റെ ചിന്തിക്കുന്ന മസ്തിഷ്കമാണ്. പ്രപഞ്ചത്തെ മനസ്സിലാക്കുവാൻ കെല്പുള്ള ഒരേയൊരു വസ്തു, ഇന്നത്തെ അറിവിൽ പരിണാമത്തിന്റെ പരമകാഷ്ഠയിലുണ്ടായ മസ്തിഷ്കമാണ്. ചിന്തിക്കുന്ന ജന്തു എന്ന നിലയ്ക്ക് തന്നെയാണ് മനുഷ്യന് ചരിത്രമെഴുതാൻ കഴിയുന്നത്. ശാസ്ത്രസാങ്കേതികത്വത്തിന്റെ വികാസപരിണാമങ്ങളെക്കുറിച്ചാണ് ഈ പരമ്പര.

ശാസ്ത്രം എന്ന പദം ഇതിൽ ഉപയോഗിക്കുന്നത് സയൻസ്, മോഡേൺ സയൻസ് എന്ന അർത്ഥത്തിലാണ്. മലയാളത്തിൽ പക്ഷെ ശാസ്ത്രമെന്ന പദംകൊണ്ട് പല അനർത്ഥങ്ങളുമുണ്ടാകുന്നുണ്ട്. ശാസിക്കുന്നതു ശാസ്ത്രം എന്നാണ് അതിന്റെ പരമ്പരാഗത വിവക്ഷ. അങ്ങിനെയാണ് ഹോരശാസ്ത്രം, വാസ്തുശാസ്ത്രം, കാമശാസ്ത്രം, പല്ലിശാസ്ത്രം എന്നിവയെല്ലാം ശാസ്ത്രമാകുന്നത്. പക്ഷെ ഇവിടെ ഈ ലേഖനപരമ്പരയിൽ അത്തരത്തിലല്ല ഉദ്ദേശിക്കുന്നത്. സയൻസ് എന്നു തന്നെയാണ്. യുക്തിഭദ്രവും വസ്തുനിഷ്ഠവും ക്രമവൽകൃതവുമായ ചിന്താപദ്ധതിയും കർമ്മപരിപാടിയുമാണ് ശാസ്ത്രവും സാങ്കേതിക ശാസ്ത്രവും. സയൻസ് എന്ന പദത്തിനുസമാനം വയ്ക്കാവുന്ന ഒരു പദം മലയാളത്തിലില്ല.

കുറ്റമറ്റ അന്വേഷണരീതിയാണ് ശാസ്ത്രത്തെ ശാസ്ത്രമാക്കുന്നത്. കുറ്റാന്വേഷണരീതി തന്നെ ഉദാഹരണം. അവിടെ തെളിവുകൾക്കാണ് പ്രാധാന്യം. തൊണ്ടി, സാക്ഷി, സാഹചര്യം, മൊഴി. രേഖ, ഫോറൻസിക് എന്നിങ്ങനെയാണ് അന്വേഷണ രീതി. ഇതു തന്നെയാണ് ശാസ്ത്രത്തിന്റെ രീതി. തെളിവുകളുടെ അഭാവത്തിൽ അന്വേഷണം ഫലവത്താകില്ല. മഷിനോക്കിയും പ്രശ്നംവച്ചും കുറ്റവാളിയെ തീരുമാനിക്കാനാവില്ല. എന്തെന്നാൽ അതു ശാസ്ത്രീയമല്ല. ന്യായാധിപൻ മഷിനോട്ട വിശ്വാസിയായാൽപോലും അതു വിധിയെ ബാധിക്കാൻ പാടില്ല. കാരണം അത് യഥാർത്ഥ ശാസ്ത്രത്തിനു നിരക്കുന്നതല്ല.

ശാസ്ത്രതത്വങ്ങൾ ഭൗതികശാസ്ത്രത്തിനും ജീവശാസ്ത്രത്തിനും ഗണിതത്തിനും മാത്രമല്ല ബാധകം. ഏതൊരു വിഷയത്തേയും മേൽപ്പറഞ്ഞ ശാസ്ത്രീയ രീതിയിൽ സമീപിക്കുമ്പോൾ അത് ശാസ്ത്രമായി മാറുന്നു. ഭൗതികശാസ്ത്രവും ജീവശാസ്ത്രവും ഗണിതവും മറ്റും മാത്രമല്ല സാമൂഹ്യവിഷയങ്ങളും അങ്ങിനെ ശാസ്ത്രമായി മാറും. രാഷ്ട്രതന്ത്രവും സാമ്പത്തിക ശാസ്ത്രവുമെല്ലാം ശാസ്ത്രമാവുന്നതങ്ങനെയാണ്. നരവംശശാസ്ത്രവും പുരാവസ്തു ശാസ്ത്രവും ഇതിനിടയിലുണ്ട്.

ശാസ്ത്രവിഷയങ്ങൾ പഠിച്ചതുകൊണ്ടോ, ശാസ്ത്രജ്ഞൻ എന്ന തസ്തികയിൽ ഇരുന്നു എന്നതുകൊണ്ടോ ഒരാൾക്ക് ശാസ്ത്രബോധമുമുണ്ടായിക്കൊള്ളണമെന്നില്ല. ശാസ്ത്രത്തിലൂടെയുള്ള വീക്ഷണമാണ് ഒരാൾക്ക് ശാസ്ത്രബോധം നൽകുന്നത്. ശാസ്ത്രജ്ഞ പദവിയിലിരുന്നുകൊണ്ട് തന്നിൽ ഏല്പിക്കപ്പെട്ട കർത്തവ്യങ്ങൾ നിർവ്വഹിക്കുന്ന ഒരാൾ സ്വകാര്യജീവിതത്തിൽ ദുർമന്ത്രവാദത്തിലും, ഹസ്തരേഖാ ശാസ്ത്രത്തിലും വിശ്വസിക്കുന്നുണ്ടാകാം. അതിൽ അത്ഭുതമില്ല. നീതിബോധമില്ലാത്ത നിയമജ്ഞന്മാരും ചരിത്രബോധമില്ലാത്ത ചരിത്രകാരന്മാരും മറ്റും നമുക്കു ചുറ്റും എമ്പാടുമുണ്ടല്ലോ. ശാസ്ത്രം എന്ത് , കപടശാസ്ത്രം എന്ത് എന്നു തിരിച്ചറിയേണ്ടത് ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെത്തി നില്ക്കുന്ന ഒരു ആധുനിക മനുഷ്യന്റെ സ്വന്തം ബാധ്യതയാണ്.

ശാസ്ത്രവിജ്ഞാനത്തെക്കുറിച്ചു പറയുമ്പോൾ, അത് യൂറോകേന്ദ്രീകൃതമെന്നോ, പാശ്ചാത്യമെന്നോ, പൗരസ്ത്യമെന്നോ എന്നെല്ലാം വ്യവച്ഛേദിക്കുന്നതായി കണ്ടിട്ടുണ്ട്. ഇത് ശരിയാണെന്നു തോന്നുന്നില്ല. ഭൂമിയുടെ വലുപ്പം അറിയാതിരിക്കുകയും, തങ്ങളുടെ കാർഷിക നദീതട ജീവിതമാണ് ഭൂമിയുടെയും പ്രപഞ്ചത്തിന്റെയും കേന്ദ്രമെന്നു ധരിക്കുകയും ചെയ്തിരുന്നവർ ലോകത്തിന്റെ പല ഭാഗത്തുമുണ്ടായിരുന്നു. പ്രാകൃതമായ പ്രസ്തുത ധാരണയുടെ പരിഷ്കരണത്തിനു വിധേയമാകാത്ത ഭാഷ്യം തുടർന്നും നിലനില്ക്കുന്നു എന്നതാണ് മനസ്സിലാക്കാനുള്ളത്. അറിവ് എന്നത് പൊതുവാണ്. ആർക്കമിഡിസ് തത്വവും പൈത്തഗോറസ്തിയറവും ഗ്രീക്കുകാരുടേതല്ല. ന്യൂട്ടന്റെ സിദ്ധാന്തങ്ങൾ ബ്രിട്ടന്റെയോ, ഐൻസ്റ്റൈന്റെ ആപേക്ഷിക സിദ്ധാന്തം ജർമ്മനിയുടെയോ, സ്വകാര്യ സ്വത്തല്ല. ബൗദ്ധിക സ്വത്തവകാശ നിയമത്തിനുപോലും കാലാവധിയുണ്ട്. കണ്ടുപിടുത്തക്കാരന് പാരിതോഷികവും പ്രോത്സാഹനവുമായിട്ടാണതു നൽകുന്നത്. അതിനുശേഷം അത് മനുഷ്യരാശിയുടെ പൊതുസ്വത്താണ്.

പ്രാചീനമായ അറിവുകൾ ബാബിലോണിയയിൽ നിന്നും ഈജിപ്റ്റിൽ നിന്നും ഗ്രീസിൽ നിന്നും ഇന്ത്യയിൽ നിന്നും ചൈനയിൽ നിന്നും മറ്റും ഉറവയെടുത്തിരുന്നു. അത് സഞ്ചാരികളിലൂടെയും വ്യാപാരികളിലൂടെയും മറ്റും കലരുകയും ചെയ്തിരുന്നു. അന്നു മുതൽക്കു തന്നെ അതിന് സാധ്യമായ തരത്തിലുള്ള ഭൂഖണ്ഡാന്തരവ്യാപനമുണ്ടായിരുന്നു. ജ്യോതിശാസ്ത്ര വിഷയത്തിലെ ഐക്യരൂപ്യത അതിനു തെളിവാണ്. അറിവിനെ അതിർത്തി വരമ്പുകളിൽ തളച്ചിടുവാൻ ഇനിയങ്ങോട്ട് കഴിയുകയുമില്ല. രാഷ്ട്രീയ നേതാക്കളുടെ ശൗര്യം അതിർത്തികൾക്കകത്തേ വിലപ്പോകൂ. എന്നാൽ ശാസ്ത്രജ്ഞന്റെയും കലാകാരന്റെയും കാര്യം അതുപോലെയല്ല.

ചരിത്രത്തെ മാറ്റി മറിക്കുന്നത് വൈജ്ഞാനിക വിപ്ലവങ്ങളും പുതിയ ഊർജ്ജസ്രോതസ്സുകളുടെ കണ്ടുപിടുത്തങ്ങളുമാണ്. പുതിയ ഊർജ്ജസ്രോതസ്സുകൾക്കനുസരിച്ച് ഉപകരണങ്ങളും ആയുധങ്ങളും പരിഷ്കരിക്കുന്നതിനനുസരിച്ചാണ് ജീവിതസാഹചര്യങ്ങൾ മാറുന്നതും വ്യവസ്ഥിതികളിൽ മാറ്റം വരുന്നതും. ആദ്യകാലത്ത് കണ്ടുപിടിച്ചു പയോഗിക്കപ്പെട്ട മൃഗങ്ങളുടെ പേശീബലം, അഗ്നി, കാറ്റ്, ഒഴുക്ക് എന്നിവ അടിമവ്യവസ്ഥയുടെയും തുടർന്ന് നാടുവാഴിത്തത്തിന്റെയും പശ്ചാത്തലമായി. വെടിമരുന്നിന്റെയും ഫോസിൽ ഇന്ധനങ്ങളുടെയും വരവും തുടർന്നുണ്ടായ ഗതാഗതവിപ്ളവവും ആയുധങ്ങളുടെ വികസനവുമാണ് നാടുവാഴിത്തത്തിന്റെ നടുവൊടിക്കാനും മുതലാളിത്തത്തിനു മുന്നേറാനും സാമ്രാജ്യജനാധിപത്യത്തിന് പിടിമുറുക്കാനും വഴിയൊരുക്കിയത്. മിസൈലുകളും ആണവബോംബുകളുമാണ് ഇന്ന് അദൃശ്യശക്തികളായി ഉള്ളറകളിലിരുന്നുകൊണ്ട് ചരിത്രത്തെ നിയന്ത്രിക്കുന്നത്.

ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് ലോകത്തെ ബൗദ്ധികമായി ഉയരങ്ങളിലേക്ക് നയിക്കുകയും ഭൗതികമായി പരിവർത്തനം ചെയ്യുകയും ചെയ്ത ശാസ്ത്രസാങ്കേതിക രംഗത്തിന്റെ ചരിത്രം ഇവിടെ തുടങ്ങാമെന്നു വിചാരിക്കുന്നത്. ഭൂതകാലത്തെക്കുറിച്ചുള്ള അറിവ് ഭാവിയെ വിഭാവന ചെയ്യുവാനും ആസൂത്രണ രൂപരേഖ വരയ്ക്കുവാനും ശോഭനമായഒരു ലോകത്തെ വാർത്തെടുക്കുവാനും സഹായിക്കും. നദീതട സംസ്കാരങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞു തുടങ്ങിയ സാങ്കേതിക സൂത്രങ്ങളുടെ പോരായ്മകൾ തീർത്തു പരിഷ്കരിച്ചാണ് തലമുറകൾ കടന്നു മുന്നേറി , ഇന്നത്തെ ഈ സ്ഥിതിയിലെത്തിയത്. പ്രകൃതിയെയും പ്രപഞ്ചത്തെയും മനസ്സിലാക്കലും അതിന്റെ നിയമങ്ങളെ നിർദ്ധാരണം ചെയ്യലും അതിനനുസരിച്ച് ജീവിതത്തെ കരുപ്പിടിപ്പിയ്ക്കുക എന്നതുമാണ് ശാസ്ത്രത്തിന്റെ കടമ. ഇത് ഏതെങ്കിലും ഒരു ശാസ്ത്രജ്ഞർ ഒറ്റക്കിരുന്നു ചെയ്യുന്നതല്ല, മറിച്ച് കൂട്ടായ ഉദ്യമമാണ്. ഒരു സാമൂഹ്യനിർമ്മിതി എന്ന നിലയുള്ളതുകൊണ്ട് ഏതൊരു ശാസ്ത്രജ്ഞനും സമൂഹത്തിന്റെ ഭാഗമാണ്. ഉത്പാദനശക്തികളുടെ ഉപഭോഗമായി പ്രവർത്തിക്കുവാനേ അയാൾക്ക് കഴിയൂ. അനേകം ശാസ്ത്രജ്ഞന്മാരുടെയും സാങ്കേതിക വിദഗ്ദ്ധരുടെയും ത്യാഗപൂർവ്വമായ കൂട്ടായ്മയാണ് ലോകത്തെ ഇന്ന് ഈ സ്ഥിതിയിലെത്തിച്ചത് എന്ന് നാം മറക്കുവാനും പാടില്ല.

# വൈദ്യശാസ്ത്രത്തിന്റെ ചരിത്രം

ഡോ. വിജയലക്ഷ്മി മേനോൻ ഫോൺ : 9846034643

വൈദ്യശാസ്ത്രത്തിന്റെ ചരിത്രം അതിബൃഹത്തും ആഴമേറിയതുമാണെന്ന് പറയേണ്ടതില്ലല്ലോ. അതിനെക്കുറിച്ചുള്ള ഒരു വിഹഗവീക്ഷണം മാത്രമാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്.

പുരാണകാലം മുതൽ ഇന്നുവരെ രോഗത്തോടും ചികിത്സയോടുമുള്ള സമൂഹത്തിന്റെ കാഴ്ചപ്പാട് എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടു എന്നാണ് വൈദ്യശാസ്ത്രത്തിന്റെ ചരിത്രം സൂചിപ്പിക്കുന്നത്. ("It shows how societies have changed in their approach to illness and disease from ancient times to the present")

പ്രാചീന ഔഷധങ്ങളും, ചികിത്സയുമായി ബന്ധപ്പെട്ട സ്ഥലനാമങ്ങളാണ് ബാബിലോൺ, ഈജിപ്ത്, ഗ്രീസ് തുടങ്ങിയവ. രോഗനിർണ്ണയം (ഡയഗ്നോസിസ്) പ്രോഗ്നോസിസ് (രോഗാവസ്ഥ ഏതു രീതിയിൽ പുരോഗമിക്കും എന്ന കണക്കുക്കൂട്ടൽ), ചികിത്സ എന്നിവയുടെ രേഖപ്പെടുത്തലിന്റെ ചരിത്രം ബിസി 1046 – മുതൽ തുടങ്ങുന്നു. ബലുചിസ്ഥാനിൽ നിന്നാണ് ആദ്യമായി പല്ലു പറിച്ചതിന്റെ ചരിത്രം രേഖപ്പെടുത്തിയിട്ടുള്ളത്. രോഗങ്ങളുടെ – പ്രത്യേകിച്ച് മാനസിക രോഗത്തിന്റെ –കാരണം ദൈവകോപം അല്ലെങ്കിൽ ബാധയുപദ്രവം എന്നായിരുന്നു വിശ്വാസം. ഇന്നും അങ്ങനെയുള്ള വിശ്വാസങ്ങൾ വെച്ചു പുലർത്തുന്ന അഭ്യസ്തവിദ്യർ പോലും ധാരാളമാണല്ലോ. 'പട്ടിയെ കണ്ടാൽ മരിക്കും, മാനിനെ കണ്ടാൽ രക്ഷപ്പെടും' തുടങ്ങിയ അന്ധവിശ്വാസങ്ങളും ഉണ്ടായിരുന്നു.

മനുഷ്യർക്ക് പരസ്പരം തോന്നുന്ന സഹാനുഭൂതിയും, സഹായമനോഭാവവുമാണ് ആരോഗ്യമേഖലയുടെ ഉത്ഭവത്തിന്റെയും വളർച്ചയുടെയും നിദാനം. 17-ാം നൂറ്റാണ്ടിലാണ് നമ്മൾ ഇന്നു കാണുന്ന ആധുനിക വൈദ്യശാസ്ത്രത്തിന്റെ (മോഡേൺ മെഡിസിൻ) തുടക്കം. വൈദ്യശാസ്ത്രത്തിലും, ചികിത്സാരീതിയിലും കഴിഞ്ഞ 60 – വർഷങ്ങളിലായി സംഭവിച്ച മാറ്റങ്ങൾക്കു സാക്ഷ്യം വഹിച്ച വ്യക്തിയാണ് ഞാൻ. ഇന്നത്തെ പല ഡോക്ടർമാർ കാണാത്തതും, ഇനി കാണാൻ സാധ്യതയില്ലാത്തതുമായ പല രോഗങ്ങൾക്കും ഞാൻ സാക്ഷിയാണ്. ഇതിന് ഒരു മറുവശമുണ്ട്. ഞാൻ കാണുകയോ കേൾക്കുകയോ ചെയ്യാത്ത പല രോഗങ്ങളും ഇന്നു വ്യാപകമാണ്.

ആധുനിക വൈദ്യശാസ്ത്രത്തിന്റെ കാലത്ത് ആരോഗ്യരംഗത്തു വന്ന അഭൂതപൂർവ്വവും വിപ്ലവകരവുമായ കണ്ടുപിടിത്തങ്ങൾ രോഗനിർണ്ണയത്തിലും, ചികിത്സയിലും പ്രതിഫലിച്ചു. ചികിത്സാരംഗത്ത് കാര്യമായ പുരോഗതി സൃഷ്ടിക്കാൻ കഴിഞ്ഞ ചില കണ്ടുപിടുത്തങ്ങൾ ഇവയാണ്.

1. പാസ്ചറൈസേഷൻ
2. വാക്സിനേഷൻ
3. അസെപ്സിസ് (asepsis)
4. രക്തമാറ്റം (ബ്ലഡ് ട്രാൻസ്ഫ്യൂഷൻ)
5. ആന്റിബയോടിക്സ്
6. എക്സ്റേയും മറ്റു നൂതന പരിശോധനകളും
7. അനസ്തേഷ്യ

## പാസ്ചറൈസേഷൻ

ഉയർന്ന അളവിൽ ചൂടാക്കുക വഴി എന്തെങ്കിലും പദാർത്ഥത്തെ രോഗാണുമുക്തമാക്കുന്ന പ്രക്രിയയാണ് പാസ്ചറൈസേഷൻ. ഫ്രഞ്ച് ശാസ്ത്രജ്ഞനായ ലൂയി പാസ്ചർ ആണ് ഈ പ്രക്രിയയുടെ ഉപജ്ഞാതാവ്. 1860 കളിൽ ആണ് ലൂയി പാസ്ചർ ഈ കണ്ടുപിടുത്തം നടത്തിയത്.

## വാക്സിനേഷൻ

രോഗപ്രതിരോധ മരുന്നുകൾ കുത്തിവെയ്പ്പിലൂടെയോ മറ്റേതെങ്കിലും രീതികളിലോ പ്രയോഗിച്ച് രോഗിയിൽ രോഗപ്രതിരോധ ശേഷി സൃഷ്ടിക്കുകയും അങ്ങനെ അസുഖത്തെ അകറ്റി നിർത്തുകയും ചെയ്യുന്ന പ്രക്രിയയാണ് വാക്സിനേഷൻ. ഈ കണ്ടുപിടുത്തം പല രോഗങ്ങളെയും തുടച്ചു മാറ്റാനും മറ്റു ചിലവയെ നിയന്ത്രിച്ചു നിർത്താനും കാരണമായി. ഇംഗ്ലീഷുകാരനായ എഡ്വേർഡ് ജനർ (Edward Jenner) ആണ് വസൂരി രോഗത്തിനുള്ള (Small Pox) പ്രതിരോധ മരുന്നു കണ്ടു പിടിച്ചത്. ഇന്ന് വസൂരി രോഗം ഭൂമുഖത്തു നിന്നു തന്നെ തുടച്ചുമാറ്റിയിരിക്കുന്നു. ലോകത്ത് എവിടെയെങ്കിലും വസൂരിരോഗബാധ ഉള്ളതായി ചൂണ്ടിക്കാണിക്കുന്ന വ്യക്തിക്ക് പ്രതിഫലം പ്രഖ്യാപിച്ചിട്ടുണ്ട്. പേപ്പട്ടി വിഷബാധയ്ക്ക് ലൂയി പാസ്ച്ചറും പോളിയോ രോഗത്തിന് അമേരിക്കൻ വൈദ്യശാസ്ത്രജ്ഞനായ ജോനാസ് സാൾക്കും (Jonas Salk) പ്രതിരോധ മരുന്നുകൾ കണ്ടുപിടിച്ചത് ചികിത്സാരംഗത്ത് ഗുണകരമായ വലിയ കുതിപ്പുകളാണ് ഉണ്ടാക്കിയത്. പോളിയോ രോഗത്തിനുള്ള പ്രതിരോധമരുന്ന് ആദ്യകാലത്ത് കുത്തിവെയ്പ്പിലൂടെയാണ് രോഗിക്ക് നൽകിയിരുന്നത്. പിന്നീട് പോളീഷ് അമേരിക്കൻ വൈദ്യശാസ്ത്രജ്ഞനായ ആൽബർട്ട് സാബിൻ (Albert sabin) വായിലൂടെ കൊടുക്കാവുന്ന മരുന്ന് കണ്ടു പിടിച്ചു. ഇന്നു കുഞ്ഞുങ്ങൾക്ക് നാം വായിലൂടെയാണല്ലോ പോളിയോയുടെ പ്രതിരോധ മരുന്ന് നൽകുന്നത്.

## അസേപ്സിസ് (Asepsis)

രോഗാണുരഹിതമായ അവസ്ഥ. പ്രത്യേകിച്ചും ശസ്ത്രക്രിയയുടെ കാര്യത്തിലാണ് ഇതിന്റെ പ്രസക്തി ഏറ്റവും കൂടുതൽ. ഡോ. ഫിലിപ്പ് സെമ്മെൽവീസ് (Dr. Philipp Semmelweis) ആണ് ഈ ആശയം പ്രചരിപ്പിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചത്. കോട്ടിൽ കണ്ടിരുന്ന ചോരയുടെ അളവായിരുന്നു അക്കാലങ്ങളിൽ ഒരു ഡോക്ടറുടെ വൈദഗ്ദ്ധ്യത്തിന്റെ മാനദണ്ഡം. ഇതു തെറ്റാണെന്നും, വൃത്തിയുള്ള വസ്ത്രം അണുബാധ കുറയ്ക്കുമെന്നും ഡോ. ഫിലിപ്പ് കണ്ടെത്തി. അങ്ങനെയാണ് പിൽക്കാലത്ത് നിർബന്ധമായും സ്റ്റെറിലൈസ് ചെയ്ത (രോഗാണുവിമുക്തമാക്കിയ) വസ്ത്രം ഉപയോഗിക്കാൻ തുടങ്ങിയത്.

## രക്തമാറ്റം (ബ്ലഡ് ട്രാൻസ്ഫ്യൂഷൻ)

രക്തമാറ്റം ഇപ്പോൾ സർവസാധാരണമാണ്. പണ്ട് ഇത്ര സാധാരണമല്ല. രക്തം കൊടുക്കുക എന്നത് സാധാരണക്കാർക്ക് വളരെ ഭയമുള്ള കാര്യവുമായിരുന്നു. ഈ വിഷയത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ അമ്പതു വർഷങ്ങൾക്ക് മുമ്പ് നടന്ന ഒരു സംഭവമാണ് എനിക്ക് ആദ്യം ഓർമ്മയിൽ വരിക. തിരുവനന്തപുരത്തെ ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയാണ് (SAT Hospital) രംഗം. 18 വയസ്സായ പെൺകുട്ടി സുഖപ്രസവം കഴിഞ്ഞു. എന്നാൽ പെട്ടെന്നു നിലക്കാത്ത രക്തപ്രവാഹം തുടങ്ങി. ഗർഭപാത്രം ചുരുങ്ങുന്നില്ല. രക്തം വേണം. ചെറുപ്പക്കാരനായ ഭർത്താവ് രക്തം നൽകാൻ തയ്യാറായെങ്കിലും അയാളുടെ അമ്മ ചാടി വീണു, മോനെ വേണ്ട. അവൾ മരിച്ചോട്ടെ. ഇതിലും സുന്ദരിയെ ഞാൻ നിനക്കു കൊണ്ടു വരും. എനിക്കു നീ ഒന്നേയുള്ളു. എന്തായാലും ഭാഗ്യത്തിന് അയാൾ അമ്മയുടെ വാക്കു കേൾക്കാതെ രക്തദാനത്തിനു തയ്യാറായി. അങ്ങനെ പെൺകുട്ടി രക്ഷപ്പെട്ടു. അറുപതുകളുടെ ആദ്യമാണ് ഈ സംഭവം നടക്കുന്നത്.

ഇന്ന് സാങ്കേതിക വിദ്യയുടെ വികാസം മൂലം രക്തത്തിലെ ഘടകങ്ങൾ വരെ തിരിച്ചറിയാനാകും. ഈ കണ്ടുപിടുത്തങ്ങൾ ചികിത്സാരംഗത്ത് ഉണ്ടാക്കിയ ഗുണഫലങ്ങൾ ചെറുതല്ല. 1900 ൽ ആണ് ഓസ്ട്രിയൻ ശാസ്ത്രജ്ഞനായ കാൾ ലാൻഡ് സ്റ്റെയ്നർ എ, ബി, എബി,ഒ എന്നീഗ്രൂപ്പുകൾ കണ്ടു പിടിച്ചത്. 1940 ലാണ് രക്തത്തിലെ ആർ എച്ച് ഘടകങ്ങൾ (ആർ എച്ച് പോസിറ്റീവും ആർ എച്ച് നെഗറ്റീവും) ലാൻഡ് സ്റ്റെയ്നറും അമേരിക്കൻ ശാസ്ത്രജ്ഞനായ എ എസ് വെയ്നറും ചേർന്ന് കണ്ടു പിടിക്കുന്നത്. റിസസ് കുരങ്ങിൽ നിന്ന് കണ്ടെത്തിയതിനാലാണ് ഈ ഘടകങ്ങൾക്ക് ആർ എച്ച് എന്നു പേരു വന്നത് എന്നത് വ്യക്തമാണല്ലോ. 85% പേരും ആർ എച്ച് പോസിറ്റീവ് ആണ്, ബാക്കി 15% പേർ നെഗറ്റീവും. ആർ എച്ച് പോസിറ്റീവ് ആയ ഗർഭിണിക്ക് ആർ എച്ച് നെഗറ്റീവോ ആർ എച്ച് പോസീറ്റീവോ ആയ രക്തം കൊടുക്കുന്നതിൽ കുഴപ്പമില്ല. എന്നാൽ ആർ എച്ച് നെഗറ്റീവ് ആയ ഗർഭിണിക്ക് നെഗറ്റീവ് രക്തം തന്നെ കൊടുക്കണം. അല്ലെങ്കിൽ രക്തത്തിൽ ആന്റിബോഡികൾ ഉണ്ടാവുകയും അത് ചിലപ്പോൾ അടുത്ത കുഞ്ഞിനു തകരാറുണ്ടാവുകയും ചെയ്യാം. ആർ എച്ച് ഘടകങ്ങളെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചുമൊന്നും ഞങ്ങളുടെ കാലത്ത് വലിയ അറിവില്ലായിരുന്നു. ഇക്കാര്യങ്ങൾ കണ്ടുപിടിക്കാനുള്ള ലബോറട്ടറി പരിശോധനകളും അന്ന് ഇവിടെ പ്രചാരത്തിൽ ഇല്ലായിരുന്നു.

## ആന്റിബയോടിക്സ്

ആന്റിബയോട്ടിക്സിന്റെ കണ്ടുപിടുത്തം ആണ് ആധുനിക വൈദ്യശാസ്ത്രത്തിന്റെ മറ്റൊരു വലിയ നേട്ടം. രോഗാണുക്കളെ നശിപ്പിക്കാൻ ശക്തിയുള്ള മരുന്നുകളാണ് ആന്റി ബയോട്ടിക്കുകൾ. പെൻസിലിൻ ആണ് ഇതിൽ ആദ്യത്തേതും ഏറ്റവും പ്രധാനവും. സർ അലക്സാണ്ടർ ഫ്ളെമിംഗ് ആണ് 1928 ൽ ഒരു വിധം എല്ലാ രോഗാണുക്കളെയും നശിപ്പിക്കുവാൻ ശക്തിയുള്ള പെൻസിലിൻ കണ്ടു പിടിച്ചത്. ഒരു ഫംഗസ് അഥവാ പൂപ്പലിൽ നിന്നാണ് അതിന്റെ തുടക്കം. പെൻസിലിൻ, ചികിത്സാരീതികളെ മാറ്റി മറിച്ചു. ഒരു വിധം രോഗങ്ങളെല്ലാം ഇതോടെ വരുതിയിലായി. ടോൺസിലൈറ്റ്സ്, ത്വക്ക് രോഗങ്ങൾ, ശ്വാസകോശ അണുബാധ, ഹൃദയത്തിലെ മൈട്രൽ വാൽവ് ഇൻഫെക്ഷൻ അങ്ങനെ പലതും, പഴയ കാലത്ത് ഹൃദയശസ്ത്രക്രിയയെന്നു പറഞ്ഞാൽ ചുരുങ്ങിയ മൈട്രൽ വാൽവ് വികസിപ്പിക്കുകയെ

ന്നായിരുന്നു. ഇന്നു കാണുന്നത് ഓപൺ ഹാർട് സർജറി, ബൈപാസ് സർജറി, ആൻജിയോപ്ലാസ്റ്റി എന്നിവയാണ്. 1945 ൽ ഫ്ളെമിംഗിന് നൊബേൽ പുരസ്കാരം നൽകി ആദരിച്ചു. ഫ്ളെമിംഗിന്റെ ജീവിതവുമായി ബന്ധപ്പെട്ട ഒരു കഥകൂടി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബത്തിലാണ് അദ്ദേഹം പിറന്നത്. കർഷകനായ അച്ഛൻ ഒരിക്കൽ ബ്രിട്ടീഷ് പ്രഭുകുടുംബത്തിലെ ഒരാളെ സഹായിക്കാനിടയായി. പ്രത്യുപകാരമായി തന്റെ മകനെ പഠിപ്പിച്ചാൽ മതിയെന്നു പറഞ്ഞു. ഈ കുട്ടിയാണ് പിൽക്കാലത്തു രോഗചികിത്സയുടെ ചരിത്രം തിരുത്തിയ അലക്സാണ്ടർ ഫ്ളെമിംഗ്. പ്രഭുവിന്റെ മകൻ പിൽക്കാലത്തു ബ്രിട്ടന്റെ വിഖ്യാതനായ പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിലും.

## എക്സ് റേയും മറ്റ് നൂതന പരിശോധനകളും

ജർമ്മൻകാരനായ വിൽഹെം റോൺട്ജെൻ ആണ് എക്സ്റേയുടെ ഉപജ്ഞാതാവ്. 1896 ലെ ഈ കണ്ടുപിടുത്തം ഒരു വിപ്ലവം തന്നെ ഉണ്ടാക്കി. ഇലക്ട്രോമാഗ്നറ്റിക് വേവിന്റെയും ബേരിയം പുരട്ടിയ ഒരു പേപ്പറിന്റെയും ഇടയിൽ കൈ വച്ചപ്പോൾ എല്ലുകൾ കണ്ടതാണ് എക്സ് റേയുടെ തുടക്കം. 1901 ൽ വിൽഹെമിനു ഫിസിക്സിൽ നൊബേൽ സമ്മാനം ലഭിച്ചു. ഇനിപ്പോൾ നാം ഈയിടെ വരെ ചെയ്തിരുന്നതുപോലെ എക്സ് റേ ഷീറ്റ് കയ്യിൽ കൊണ്ടു നടക്കണ്ട, ആ ഇമേജ് ഡോക്ടർമാരുടെ കംപ്യൂട്ടറിലേക്കു വരും. മാത്രമല്ല, ഇന്ന് എക്സ് റേയ്ക്ക് പുറമെ, USS, CT, MRI, Digital Scanning തുടങ്ങി പല നൂതന പരിശോധനോപാധികളും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.

സന്ദർഭവശാൽ കൗതുകകരമായ മറ്റൊരു കാര്യം കൂടി ഇവിടെ സൂചിപ്പിക്കാം. ഇപ്പോഴത്തെ അസ്ഥിചികിത്സകരുടെ സ്ഥാനത്ത് (Orthopaedic Surgeons) ബോൺസെറ്റേഴ്സ് (Bone Setters) എന്ന് അറിയപ്പെട്ടിരുന്ന ഒരു വിഭാഗം ചികിത്സകർ ഉണ്ടായിരുന്നു. എക്സ് റേ ഉൾപ്പടെയുള്ള ഒരു സാങ്കേതിക വിദ്യയുടെയും സഹായമില്ലാതെ അവർ ശരീരത്തിൽ സ്പർശിച്ചു നോക്കി എല്ലുകൾക്ക് സംഭവിച്ച തകരാറുകൾ മനസ്സിലാക്കുകയും അതിനു വേണ്ട ചികിത്സ ചെയ്യുകയും ചെയ്തിരുന്നു. ഇന്നാലോചിക്കുമ്പോൾ അവരുടെ വൈദഗ്ദ്ധ്യത്തിൽ നമുക്ക് അത്ഭുതം തോന്നും.

## ഗർഭിണികളുടെ സ്കാനിങ്ങിനെക്കുറിച്ച്

ഗർഭിണികളിൽ ഇപ്പോൾ നിർബന്ധമായും നടത്തി വരുന്ന സ്കാനിങ്ങുമായി ബന്ധപ്പെട്ടു കൂടി ചില കാര്യങ്ങൾ പറയേണ്ടതുണ്ട്. ഇന്നത്തെ സ്ത്രീരോഗ ചികിത്സകർ (ഗൈനക്കോളജിസ്റ്റുകൾ) കയ്യും കുഴലും ഉപയോഗിക്കാൻ മറന്നു പോയിരിക്കുന്നു. ഞങ്ങൾ പഴയ തലമുറയിലെ ഗൈനക്കോളജിസ്റ്റുകൾ ഗർഭസ്ഥ ശിശുവിന്റെ വളർച്ച, കിടക്കുന്ന രീതി ഒക്കെ കൈ ഉപയോഗിച്ചാണ മനസ്സിലാക്കിയിരുന്നത്. കുഞ്ഞിന്റെ ഹൃദയമിടിപ്പ് അറിയാൻ ഞങ്ങളുടെ ചെവിയും ഉപയോഗിക്കും. ഇന്ന് ഇതിനൊക്കെ യന്ത്രങ്ങൾ ആണ് ഉപയോഗിക്കുന്നത്. സ്കാനിങ്ങിന്റെ പ്രസക്തിയെ താഴ്ത്തി പറയുകയല്ല, കുഞ്ഞിന്റെ പല വൈകല്യങ്ങളും അറിയാൻ സ്കാനിങ്ങിൽ കൂടി മാത്രമേ സാധിക്കൂ. ഉദാഹരണത്തിന് ട്യൂബൽ പ്രഗ്നൻസി. ആദ്യത്തെ ആറു മുതൽ എട്ട് ആഴ്ച്ച വരെയുള്ള സ്കാനിൽ ഭ്രൂണം ഗർഭപാത്രത്തിന് അകത്താണോ പുറത്താണോ എന്നു കാണാം. ട്യൂബിൽ ആണ് ഭ്രൂണം എങ്കിൽ ഉടൻ ഇടപെടേണ്ടി വരും. ഇന്ന് മരുന്നുകൾ വഴി ചില കേസുകളിലെങ്കിലും ട്യൂബൽ അബോർഷൻ നടത്താനാകും. ട്യൂബൽ പ്രഗ്നൻസി പണ്ട് ഗൈനക്കോളജിസ്റ്റുകളുടെ പേടിസ്വപ്നമായിരുന്നു. കാരണം അത് തിരിച്ചറിയാൻ വലിയ ബുദ്ധിമുട്ടാണ്. അതേ സമയം ഡോക്ടർക്ക് അഭിനന്ദനങ്ങളുടെ പൂച്ചെണ്ടുകൾ കിട്ടാനുള്ള സാധ്യതയും ഇതിലുണ്ട്. ട്യൂബൽ പ്രഗ്നൻസിയിൽ സാധാരണ ട്യൂബ് പൊട്ടി അകത്തേക്ക് ബ്ലീഡിംങ് ആണ് സംഭവിക്കുക. രോഗി പെട്ടെന്ന് ബോധം നഷ്ടപ്പെട്ടു വീണു പോകും. വേഗം കണ്ടു പിടിച്ച്, സർജറി ചെയ്ത് ബ്ലീഡിങ് ഉണ്ടായ സ്ഥലം തുന്നിക്കൂട്ടിയാൽ രോഗി രക്ഷപ്പെടും. ഡോക്ടർക്ക് അഭിനന്ദനങ്ങളും ലഭിക്കും.

അനൻസെഫാലി (Anencephaly കുഞ്ഞിന്റെ തലയുടെ പുറകുഭാഗം വളരാത്ത അവസ്ഥ. (തലയിൽ മുഖം മാത്രമേ ഉണ്ടാകൂ) ഹൈഡ്രോസെഫാലി- (തലച്ചോറിൽ വെള്ളം കെട്ടി കുഞ്ഞിന്റെ തല വലുതായിരിക്കുന്ന അവസ്ഥ), നട്ടെല്ലിലുള്ള തകരാറുകൾ -എക്സ് റേയിൽ കൂടിയോ സ്കാനിങ്ങിൽ കൂടിയോ മാത്രമേ കണ്ടു പിടിക്കാൻ സാധിക്കൂ. ഗർഭപാത്ര മുഴകൾ, അണ്ഡാശയ മുഴകൾ തുടങ്ങിയവയും ഇന്ന് സ്കാനിങ്ങിലൂടെ എളുപ്പം കണ്ടുപിടിച്ചു ചികിത്സിക്കാനാവും.

## ലാപ്രോസ്കോപ്പിക് സർജറി

ലാപ്രോസ്കോപ്പി ഉപയോഗിച്ചുള്ള താക്കോൽ ദ്വാരശസ്ത്രക്രിയ (കീ ഹോൾ സർജറി) ചികിത്സാരംഗത്തെ വലിയ മുന്നേറ്റമാണ്. ഈ രീതിയിലുള്ള ചികിത്സക്ക് ചിലവ് കൂടുതലാണെന്ന ദോഷം ഉണ്ടെങ്കിലും ശസ്ത്രക്രിയാ സംബന്ധിയായ സങ്കീർണ്ണ





തകളും ആശുപത്രി വാസത്തിന്റെ ദൈർഘ്യവും വളരെ കുറയും.

## റോബോട്ടിക് സർജറി

റോബോട്ടിന്റെ അഥവാ യന്ത്രമനുഷ്യന്റെ സഹായത്തോടെ നടത്തുന്ന ഈ അത്യാധുനിക ശസ്ത്രക്രിയ ഞാൻ ഇതുവരെ നേരിട്ടു കണ്ടിട്ടില്ല. ഇതും ചെലവേറിയതാണ്. ഈ സർജറിക്കു ശേഷം രോഗിക്ക് ഒറ്റ ദിവസം കൊണ്ട് വീട്ടിലേക്ക് മടങ്ങാം. ഈ സർജറിക്ക് കൃത്യതയും കൂടുതലാണെന്നു പറയുന്നു.

## അനസ്തേഷ്യയുടെ ചരിത്രം

അനസ്തേഷ്യയിൽ ഉണ്ടായ പുരോഗതിയാണ് സങ്കീർണ്ണമായ ശസ്ത്രക്രിയകൾ സാദ്ധ്യമാക്കിയത് മുൻകാലങ്ങളിൽ ശസ്ത്രക്രിയകൾ നടക്കുമ്പോൾ രോഗിയെ ബോധം കെടുത്താനായി ക്ലോറോഫോം ആണ് ഉപയോഗിച്ചിരുന്നത്. രോഗിയുടെ മുഖത്ത് മുഖംമൂടി (Mask) വെച്ച് അതിലൂടെ കൈകൊണ്ട് തുള്ളി തുള്ളിയായി ക്ലോറോഫോം ഒഴിക്കും. എന്നിട്ട് മയങ്ങുന്നതുവരെ രോഗിയെക്കൊണ്ട് ഒന്ന്......., രണ്ട്........, മൂന്ന്........ എന്നിങ്ങനെ എണ്ണിക്കും. രോഗി മയങ്ങി തുടങ്ങിയാൽ ഈതർ (Ether) വെയ്ക്കും. പിന്നെയാണ് ശസ്ത്രക്രിയ. ശാസ്ത്രം പുരോഗമിച്ചപ്പോൾ കൈ ഉപയോഗിക്കാതെ ബോയിൽസ് അപ്പാരറ്റസ് (Boyles Apparatus) വഴി ഈതർ കൊടുത്തു തുടങ്ങി. ഇന്നോ ? ഒറ്റ ഇഞ്ചക്ഷൻ കിട്ടിയതു മാത്രമേ രോഗിക്ക് ഓർമ്മയുണ്ടാകൂ.

അനസ്തേഷ്യയുടെ കാര്യം പറയുമ്പോൾ, ചരിത്രത്തിൽ രേഖപ്പെടുത്തിയ ആദ്യത്തെ ശസ്ത്രക്രിയയെക്കുറിച്ചോർമ്മ വരുന്നു. 15-ാം നൂറ്റാണ്ടിന്റെ അവസാനമോ 16-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലോ സ്വിറ്റ്സർലന്റിൽ ആണ് കൗതുകകരമായ ഈ സംഭവം. ഗർഭിണിയായ ഭാര്യ സമയം കഴിഞ്ഞിട്ടും പ്രസവിക്കാതെ വന്നപ്പോൾ ഭർത്താവ് മൂർച്ചയുള്ള ഒരു കത്തിയെടുത്ത് ഭാര്യയുടെ വയറു കീറി കുഞ്ഞിനെ പുറത്തെടുത്തു. പന്നികളുടെ വരിയുടയ്ക്കുന്ന ജോലി ചെയ്യുന്ന ജേക്കബ് നൂഫർ ആയിരുന്നു ആ സർജൻ. ആരോഗ്യവാനായ കുഞ്ഞ് എഴുപതു വയസ്സൊക്കെ പിന്നിട്ടതിനുശേഷമാണ് മരിച്ചത്. ജേക്കബ് നൂഫറിന്റെ ഭാര്യയാകട്ടെ അതിനുശേഷം മൂന്നോ നാലോ കുഞ്ഞുങ്ങളെ സുഖപ്രസവം നടത്തി.

## ചില പഴയകാല രോഗങ്ങൾ

രോഗങ്ങളെക്കുറിച്ചും രോഗചികിത്സയെക്കുറിച്ചും ഒക്കെ പറയുമ്പോൾ ഇന്നു കേട്ടു കേൾവിയില്ലാത്തതും എന്നാൽ ഞങ്ങളുടെ കാലത്ത് പേടിസ്വപ്നമായിരുന്നതും ആയ ചില രോഗങ്ങളെക്കുറിച്ച് ഓർമ്മ വരുന്നു.

### ഇക്ളാംപ്സിയ (Eclampsia)

ഈ അവസ്ഥയിൽ ഗർഭിണികളിൽ ഉയർന്ന രക്തസമ്മർദ്ദം, കാലിൽ നീര്, മൂത്രത്തിൽ അൽബ്യൂമിൻ എന്നീ മൂന്നു ലക്ഷണങ്ങൾ കാണും. രോഗം കൂടിയ അവസ്ഥയിൽ അപസ്മാരവും വരും. ഇതുകണ്ട് രോഗിക്ക് ബാധയാണെന്ന് കരുതാറുണ്ട്. ബാധ ഒഴിപ്പിക്കാനായി രോഗിയെ അടിക്കുകയും കെട്ടിയിടുകയും കണ്ണിൽ മുളകരച്ചു തേയ്ക്കുകയും ചെയ്യും. പലപ്പോഴും ബോധമില്ലാത്ത രോഗിയെ കട്ടിലിൽ കെട്ടിയിട്ട അവസ്ഥയിലാണ് കൊണ്ടു വരിക. തക്ക ചികിത്സയിലൂടെ ഒരുപാട് രോഗികളെ രക്ഷിക്കാൻ ഞങ്ങൾക്കന്ന് കഴിഞ്ഞിട്ടുണ്ട്.

ഇന്ന് ഗർഭിണികളുടെ ഗർഭകാല പരിചരണം വ്യാപകമായതോടെ ഈ രോഗം പമ്പ കടന്നു. കഴിഞ്ഞ മുപ്പത്തിയഞ്ചു വർഷത്തിനിടെ ഇത്തരം ഒരു കേസുപോലും കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

### പ്രോലാപ്സ് യൂട്രസ്

പണ്ട് ഗർഭിണികളിൽ സാധാരണയായി കണ്ടുവന്നിരുന്ന പ്രശ്നമാണ് പ്രോലാപ്സ് യൂട്രസ്. ഗർഭപാത്രം താഴേക്ക് ഇറങ്ങി വരുന്ന സ്ഥിതിവിശേഷമാണിത്. ഇന്ന് ആ അവസ്ഥ വളരെ കുറവാണ്. പണ്ട് വയറ്റാട്ടിമാർ പ്രസവം എടുത്തിരുന്ന കാലത്ത് നിവർത്തിയുള്ളതും യോനിയിൽ മുറിവുണ്ടാക്കാതെയാണ് പ്രസവം നടത്തിയിരുന്നത്. അങ്ങനെ ചെയ്യുന്നത് വയറ്റാട്ടിമാരുടെ കഴിവായി കണക്കാക്കിയിരുന്നു. എന്നാൽ കുഞ്ഞിന്റെ തല വളരെ സമയം യോനിയിൽ ഇരിക്കുന്നതുമൂലം അവിടുത്തെ മാംസപേശികൾ വലിഞ്ഞ് ദുർബലമാകും. ഗർഭപാത്രം താഴേക്ക് ഇറങ്ങിവരാൻ ഇത് കാരണമായേക്കാം. ഇന്ന് പ്രസവസമയത്ത് ആവശ്യമെങ്കിൽ എപിസ്യോട്ടമി (Episiotomy (യോനിയിൽ മുറിവുണ്ടാക്കി പ്രസവം സുഗമമാക്കുകയും പിന്നീട് മുറിവ് തുന്നിക്കെട്ടുകയും ചെയ്യുന്ന പ്രക്രിയ) ചെയ്യുന്നതുമൂലം സ്ത്രീകളിൽ പ്രോലാപ്സ് യൂട്രസ് എന്ന അവസ്ഥ വളരെ വിരളമാണ്.

### ജീവിതശൈലി രോഗങ്ങൾ

ഞങ്ങളുടെ കാലത്ത് ജീവിതശൈലി രോഗങ്ങൾ വളരെ കുറവായിരുന്നു. പ്രമേഹത്തിനെ യൊക്കെ സമ്പന്നരുടെ രോഗമായാണ് കണക്കാക്കിയിരുന്നത്. എന്നാൽ ഇന്നത് വളരെ വ്യാപകമാണ്. മാത്രമല്ല, കൂടുതലായി കാണപ്പെടുന്നത് താഴ്ന്ന വരുമാനക്കാരുടെ ഇടയിലാണെന്നും കാണാം. അവരാണിന്ന്

കൊഴുപ്പേറിയ ഭക്ഷണവും ബേക്കറി ഉല്പന്നങ്ങളും അധികമായി കഴിയ്ക്കുന്നത് എന്നാണ് മനസ്സിലാകുന്നത്.

### തിമിരശസ്ത്രക്രിയ

തിമിര ശസ്ത്രക്രിയയ്ക്ക് പണ്ടെല്ലാം നാലു മുതൽ ആറു ദിവസം വരെ ആശുപത്രിയിൽ താമസിക്കേണ്ട ആവശ്യമുണ്ടായിരുന്നു. ഈ ആധുനിക കാലത്താകട്ടെ അതു വെറും രണ്ടു മണിക്കൂർ കൊണ്ട്, രോഗിയെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യാതെ തന്നെ, നടത്താവുന്ന ഒരു ചികിത്സയായി മാറിയിരിക്കുന്നു.

### ഡോക്ടർമാരുടെ സമീപനത്തിലെ വ്യത്യാസം

തങ്ങളുടെ സാമീപ്യവും പെരുമാറ്റവുംകൊണ്ട് രോഗികളിൽ ആശ്വാസം പകർന്നിരുന്ന വരായിരുന്നു പഴയകാല ചികിത്സകർ. ഇന്ന് നിവൃത്തിയുള്ളതും ഡോക്ടർമാർ രോഗികളെ തൊടുകപോലുമില്ല. നേരത്തെ സൂചിപ്പിച്ചപോലെ യന്ത്രങ്ങളാണ് മിക്കവാറും പരിശോധനങ്ങളൊക്കെ നടത്തുന്നത്. ഡോക്ടർമാരുടെ മുഖത്ത് സ്വാന്തനഭാവമല്ല, ഗൗരവമാണ് എപ്പോഴും. രോഗിയുമായുള്ള എല്ലാ ഇടപാടുകളും തികച്ചും തൊഴിൽപരവും ഔപചാരികവും മാത്രം. ഞങ്ങളെല്ലാം എത്ര സമയമാണ് രോഗികൾക്കൊപ്പം ചിലവഴിച്ചിരുന്നത്. സുഹൃത്തിന്റെയും തത്വജ്ഞാനികളുടെയും വഴികാട്ടിയുടെയും (Friend, Philosopher and Guide) സ്ഥാനമായിരുന്നു അന്ന് രോഗിക്കും അവരുടെ വേണ്ടപ്പെട്ടവർക്കുമായി ഒരു ഡോക്ടർ വഹിച്ചിരുന്നത്. ഇന്നു കാര്യങ്ങളപ്പാടെ മാറി. രോഗികളുടെ ഡോക്ടർമാരോടുള്ള പെരുമാറ്റവും പൊതുവെ ചികിത്സാരംഗത്ത് വന്നിട്ടുള്ള മൂല്യച്യുതിയും ഈയവസ്ഥയ്ക്ക് കാരണമാകാം.

ചികിത്സയുടെ ചരിത്രം പറയുമ്പോൾ ഒരിക്കലും വിട്ടുപോകാൻ പാടില്ലാത്ത ചില പേരുകൾ കൂടി ഞാനിവിടെ സൂചിപ്പിയ്ക്കാം. ഏറ്റവും ആദ്യം പറയേണ്ടത് ഹിപ്പോക്രാറ്റസിന്റെ പേരു തന്നെ. ഏതാണ്ട് 2400 വർഷങ്ങൾക്ക് മുമ്പു ജീവിച്ചിരുന്ന അദ്ദേഹത്തെയാണ് വൈദ്യശാസ്ത്രത്തിന്റെ പിതാവായി കണക്കാക്കുന്നത്. എം ബി ബി എസ് ജയിച്ച് ചികിത്സാരംഗത്തേക്ക് കാലെടുത്തുവെയ്ക്കുന്ന കൊച്ചു ഡോക്ടർമാർ ഇന്നും ബിരുദദാനച്ചടങ്ങിൽ സത്യപ്രതിജ്ഞ ചെയ്യുന്നത് അദ്ദേഹത്തിന്റെ പേരിലാണ്. ഹിപ്പോക്രാറ്റസ് ഓത്ത് (Hippocrates Oath) എന്നാണിതിനെ വിളിക്കുന്നതു തന്നെ.

ചികിത്സകനും തത്വജ്ഞാനിയും എഴുത്തുകാരനും അദ്ധ്യാപകനും ഒക്കെ ആയ സർ വില്യം ഓസ്ളർ (Sir William Osler) ആണ് ഈ അവസരത്തിൽ മറക്കാൻ പാടില്ലാത്ത മറ്റൊരാൾ. രോഗചികിത്സാ ചരിത്രത്തിലെ ഏറ്റവും വലിയ സ്വാധീനശക്തിയായിരുന്നു സർ വില്യം ഓസ്ളർ. അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടത്തിൽ ആംഗലേയ ഭാഷാലോകത്തെ ഏറ്റവും പ്രസിദ്ധനായ ചികിത്സകനും അദ്ദേഹമായിരുന്നു.

ക്രിസ്തുവിനു മുമ്പ് മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ചരകനാണ് ഭാരതീയ ചികിത്സാ ശാസ്ത്രമായ ആയുർവേദത്തിന്റെ പിതാവ്. ആയുർവേദ ചികിത്സാശാസ്ത്രത്തിലെ ആധികാരിക ഗ്രന്ഥമായ 'ചരകസംഹിത' യാണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രസിദ്ധമായ രചന. ഭാരതീയ ശസ്ത്രക്രിയാരീതിയുടെ പിതാവായി കണക്കാക്കുന്നത് ശുശ്രുതനെയാണ്. പ്രാചീനകാലത്ത് ആയുർവേദത്തെ അടിസ്ഥാനപ്പെടുത്തിയുള്ള രീതിയിൽ ശസ്ത്രക്രിയകൾ വളരെ വ്യാപകമായി നടന്നിരുന്നു എന്നതിനു തെളിവുകളുണ്ട്.

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2019 നവംബർ മാസത്തിൽ സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീ. ബാലകൃഷ്ണൻ നായർ. പി. കെ, കൃഷ്ണാഞ്ജനം, ബാങ്ക് റോഡ്, കലൂർ, കൊച്ചി-17 | 59,310/- |
| 2. ശ്രീ. കെ. ആർ നമ്പ്യാർ, അളക 39/2180, നെറ്റേപ്പാടം റോഡ്, കൊച്ചി-16 | 33,000/- |
| 3. ശ്രീ. കൃഷ്ണദാസ് മേനോൻ, ജി 186, പാഞ്ചജന്യം, പനമ്പിള്ളി നഗർ, കൊച്ചി- 682036 | 10,000/- |
| 4 ശ്രീമതി. ടി. പത്മം, 9 എ, ഒലിവ് ഹൈറ്റ്സ്, കെ.പി. വള്ളോൻ റോഡ്, കടവന്ത്ര, കൊച്ചി-20 | 10,000/ |
| 5. ശ്രീമതി. സുഷമ മോഹനൻ, 31, കൃഷ്ണ വിഹാർ കോളനി, പനമ്പിള്ളി നഗർ, കൊച്ചി-36 | 10,000/ |
| 6. ശ്രീ. സോമൻ. കെ. കെ, കൊച്ചുകുന്നേൽ ഹൗസ്, അരയൻകാവ്, കൊച്ചി - 682317 | 5,000/- |
| 7. ശ്രീ. അമ്പാട്ട് വിജയകുമാർ, പ്രണവം, എം.ആർ.ആർ.എ-130, മാവേലി നഗർ, കൊച്ചി -33 | 5,000/- |
| 8. ശ്രീ. ബാലകൃഷ്ണ പണിക്കർ. കെ. പി, 2 കെ 2 സൗത്ത് സ്റ്റാർ അപ്പാർട്ട്മെന്റ് ഗാന്ധിനഗർ, കൊച്ചി- 35 | 5,000/- |





# ആയിരം ചിറകുള്ള മൗനം

പത്മജ മേനോൻ ഫോൺ : 8289887472

സരസ്വതിയാമത്തിൽ തന്നെ താൻ ഉണർന്നു. ചെറുപ്പത്തിലെയുള്ള ശീലമാണത്. ഇന്നും ആ പതിവിന് ഒരു മാറ്റവുമില്ല. പതിയെ എഴുന്നേറ്റ് ചാരുപടിയിലെ കിളിവാതിലൂടെ പുറത്തേക്കു നോക്കി. ഇപ്പോഴും മഴ പെയ്തൊഴിയാതെ, പെയ്തുക്കൊണ്ടിരിക്കുകയാണ്. മഴക്ക് ദു:ഖത്തിന്റെ പ്രതിഛായയാണോ....? മഴയ്ക്കും തനിക്കും തമ്മിൽ അഭേദ്യമായ ബന്ധം ഉള്ളതുപോലെ.... തന്റെ ജീവിതത്തിലെ നിർണ്ണായകഘട്ടത്തിലെല്ലാം മഴ പെയ്തിക്കൊണ്ടിരിക്കുന്നുണ്ടാവും ഇന്നും തന്റെ ജീവിതത്തിലെ നിർണ്ണായക ദിവസം തന്നെയാണ്. അവളുടെ വസ്ത്രങ്ങളെല്ലാം പെട്ടിയിൽ അടുക്കിവെയ്ക്കണം. വെറുതെ മഴയെയും നോക്കിയിരുന്നു ചന്നംപിന്നം പെയ്യുന്ന മഴ. കാറ്റും മഴയും പ്രണയദാതാക്കളാണെത്രെ....! അവർ പ്രണയസാക്ഷാത്ക്കാരത്തിനായ് ഭൂമിയിലേക്ക് എത്തുമ്പോഴേക്കും പറയാനുള്ളത് ഒന്നും പറയാൻ കഴിയാതെ, കേൾക്കുവാനുള്ളതൊന്നും കേൾക്കുവാൻ സാധിക്കാതെ അവർ പിരിഞ്ഞ് പോകുകയാണെത്രെ പതിവ്. ശരിയായിരിക്കാം ഒരു പുൽക്കൊടിപോലും മഞ്ഞിൻ കണങ്ങളെ പ്രണയിക്കുകയാണല്ലോ പതിയെ എഴുന്നേറ്റ് മിന്നുവിന്റെ മുറിയിൽ പോയി അവൾ നല്ല ഉറക്കത്തിലാണ് അവളുടെ നെറ്റിയിൽ ഒരു ഉമ്മ നൽകി തിരിച്ച് നടന്നു. അറിയാതെ കണ്ണുകൾ ഈറനായി മിന്നു തന്റെ ആരുമല്ല.... ആരുമല്ല അവൾ ഉറക്കെ ഉറക്കെ പറഞ്ഞുകൊണ്ടിരുന്നു. താൻ എന്നും ഒറ്റക്കാണ്, ഒറ്റക്കാണ് സുഖം. ഈ നാലുകെട്ടിലെ ഓരോ ചുമരുകളോടും തനിക്ക് സംസാരിക്കാം എന്റെ തേവര് എനിക്ക് വിധിച്ചത് ഇതൊക്കെയാണ്. ഞാനത് ശിരസ്സാ വഹിക്കുന്നു. തളർന്നാൽ താങ്ങാനാരുമില്ല.

അറിയാതെ ചില്ലലമാരയിലിരിക്കുന്ന തന്റെ മൊമെന്റോവിലേക്ക് കണ്ണുകൾ ഉടക്കി. കേരളസ്കൂൾ ടീച്ചേഴ്സിന്റെ പ്രതിമാസ പുസ്തകത്തിൽ താൻ എന്നും കഥകളും കവിതകളും എഴുതാറുണ്ട്. വത്സല ടീച്ചറാണ് തനിക്ക് പ്രചോദനം നൽകാറ്, താൻ മനസ്സ് തുറക്കുന്നതും ടീച്ചറോട് മാത്രമാണ്. തന്റെ കഥകൾ പുസ്തകരൂപത്തിൽ അടിച്ചതും ടീച്ചറുടെ നിർബന്ധംകൊണ്ടാണ് സ്കൂളിന്റെ 75-ാം വാർഷികത്തിന് പ്രമുഖരെല്ലാവരും ഉണ്ടാവും. അപ്പോൾ പുസ്തകം പ്രകാശനം ചെയ്യാം എന്നു പറഞ്ഞു. താൻ തന്റെ തൂലികാനാമം 'ഗന്ധർവ്വൻ' എന്നായിരുന്നു കൊടുത്തിരുന്നത്. പലരും ചോദിച്ചു എന്താ ഇങ്ങനെയൊരു നാമം.....അതൊക്കെ ചില സ്വകാര്യതകളാണ് എന്നു പറഞ്ഞു താൻ ഒഴിഞ്ഞു മാറി. വാർഷികദിനത്തിന് എത്തിയ ഡി.ഇ.ഒ യാണ് പുസ്തകം പ്രകാശനം ചെയ്തത്. സ്റ്റേജിൽ നിൽക്കുന്ന ഡി.ഇ.ഒ വിനെ കണ്ട് താൻ അമ്പരന്നു പോയി. അറിയാതെ ചുണ്ടുകൾ മന്ത്രിച്ചു 'ഗന്ധർവ്വൻ' എന്ന്. തിരിഞ്ഞു നോക്കിയ ശരത് പറഞ്ഞു 'ദേവിക' ആ കണ്ണുകളിൽ ആയിരം ചിരാതുകളുടെ തിളക്കം. തനിക്ക് സുഖമാണോ ....? താൻ 'ഉം' എന്ന മൂളലിൽ ഉത്തരം നൽകി. ശരത് മടങ്ങുന്നതിനുമുമ്പ് തന്റെ ഫോൺ നമ്പർ വാങ്ങിച്ചു. ഇന്നലെകളിലെ ബാക്കി പത്രത്തിലേക്ക് മനസ്സ് പാറി പറന്നുപോയി.......

തന്റെ പ്രിയ സുഹൃത്ത് ശരത്ത് ഞങ്ങൾ ആദ്യമായി കണ്ടു മുട്ടുമ്പോൾ ഒരു പ്രദോഷ സന്ധ്യാസമയത്ത് ചൂളം വിളിച്ചെത്തുന്ന കാറ്റും മഴയുമായിരുന്നു. കൽവിളക്കിലെ ദീപനാളം അണയാതെയിരിക്കുവാനായി ശ്രമിക്കുന്ന തന്റെ അരികിലേക്ക്, കുട നിവർത്തി അടുത്തു വന്നു നിന്നുകൊണ്ട് കുറ്റിതാടിയുള്ള ആ ചെറുപ്പക്കാരൻ പറഞ്ഞു ഇനി ദീപനാളം അണയില്ല ഇഷ്ടകാര്യം സാധിക്കട്ടെ..........ഒന്നും ഉരിയാടാതെ താൻ ആ കുടക്കീഴിൽ നിന്നു..... ആ പരിചയപ്പെടൽ വർണ്ണഭമായ കുടമാറ്റംപോലെ ജീവിതത്തെ ജീവസുറ്റ ദിനങ്ങളാക്കി മാറ്റി. എന്തും തുറന്നു പറയുവാനുള്ള ഒരു നല്ല സുഹൃത്ത് അതായിരുന്നു ശരത്ത് തനിക്ക് സാന്ത്വനവും, മാർഗ്ഗദർശിയുമൊക്കെയായി മാറി ശരത്ത്. സൂര്യന് താഴെയുള്ള സകല കാര്യങ്ങളെപ്പറ്റിയും ശരത്ത് വാചാലനാവും. താൻ എപ്പോഴും നല്ലൊരു ശ്രോതാവ് മാത്രമായിരുന്നു. ഇടക്കിടെ ശരത്ത് പറയുമായിരുന്നു നീ എന്റെ നല്ല സുഹൃത്ത് മാത്രമാണ്. അതിനുമപ്പുറത്ത് ഈ ബന്ധത്തിന് വർണ്ണങ്ങൾ ഒന്നും കൊടുക്കരുത് എന്ന്. അപ്പോൾ താൻ മൗനിയായി നില്ക്കും. വളരെ വളരെ കുറച്ചു കാലമാത്രമുണ്ടായിരുന്ന ഞങ്ങളുടെ സൗഹൃദത്തിന് ശ്രാവണമാസത്തിലെ ചന്ദ്രികപോലെ അഭൗമസൗന്ദര്യമുണ്ടായിരുന്നു. ഇന്നലെകളുടെ ഏടുകളിലെ നിറമാർന്ന അക്ഷരങ്ങളിൽ തീർത്ത അതിമനോഹരമായ കാവ്യംപോലെയായിരുന്നു ആ സുവർണ്ണ ദിനങ്ങൾ........ഒരു ദിവസം ശരത്ത് പറഞ്ഞു അടുത്താഴ്ച എന്റെ വിവാഹമാണ്

ഗുരുവായൂരിൽവെച്ച്. അമ്മാവന്റെ മകൾ പ്രഭയുമായി നേരത്തെ തീരുമാനിച്ചതാണ്. അമ്മാവന്റെ കണക്കറ്റ ബിസിനസ്സ് കാര്യങ്ങൾ ഞാൻ നോക്കി നടത്തണം, അമ്മാവനോട് ഒരുപാട് കടപ്പാട് ഉണ്ട് വീട്ടുകാരുടെ പ്രശ്നങ്ങൾ മാറണമെങ്കിൽ ഞാൻ പ്രഭയെ വിവാഹം ചെയ്തെ മതിയാവൂ. കൽക്കത്തയിൽ ജനിച്ചു വളർന്ന പ്രഭയുമായി എത്രത്തോളം പൊരുത്തപ്പെടാൻ കഴിയുമെന്നറിയില്ല..... വിവാഹം കഴിഞ്ഞാൽ ഞാൻ കൽക്കത്തക്ക് പോകും. താൻ എല്ലാം ഒരു മൂളലിലൂടെ കേട്ടുകൊണ്ടിരുന്നു. രണ്ടു ദിവസം കഴിഞ്ഞപ്പോൾ വീണ്ടും വിളിച്ചു സുഹൃത്തേ നമ്മൾക്ക് അവസാനമായി ഒന്നു കൂടെ കാണണം എന്നു പറഞ്ഞു. ഇന്ന് ഞങ്ങൾ അവസാനമായി കാണുകയാണ് ഇനി എന്നെങ്കിലും കണ്ടു മുട്ടുമോ എന്ന ചോദ്യചിഹ്നവുമായി......രണ്ടുപേരും കണ്ടു മുട്ടിയപ്പോൾ ഒന്നും ഉരിയാടാതെ നിശബ്ദരായി..... കൈയ്യ് എത്തും ദൂരത്ത് നിലാമഴയിലെന്നപോലെ സ്വയം മറന്ന് ....മൗനിയായി..... അമ്പല വഴികളിലൂടെ നടന്നു...... ആ മൗനത്തിന് ഒരു പാട് അർത്ഥതലങ്ങളുണ്ടായിരുന്നു...........

അവൾ ഓർത്തു– ഒരു നല്ല സുഹൃത്ത് ജീവിതത്തിന്റെ ഭാഗ്യമാണ്. സ്വഭാവികമായിട്ടും കണ്ണ് അകന്നാൽ മനസ്സും അകലും.....നഷ്ടപ്പെടും എന്ന് തോന്നുമ്പോഴാണ് ഇഷ്ടത്തിന്റെ തീവ്രത മനസ്സിലാകുന്നത്. എന്റെ നഷ്ടങ്ങൾ എല്ലാം മറ്റാരുടെയോ സ്വപ്നങ്ങളാണ്– മറക്കില്ല സുഹൃത്തേ നിന്നെ ഒരിക്കലും തിരിച്ച് മറന്നാൽപോലും നന്ദിയുണ്ട്.....ഒരുപാട് നന്ദിയുണ്ട്, പരിചയപ്പെട്ടതിന്, പരിഗണിച്ചതിന് സുഹൃത്താക്കിയതിന് ഒടുവിൽ ഒടുവിൽ ഒഴിഞ്ഞ് മാറിപ്പോകുന്നതിന് എല്ലാറ്റിനും ഒരായിരം നന്ദി....എനിക്ക് നിന്നെ മനസ്സിലാവും ഒരു നല്ല സുഹൃത്തിന് മാത്രമെ മറ്റൊരു സുഹൃത്തിനെ മനസ്സിലാക്കാൻ കഴിയൂ നമ്മൾ നല്ല സുഹൃത്തുക്കൾ മാത്രമാണ്.

ശരത്ത് ഓർത്തു....നീ എന്റെ ഹൃദയക്കൂട്ടിൽ എന്നുമുണ്ടാവും. എന്റെ ഇഷ്ടങ്ങൾക്ക് നഷ്ടങ്ങളുടെ കഥ പറയാനാണ് വിധി.

ശരത്ത് പെട്ടെന്നു പറഞ്ഞു എനിക്ക് പ്രശ്നങ്ങൾ ഒന്നുമില്ലായിരുന്നെങ്കിൽ ബാദ്ധ്യതകളൊന്നു മില്ലായിരുന്നുവെങ്കിൽ .......വേണ്ട.....നമ്മൾ നല്ല സുഹൃത്തുക്കൾ മാത്രമാണ് അല്ലേ.....താൻ എന്നത്തെപ്പോലെയും 'ഉം' എന്ന മൂളലിൽ ഒതുങ്ങി നിന്നു. തന്റെ കല്യാണത്തിന് എന്നെ വിവരമറിയിക്കണം എന്നു ശരത്ത് പറഞ്ഞപ്പോൾ നനഞ്ഞ കണ്ണുകളോടെ താൻ തലയാട്ടി.....എല്ലാ ഭാവുകങ്ങളും എന്നു പറഞ്ഞ് താൻ ശരത്തിന് കൈകൊടുത്തു. ഒടുവിൽ സജലങ്ങളായ നാലു കണ്ണുകൾ യാത്ര ചോദിച്ചു പിരിഞ്ഞപ്പോൾ അവരുടെ കണ്ണുകൾ ഈറനണിഞ്ഞത് കാണാതിരിക്കാ നെന്നവണ്ണം ചാറ്റൽ മഴ പെയ്യുന്നുണ്ടായിരുന്നു.

പിന്നീട് കുറെ കാലത്തോളം ശരത്ത് വിളിച്ചതെ ഇല്ല. ഒരിക്കൽ വിളിച്ചപ്പോൾ തനിക്ക് സംസാരിക്കാൻ കഴിഞ്ഞില്ല.....ശരത്ത് എന്ന സുഹൃത്ത് മനസ്സിൽ ഒരു എണ്ണഛായ ചിത്രംപോലെ നിറം മങ്ങി നിന്നു. അമ്മ തനിക്ക് പല വിവാഹാലോചനകൾ നടത്തിയെങ്കിലും ഒരാളെയും തനിക്ക് ഇഷ്ടപ്പെടാൻ കഴിഞ്ഞില്ല. തന്റെ മനസ്സിൽ ആരെങ്കിലും ഉണ്ടെങ്കിൽ വിവാഹം നടത്തി തരാം എന്ന് അമ്മ പറഞ്ഞെങ്കിലും ഉത്തരമൊന്നും പറയാതെ താൻ മൗനിയായി.... അമ്മയുടെ മരണം– ജീവിതത്തിൽ ഒറ്റപ്പെട്ടു പോയപ്പോൾ വിധിയുമായി താദാത്മ്യം പ്രാപിക്കാൻ താൻ ഒരുപാട് സമയമെടുത്തു. കന്മഷങ്ങൾ നിറഞ്ഞ കറുത്ത നാളുകൾ മനസ്സിന്റെ സുസ്ഥിതി നഷ്ടപ്പെടുത്തിക്കൊണ്ട് ഏകാകിനിയായ പുഴപോലെ ജീവിതം ഒഴുകിക്കൊണ്ടിരുന്നു.

മഴവെള്ളം വീണ് പവിഴമല്ലിപൂവുകൾ എല്ലാം ഉതിർന്നു വീണിട്ടുണ്ട്. തല കുമ്പിട്ടു നില്ക്കുന്ന ചെമ്പരത്തിപൂക്കൾ....മാവിൻ കൊമ്പിലിരുന്ന് നനഞ്ഞ ചിറകുകൾ കുടയുന്ന കാക്ക, മച്ചിൻ തട്ടിലിരുന്ന് കുറുകുന്ന അരിപ്രാവുകൾ തോരാത്തമഴ കണ്ണീർ വാർക്കുന്ന ഹതഭാഗ്യരെപോലെയാണ് തോന്നിപ്പിക്കുന്നത്. സമയം ആറുമണി ആയിരിക്കുന്നു സൂര്യന്റെ പൊൻകിരണങ്ങൾ പരക്കെ പരക്കാൻ തുടങ്ങിയപ്പോൾ വേഗം പോയി പ്രഭാതകൃത്യങ്ങൾ ചെയ്തശേഷം മിന്നുവിന് ഇഷ്ടപ്പെട്ട അപ്പവും വെജിറ്റബിൾ ഇഷ്ടുവും ഉണ്ടാക്കി വെച്ചു. മിന്നുവിനെ ഉണർത്തി, കുളിച്ച് ,അമ്പലത്തിൽ പോയി വരുവാൻ പറഞ്ഞു. അവൾ അമ്പലത്തിൽ പോയപ്പോൾ മനസ്സ് മൂകമായി. ഇനി മണിക്കൂറുകൾ മാത്രമെ മിന്നു തന്റെ കൂടെയുള്ളു. മനസ്സിന് വല്ലാത്ത വിങ്ങൽ...താൻ എന്നും ആകാശവിതാനത്തിലെ ഒറ്റയാൽ നക്ഷത്രംപോലെ.....ഭൂതകാലത്തിന്റെ ശേഷിപ്പുകളിലേക്ക് മനസ്സ് വീണ്ടും ഊളിയിട്ട് ഇറങ്ങി.

താമസിയാതെ ശരത്ത് തന്നെഫോൺ ചെയ്തു അസ്തമന സൂര്യന്റെ കിരണങ്ങൾ തന്റെ ദേഹത്ത് പതിയുന്നുണ്ടായിരുന്നു. താൻ പാർക്കിൽ ശരത്ത് വരുവാനായി ഉത്സുകത്തോടെ കാത്തിരുന്നു.....ക്ഷമിക്കണം, മോൾക്ക് കുറച്ചു സാധനങ്ങൾ വാങ്ങിച്ച് കൊടുക്കാനുണ്ടായിരുന്നു. അതാണ് വരാൻ വൈകിയത്. സാരമില്ല എന്നു താൻ പറഞ്ഞു. എന്തൊക്കെയാണ് തന്റെ വിശേഷങ്ങൾ. തന്റെ ഭർത്താവ് എന്ത് ചെയ്യുന്നു. കുട്ടികൾ....ശരത്ത് ശ്വാസം വിടാതെ വാചാലനായി. രണ്ടിനും ഉത്തരം ഇല്ലാ.........എന്നതാണ്. ഞാൻ വിവാഹം കഴിച്ചിട്ടില്ല, കുട്ടികളുമില്ല. മിടുക്കിയായ തന്നെ വിവാഹം ചെയ്യാൻ ആരും തയ്യാറായി വന്നില്ല. എന്തോ പലരും വന്നു ആരെയും എനിക്ക് ഇഷ്ടപ്പെട്ടില്ല അമ്മ ഒരുപാട് വിഷമിച്ചാണ് മരിച്ചത്. അതാണ് എന്റെ ഏറ്റവും വലിയ ദുഃഖം. തനിക്ക് ഇത് എന്തുപറ്റി തന്റെ നല്ലൊരു സുഹൃത്ത് അല്ലേ ഞാൻ എന്നോട് പറയൂ എന്തോ ആരെയും ഉൾക്കൊള്ളാൻ എനിക്ക് കഴിഞ്ഞില്ല അത്രെയുള്ളൂ. ജീവിതത്തിന്റെ മദ്ധ്യാനത്തിൽ എത്തി നില്ക്കുന്ന ഈ സമയത്ത് ഇനി അതിനൊന്നും ഒരു പ്രസക്തിയുമില്ലല്ലോ......ശരത്തിന്റെ വിശേഷങ്ങൾ എന്തൊക്കെയാണ് ....? പ്രഭയെ വിവാഹം കഴിച്ച ഞങ്ങളുടെയിടയിൽ പൊരുത്തക്കേടുകൾ മാത്രമായിരുന്നു. ഞാൻ താമസിയാതെ കൽക്കട്ടയിൽ നിന്ന് വന്ന് ഇവിടെ ജോലിക്ക് കയറി. പ്രഭ എന്നോടുള്ള വാശി കാരണം വന്നില്ല. അവൾ ഗർഭിണിയാണെന്നറിഞ്ഞപ്പോൾ വീട്ടുകാർ അവളെ നിർബന്ധിച്ച് നാട്ടിലേക്കയച്ചു. പിന്നീട് രണ്ടു ധ്രുവങ്ങളിലായി ഞങ്ങൾ ഒരു വീട്ടിൽ കഴിച്ചുകൂട്ടി. മോൾക്ക് ഏഴ് വയസ്സുള്ളപ്പോൾ അവൾ വീണ്ടും വഴക്കിട്ട് പോയി. പിന്നെ എനിക്ക് കിട്ടിയത് വിവാമോചനത്തിനുള്ള നോട്ടീസ് ആയിരുന്നു. താമസിയാതെ ഞങ്ങൾ പിരിഞ്ഞു. മോള് എന്റെ കൂടെയാണ് നിന്നത്. ദേവിക വലിയ എഴുത്തു കാരിയാണല്ലോ. മോൾ തന്റെ ആരാധികയാണ്. താൻ തൂലികാ നാമം ഗന്ധർവ്വൻ എന്ന പേരിട്ടത് എന്നെ കുത്തി നോവിക്കാനാണോ...? പെണ്ണുങ്ങളുടെ മനസ്സ് ഇളക്കി മിണ്ടാതെ തിരിഞ്ഞ് പോകുന്ന ഗന്ധർവ്വനെ പോലെ എന്നു പറഞ്ഞ് താൻ എന്നെ കളിയാക്കിയിരുന്നു. ഉവ്വ് പക്ഷേ ആ പേരിട്ടത് ഓർമ്മയിലുള്ളതുകൊണ്ടാണ്. പിന്നെ ഒരു പുതുമയും. ശരത്ത് പറഞ്ഞു. ഞാനിപ്പോൾ ഫ്രീയാണ്. പ്രശ്നങ്ങൾ ഒന്നുമില്ല...... നമ്മൾ വർഷങ്ങൾക്കുമുമ്പ് പറയാതെയിരുന്നത്. നമ്മൾക്ക് ഒന്നിച്ച് അങ്ങനെ ജീവിക്കാൻ തുടങ്ങിയാലോ.....? അരുത് ശരത്ത്. വർഷങ്ങൾക്ക് മുമ്പായിരുന്നെങ്കിൽ എന്റെ മനസ്സിൽ വർണ്ണമഴപെയ്തേനെ..... പക്ഷേ ഇപ്പോൾ നമ്മൾക്കിടയിൽ സൗഹൃദം മാത്രം മതി.....ശരത്ത് ഇപ്പോൾ തനിച്ചല്ല. കൗമാരക്കാരിയായ ഒരു മകളുണ്ട്. ആ കുട്ടിക്ക് ഇതൊന്നും ചിലപ്പോൾ ഉൾക്കൊള്ളാൻ പറ്റിയെന്ന് വരില്ല, എനിക്കിപ്പോൾ പ്രതീക്ഷകളൊന്നുമില്ല. യാഥാർത്ഥ്യങ്ങൾ മാത്രമെയുള്ളൂ.....എല്ലാം ഞാൻ ശരിയാക്കും എന്നു പറഞ്ഞ് ശരത്ത് യാത്ര ചോദിച്ച് പോയി......

പിന്നെ ഒരാഴ്ച കഴിഞ്ഞപ്പോൾ ശരത്തിന്റെ മെസ്സേജ് വന്നു ദേവിക എന്നോട് ക്ഷമിക്കണം. ഞാൻ വീണ്ടും ഗന്ധർവ്വനായി മാറിയിരിക്കുന്നു. വെറുതെ പ്രലേഭനങ്ങൾ നൽകിയിട്ട്.... സോറി വെരി സോറി എന്ന് പറഞ്ഞ് ,അത് വായിച്ച് തന്റെ കണ്ണുകൾ നനഞ്ഞില്ല, തിരിച്ചടികൾ തന്റെ മനസ്സിനെ ഒരു പാട് ദൃഢമാക്കിയിരിക്കുന്നു. വീണ്ടും നാലുദിവസം കഴിഞ്ഞപ്പോൾ ഒരു സന്ധ്യാനേരത്ത് വത്സലടീച്ചറുടെ ഫോൺകോൾ വന്നു ദേവിക അറിഞ്ഞോ, തന്റെ പുസ്തകപ്രകാശനം ചെയ്ത ശരത്ത് ഡി.ഇ.ഒ തളർന്നുവീണ് മരിച്ചുവത്രെ. ഉം എന്ന മൂളലോടെ ഫോണിനെ എറിഞ്ഞ് താൻ കിടക്കയിലേക്ക് വീണു, പുറത്ത് മഴ തിമിർത്ത് പെയ്യുമ്പോൾ മഴയോർമ്മകൾ തന്ന നിഴലുകൾക്കൊപ്പം അകത്തെ ചുവരുകൾക്കുള്ളിൽ തന്റെ കണ്ണുകൾ തോരാതെ പെയ്യുകയായിരുന്നു. താൻ കാണാനൊന്നും പോയില്ല. ചേതനയറ്റ ആ ശരീരം തനിക്ക് കാണാൻ തോന്നിയില്ല. മൂന്നാഴ്ച കഴിഞ്ഞപ്പോൾ തനിക്ക് ഒരു കോൾ വന്നു ഞാൻ മീനാക്ഷി. മിന്നു എന്നാണ് അച്ഛൻ വിളിക്കാറ്. ഞാൻ ശരത്ത് ബാബുവിന്റെ മകളാണ്. എനിക്ക് ആന്റിയെ ഒന്നു കാണണം എന്നു പറഞ്ഞു. ഞാൻ വരാം എന്നു പറഞ്ഞുകൊണ്ട് അവളുടെ വീട് ലക്ഷ്യമാക്കി താൻ പുറപ്പെട്ടു. തന്നെ കണ്ടതും അവൾ ഓടി വന്ന് തന്നെ കെട്ടിപ്പിടിച്ച് കരഞ്ഞു. നല്ല ഒരു സുന്ദരിക്കുട്ടി ഞാനാണ് അച്ഛനെ.....ഞാൻ സമ്മതിച്ചിരുന്നെങ്കിൽ......ദേവികക്ക് കാര്യങ്ങൾ മനസ്സിലായി, താൻ പറഞ്ഞു എല്ലാം ഉൾക്കൊള്ളാൻ ശ്രമിക്കണം വിധിയുമായി പൊരുത്തപ്പെടാതെ നിവൃത്തിയില്ലല്ലോ.... മരിച്ചുപോയവരെല്ലാം ഭാഗ്യം ചെയ്തവരാണ്. മിന്നു പറഞ്ഞു തുടങ്ങി അച്ഛൻ പറഞ്ഞു മോൾക്ക് ഒരമ്മയുടെ ആവശ്യമുണ്ട് നീ വളർന്നു വരുകയല്ലേ. ഒരമ്മയുടെ സാമീപ്യം പെൺകുട്ടികൾക്ക് അത്യവശ്യമാണ്. മോൾക്ക് ഇഷ്ടപ്പെട്ട ദേവികയെ അച്ഛൻ വിളിച്ചു കൊണ്ടു വരട്ടെ.... ഞങ്ങൾ നല്ല സുഹൃത്തുക്കളായിരുന്നു. ഞാൻ പെട്ടെന്ന് പറഞ്ഞു വേണ്ട. പത്തമ്മ ചമഞ്ഞാലും പെറ്റമ്മയോളം ആവില്ലല്ലോ.... ഒരമ്മയുടെ ചൂടും ലാളനയും, കരുതലും എല്ലാം വേണ്ടിയിരുന്ന ബാല്യത്തിൽ എനിക്കത് കിട്ടിയില്ല, ഇനി ഒരമ്മ എനിക്കാവശ്യമില്ല. നമ്മുടെ ജീവിതത്തിലേക്ക് ആരും ഇനി കടന്നു വരണ്ട. ഒന്നും പറയാതെ അച്ഛൻ തിരിഞ്ഞു നടന്നു. ഒരാഴ്ച അച്ഛൻ ആകെ നിരാശയിലായിരുന്നു. പെട്ടെന്നാണ് അച്ഛന് ഇങ്ങനെയൊക്കെ സംഭവിച്ചത്... എന്നോട് ക്ഷമിക്കണം ആന്റി എന്നു പറഞ്ഞ് വീണ്ടും കരയുവാൻ തുടങ്ങി. അച്ഛമ്മ അച്ഛൻ പെങ്ങളുടെ കൂടെ പോവുകയാണ്. ഞാൻ തനിച്ചാണ് ഇവിടെ എന്നെ ഹോസ്റ്റലിൽ നിറുത്തുവാനാണ് പ്ലാൻ.....പ്ലീസ് ആന്റി എന്നെ ആന്റിയോടൊപ്പം കൊണ്ടു പോകുമോ ? അച്ഛനും അതായിരിക്കും ഇഷ്ടം. എന്തു പറയണ മെന്നറിയാതെ താൻ കുഴങ്ങി. ഒടുവിൽ അവളുടെ ഇഷ്ടം നടക്കട്ടെയെന്ന് കരുതി. വീട്ടുകാർക്ക് വിരോധമൊന്നും കണ്ടില്ല. അവർക്ക് സന്തോഷമായപോലെ..... താൻ ശരത്തിന്റെ മോളുമായി തന്റെ വീട്ടിൽ എത്തി 11–ാം ക്ലാസ്സിൽ പ

റിക്കുമ്പോഴാണ് അവൾ തന്റെ അരികിലെത്തിയത്. ഇപ്പോൾ ഡിഗ്രി ഫൈനൽ ആയിരിക്കുന്നു. നീണ്ട അഞ്ചു വർഷങ്ങൾ ......അനൈക്യങ്ങൾ ഇല്ലാതെ ജന്മാന്തരങ്ങളുടെ പകർപ്പ് എന്നപോലെ അതിഗാഢവും അഗാധവുമായ സ്നേഹബന്ധം ഞങ്ങളിൽ ഉടലെടുത്തു.

ഒരു ദിവസം മഴ നനഞ്ഞു വന്ന മിന്നുവിന് തല തുവർത്തി കൊടുക്കുമ്പോഴാണ് തനിക്ക് ഒരു ഫോൺ കോൾ വന്നത്. ഫോൺ എടുത്തപ്പോൾ ഞാൻ– പ്രഭ, തന്റെ ശ്വാസം ഒരു നിമിഷം നിലച്ചു പോയി. ദേവികയല്ലേ സംസാരിക്കുന്നത് 'അതെ' എന്ന് താൻ പറഞ്ഞു 'മീനാക്ഷി' ദേവികയുടെ കൂടെയാണല്ലേ താമസം 'ഉം' എന്നു പറഞ്ഞപ്പോൾ എന്നോട് കരുണ കാണിക്കണം, മിന്നുവിനെ എനിക്ക് തരണം അവൾക്ക് എന്നെ ഇഷ്ടമുണ്ടാവില്ലായെന്നറിയാം. പക്ഷേ അവളെ എനിക്ക് വേണം ഒരമ്മയുടെ കടമകളൊന്നും ഞാൻ ചെയ്തിട്ടില്ല എങ്കിലും അവൾ എന്റെ മകളല്ലാതെയാവുന്നില്ലല്ലോ? ശരത്തുമായി പിണങ്ങി വിവാഹബന്ധം വേർപ്പെടുത്തിയ ഞാൻ പരിചയക്കാരനായ കിഷേർ എന്ന വ്യക്തിയുമായി ലിവിങ്ങ് ടു ഗതർ ആയിരുന്നു . ഇന്ന് ഞാൻ ഒരു മാരകരോഗത്തിന് അടിമയാണ് കിഷോറിന് ഇപ്പോൾ എന്നെ വേണ്ടാതായിരിക്കുന്നു. ഇനിയുള്ള ദിവസങ്ങൾ എന്റെ മകളുമായി കഴിഞ്ഞു കൂടണം. ഞാൻ അനാഥയല്ല എനിക്കൊരു മകളുണ്ട്. അവളെ നിങ്ങൾ എനിക്ക് തന്നേ മതിയാവൂ. പ്രഭയുടെ വാക്കുകൾ തന്റെ ഹൃദന്തത്തെ മുറിവേൽപ്പിച്ചു കൊണ്ടിരുന്നു. ഈ വരുന്ന ഞായറാഴ്ച അവളെ കൊണ്ടു വരണം എന്ന് പറഞ്ഞ് സ്ഥലം പറഞ്ഞു തന്ന് ഫോൺ വെച്ചു. തന്റെ നാവ് നിശ്ചല മായിരുന്നു. ഞായറാഴ്ചയ്ക്ക് ഇനി മൂന്നു ദിവസം മാത്രം. ആ മൂന്ന് ദിവസവും ഒരു പാട് ആലോചിച്ച് എടുത്ത തീരുമാനമാണ്. എന്താ ദിവാസ്വപ്നം കണ്ടിരിക്കുകയാണോ എന്ന് പറഞ്ഞ് മിന്നു പ്രസാദം തന്റെ നെറ്റിയിൽ വരച്ചു. പിന്നീട് പ്രാതൽ കഴിക്കുന്നതിനിടയിൽ താൻ പറഞ്ഞു ഇന്ന് നമ്മൾ ഒരു സ്ഥലത്തേക്ക് പോകുകയാണ് വേഗം ഒരുങ്ങി വരൂയെന്ന് അവൾ ഉത്സാഹ ത്തോടെ ഒരുങ്ങാനായി പോയപ്പോൾ അവളുടെ ഡ്രസ്സുകളെല്ലാം വേഗം പെട്ടികളിലാക്കി കാറിൽ കൊണ്ടുപോയിവെച്ചു. യാത്രക്കിടയിൽ ഞങ്ങൾ ഒന്നും മിണ്ടിയില്ല. അവൾ ഇയർഫോണിലൂടെ പാട്ട് കേൾക്കുകയാണ്..... പിന്നെയും ഒരു തീരാനഷ്ടം തന്റെ ജീവിതത്തിൽ ഒരു തുടർക്കഥപോലെ പ്രഭ പറഞ്ഞ ഫ്ളാറ്റ് എത്തി. ഇവിടെ ആരെ കാണാനാ എന്നു ചോദിച്ചുകൊണ്ട് മിന്നു കാറിൽ നിന്നിറങ്ങി. അവളെയും കൂട്ടി മുകളിലെത്തി കോളിങ്ങ്ബെല്ല് അമർത്തിയപ്പോൾ പ്രഭ വാതിൽ തുറന്നു ബോയ്കട്ട് അടിച്ച് ചൂരിദാറും ഇട്ട് നില്ക്കുന്ന പ്രഭ ശരിക്കും ഒരു നോർത്ത് ഇൻഡ്യൻ ലേഡി തന്നെ. മോളെ കണ്ടതും എന്റെ മിന്നു എന്നു പറഞ്ഞ് പ്രഭ അവളെ കെട്ടിപ്പിടിച്ചു പരിഭ്രമിച്ച മിന്നുവിന് ഓർമ്മ വന്നു. ഓ....അമ്മ എന്ന സ്ത്രീയല്ലേ എന്നു പറഞ്ഞ് കുതറിമാറി ആന്റി എന്തിനാ ഇവിടേക്ക് എന്നെ കൊണ്ടു വന്നത്. എനിക്ക് ഇവരെ ഇഷ്ടമല്ല. പ്രഭ പറഞ്ഞു മോള് അമ്മയോട് ക്ഷമിക്കണം. അമ്മയ്ക്ക് മോൾ മാത്രമേയുള്ളൂ ഇനി നമ്മൾക്ക് ഒന്നിച്ച് ജീവിക്കണം. മിന്നു പറഞ്ഞു ഇല്ല ഞാൻ തിരിച്ച് പോകും ആന്റി എന്നെ ഇവിടെ ഉപേക്ഷിച്ച് പോകല്ലേ. ഞാനും കൂടെ വരും എന്നുപറഞ്ഞ് ബഹളം വെയ്ക്കുവാൻ തുടങ്ങി. താൻ ഒന്നും മിണ്ടിയില്ല. ആന്റി എന്താ മൗനം ഭജിക്കുന്നേ എന്ന് പറഞ്ഞ് അവൾ തന്റെ തോളിൽ പിടിച്ച് കുലുക്കി. താൻ പ്രഭയെ നോക്കി പ്രഭയ്ക്ക് അറിയാമായിരുന്നു. തന്റെ മൗനത്തിന് ആയിരം ചിറകുകൾ ഉണ്ടെന്ന് മിന്നു ആന്റി എന്നെ കൂടിക്കൊണ്ടു പോ എന്ന് പറഞ്ഞ് കരഞ്ഞ് സോഫയിൽ കിടന്നു. ഒറ്റപ്പെടലിന്റെ നൊമ്പരവും പേറി താൻ വേഗം കാറിൽ കയറി വീട്ടിലേക്ക് തിരിച്ചു. തന്റെ മൗനത്തിന് വാക്കുകളെക്കാൾ ശക്തിയുണ്ടെന്ന് ശരത്ത് എപ്പോഴും പറയാറുണ്ടായിരുന്നു. മിന്നു താമസിയാതെ മാനസാന്തരം വന്ന അമ്മയുമായി അടുത്തുകൊള്ളും. അവൾ പറഞ്ഞപ്പോലെ പത്തമ്മ ചമഞ്ഞാലും പെറ്റമ്മയോളം ആവില്ലല്ലോ. ...മാത്രമല്ല പ്രഭ രോഗിയാണ് രോഗം ഒരു കുറ്റമല്ല എന്ന് മനസ്സിലാക്കാനുള്ള വിവേകം ഒക്കെ മിന്നുവിനുണ്ട്. എങ്കിലും.... ഇത് രണ്ടാമത്തെ പ്രാവശ്യമാണ് അറിയാതെയാണെങ്കിലും പ്രഭ എന്റെ പ്രിയപ്പെട്ടവരെ തട്ടിയെടുക്കുന്നത് അവകാശപ്പെടാൻ അവർ എന്റെ ആരുമല്ല എന്നാലും അവർ രണ്ടുപേരും എന്റെ പ്രിയപ്പെട്ടവരാണ്. തനിക്ക് ആരെയും വേദനിപ്പിക്കാനാവില്ല. വേദനകൾ താൻ സ്വയം ഏറ്റെടുക്കാറെയുള്ളൂ. അർഹിക്കാത്തത് ഒന്നും മോഹിക്കരുതല്ലോ..... തനിക്കും ഒരു മനസ്സ് ഉണ്ടെന്നും, തനിക്ക് വികാരങ്ങൾ ഉണ്ടെന്നും കാണേണ്ടവർ മാത്രം കണ്ടില്ല. ചിന്തകളോടെ നാലുകെട്ടിൽ എത്തിയത് ദ്രുതഗതിയിലായിരുന്നു. ശ്മശാനമൂകത തളംകെട്ടി നില്ക്കുന്ന നാലുകെട്ട് തനിക്കായി കാത്ത് നില്ക്കുന്നു. കാറിൽ നിന്നിറങ്ങി തുളസിത്തറയിൽ വിളക്ക് വെച്ച് തൊഴുതു നിന്നു. ഇനി നാലുകെട്ടിലെ ചുമരുകളും കൂടെ നടന്ന് പ്രശ്നങ്ങൾ തന്ന് തന്നെ നോക്കി ഊറിച്ചിരിക്കുന്ന തേവരും മാത്രമാണ് കൂട്ട്. അറിയാതെ ചുണ്ടുകൾ വിതുമ്പിപോയി. അവളുടെ ഗദ്ഗദം ചക്രവാളം ആകെ പ്രതിധ്വനിക്കുന്നുണ്ടായിരുന്നു........





# തെയ്യം ഒരനുഷ്ഠാന കലാരൂപം

ഉഷ കണവള്ളിൽ. ഫോൺ : 9495336835

ഏകദേശം 1500 വർഷങ്ങൾക്കു മുൻപ് മലയർ, പാണർ, വണ്ണാൻ, വേലൻ എന്നീ ജാതിക്കാർക്ക് വിഷ്ണുവിന്റെ ആറാമത്തെ അവതാരമായ പരശുരാമൻ തെയ്യം, തിറ അല്ലെങ്കി ൽ തെയ്യാട്ടം എന്നീ അനുഷ്ഠാന കലകൾ കെട്ടിയാടുവാനുള്ള അവകാശം നൽകിയെന്നാണ് ഐതിഹ്യം.

വടക്കൻ കേരളത്തിലെ അനുഷ്ഠാന കലാരൂപമാണ് തെയ്യം. തെയ്യം എന്ന വാക്കിന്റെ അർത്ഥം ദൈവം എന്നാണ്. മനുഷ്യർ ദൈവങ്ങളുടെ കോലം ധരിച്ച് തനി ദൈവരൂപത്തിൽ പ്രത്യക്ഷപ്പെട്ട് ഭക്തർക്ക് അനുഗ്രഹമേകി അവരെ സന്തുഷ്ടരാക്കുന്നു. തെയ്യം, തിറ, കോലം എന്നീ മൂന്നു വ്യത്യസ്ത നാമങ്ങളിൽ ഇവ അറിയപ്പെടുന്നു. പണ്ട് തറവാടുകളിലും സ്ഥാനം എന്നു പറയപ്പെടുന്ന ദേവതാസങ്കേതങ്ങളിലും ആണ് തെയ്യം കെട്ടിയാടിയിരുന്നത്. കാവ്, അറ, കോട്ടം, പള്ളിയറ, താനം, മുണ്ട്യ എന്നീ അപരനാമങ്ങളിലും സ്ഥാനങ്ങൾ അറിയപ്പെടുന്നു. ഇവിടങ്ങളിൽ തെയ്യവും തിറയും കെട്ടിയാടിക്കുന്നതിനെയാണ് കളിയാട്ടം എന്നു പറയുന്നത്. മന്ത്രപരമായതും തന്ത്രപരമായതും മറ്റനേക തരത്തിലുള്ളതുമായ വ്രതാനുഷ്ഠാനങ്ങളാൽ മുഖരിതമാണ് തെയ്യം എന്ന കല.

നിലവിൽ 500 ഓളം തെയ്യങ്ങളുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. അമ്മദൈവാരാധന, വൃക്ഷാരാധന, പർവതാരാധന, പ്രേതാരാധന, ശൈവ, വൈശാവാരാധന എന്നിങ്ങനെ പല ആരാധനാ രീതികളും തെയ്യത്തിനുള്ളതായി കാണുന്നു.

തെയ്യം ഒരു കലാകാരന് കെട്ടിയാടാനുള്ള പ്രാവിണ്യം നേടുവാൻ അനേകവർഷത്തെ പരിശീലനം ആവശ്യമാണ്. തുലാം പത്തുമുതൽ ഇടവപ്പാതി വരെയുള്ള കാലത്താണ് സാധാരണ തെയ്യം കെട്ടിയാടാറുള്ളത്.

മുഖത്തെഴുത്ത്, മെയ്യെഴുത്ത്, ചമയങ്ങൾ, വേഷങ്ങൾ എന്നിവ നോക്കിയാണ് തെയ്യങ്ങളെ പരസ്പരം വേർതിരിക്കുന്നത്. കലാകാരന്റെ തലയുടെ ഭാഗത്തിരുന്നാണ് സാധാരണ മുഖമെഴുത്തു നടത്തുന്നത്. നത്തുകണ്ണ്, വെച്ചെഴുത്ത് , പുലിനഖം വെച്ചെഴുത്ത്, കോഴിപുഷ്പം വെച്ചെഴുത്ത് എന്നിങ്ങനെ പലതരം വെച്ചെഴുത്തുകളാണ് സാധാരണയായി കണ്ടു വരാറുള്ളത്. തലമുറകളായി കിട്ടുന്ന അറിവ് ചമയങ്ങൾക്ക് മാറ്റു കൂട്ടുവാൻ വളരെ സഹായകമാണ്.

കൂടാതെ അരച്ചമയങ്ങൾ, കൈകാൽച്ചമയങ്ങൾ, മാർച്ചമയങ്ങൾ എന്നിവയും തെയ്യം കെട്ടിയാടുന്നതിന് ഉപയോഗിക്കുന്നു.

അടയാളം കൊടുക്കലാണ് തെയ്യം കെട്ടുന്നതിനു മുൻപുള്ള ആദ്യത്തെ ചടങ്ങ്. തെയ്യം കെട്ടുവാനുള്ള തീയതി നിശ്ചയിച്ച് തെയ്യക്കാരനെ എൽപ്പിക്കുന്ന ചടങ്ങാണിത്. തുടർന്ന് കെട്ടേണ്ട തെയ്യക്കോലത്തിനനുസരിച്ച് മൂന്നോ, അഞ്ചോ, ഏഴോ അതിൽ കൂടുതലോ ദിവസക്കാലം വ്രതശുദ്ധിയോടെ മത്സ്യമാംസാദികൾ വർജിച്ച് പ്രത്യേകപുരയിൽ തെയ്യക്കാരൻ താമസിക്കേണ്ടതാണ്.

തെയ്യം കെട്ടിയാടുംമുമ്പ് കോല ക്കാരനും മറ്റു സഹായികളും വളരെ ശ്രുതിമധുരവും മനോഹരവുമായ താളവാദ്യത്തോടെ തോറ്റംപാട്ടുകൾ ചൊല്ലുവാൻ തുടങ്ങുന്നു. തോറ്റം പാട്ടുകളിലൂടെയാണ് തെയ്യത്തിന്റെ ഉൽപ്പത്തിയും മറ്റു പ്രത്യേകതകളും വിവരിക്കുന്നത്. തോറ്റം പാട്ടുകൾ ഓരോ തെയ്യകോലത്തിനെ അനുസരിച്ചുള്ളതായിരിക്കും. നാനാ തരത്തിലുള്ള തോറ്റം പാട്ടുകളുണ്ട്. ഓരോ തെയ്യത്തിനു പിന്നിലും ഇതിഹാസപരമായ കഥകൾ ഉണ്ട്. ഈ കഥകൾ ചെണ്ട, ഇലത്താളം , വീക്കുചെണ്ട എന്നീ വാദ്യോപകരണങ്ങൾ ഉപയോഗിച്ച കോലക്കാരനും മറ്റ് അകമ്പടിക്കാരും കൂടി ചൊല്ലുന്നു. തുടർന്ന് ദൈവികശക്തി ചൈതന്യം കോലക്കാരന്റെ ശരീരത്തിൽ ആവാഹിക്കപ്പെടുന്നു.

ഒരു തെയ്യക്കഥ ഇതാ.............

## എടലാപുരത്ത് ചാമുണ്ഡി

എടലാപുരത്ത് ചാമുണ്ഡി ഒരു ഉഗ്രദേവതയായിരുന്നു. സന്താനലബ്ധിക്കും സുഖപ്രസവത്തിനുമെല്ലാം ഭക്തർ ഈ ദേവതയെ ആരാധിച്ചു വരുന്നു.

പരമശിവൻ ഒരിക്കൽ നാല്പത് ദിവസം ഹോമം ചെയ്തു. നാല്പത്തിയൊന്നാം ദിവസം അവിടെ ഒരത്ഭുതം നടന്നു! ഹോമകുണ്ഡത്തിൽ നിന്ന് ഉജ്ജ്വലസ്വരൂ പികളായ എടലാപുരത്ത് ചാമുണ്ഡി,

(ശേഷം 52-ാം പേജിൽ)

# ഓർമ്മകൾ മരിക്കുമോ?

പ്രസന്ന കുറുപ്പ് ഫോൺ : 9633561262

പകൽ എപ്പോഴോ തുടങ്ങിയ മഴ. വായിക്കാനായി ഫ്ളാറ്റിന്റെ ബാൽക്കണിയിൽ കരയോഗസൗഹൃദം കൈയ്യിലെടുത്ത് മഴയുടെ ആരവവും കേട്ടിരിക്കുമ്പോൾ തൊട്ടടുത്ത വീട്ടിൽ നടക്കാനിരിക്കുന്ന കല്ല്യാണത്തിന്റെ ബഹളം.

‘കോലക്കുഴൽ വിളികേട്ടോ രാധേ എൻ രാധേ
കണ്ണനെന്നെ വിളിച്ചോ രാവിൽ ഈ രാവിൽ’

മഴയിൽ ആ പാട്ടും കേട്ടിരുന്നപ്പോൾ തണുത്ത കാറ്റിൽ കണ്ണുകൾ അടയുന്നതുപോലെ.

വളരെ മെലിഞ്ഞു പൊക്കമുള്ള ഒരു പെൺകുട്ടി കല്ല്യാണം കഴിഞ്ഞ് ഭർത്താവുമൊത്ത് ജോലി സ്ഥലത്ത് യാത്രയാകുമ്പോൾ, വലിയ സ്വപ്നങ്ങളൊന്നും ഇല്ലായിരുന്നുവെങ്കിലും, എന്തിനേയും എങ്ങനേയും നേരിടാനുള്ള ഒരു കഴിവ് ഉണ്ടെന്ന് ഒരു തോന്നൽ. സ്നേഹിക്കാൻ അറിയാവുന്ന ഭർത്താവ് ജോലികാര്യത്തിനു വേണ്ടി പല ദിവസങ്ങളിലും വീട്ടിൽ നിന്ന് മാറി നിൽക്കേണ്ടി വരുന്ന സാഹചര്യം. അപ്പോൾ ഒറ്റയ്ക്കുള്ള താമസം. പുതിയ സ്ഥലം, പുതിയ കൂട്ടുകാർ, പുതിയ ഭാഷകൾ ഇങ്ങനത്തെ ചുറ്റുപാടുമായി പൊരുത്തപ്പെടാൻ ആദ്യമൊക്കെ വിഷമമായിരുന്നുവെങ്കിലും താമസിയാതെ എല്ലാ സാഹചര്യങ്ങളുമായി ഇണങ്ങിച്ചേരാൻ ശ്രമിച്ചു തുടങ്ങി. അപ്പോഴായിരുന്നു ആദ്യത്തെ മകന്റെ ജനനം. മോന്റെ കളിയും ചിരിയുംഎല്ലാ വിഷമങ്ങളേയും മറക്കാൻ സഹായിച്ചു. സന്തോഷകരമായ ഒന്നു രണ്ടു വർഷം കടന്നുപോയി. പെട്ടെന്നൊരു സ്ഥലംമാറ്റം. ദിവസങ്ങൾ കഴിയവേ രണ്ടാമത്തെമോന്റെ വരവും. എല്ലാംകൊണ്ടും സന്തോഷം നിറഞ്ഞ നാളുകൾ. വീട്ടുജോലി, കുട്ടികളുടെ പഠിത്തം അതിനിടയിൽ ഞാൻ എന്നെത്തന്നെ മറന്ന സന്ദർഭങ്ങൾ.

ഈ സമയത്ത് മനസ്സിനെ ഏറ്റവും വിഷമിപ്പിച്ച സംഭവമായിരുന്നു എന്റെ അമ്മയുടെ പെട്ടെന്നുള്ള മരണം. എന്റെ ഏറ്റവും വലിയ താങ്ങായിരുന്നു എന്റെ അമ്മ. ഇളയ മകന് അപ്പോൾ രണ്ട് വയസ്സു പ്രായം. വർഷങ്ങൾ കടന്നു പോയി. മക്കൾ വലുതായി നാട്ടിലും വിദേശത്തുമൊക്കെയായി. മക്കൾക്ക് അന്ന് കൊടുക്കാവുന്നതിൽ കൂടുതൽ വിദ്യാഭ്യാസം നൽകിയെന്നുള്ള സംതൃപ്തി. രണ്ടു പേർക്കും നല്ല കുടുംബത്തിൽ നിന്നുള്ള വിവാഹം. ജോലിസ്ഥലങ്ങളിൽ അവർ ഭാര്യമാരോടുകൂടി പോകുമ്പോഴും ഒറ്റപ്പെട്ടതായി തോന്നിയില്ല. കാരണം എപ്പോഴും കൂട്ടായി ഭർത്താവ് അരികിൽ കാണും. എന്നൊരു വിശ്വാസം.

ദിവസങ്ങൾ കടന്നുപോകുമ്പോൾ എല്ലാ വിശ്വാസങ്ങളേയും തെറ്റിച്ചുകൊണ്ട് പെട്ടെന്നായിരുന്നു ഭർത്താവിന്റെ വിയോഗം. എന്തു ചെയ്യണമെന്നറിയാതെ പകച്ചുനിന്ന നിമിഷങ്ങൾ. എന്തെങ്കിലും ആലോചിക്കാനോ തീരുമാനിക്കാനോ പറ്റാത്ത അവസ്ഥ. മുപ്പത്തഞ്ചു വർഷത്തിനുശേഷം എന്നന്നേക്കുമായി നാട്ടിലേക്കുള്ള മടക്കയാത്ര. ഒറ്റപ്പെടലിൽ മനസ്സിന്റെ താളം തെറ്റുമോ എന്ന ഭയം. മരണത്തെ വരെ സ്വീകരിക്കാൻ മനസ്സ് ആഗ്രഹിച്ച നിമിഷങ്ങൾ. പിടിച്ചു നിൽക്കാൻ വളരെ പ്രയാസപ്പെട്ട സന്ദർഭങ്ങൾ.

ജോലിസ്ഥലത്തു നിന്ന് നാട്ടിലേക്ക് എന്നന്നേക്കുമായി മടങ്ങിയപ്പോൾ ബന്ധുക്കളുടെ അടുത്തേക്കാണല്ലോ വരുന്നത് എന്നൊരു വിശ്വാസം. പക്ഷേ എന്നിട്ടും ഇടയ്ക്ക് എപ്പോഴൊക്കെയോ മനസ്സ് വേദനിച്ചപ്പോൾ മക്കളെക്കുറിച്ച് ഓർത്ത് എല്ലാം മറക്കാൻ ശ്രമിച്ചു. സ്നേഹിക്കാൻ മാത്രം അറിയാവുന്ന മക്കൾ, അവരുടെ ഭാര്യമാർ, പിന്നെ ഭർത്താവിന്റെ വീട്ടുകാർ ഇവരുടെ എല്ലാം ആശ്വാസം പകരുന്ന വാക്കുകൾ വീണ്ടും ജീവിക്കുവാൻ പ്രേരിപ്പിക്കുന്നതുപോലെ.

മനസ്സിലെ വിഷമങ്ങൾ മറ്റാരും അറിയാതെ കരഞ്ഞു തീർക്കുന്ന രാത്രികൾ, അപ്പോഴാണ് ഒരു വിരുന്നുകാരനെപ്പോലെ കൊച്ചുമോന്റെ വരവ്. കണ്ടു കൊതിതീരുന്നതിനുമുമ്പ് അവനേയും കൊണ്ട് ജോലിസ്ഥലത്തേക്കുള്ള മോന്റെ മടക്കയാത്ര.

കൊച്ചുമോന്റെ വരവോടു കൂടി എന്തൊക്കെയോ ചെയ്തു തീർക്കാ നുണ്ടെന്ന് ഒരു തോന്നൽ. കുറച്ചു നാൾ കൂടി ആയുസ്സും മനഃസുഖവും തരണെ യെന്ന് പ്രാർത്ഥിച്ചു. ‘അച്ഛമ്മേ, അച്ഛമ്മ എന്താ കരയുന്നേ’ കൊച്ചുമക്കളുടെ ശബ്ദം കേട്ടതു പോലെ പെട്ടെന്ന് ഞെട്ടിയുണർന്നു. ഇതുവരേയും കണ്ടതെല്ലാം സ്വപ്ന മായിരുന്നോ ?

നേരം വളരെ ഇരുട്ടിയിരിക്കുന്നു. മഴയുടെ ശക്തി കുറഞ്ഞതുപോലെ . കല്ല്യാണവീട്ടിലെ ലൈറ്റുകളും ഓരോന്നായി അണയുന്നു.

കരയോഗ സൗഹൃദം വായന പിന്നത്തേയ്ക്ക് മാറ്റിവച്ചുകൊണ്ട് മക്കളുടെ അടുത്തേക്ക് പറന്നെത്താനുള്ള ദിവസങ്ങൾ കണക്കുകൂട്ടവേ വരുന്ന ദിനങ്ങൾ ശുഭദിനങ്ങളായി വരട്ടെയെന്ന് ഒരിക്കൽ കൂടി പ്രാർത്ഥിക്കുന്നു.





# കരൾ രോഗങ്ങൾ

ഡോ. പാർവതി. കെ. എസ്

ഏതു തരത്തിലുള്ള കരൾരോഗമായാലും അത് പുരോഗമിക്കുന്നത് ഒരേ രീതിയിലാണ്. കരളിന്റെ ഘടനയിലും പ്രവർത്തനത്തിലുമെല്ലാം ഓരോ ഘട്ടത്തിലും മാറ്റം വന്നുകൊണ്ടിരിക്കും. കൃത്യമായ ചികിത്സയോ മുൻകരുതലോ എടുത്തില്ലെങ്കിൽ അത് കരളിന്റെ പ്രവർത്തനത്തെ ഒടുവിൽ പൂർണ്ണമായും തകരാറിലാക്കും.

മദ്യപാനം കൂടുന്ന ഒരു സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. ചെറുപ്രായത്തിൽ തന്നെ മദ്യപാനം തുടങ്ങുന്നു. മരുന്നുകളുടെ അനിയന്ത്രിതമായ ഉപയോഗം കൂടുന്നു. ഹെപ്പറ്റൈറ്റിസ് വൈറസുകൾ നിലനിൽക്കുന്നു, പ്രമേഹം കൂടുന്നു, ഇതിന്റെയൊപ്പം നോൺ അൽക്കഹോളിക് ഫാറ്റിലിവർ (Non Alcoholic fatty liver) ഉള്ളവരുടെ എണ്ണവും കൂടുന്നു. ഈ അപകടഘട്ടങ്ങളെല്ലാം ഒത്തു ചേരുമ്പോൾ കരൾ രോഗ സാധ്യതയും വർദ്ധിക്കുന്നു.

## ഫാറ്റിലിവർ (Fatty Liver)

കരളിനുണ്ടാകുന്ന മാറ്റങ്ങളിൽ ആദ്യഘട്ടത്തിൽ കാണുന്ന ഒരു അവസ്ഥയാണ് ഫാറ്റിലിവർ. കരളിൽ അമിതമായി കൊഴുപ്പ് അടിഞ്ഞു കൂടുന്ന അവസ്ഥയാണിത്. ചുരുക്കം ചിലരിൽ വയറിന്റെ മുകളിൽ വലതു വശത്ത് പിടുത്തം, വേദന തുടങ്ങിയവ ഉണ്ടാകാം. എന്നാൽ ഭൂരിഭാഗം പേരിലും ഈ ഘട്ടത്തിൽ ശരീരം പ്രത്യേകിച്ച് ലക്ഷണങ്ങളൊന്നും കാണിക്കാറില്ല. അതുകൊണ്ട് ഫാറ്റിലിവർ ഉണ്ടെന്ന് തിരിച്ചറിയാത്തവർ ധാരാളം. മറ്റെന്തെങ്കിലും രോഗങ്ങൾക്ക് പരിശാധന, പ്രധാനമായും സ്കാനിംഗ് നടത്തുമ്പോഴാണ് ഫാറ്റിലിവർ ഉണ്ട് എന്ന കാര്യം അറിയുന്നതു തന്നെ.

കൊഴുപ്പടിഞ്ഞു കൂടുന്ന ഈ അവസ്ഥയെ ഹെപ്പാറ്റിക് സ്റ്റിയറ്റോസിസ് എന്ന് പറയും. ഈ ഘട്ടത്തിൽ കരളിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കാറില്ല. കാരണം കരൾ വീക്കമോ കോശങ്ങൾക്ക് നാശമോ ഉണ്ടാകാറില്ല. മദ്യപാനം കൊണ്ടുണ്ടാകുന്ന ഫാറ്റി ലിവറിനെ അൽക്കഹോളിക് ഫാറ്റിലിവർ (Alcoholic Fattyliver) എന്നു പറയുന്നു. ജീവിതശൈലീ കാരണമുണ്ടാകുന്ന ഫാറ്റി ലിവറിനെ നോൺ ആൽക്കഹോളിക് ഫാറ്റി ലിവർ (Non- Alcoholic Fatty Liver) എന്നു പറയും.

നോൺ ആൽക്കഹോളിക് ഫാറ്റിലിവർ സ്ത്രീകളിൽ കൂടുന്നുണ്ട്. മെലിഞ്ഞവരിലും ഫാറ്റിലിവർ ഉണ്ടാകാമെങ്കിലും ഇവിടെ കൂടുതലായും അമിത വണ്ണമുള്ളവരിലാണ് കണ്ടു വരുന്നത്. ജീവിതശൈലിയിൽ വന്ന മാറ്റവും മെറ്റബോളിക് സിൻഡ്രോം ന്റെ ഭാഗമായും നോൺ ആൽക്കഹോളിക് ഫാറ്റിലിവർ കൂടുകയാണ്. അമിത വണ്ണം പ്രമേഹവും അമിത കൊളസ്ട്രോളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതു ഫാറ്റിലിവറിന് കാരണമാകുന്നുണ്ട്. പോളിസിസ്റ്റിക് ഓവറിക്കും ഇടയാക്കുന്നു. ഫാറ്റി ലിവറിനെ തീരെ നിസ്സാരമായി കാണരുത്. കാരണം നോൺ ആൽക്കഹോളിക് ഫാറ്റി ലിവറും ലിവർ സിറോസിസിന് കാരണമായി കണ്ടു വരുന്നു.

അനിയന്ത്രിതമായ പ്രമേഹമുള്ളവരിൽ ഫാറ്റി ലിവറിന് സാധ്യത കൂടുതലാണ്. കാരണം പ്രമേഹത്തിനും ഫാറ്റിലിവറിനും ഇടയാക്കുന്ന കാരണങ്ങൾ ഒന്നു തന്നെയാണ്. (മെറ്റബോളിക് സിൻഡ്രോം) ഇവ രണ്ടും തമ്മിൽ പരസ്പര ബന്ധമുണ്ട്. രക്തത്തിലെ ഷുഗർ നില നിയന്ത്രിക്കുന്നതിൽ കരളിന് വലിയ പങ്കുണ്ട്. ഫാറ്റി ലിവർ ഉണ്ടാകുമ്പോൾ കരളിന് അതിനുള്ള ശേഷി കുറയുകയും ഇൻസുലിൻ റെസിസ്റ്റൻസ് വരികയും ചെയ്യും. ഇതു പാൻക്രിയാസിനെ സമ്മർദ്ദത്തിലാക്കുകയും ടൈപ്പ് 2 പ്രമേഹത്തിനുള്ള സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യും. ഇതിനെല്ലാം പുറമെ ചില മരുന്നുകളുടെ അമിതോപയോഗവും ഉപാപചയപ്രവർത്തനത്തിലെ തകരാറുകളും കൊഴുപ്പടിയാൻ കാരണമാകാറുണ്ട്.

## സ്റ്റിയോഹൈപ്പറ്റൈറ്റിസ്

കരൾ തകരാർ ആകുന്നതിന്റെ രണ്ടാം ഘട്ടമാണിത്. കരളിൽ നീർവീക്കമുണ്ടാകുന്ന അവസ്ഥ. രോഗാണുക്കളെ ചെറുക്കാനോ തകരാറുകൾ പരിഹരിക്കാനോ ഒക്കെയാണ് നീർവീക്കമുണ്ടാകുന്നത്. ശരീരത്തിന്റെ മറ്റു ഭാഗങ്ങളിൽ നീർവീക്കമുണ്ടാകുമ്പോൾ വേദനയും അസ്വസ്ഥതയും അനുഭവപ്പെടും. എന്നാൽ കരളിലെ നീർവീക്കത്തിന് മിക്കപ്പോഴും യാതൊരു സൂചനയും ഉണ്ടാകാറുമില്ല. മദ്യപാനം കൊണ്ടുണ്ടാകുന്ന ഈ അവസ്ഥയെ ആൽക്കഹോളിക് സ്റ്റിയോഹൈപ്പറ്റൈറ്റിസ് എന്നു പറയും.

## ഫൈബ്രോസിസ് (Fibrosis)

നീർവീക്കത്തിന് ചികിത്സ ലഭിക്കാതെ പോയാൽ കോശങ്ങൾക്ക് കൂടുതൽ ക്ഷതങ്ങൾ സംഭവിക്കുകയും വടുകെട്ടുകയും ചെയ്യും. ആരോഗ്യമുള്ള കോശങ്ങളെ കൂടി ക്രമേണ ഇതു ബാധിച്ച സംയോജിത കലകളായി രൂപാന്തരപ്പെടും. ഈ അവസ്ഥയാണ് ഫൈബ്രോസിസ്. വടുകെട്ടിയ കോശങ്ങൾക്ക് സാധാരണ കോശങ്ങളെപ്പോലെ പ്രവർത്തിക്കാനാവില്ല. കരളിന്റെ പ്രവർത്തനശേഷി കുറയും.

## സിറോസിസ്

കരൾ രോഗത്തിന്റെ ഏറ്റവും അപകടകരമായ ഘട്ടമാണിത്. കരളിലെ കോശങ്ങൾ കൂടുതൽ വടുകെട്ടുകയും കരൾ കട്ടിയുള്ളതായി മാറുകയും ചെയ്യുന്നു.

കരൾ ചുരുങ്ങുന്നു. ആരോഗ്യമുള്ള കോശങ്ങളുടെ എണ്ണം കുറയുകയും കരളിന്റെ പ്രവർത്തനം ഏറെക്കുറെ പൂർണ്ണമായും നിലച്ചു തുടങ്ങുകയും ചെയ്യുന്നു. കരളിലെ കോശങ്ങൾക്ക് മാത്രമല്ല ധമനികൾക്കും സിരകൾക്കുമെല്ലാം ഘടനാപരമായ മാറ്റങ്ങൾ വരുന്നു. സിറോസിസിന്റെ അവസാന ഘട്ടത്തിൽ എത്തിയാൽ ചികിത്സകൊണ്ട് കരളിന്റെ പ്രവർത്തനശേഷിയെ തിരിച്ചു കൊണ്ടു വരുവാൻ സാധിക്കില്ല.

വൈറസുകൾ കാരണമുണ്ടാകുന്ന മഞ്ഞപിത്തവും കരളിന് ഭീഷണിയായി മാറുന്നുണ്ട്. പ്രത്യേകിച്ചും ഹെപ്പോറ്റൈറ്റിസ് ബി വൈറസ് ബാധ. മലിനമായ വെള്ളത്തിലൂടെയും ഭക്ഷണത്തിലൂടെയും പകരുന്ന ഹെപ്പറ്റൈറ്റിസ് എ, ഇ, വൈറസുകൾ പൊതുവെ കരളിന് ദീർഘകാല പ്രശ്നങ്ങൾ ഉണ്ടാക്കാറില്ല. എന്നാൽ ബി, സി വൈറസുകൾ ദീർഘകാലം കരളിൽ നിശബ്ദമായി നിൽക്കും. ഇത് പതുക്കെ കരളിനെ അപകടത്തിലേക്ക് നയിക്കുകയും ചെയ്യും. ലിവർ സിറോസിസിനുള്ള കാരണമായി ഇതു മാറാറുണ്ട്. രക്തത്തിലൂടെയും ശരീരസ്രവങ്ങളിലൂടെയുമാണ് ഇവ ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് പകരുന്നത്.

കരൾ രോഗങ്ങൾക്ക് കാര്യമായ ലക്ഷണങ്ങൾ കാണാത്തതുകൊണ്ട് മുപ്പതു വയസ്സു കഴിഞ്ഞവർ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തണം. കരളിന്റെ പ്രവർത്തനം വിലയിരുത്താൻ ലിവർ ഫങ്ഷൻ ടെസ്റ്റ് നടത്താം. അത് രക്തപരിശോധനയാണ്. കൂടാതെ അൾട്രാസൗണ്ട് സ്കാനിങ്ങിലൂടെയും കരളിന്റെ സ്ഥിതി വിലയിരുത്താം. ഫാറ്റി ലിവർ ഉള്ളവർ ഭക്ഷണകാര്യങ്ങളിലും വ്യായാമത്തിലും പ്രത്യേകം ശ്രദ്ധിക്കണം. അമിതവണ്ണമുള്ളവർ അതു കുറയ്ക്കണം. അന്നജം കുറച്ച് നാരുകൾ കൂടുതലുള്ള, ആവശ്യത്തിന്പ്രോട്ടീനും അടങ്ങിയ ഭക്ഷണരീതിയാണ് അനുയോജ്യം. കൊഴുപ്പു കൂടിയ ഭക്ഷണം കഴിച്ചാൽ മാത്രമല്ല ചോറു കൂടുതൽ കഴിച്ചാലും അത് കൊഴുപ്പായാണ് കരൾ സംഭരിക്കുക എന്നു മനസ്സിലാക്കണം. അതുകൊണ്ടാണ് അന്നജം കുറയ്ക്കാൻ പറയുന്നത്. മദ്യപാനം പൂർണ്ണമായും ഉപേക്ഷിക്കണം. ദിവസവും വ്യായാമം ചെയ്യണം. അരമണിക്കൂർ മുതൽ ഒരു മണിക്കൂർ വരെ നടക്കുന്നത് നല്ലതാണ്.

---

**തെയ്യം ഒരനുഷ്ഠാന.....**
**(49-ാം പേജിൽ നിന്ന് തുടർച്ച)**

രക്തചാമുണ്ഡി തുടങ്ങി മറ്റ് ദേവതമാരും പ്രത്യക്ഷപ്പെട്ടു ! ഈ ദേവതകളിൽ വച്ചേറ്റവും ഉഗ്രദേവതയായി കണക്കാക്കപ്പെടുന്ന എടലാപുരത്ത് ചാമുണ്ഡി പരമശിവന്റെ ആജ്ഞ അനുസരിച്ചാണ് ഭൂമിയിൽ അവതരിച്ചത് എന്നാണ് ഐതിഹ്യം. എട്ടുമുഖങ്ങളും പതിനാറ് കരങ്ങളും കൂടിയ ഉഗ്രസ്വരൂപിയായ ഈ ദേവത എടലാപുരം നാട്ടിൽ എടലാ ആല്ലെങ്കിൽ ഇടനാ വൃക്ഷത്തിന്റെ തണലിൽ ഇരുന്നു. താമസിയാതെ കുന്നുമ്മൽ കാരണവരുടെ പടിഞ്ഞാറ്റയിൽ ഈ ദേവതയ്ക്ക് സ്ഥാനം നൽകി ആരാധിച്ചു. മൂഴിക്കര കർത്താവ് എന്ന അഹംഭാവിയായ ഒരു പ്രഭു ആ നാട്ടിൽ ജീവിച്ചിരുന്നു. അയാൾ എടലവൃക്ഷം മുറിക്കുകയും അത് സമുദ്രത്തിലേക്ക് ഒഴുക്കുകയും ചെയ്തു. കൂടാതെ കുന്നുമ്മൽ കാരണവരോടുള്ള അടങ്ങാത്ത പക തീർക്കാൻ അദ്ദേഹത്തെ വധിക്കുകയും ചെയ്തു.

എന്തു വേണ്ടൂ, ഈ നീചകൃത്യങ്ങളുടെ ഫലമായി കോപാവിഷ്ഠയായ ചാമുണ്ഡി പല തരത്തിലുള്ള അനർത്ഥങ്ങളാൽ കർത്താവിനെ ഉപദ്രവിക്കുവാൻ തുടങ്ങി.

ഗത്യന്തരമില്ലാതെ കർത്താവ് പാണ്ഡിത്യം കൊണ്ട് പേരുകേട്ട ഒരു ജ്യോത്സനെകൊണ്ട് പ്രശ്നം വച്ചു നോക്കി. ചാമുണ്ഡിയുടെ കോപമാണ് എല്ലാ അനർത്ഥങ്ങൾക്കും കാരണം എന്ന് തെളിഞ്ഞു. കർത്താവ് ഇതിനൊക്കെ പ്രതിവിധിക്കായി ചെയ്യുവാനുള്ള പ്രായശ്ചിത്ത മാർഗ്ഗങ്ങൾ ആരാഞ്ഞു.

പഴയപോലെ കുന്നുമ്മൽ പടിഞ്ഞാറ്റ പണികഴിപ്പിക്കുവാനും കാരണവരുടെ രൂപം സ്വർണംകൊണ്ട് തറവാട്ടിൽ പ്രതിഷ്ഠിക്കുവാനും കൽപിച്ചു. ജ്യോത്സ്യൻ കൽപ്പിച്ചതുപ്പോലെ കർത്താവ് എല്ലാ പ്രായശ്ചിത്ത കർമ്മങ്ങളും പൂർത്തിയാക്കി. ഇതിനു പുറമേ ചാമുണ്ഡിയുടെ കോലം കെട്ടിയാടുകയും ചെയ്തു. ചാമുണ്ഡിയുടെ അനുഗ്രഹത്താൽ മുറിച്ചു മാറ്റപ്പെട്ട് സമുദ്രത്തിൽ ഒഴുക്കി കളഞ്ഞ എടലമരം പിന്നേയും തളിർത്തു. പിന്നീട് പല സ്ഥലങ്ങളിലും ഈ ദേവതയുടെ സാന്നിദ്ധ്യം പ്രകടമായി. എടലാപുരത്ത് ചാമുണ്ഡിക്ക് താലി സമർപ്പിക്കൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വഴിപാടാണ്. മനസ്സറിഞ്ഞു പ്രാർത്ഥിക്കുന്നവരെ എടല ചാമുണ്ഡി കൈവെടിയാറില്ല എന്നാണ് ഐതിഹ്യം. ചാമുണ്ഡിയുടെ കെട്ടിയാടൽ നടക്കുന്ന സമയം കന്യകമാർ താലമേന്തി നിരനിരയായി എത്തുന്നത് വളരെ വിശേഷപ്പെട്ട ഒരു വഴിപാടാണ്. സാധാരണയായി പെരുവണ്ണാൻ സമുദായക്കാരാണ് ചാമുണ്ഡിയുടെ കോലം കെട്ടിയാടുന്നതായി കാണുന്നത്.

ഇങ്ങിനെ മുമ്പ് പറഞ്ഞതുപോലെ അനേകം സംഭവബഹുലമായ കഥകൾ തെയ്യം കെട്ടിയാടുന്നതിനു പിന്നിലുണ്ട്.

വേറൊരവസരത്തിൽ ചില കഥകൾകൂടി പ്രിയ വായനക്കാർക്കായി എഴുതി സമർപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.





# 6-ാം ചരമവാർഷികം

**20 .12 .2019**



# പത്മാലയം കമലം നങ്ങ

**ഗോപലക്ഷ്മി, കീർത്തിനഗർ, എളമക്കര**

**പാവനസ്മരണയ്ക്ക്**

മകൾ സുധാ രാധാകൃഷ്ണൻ

പേരക്കുട്ടികൾ സൂരജ് & സന്ദീപ്

## 3-ാം ചരമവാർഷികം

**10.12.2019**



**എം.എൻ.കെ മേനോൻ**
**'പാർവ്വതി'**
**ടി.ഡി.റോഡ്, കൊച്ചി- 682011**

## 10-ാം ചരമവാർഷികം

**11.12.2019**



**ഡോ. കെ.ഗോപാലകൃഷ്ണമേനോൻ**
**ലക്ഷ്മി ഭവൻ**
**മുട്ടത്തിൽ ലെയ്ൻ, കടവന്ത്ര**
**കൊച്ചി - 682020**

## 11-ാം ചരമവാർഷികം

**04.12.2019**



**കുണ്ടുവേലിൽ ബാലകൃഷ്ണമേനോൻ**
**ചന്ദ്രകാന്തം**
**ആലപ്പാട്ട് ക്രോസ് റോഡ്**
**രവിപുരം, കൊച്ചി - 682016**

## 7-ാം ചരമവാർഷികം

**07.12.2019**



**എം. കെ. പണിക്കർ**
**കല്ല്യാൺ, പ്ലോട്ട് നമ്പർ. 44**
**കൃഷ്ണവിഹാർ കോളനി**
**പനമ്പിള്ളി നഗർ, കൊച്ചി - 682036**

***സന്തപ്ത കുടുംബാംഗങ്ങൾ***





# വള്ളിച്ചൂരൽ

**അനുരാധ. ഫോൺ : 9447035067**

അദ്ധ്യയന സമയം അവസാനിച്ചതിന്റെ അറിയിപ്പായി മുഴങ്ങുന്ന മണിയടി സ്വരം കേട്ട് അന്നാദ്യമായി സാറാമ്മ ടീച്ചർ നടുങ്ങിപ്പോയി.

കൂടു തുറന്നുവിട്ട പക്ഷിക്കൂട്ടംപോലെ ഒമ്പതാം സ്റ്റാൻഡേർഡ് ബിയുടെ ക്ലാസ്സ്റൂമിന് പുറത്തേക്ക് പായുന്ന വിദ്യാർത്ഥികളെ ടീച്ചർ ദൈന്യതയോടെ നോക്കി നിന്നു. അല്പസമയത്തിനകം ഹെഡ്മാസ്റ്ററുടെ റൂമിൽ അരങ്ങേറാൻ പോകുന്ന കുറ്റവിചാരണയെക്കുറിച്ചുള്ള ഓർമ്മയിൽ ടീച്ചറുടെ നെറ്റിത്തടത്തിൽ വിയർപ്പിന്റെ നനവ് പടർന്നു.

കയ്യിൽ നിവർത്തി പിടിച്ചിരുന്ന പുസ്തകമടച്ച് മേശപ്പുറത്ത് വെക്കുമ്പോഴേക്കും കുട്ടികളുടെ ആരവം അകന്ന് ഇല്ലാതായിക്കഴിഞ്ഞിരുന്നു. ഒരു കാലടിസ്വരം മാത്രം മറികടന്ന് പോകാൻ മടിച്ചിട്ടെന്നപോലെ നേർമുമ്പിലെത്തി, നിശ്ചലമായി. പ്രിയപ്പെട്ട വിദ്യാർത്ഥിനികളിൽ ഒരുവളായ വിദ്യ! ടീച്ചറുടെ മുഖത്ത് തങ്ങിനിന്ന അവളുടെ നിറഞ്ഞുതൂവുന്ന കണ്ണുകൾ സ്വന്തം നിസ്സഹായതയെ ഓർമ്മിപ്പിച്ചുകൊണ്ട് ക്ഷമ യാചിക്കുകയാണ്.

മൗനം തേങ്ങുന്ന നിമിഷങ്ങൾ...........

'വിഷമിക്കേണ്ട, പൊയ്ക്കോ' ടീച്ചറവളെ യാത്രയാക്കി. പിന്നെ, വേപഥുവോടെ ഹെഡ്മാസ്റ്ററുടെ മുറിയിലേക്ക് നടന്നു.

എതിരെ നടന്നുവന്ന അധ്യാപകർ ടീച്ചറെ അനുതാപത്തോടെ നോക്കിക്കൊണ്ട് കടന്നുപോയി. അവരിൽ ചിലർ ടീച്ചറെ ആശ്വസിപ്പിക്കാനും ധൈര്യം പകരാനും വൃഥാശ്രമം നടത്തുകയും ചെയ്തു. ഹെഡ്മാസ്റ്ററുടെ മുറിയിലെത്തിയപ്പോൾ അവിടെ അദ്ദേഹത്തെ കൂടാതെ പാരന്റ് ടീച്ചർ അസോസിയേഷന്റെ ഭാരവാഹിയും ഒമ്പതാം സ്റ്റാൻഡേർഡ് ബിയിലെ മൂന്ന് വിദ്യാർത്ഥികളും അതിൽ രണ്ടു വിദ്യാർത്ഥികളുടെ ഉയർന്ന സാമ്പത്തികസ്ഥിതിയുള്ളവരെന്ന് തോന്നിക്കുന്ന മാതാപിതാക്കളും നിരന്നിരിപ്പുണ്ട്. ഹെഡ്മാസ്റ്ററുടെ തൊഴിച്ച് മറ്റെല്ലാവരുടെയും പരിഹാസവും പകയും അവജ്ഞയും കലർന്ന നോട്ടം ഏറ്റുവാങ്ങിക്കൊണ്ട് ടീച്ചർ ഹെഡ്മാസ്റ്ററുടെ മേശക്കരികിലേക്ക് ഒതുങ്ങി നിന്നു. എല്ലാവരുടെയും നേരെ കൈകൂപ്പിയെങ്കിലും ആരും അത് ഗൗനിച്ചതേയില്ല.

ഹെഡ്മാസ്റ്ററുടെ മേശപ്പുറത്ത് രണ്ട് ചൂരലുകൾ ഉണ്ടായിരുന്നു. ഒന്ന് ഹെഡ്മാസ്റ്ററുടെയും രണ്ടാമത്തേത് സാറാമ്മടീച്ചറുടെയും. ഒരു കാരണവും കൂടാതെ സ്വന്തം മക്കളെ ടീച്ചർ നിർദ്ദാക്ഷിണ്യം പ്രഹരിച്ചു എന്ന ആരോപണവുമായി, അവിടെ സന്നിഹിതരായിരിക്കുന്ന രക്ഷിതാക്കളിൽ നിന്നും പരാതിക്കത്ത് ലഭിച്ച ദിവസം ഹെഡ്മാസ്റ്റർ , ടീച്ചറുടെ സൂക്ഷിപ്പിൽ നിന്നും വാങ്ങിവെച്ചതായിരുന്നു അത്.

സാറാമ്മടീച്ചറപ്പോൾ ചൂരലുമായി ബന്ധപ്പെട്ട പഴയൊരു സംഭവം ഓർത്തുപോയി. വർഷങ്ങൾക്കു മുൻപ് തന്റെ മകൻ ഈ സ്കൂളിൽ വിദ്യാർത്ഥിയായിരുന്ന കാലം. ഒരു കൗമാരക്കാരന്റെ വികൃതിയും ശാഠ്യങ്ങളും അവനുമുണ്ടായിരുന്നു. ഇടയ്ക്കൊക്കെ അത് അധ്യാപകരുടെ ചെറിയ ചൂരൽപ്രയോഗംവരെ എത്താറുമുണ്ട്.

'അമ്മച്ചിം ഒരു ടീച്ചറല്ലേ ? എന്നെ തല്ലിയ ആ ദുഷ്ടൻ മാസ്റ്ററോട്, എന്റെ മോനെ വെറുതെയിട്ട് തല്ലുന്നതന്തിനായെന്ന് മുഖത്ത് നോക്കിയങ്ങോട്ട് ചോദിക്കാൻ മേലേ?' എന്നവൻ പരാതി പറയുമ്പോഴെല്ലാം തന്റെ മറുപടി ഇങ്ങനെയായിരുന്നു. 'മാസ്റ്റർ അടിച്ചെങ്കിലെ തക്ക കാരണം കാണും. അത് നീ നന്നാവാൻ വേണ്ടിയാ. ക്ലാസ്സിൽ നിന്റെ പെരുമാറ്റം എങ്ങനെയാണെന്ന് ഞാനാ മാസ്റ്ററോട് ചോദിച്ചു നോക്കട്ടെ.'

വർഷങ്ങൾ പലത് കടന്നുപോയി. മകൻ ഉയർന്ന ബിരുദങ്ങൾ നേടി. നല്ലൊരു ജോലിയുമായി കുടുംബസമേതം മറുനാട്ടിൽ സുഖമായി കഴിയുന്നു. തന്നെ നേർവഴിക്ക് നയിച്ച അദ്ധ്യാപകരെക്കുറിച്ച് സംസാരിക്കുമ്പോൾ അവനിപ്പോൾ നൂറ് നാവാണ്. നാട്ടിൽ വരുമ്പോൾ അവൻ അവരിൽ ചിലരെയൊക്കെ പോയി കാണാറുമുണ്ട്. അതെല്ലാം പഴയകഥകൾ. ഇന്ന് വള്ളിച്ചൂരൽ പ്രതിക്കൂട്ടിലായിരിക്കുന്നു. അദ്ധ്യാപനരീതികളും സമീപനവും അടിമുടി മാറിമറിഞ്ഞിരിക്കുന്നു. ഗുരുശിഷ്യബന്ധങ്ങൾ അടിക്കടി ഉലയുന്നു. വാക്കേറ്റങ്ങളും കയ്യേറ്റങ്ങളും വിദ്യാഭ്യാസാന്തരീക്ഷത്തെ പ്രക്ഷുബ്ധമാക്കുന്നു. തെറ്റ് ആരുടെതാണ് ? .....ആരുടെ? .......

ഒരു പാഴ് വസ്തുവിനെ എന്നപോലെ മേശപ്പുറത്ത് ഉപേക്ഷിക്കപ്പെട്ട ചൂരലുകൾ ഒരിക്കൽ കൂടി ടീച്ചറുടെ ശ്രദ്ധ ആകർഷിച്ചു. ദീർഘകാലത്തെ അദ്ധ്യാപന ജീവിതത്തിൽ വിദ്യാർത്ഥികൾക്ക് നേരെ അത് പ്രയോഗിച്ചിട്ടുള്ളത് ഈ ഒരവസരത്തിൽ മാത്രം. എങ്കിലും വിദ്യാർത്ഥികൾ ചൂരലിനെ ഭയഭക്തി ബഹുമാനങ്ങളോടെയാണ് കാണുന്നതെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്.

മേശപ്പുറത്തടിച്ച് ശബ്ദമുണ്ടാക്കിക്കൊണ്ട്, വിദ്യാർത്ഥികളുടെ ഇടയ്ക്കിടെ പതറുന്ന ശ്രദ്ധയെ തിരിച്ചു പിടിക്കാനും ഹോംവർക്ക് ശ്രദ്ധയോടെ ചെയ്തുകൊണ്ടു വരാനുള്ള മൗനാഹ്വാനം നൽകാനും മറ്റും അച്ചടക്കത്തിന്റെ നേർവരപോലെ ക്ലാസ്സ്റൂമിൽ ആ ചൂരലിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു.

പക്ഷേ ഇപ്പോൾ...........

''കുന്തം വിഴുങ്ങിയപോലെ നിൽക്കാതെ ടീച്ചർ എന്റെ ചോദ്യത്തിന് മറുപടി പറ''. രക്ഷിതാക്കളിൽ ഒരാളുടെ ആക്രോശം ടീച്ചറെ മനോരാജ്യത്തിൽ നിന്നുണർത്തി.

ഹെഡ്മാസ്റ്ററപ്പോൾ പതിഞ്ഞ സ്വരത്തിൽ നിർദ്ദേശിച്ചു. സ്വന്തം മക്കളെ ശിക്ഷിക്കാൻ മാത്രം അവരെന്ത് തെറ്റാണ് ചെയ്തതെന്ന് വിശദീകരിക്കാനാണ് അദ്ദേഹം ആവശ്യപ്പെടുന്നത്.

'അതേ, ഞങ്ങൾക്ക് വിശദമായ മറുപടി തന്നെ കിട്ടണം.' പാരന്റ് ടീച്ചർ അസോസിയേഷന്റെ ഭാരവാഹി തറപ്പിച്ചു പറഞ്ഞു.

ടീച്ചർ തൊണ്ടയൊന്ന് ശുദ്ധീകരിച്ചശേഷം വിറയാർന്ന സ്വരത്തിൽ നടന്ന സംഭവങ്ങൾ വിശദീകരിക്കാൻ തുടങ്ങി. ''കഴിഞ്ഞ വെള്ളിയാഴ്ചയാണ് സംഭവം. ഉച്ചനേരത്തെ ഇടവേളക്കുശേഷം ഒമ്പതാം ക്ലാസ്സ് ബി യിൽ ഒന്നാം പിരിയേഡ് എന്റെ ക്ലാസാണ്. ഞാൻ ക്ലാസ്സ് റൂമിലേക്ക് ചെന്നപ്പോൾ കണ്ട കാഴ്ച നിങ്ങളുടെ മക്കളായ അശോകനും അമീറും ദേ ഈ ജോസുകുട്ടിയും വിദ്യ എന്ന വിദ്യാർത്ഥിനിയുടെ ചുറ്റിനുമായി കൂടിനില്ക്കുന്നതാണ്. വിദ്യ ഭയന്ന് നിലവിളിക്കുന്നുമുണ്ട്. ഞാൻ ആൺകുട്ടികളോട് അവരവരുടെ സീറ്റിൽ പോയിരിക്കാൻ ആവശ്യപ്പെട്ടപ്പോൾ അവരെന്നെ തള്ളിമാറ്റി. രണ്ടുപേർ വിദ്യയെ ബന്ധിച്ച് നിർത്തുകയും മൂന്നാമൻ അവളുടെ ചുമലുകളിൽ പിൻചെയ്തിരുന്ന ഷോൾ പിടിച്ച് വലിക്കുകയും ചെയ്തു. പിടിവലിയിൽ അവളുടെ ചുരിദാറിന്റെ കൈ കീറിത്തുടങ്ങിയിരുന്നു. ഈ മൂന്നുപേരും ക്ലാസ്സിൽ പല ചട്ടമ്പിത്തരങ്ങളും കാണിക്കാറുണ്ട്. ഞാനവരെ ഉപദേശിക്കാറുമുണ്ട്. പക്ഷെ, ഇത്........ ഈ നടുക്കുന്ന കാഴ്ച എനിക്ക് സഹിക്കാനായില്ല. വിദ്യയെ എങ്ങനെയെങ്കിലും രക്ഷിക്കാനുള്ള തത്രപ്പാടിൽ ഞാൻ ചൂരലെടുത്ത് മൂന്നുപേരെയും സർവ്വശക്തിയുമെടുത്ത് അടിച്ചു എന്നത് നേരാണ്. അതോടെ അവർ എന്നെ എന്തെല്ലാമോ അസഭ്യം പറഞ്ഞുകൊണ്ട് പുറത്തേക്ക് ഓടിപ്പോയി. ഭയന്ന് വിറച്ചു നിൽക്കുന്ന വിദ്യയെ ഞാൻ ഒരുവിധത്തിൽ ആശ്വസിപ്പിച്ച് അവളുടെ സീറ്റിൽ കൊണ്ടുപോയിരുത്തി. പിന്നെ മനസ്സിനെ വരുതിയിലാക്കാൻ ശ്രമിച്ചുകൊണ്ട് ക്ലാസ്സെടുക്കാൻ തുടങ്ങി. ഇതെല്ലാമാണ് അന്ന് നടന്നത്.''

അപ്പോൾ അശോകന്റെ മമ്മിയുടെ അമർഷമാളുന്ന സ്വരം. 'ടീച്ചറും ടീച്ചറിന്റെയൊരു ചൂരലും! എന്റെ മോന്റെ കാലിലെ പാട് ഇപ്പോഴും ചുവന്ന് തിണർത്ത് കിടക്കുകയാ'.

'ടീച്ചറീ പറയുന്നതെല്ലാം ശുദ്ധനുണയാണെന്നാണ് എനിക്ക് തോന്നുന്നത്.' അശോകന്റെ ഡാഡി ധാർമ്മികരോഷത്തോടെ പ്രസ്താവിച്ചു.

''അതെ കല്ലുവെച്ച നുണ. ഹെഡ്മാസ്റ്റർ ഇവരെ ജോലിയിൽ നിന്ന് പിരിച്ചുവിടാൻ മാനേജ്മെന്റിനോട് ആവശ്യപ്പെടണം.'' അമീറിന്റെ ഡാഡി ശാസനാസ്വരത്തിൽ അഭിപ്രായപ്പെട്ടു.

പാരന്റ്ടീച്ചർ അസോസ്സിയേഷന്റെ ഭാരവാഹിയപ്പോൾ കർക്കശ സ്വരത്തിൽ വിചാരണയ്ക്ക് തുടക്കം കുറിച്ചു. ക്ലാസ്സ് റൂമിലെ സംഭവം സ്വന്തം തെറ്റ് ന്യായീകരിക്കാൻ ടീച്ചർ കെട്ടിച്ചമച്ച കഥയല്ലേ ? വീറോടും സങ്കടത്തോടും കൂടി ഇടറുന്ന സ്വരത്തിൽ ടീച്ചർ തന്റെ നിരപരാധിത്വം തെളിയിക്കാൻ ശ്രമിച്ചു. 'അയ്യോ! അല്ല, യഥാർത്ഥത്തിൽ അതാണ് സംഭവിച്ചത്.'

''അപ്പോൾ ക്ലാസ്സിൽ മറ്റ് കുട്ടികൾ ഉണ്ടായിരുന്നല്ലോ, ഇല്ലേ ''? ഒരു കുറ്റാന്വേഷകന്റെ ഗൗരവത്തോടെ അയാൾ വിചാരണ തുടർന്നു.

'ഉവ്വ്, എല്ലാവരും ഉണ്ടായിരുന്നു.'

''എങ്കിൽ അവരും ഈ സംഭവത്തിന് സാക്ഷികളാണല്ലോ. പക്ഷെ അവരാരും സാക്ഷി പറയാൻ മുന്നോട്ടു വന്നിട്ടില്ല. ഞാൻ എത്ര ചുഴിഞ്ഞ് ചോദിച്ചിട്ടും ഒന്നും അറിയില്ലെന്നായിരുന്നു അവരുടെ മറുപടി. വിദ്യ എന്ന വിദ്യാർത്ഥിനി പരാതി ഒന്നുമില്ലെന്ന് എഴുതി ഒപ്പിട്ടു തരികയും ചെയ്തു. ഇതിൽ നിന്ന് ഞങ്ങൾ എന്താണ് മനസ്സിലാക്കേണ്ടത്''?

ജോസുകുട്ടിയുടെയും അശോകന്റെയും അമീറിന്റെയും കണ്ണുകളപ്പോൾ അന്യോന്യമിടഞ്ഞു. ചുണ്ടുകളിൽ മൃഗീയമായ ഒരു പരിഹാസച്ചിരി തെളിഞ്ഞു.

''വിദ്യാർത്ഥികളാരും ഒന്നും തുറന്ന് പറയാത്തത് ഇവരെ മൂന്നുപേരെയും ഭയന്നിട്ടായിരിക്കും.'' ടീച്ചർ സങ്കോചത്തോടെ അറിയിച്ചു.

''ഹോ ! ഒരു പെങ്കൊച്ചിനോട് ഇത്തരത്തിൽ ഒരാക്രമം ചെയ്യാന്നൊക്കെ പറഞ്ഞാൽ.... ഇല്ല എന്റെ മോൻ ഒരിക്കലും അങ്ങനെയൊന്നും ചെയ്യില്ല. എനിക്ക് ഉറപ്പുണ്ട്.'' അശോകന്റെ ഡാഡിയുടെ സ്വരത്തിന് പാറക്കല്ലിനേക്കാൾ ദാർഢ്യം.

എന്റെ മകനെ കുറിച്ച് എനിക്കും അത് തന്നെയാ പറയാനുള്ളത്. അമീറിന്റെ ഡാഡിയും വാദിച്ചു.

പാരന്റ് ടീച്ചർ അസോസിയേഷന്റെ ഭാരവാഹിയപ്പോൾ തലയെടുപ്പോടെ വിധിപ്രസ്താവം നടത്തി. ഞങ്ങൾക്ക് ചില തീരുമാനങ്ങൾ എടുത്തേ പറ്റൂ. അത് ഈ സ്കൂളിന്റെ നിലനില്പിന് അത്യാവശ്യവുമാണ്.





ടീച്ചർ സർവീസിൽ തുടരുന്നത് അപകടമാണെന്നും ടീച്ചറെ ഉടൻ തന്നെ പിരിച്ചു വിടണമെന്നും ഞങ്ങളുടെ അസ്സോസിയേഷൻ സ്കൂൾ മാനേജ്മെന്റിനോട് ആവശ്യപ്പെടാൻ പോകുകയാണ്. അപ്പോഴേക്കും മെലിഞ്ഞുണങ്ങിയ ഒരു പാവപ്പെട്ട സ്ത്രീരൂപം ആ മുറിക്കകത്തേക്ക് ഓടിക്കയറി വന്നു. 'ആരാ നിങ്ങള്'? ഹെഡ്മാസ്റ്റർ ചോദിച്ചു.

ജോസുകുട്ടിയുടെ നേരെ വിരൽ ചൂണ്ടിക്കൊണ്ട് അവരറിയിച്ചു. 'ഞാനീ സാമദ്രോഹീടെ അമ്മച്ചി കൊച്ചുത്രേസ്യയാ സാറേ. എവനേം ചങ്ങാതികളേം തല്ലീന്നും പറഞ്ഞ് നിങ്ങളെല്ലാം കൂടി ഈ സാറാമ്മടീച്ചറെ കൊത്തിക്കീറുവാണെന്ന് നുമ്മടെ പിലോമിന ടീച്ചറാ പറഞ്ഞേ. എവനും എവന്റെ സ്നേഹിതന്മാരും ചെയ്ത കടുംകൈ എന്താണെന്നും ടീച്ചറ് പറഞ്ഞ് തന്ന്. അത് കേട്ടപ്പോ ചങ്ക് കലങ്ങിപ്പോയി. സാറമ്മാരേ. ചില നേരുകള് ഇവിടെ അറീയ്ക്കാൻ ഓടിപ്പാഞ്ഞ് വരികേർന്ന്' മുഖത്തെ വിയർപ്പു ചാലുകൾ തോൾമുണ്ടുകൊണ്ട് തുടച്ചുകൊണ്ട് അവർ വിതുമ്പുന്ന സ്വരത്തിൽ തുടർന്നു. നേരം പരപരാ വെളുക്കുമ്പ തൊടങ്ങി ഇരുട്ടണവരെ കൊട്ടേല് മീനും ചൊമന്നോണ്ട് നടന്ന് കച്ചോടം ചെയ്തുണ്ടാക്കുന്ന കാശോണ്ടാ സാറന്മാരേ അപ്പനില്ലാത്ത എവനെ ഞാൻ പള്ളിക്കൂടത്തിൽ അയക്കണത്. വളർന്നപ്പോ എവന് ദെവസോം കാശുവേണം. കഞ്ചാവടിക്കാനാ. കാശുകൊടുത്തില്ലേൽ ഈ തലതെറിച്ചവനെന്നെ തല്ലിക്കൊല്ലാൻ വരും.

അമീറിനേയും അശോകനേയും ചൂണ്ടിക്കാണിച്ചുകൊണ്ട് കൊച്ചുത്രേസ്യ തന്റെ സത്യപ്രസ്താവം തുടർന്നു. എവന്റെ ചെങ്ങാതികളാ ദേ ഈ ഇരിക്കണ ആങ്കൊച്ചുങ്ങള്. സാറന്മാർ വിചാരിക്കണപോലെ എവര് പുണ്യവാളമ്മാരൊന്നും അല്ലാട്ടാ. നുമ്മടെ ഷാജി മൂപ്പന്റെ പെട്ടിക്കടേടെ പെറകില് മൂന്നും കൂടി നിന്ന് കഞ്ചാവ് പൊകക്കണത് പലവട്ടം ഞാനീ കണ്ണോണ്ട് കണ്ടിട്ടുള്ളതാ. ഇന്നുച്ചയ്ക്കും കണ്ട് , കഞ്ചാവ്പൊക ശിരസ്സേ കേറിയാ പിന്നെ വല്ല വെളിവൂണ്ടാകോ ? ടീച്ചറ് അപ്പൊ അവിടെ എത്തീത് ആ പെങ്കൊച്ചിന്റെ പാക്യം. അല്ലെങ്കീ.....

